
www.malankaralibrary.com



# കുരിശും കിരീടവും



ആർ. റ്റി. അപ്രേം

www.malankaralibrary.com

# കുരിശും കിരീടവും

www.malankaralibrary.com

# കുരിശും കിരീടവും

ആർ.റ്റി. അബ്രേം

BP No. 100

ബഥനി പബ്ലിക്കേഷൻസ്

കോട്ടയം

2002

www.malankaralibrary.com

Malayalam
**KURISHUM KIREEDAVUM**
**(Cross and the Crown)**

*Author* : R.T. Apraim

*First Published* : March 2002

*Published by* : Bethany Publications
Kottayam 686010

*Printed at* : Bethany Offset Press
Kottayam 686010

*Price* : Rs. 50/-

www.malankaralibrary.com

# ആശംസ

ഹൃദയത്തിൽ വേരാഴ്ന്നു നില്ക്കുന്ന ദൈവാനുഭവത്തെ ആർക്കും ഒരിക്കലും മറച്ചു വയ്ക്കാൻ കഴിയുകയില്ല. മലമുകളിൽ പണിയപ്പെട്ട പട്ടണം പോലെ അത് എന്നും തലയുയർത്തി നില്ക്കും. കാലങ്ങളായി താൻ സ്വാംശീകരിച്ച ദൈവാനുഭവവും ജീവിത വീക്ഷണവും വാക്കുകളുടെ രൂപത്തിൽ മാംസം ധരിച്ചിരിക്കയാണിവിടെ. മഹോന്നതമായ ക്രിസ്തീയ സത്യങ്ങൾ സാധാരണക്കാരനും മനസ്സിലാകുന്ന ഭാഷയിൽ ഏറ്റം ലളിതമായി ഈ ഗ്രന്ഥത്തിലൂടെ ശ്രീ. ആർ.റ്റി. അപ്രേം ചുരുളഴിക്കുന്നു. ദൈവാനുഭവത്തിൽ വളരാനാഗ്രഹിക്കുന്നവർക്ക് ഈ പുസ്തകം ഒരു സഹായിയായിരിക്കുമെന്ന് നമുക്കുറപ്പുണ്ട്.

കുരിശിനെ വെറുത്ത് കുരിശിന്റെ മഹത്വം തിരയുന്ന ഇക്കാലത്ത് ക്രിസ്തുവിന്റെ കുരിശിന് ഒരു നൂതന ഭാഷ്യം നല്കാൻ ലേഖകൻ ശ്രമിക്കുന്നു. വി. കുരിശിന്റെ അർത്ഥം മനസ്സിലാക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള വി. ഗ്രന്ഥത്തിലെ വാക്യങ്ങളും ജീവിത മാതൃകകളും വ്യാഖ്യാനങ്ങളും അടുക്കും ചിട്ടയോടും കൂടി വിശ്വസനീയമാം വിധം അനുവാചകർക്ക് പരിചയപ്പെടുത്തുന്നു.

ഞാനും ദൈവവും തമ്മിലുള്ള ബന്ധം മാത്രമല്ല കുരിശ് സൂചിപ്പിക്കുന്നത്. മറിച്ച് ദൈവത്തിങ്കലേക്ക് നടന്നടുക്കുന്നവന്റെ വഴികാട്ടിയായിരിക്കുന്നതിനോടൊപ്പം അത് തന്റെ ഇടത്തും വലത്തും നില്ക്കുന്ന ദൈവമക്കളെ ക്രിസ്തുവിലേക്ക് വലിച്ചടുപ്പിക്കുന്നു എന്നും, അങ്ങനെ ഐക്യത്തിന്റെ പാതയിൽ ക്രിസ്തുവിൽ ഏക ശരീരമാകുന്ന സഭാമക്കൾ എല്ലാവരും ഒന്നായി നിന്ന് ദൈവത്തെ സ്തുതിക്കണമെന്നുമുള്ള ആശയം മുന്നോട്ടു വയ്ക്കാൻ ലേഖകന് കഴിഞ്ഞിട്ടുണ്ട്. "സഹനത്തെയും ദുഃഖത്തെയും പറ്റിയുള്ള, ബൗദ്ധിക തലത്തിൽ മാത്രമൊതുങ്ങുന്ന, മറ്റു വിശദീകരണങ്ങളെല്ലാം അവസാനം ഒരു സ്തംഭനാവസ്ഥയിൽ മാത്രമെ നമ്മെ എത്തിക്കൂ. ക്രിസ്തുവാകുന്ന പാറമേൽ അടിയുറച്ച വിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത മറ്റു യാതൊരു വിശദീകരണവും നമ്മുടെ കഷ്ടപ്പാടുകൾക്കും പ്രതിസന്ധികൾക്കും തൃപ്തികരമായ ആശ്വാസം നല്കുവാൻ കഴിയുകയില്ല" (അധ്യാ. 10).

പരിശുദ്ധ മാതാവിനെക്കുറിച്ചുള്ള ഒരു മനോഹര കാവ്യവും നാം ഇവിടെ കാണുന്നുണ്ട്. മാതാവിന്റെ ക്രിസ്തീയ ജീവിതത്തിലുള്ള

www.malankaralibrary.com



സ്ഥാനമഹിമയെക്കുറിച്ച് ആർക്കും സംശയം തീരത്തക്ക രീതിയിൽത്തന്നെ വിവരിക്കാൻ ലേഖകൻ ശ്രമിച്ചിട്ടുണ്ട്. "സ്വർഗ്ഗത്തിൽ ഏറ്റം ഉയർത്തപ്പെട്ട പരി. അമ്മ ദൈവമഹത്വത്തിൽ പങ്കാളിയായത് ഭൂമിയിൽ രക്ഷകന്റെ കുരിശിന്റെ ഏറ്റം വലിയ പങ്കാളിയായതുകൊണ്ടാണ്" (അധ്യാ 17) എന്ന് ലേഖകൻ സമർത്ഥിക്കുന്നത് സത്യം തന്നെ.

തലമുറ തലമുറയായി നമുക്കു പകർന്നു കിട്ടിയ സത്യവിശ്വാസം കാത്തു സൂക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്കും അതിൽ വളരാൻ ശ്രമിക്കുന്നവർക്കും ഈ ഗ്രന്ഥം ഒരു വഴികാട്ടിയായിരിക്കും. ഇത്തരത്തിലുള്ള ഈടുറ്റ ഗ്രന്ഥങ്ങൾ രചിക്കാനും അതുവഴി മലയാളസാഹിത്യലോകത്തിന് ഒരു ക്രൈസ്തവ സാക്ഷ്യം നല്കാനും ശ്രീ. അപ്രേമിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ലേഖകന്റെ ആത്മാർത്ഥതയും വിശ്വാസ ജീവിതവും വ്യക്തമാക്കുന്ന ആത്മകഥയായിപ്പോലും ഞാനിതിനെ കാണുകയാണ്. വിശ്വാസജീവിതത്തിൽ തളരാതെ മുന്നേറുവാനും ജീവിതയാത്രയിലെ കുരിശുകളെ അർത്ഥപൂർണ്ണമായി പിൻചെല്ലുവാനും ലേഖകൻ ഒരുക്കുന്ന അമൃതു നുറുങ്ങുകൾ ആശ്വാസദായകമായി അനുഭവപ്പെടട്ടെ എന്ന ആശംസയോടെ, ക്രിസ്തുവിൽ കൊച്ചുപിതാവ്.

തിരുവല്ലാ — ഡോ. തോമസ്സ് മാർ കൂറിലോസ്

20.2.2002 — തിരുവല്ലാ രൂപതാ സഹായമെത്രാൻ

www.malankaralibrary.com

# അവതാരിക

## കുരിശിന്റെയും കിരീടത്തിന്റെയും ചുവട്ടിൽ

ബൈബിൾ പഠനവും വ്യാഖ്യാനവും അല്മായക്കാർക്ക് അവകാശപ്പെട്ടതല്ലായെന്നൊരു ചിന്താഗതി, ഈ അടുത്തകാലം വരെ ക്രൈസ്തവ സഭാന്തരീക്ഷത്തിൽ നിലനിന്നിരുന്നു. എന്നാൽ 'അല്മായ പ്രേഷിതത്വ'ത്തിന് ശക്തിയും സ്വാധീനതയും ഏറി വന്നപ്പോൾ, ബൈബിളിലെ നിഗൂഢ രഹസ്യങ്ങൾ തേടി പണ്ഡിതപാമര ഭേദമെന്യെ ഒട്ടനവധി ആളുകൾ മുൻപോട്ടു വന്നു. വിശുദ്ധ ഗ്രന്ഥപാരായണം മാത്രമല്ല, അതിലുപരി ദൈവവചനധ്യാനം ജീവിത ശൈലിയാക്കി സ്വീകരിച്ചവർ, അവർക്കു ലഭിച്ച അതിധന്യമായ വരദാനങ്ങളെ മറ്റുള്ളവരുമായി പങ്കിടാൻ ശ്രമിച്ചു. ചിലർ പ്രസംഗങ്ങളിലൂടെയും, വേറെ ചിലർ എഴുത്തിലൂടെയും തങ്ങൾക്കു ലഭിച്ച ദിവ്യദർശനങ്ങളെ വെളിപ്പെടുത്തി. ആർ. റ്റി. അപ്രേമിന്റെ 'കുരിശും കിരീടവും' എന്ന ഗ്രന്ഥം, ഈ പശ്ചാത്തലത്തിൽ ആദരാർഹമാണ്.

വേദശാസ്ത്ര പണ്ഡിതന്മാരുടെയും സാമാന്യജനങ്ങളുടെയും ചിന്തയ്ക്ക് നിരന്തരം വിഷയീഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്, ഇവിടെ മൂന്നു ഭാഗങ്ങളായി തിരിച്ച് 28 അദ്ധ്യായങ്ങളിലായി ചർച്ച ചെയ്യുന്നത്. കുരിശ് കഷ്ടപ്പാടിന്റെയും അതേ സമയം വിജയത്തിന്റെയും പ്രതീകമാണ്. മനുഷ്യന് എന്തിന് ദൈവം കഷ്ടപ്പാടുകൾ നല്കി. ഈ താത്ത്വിക പ്രശ്നത്തിന്റെ നിലപാടുതറയിൽ നിന്ന് ഉത്തരം അന്വേഷിക്കുന്ന ഗ്രന്ഥകാരൻ, വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും തെളിവുകൾ ചൂണ്ടിക്കാട്ടുന്നു. ഗ്രന്ഥത്തിന്റെ പ്രഥമ ഭാഗത്ത് ഒരിടത്ത് ഇങ്ങനെ കാണാം. "നാം വഹിക്കണമെന്ന് യേശു ആവശ്യപ്പെടുന്ന യഥാർത്ഥ കുരിശ് നമ്മുടെ ദൈനംദിന ജീവിതത്തിലെ കഷ്ടപ്പാടുകളാണ്. ജീവിതത്തിൽ അതിനു കുറവുള്ളവരായി നമ്മിൽ ആരും തന്നെ കാണുമെന്നു തോന്നുന്നില്ല. നമ്മിൽ പലരും, നമുക്കു വഹിക്കാവുന്നതിലും അല്പം കൂടുതലായി അവ വഹിക്കാൻ വിളിക്കപ്പെട്ടവരായിരിക്കാം. എന്നാൽ നാം ഒഴിവാക്കാൻ ശ്രമിക്കുന്ന ഈ കഷ്ടതകൾ തന്നെ സ്വർഗ്ഗത്തിൽ നമ്മുടെ നിത്യാനന്ദത്തിന് കാരണമായിത്തീരാമെന്ന് വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ സഹനം നമ്മിലൂടെയുള്ള ക്രിസ്തുവിന്റെ തന്നെ സഹനമാണ്. അതായത്, നമ്മുടെ സഹനത്തി

www.malankaralibrary.com



ലൂടെ നാം ക്രിസ്തുവിന്റെ സഹനവുമായി താദാത്മ്യപ്പെടുന്നു. ക്രിസ്തു തന്റെ സഹനങ്ങളെ പിതാവായ ദൈവത്തിന് യാഗമായി അർപ്പിച്ചതു പോലെ, നാമും നമ്മുടെ സഹനങ്ങളെ പിതാവായ ദൈവത്തിന് യേശുക്രിസ്തുവിൽ കൂടെ സമർപ്പിക്കണം. ഇതാണ് ശരിയായ ക്രിസ്താനുകരണം. അങ്ങനെ നമ്മുടെ സ്വന്തം കുരിശെടുത്ത് യേശുവിനെ അനുഗമിക്കുമ്പോൾ നമ്മുടെ സഹനങ്ങളും സ്വർഗ്ഗത്തിൽ നമുക്കുള്ള മഹത്വത്തിന്റെ ഉറവിടമായി മാറും. കുരിശിന്റെ ഈ മഹാരഹസ്യം നമുക്കു ബോദ്ധ്യപ്പെടുത്തിത്തരാനുള്ള കൃപയ്ക്കായി നാം ദൈവത്തോട് അപേക്ഷിക്കണം. സഹനത്തിൽ നമ്മെ ധൈര്യപ്പെടുത്താനും ശക്തിപ്പെടുത്താനും ആവശ്യമായ കൃപ യാതൊരു ലോപവും കൂടാതെ ദൈവം തീർച്ചയായും നമുക്കു തരും. അങ്ങനെ ദൈവത്തിൽ നിന്നു നമുക്കു ലഭിക്കുന്ന കൃപയെപ്പറ്റി നാം ബോധവാന്മാരായി കഴിയുമ്പോൾ, ഇതുവരെ ഒരു ഭീഷണിയായി മാത്രം ഭയപ്പെട്ടിരുന്ന സഹനവും മരണം തന്നെയും, ക്രിസ്തുവുമായി നമ്മുടെ താദാത്മ്യം പ്രാപിക്കലിന്റെ ആനന്ദലഹരിയായി രൂപാന്തരം പ്രാപിക്കുന്നു.'' ഗ്രന്ഥത്തിന്റെ പ്രഥമ ഭാഗത്ത് ഉടനീളം ഈ ആശയത്തിന്റെ അനുരണനം കേൾക്കാം. ഗ്രന്ഥകാരൻ പ്രതിപാദ്യവിഷയവുമായി സാത്മ്യം പ്രാപിക്കുന്നു. അപൂർവ്വ സുന്ദര നിമിഷങ്ങളിൽ അടർന്നു വീഴുന്ന അനർഘാശയങ്ങളായി ഇവയെ കാണേണ്ടിയിരിക്കുന്നു.

'ദൈവകൃപ നിറഞ്ഞ മറിയ'ത്തെക്കുറിച്ചുള്ള സംപുഷ്ട ചിന്തകളാണ് രണ്ടാം ഭാഗത്തിൽ. യേശുവിന്റെ മാതാവായ മറിയം അനുഭവിച്ച 'കുരിശി'ന്റെ രഹസ്യം സൂക്ഷ്മ സുന്ദരമായി വിശകലനം ചെയ്യുവാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം എത്തിച്ചേരുന്ന നിഗമനം ശ്രദ്ധേയമാണ്. ''ക്രിസ്തു കഴിഞ്ഞാൽ ഏറ്റവും വലിയ കുരിശു സഹിച്ചത് മാതാവാണ്. അതിനാൽ ക്രിസ്തു കഴിഞ്ഞാൽ ഏറ്റം വലിയ മഹത്വം സ്വർഗ്ഗത്തിൽ പിതാവായ ദൈവം കൊടുത്തതും മാതാവിനു തന്നെ.

..........കുരിശുകൾ വഹിക്കുന്നതിന് മാതാവു പ്രകടിപ്പിച്ച സഹനശക്തിയും, ത്യാഗസന്നദ്ധതയും സഭയുടെ നെടുംതൂണുകളായിരുന്ന പത്രോസിന്റേയോ പൗലോസിന്റേയോ ത്യാഗത്തെപ്പോലും അതിശയിക്കുന്നതായിരുന്നു''.

'ഇത് എന്റെ ശരീരമാണ്' എന്ന മൂന്നാം ഭാഗം, വിശുദ്ധ കുർബാനയുടെ നിഴലും പൊരുളും വ്യക്തമാക്കുന്നു. ''കാൽവരി കുരിശുമരണത്തിലൂടെ മനുഷ്യവർഗ്ഗത്തിന് നേടിത്തന്ന രക്ഷ ഓരോ വ്യക്തിക്കും

www.malankaralibrary.com



സൗജന്യമായി ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താനായി ദൃശ്യമായ ഒരു സ്ഥിരം സംവിധാനം നമ്മുടെ കർത്താവ് അന്ത്യ അത്താഴവേളയിൽ ഏർപ്പെടുത്തിയതാണ് വിശുദ്ധ കുർബാന". കുർബാന, കൂദാശ, തുടങ്ങിയ പദങ്ങൾക്കു നേരേ, ചിലർ തൊടുത്തു വിടുന്ന വാക്ശരങ്ങളെ സമർത്ഥമായി നേരിടുന്ന ഗ്രന്ഥകാരൻ, സ്വ മതം സ്ഥാപിക്കുവാൻ ബൈബിളിനെ തന്നെ ആധാരമാക്കുന്നു. ഇവിടെ 'ധ്യാനശൈലി' ഉപേക്ഷിച്ച്, പണ്ഡിതശൈലിയിലേക്കു മാറുന്നു. വിഷയത്തിന്റെ പ്രത്യേകതയായിരിക്കാം കാരണം.

'Cross and the Crown' എന്ന പേരിൽ ശ്രീ. ആർ. റ്റി. അപ്രേം ഇംഗ്ലീഷിൽ എഴുതിയ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയാണ് 'കുരിശും കീരിടവും'. ധ്യാനശീലനായ ഒരു വ്യക്തിക്കു മാത്രമെ, ഇത്തരം ഗ്രന്ഥങ്ങൾ രചിക്കാൻ കഴിയൂ. വേദപുസ്തക പാരായണവും ചിന്തയും ധ്യാനരചയിതാക്കളുടെ സ്വഭാവത്തിന്റെ പ്രത്യേകതകളാണ്. ഒരു വിഷയത്തിൽ – അതും ദൈവവചനത്തിൽ – ധ്യാനനിരതനായി കഴിയുമ്പോൾ, അവരുടെ മനസ്സ് മന്ത്രിക്കുന്ന വാക്കുകളാണ്, ധ്യാനചിന്തകളായി രൂപാന്തരപ്പെടുന്നത്. ഒരു സാധാരണ ലേഖകനോ, സാഹിത്യകാരനോ, ധ്യാനചിന്തകൾ രചിക്കണമെന്നില്ല. അവർക്ക് അത്തരം ശൈലികൾ വഴങ്ങിക്കൊടുക്കില്ല. തോമസ് അക്കെമ്പസിന്റെ 'ക്രിസ്താനുകരണവും', മൈലപ്ര മാത്യൂസ് റമ്പാന്റെ 'മധുരഭാഷണവും' വായിച്ചിട്ടുള്ളവർക്ക് ധ്യാനഗ്രന്ഥത്തിന്റെ രൂപവും ഭാവവും മനസ്സിലാകും. ശ്രീ ആർ. റ്റി. അപ്രേമിന്റെ 'കുരിശും കിരീടവും' മലയാളത്തിലെ 'സ്വാന്തനസാഹിത്യ' ശാഖയെ സമ്പന്നമാക്കുന്നു. ഈ ഗ്രന്ഥം, നിരന്തരം വായിക്കുന്നവർക്ക്, മനസ്സിന് നൈർമ്മല്യവും, ചിന്തയ്ക്ക് കുളിർമ്മയും അനുഭവപ്പെടും, ദൈവസാന്നിദ്ധ്യം രുചിച്ചറിയുകയും ചെയ്യാം. ശ്രീ. ആർ. റ്റി. അപ്രേം, ഈ രംഗത്ത് നിലയുറപ്പിക്കുകയും, കൂടുതൽ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്യട്ടെയെന്ന് ആശംസിക്കുന്നു.

ഡോ. സാമുവൽ ചന്ദനപ്പള്ളി

18-3-1998

www.malankaralibrary.com

# ആമുഖം

ക്രിസ്തീയ ജീവിതത്തിൽ വിശ്വാസത്തിനുള്ള പ്രാധാന്യം എത്ര യെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ തീർത്ഥാടന ജീവിതത്തിൽ നാം നേരിടേണ്ടി വരുന്ന കുരിശുകൾ, അദൃശ്യനായ ദൈവത്തിലുള്ള വിശ്വാസത്തിന്റെ മാറ്റുരയ്ക്കുന്ന അമൂല്യ അവസരങ്ങളാണെന്നു പറ ഞ്ഞാൽ അപ്പടി വിശ്വസിക്കാൻ പലർക്കും പ്രയാസമായിരിക്കും.

ജീവിതത്തിൽ കുരിശുകളില്ലാത്ത ഒരുവനുമില്ല. കുരിശിനെ വെറു ക്കന്നവർ പോലും കുരശു വഹിക്കുന്നു എന്നാതാണ് യാഥാർത്ഥ്യം.

നാം ആഗ്രഹിക്കുന്ന ഭൗതിക നന്മകൾ നമുക്കു ലഭിക്കുമ്പോൾ ദൈവം കരുണയുള്ളവനാണെന്ന് വിശ്വസിക്കാൻ പ്രയാസമില്ല. എന്നാൽ നമ്മുടെ ജീവിതത്തിൽ നാം ആഗ്രഹിക്കാത്ത കുരിശുകൾ അഭിമുഖീകരിക്കേണ്ടി വരുമ്പോഴും, ദൈവം കരുണയുള്ളവനെന്ന് സാക്ഷ്യപ്പെടുത്താൻ തക്ക വിശ്വാസം നമുക്കുണ്ടോ? കുരിശുകൾ ഏറും തോറും 'കരുണയുള്ള ദൈവം' എന്ന നമ്മുടെ സങ്കല്പത്തിന് ഇളക്കം തട്ടുക സ്വാഭാവികമാണ്. എന്നാൽ തന്റെ വിശ്വാസം യേശുവാകുന്ന പാറമേൽ പടുത്തുയർത്തിയതെങ്കിൽ ജീവിതത്തിൽ എത്ര വലിയ കൊടുങ്കാറ്റും തിരമാലകളും ശക്തമായി അടിച്ചാലും അവൻ വീഴുക യില്ല. എന്നുതന്നെയല്ല. അവൻ ആത്മീകമായി പൂർവ്വാധികം ശക്തി പ്രാപിച്ചവനായി ക്രൂശിതനായ യേശുവിനോട് അത്രയും അധികമായി താദാത്മ്യം പ്രാപിച്ചു ജീവിച്ചശേഷം, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവി നോടൊത്ത് മഹത്വത്തിന്റെ കിരീടം അണിഞ്ഞ് നിത്യമായി സ്വർഗ്ഗത്തിൽ വാഴുന്ന മഹാഭാഗ്യവാനായിത്തീരുകയും ചെയ്യും.

'കുരിശിലൂടെ കിരീടം പ്രാപിക്കുക' എന്ന മനുഷ്യരക്ഷയുടെ ഈ മഹാ രഹസ്യം ലോകരക്ഷകനായ യേശുക്രിസ്തു നമുക്കു കാണിച്ചു തന്നിട്ടുള്ള ദിവ്യമാതൃകയും മാർഗ്ഗവുമാണ്. ഈ ഇടുങ്ങിയ വാതിലിൽ കൂടെ കടക്കുന്നവൻ ദൈവരാജ്യത്തിൽ പ്രവേശിക്കും. അത് നമ്മുടെ പ്രിയനാഥന്റെ വാഗ്ദാനമാണ്. ദൈവം തന്റെ വാഗ്ദാനത്തിൽ വിശ്വ സ്തനാണ്. അത് നാം ദൃഢമായി വിശ്വസിക്കണം.

ദൈവിക രഹസ്യങ്ങളുടെ സ്രോതസ്സായ വി. ഗ്രന്ഥത്തിൽ നിന്നു തന്നെ ഈ രഹസ്യം അനുവാചകരെ ബോധ്യപ്പെടുത്തുന്നതിനും വിശ്വാ സത്തിൽ ഉറപ്പിക്കുന്നതിനുമുള്ള ഒരു എളിയ ശ്രമമാണ് ഈ ചെറുഗ്ര ന്ഥം.

www.malankaralibrary.com



ഭാഗ്യസ്മരണാർഹനായ തിരുവനന്തപുരം ആർച്ചുബിഷപ്പ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ അനുഗ്രഹാശിസ്സുകളും പ്രോത്സാഹനവുമില്ലായിരുന്നെങ്കിൽ ഇത് പുസ്തകരൂപത്തിലാക്കാൻ ഞാൻ ധൈര്യപ്പെടുകയില്ലായിരുന്നു. ഒരു നോട്ടുബുക്കിൽ ഞാൻ ഇംഗ്ലീഷിൽ കുറിച്ചിട്ടിരുന്ന ഈ ചിന്താശലകങ്ങൾ എന്റെ അടുത്ത സുഹൃത്തായിരുന്ന, മാർ ഈവാനിയോസ് കോളജ് റിട്ടയാർഡ് പ്രൊഫസർ മാത്യു മാവേലി അവർകളെ കാണിക്കാനിടയായി. അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം അത് അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തി. കുറെദിവസങ്ങൾക്കുശേഷം പിതാവ് എന്നെ അരമനയിലേക്കു വിളിപ്പിച്ചു, ദീർഘനേരം എന്നോടൊത്ത് സ്ക്രിപ്റ്റ് അവലോകനം ചെയ്ത്, ചർച്ച ചെയ്ത് അവശ്യം തിരുത്തേണ്ട ഭാഗങ്ങൾ ചൂണ്ടിക്കാട്ടി. തിരുത്തിയ കോപ്പി വീണ്ടും പരിശോധിക്കുമ്പോഴേക്കും പിതാവ് മാരകമായ ക്യാൻസർ രോഗബാധിതനായിക്കഴിഞ്ഞിരുന്നു. ആലസ്യവിധേയനായിരുന്നപ്പോഴും പിതാവ് കൈയ്യെഴുത്തു പ്രതി വായിച്ചിരുന്നുവെന്ന് പിന്നീട് പിതാവിന്റെ കാലശേഷം അരമനയിൽ നിന്നെടുത്ത സ്ക്രിപ്റ്റിന്റെ ഉള്ളിൽ വച്ചിരുന്ന കുറിപ്പിൽ നിന്നും മനസ്സിലാകാനിടയായി. അതിൽ പിതാവ് നിർദ്ദേശിച്ചിരുന്ന 'The Cross and The Crown എന്ന ശീർഷകത്തിൽത്തന്നെ ആ പുസ്തകം പിന്നീട് ശാന്തിനിലയം പബ്ളിക്കേഷൻസ് (തിരുവല്ല, രൂപത) പ്രസിദ്ധീകരിക്കുകയുണ്ടായി.

പ്രസ്തുത പുസ്തകം വായിച്ച പല സുഹൃത്തുക്കളും അത് മലയാളത്തിലാക്കിയാൽ കൊള്ളാമെന്ന് അഭിപ്രായപ്പെട്ടു. ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ മുഖ്യമായും ചെയ്തു സഹായിച്ചത് ബ. ജേക്കബ് വലിയപറമ്പിലച്ചനാണ്. പ്രായാധിക്യവും അനാരോഗ്യവും വകവയ്ക്കാതെ ബ. അച്ചൻ വളരെ ത്യാഗം സഹിച്ച് സ്തുത്യർഹമാം വിധം ആ കൃത്യം നിർവ്വഹിച്ചതിന് ബ. അച്ചനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവല്ലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് പിതാവ് എഴുതിയ ആശംസ ഈ ഗ്രന്ഥത്തിന്റെ മാറ്റ് പതിന്മടങ്ങ് വർദ്ധിപ്പിച്ചരിക്കുന്നു. അഭിവന്ദ്യ പിതാവിന് സ്നേഹാദരവോടെ വിനീതമായി നന്ദി പറഞ്ഞുകൊള്ളുന്നു.

ഈ ഗ്രന്ഥത്തിന് സമുചിതമായ ഒരു അവതാരിക എഴുതിത്തന്ന് എന്നെ പ്രോത്സാഹിപ്പിത്, കേരളത്തിലെ സാഹിത്യ, സാംസ്കാരിക

www.malankaralibrary.com



വേദികളിൽ മുൻനിരയിൽ പ്രശോഭിച്ചിരുന്ന, ഡോ. സാമുവൽ ചന്ദനപ്പള്ളിയാണെന്നതിൽ ഞാൻ അഭിമാനിക്കുന്നു. മൺമറഞ്ഞ അദ്ദേഹത്തോടുള്ള എന്റെ കടപ്പാട് വാക്കുകൾക്ക് അതീതമാണ്.

ഭാഷാപരമായും, ആശയപരമായും ആവശ്യമായ തിരുത്തലുകൾ ചെയ്തു തന്ന കോഴഞ്ചേരി സെന്റ് തോമസ്സ് കോളജ് മലായാളം വകുപ്പ് അദ്ധ്യാപകൻ പ്രൊഫ. ജോർജ്ജ് വർഗീസിനോടുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസാധന ചുമതല സസന്തോഷം ഏറ്റെടുത്ത കോട്ടയം ബഥനി പബ്ളിക്കേഷൻസിനോടും അതിന്റെ ഡയറക്ടർ ബ. സിൽവെസ്റ്റർ കാഞ്ഞിരമുകളിലച്ചനോടുമുള്ള എന്റെ കടപ്പാട് വളരെ വലുതാണ്. അതുപോലെ ഇതിന്റെ അച്ചടി ജോലികൾ ഭംഗിയായി നിർവ്വഹിച്ചുതന്ന കോട്ടയം ബഥനി. പ്രസ്സ് പ്രവർത്തകർക്കും പ്രത്യേകമായ നന്ദി.

കുരിശിന്റെ ഭാരം മൂലം ജീവിതസരണിയിൽ നൈരാശ്യഗർത്തത്തിൽ നിപതിച്ചു പോകാനിടയുള്ള ഒരാത്മാവിനെയെങ്കിലും വിശ്വാസത്തിലും പ്രത്യാശയിലും ഉറപ്പിക്കാൻ ഈ ചെറുകൃതി സഹായിച്ചെങ്കിൽ! എങ്കിൽ ഞാൻ കൃതാർത്ഥനായി.

R. T. Apraim,
Rahoor, Maramon (P. O.),
Kerala - 689 549.
Ph: 0473 - 311625

മാരാമൺ,
15-02-2002.

www.malankaralibrary.com

# സമർപ്പണം

കണ്ണുനീരിന്റെ ഈ താഴ്വരയിൽ യാതന അനുഭവിക്കുന്ന ഓരോ വ്യക്തിക്കും വേണ്ടി ഈ ഉപഹാരം സമർപ്പിക്കുന്നു.

കർത്താവു തന്റെ രക്ഷണീയ കുരിശിനെ പിതാവായ ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ച് മഹത്വീകരണം പ്രാപിച്ചപ്രകാരം, തന്റെ ദൈനംദിന കുരിശുകളെയും കർത്താവിന്റെ കുരിശിനോടു ചേർത്തു പിതാവായ ദൈവത്തിനു സമർപ്പിച്ചു സ്വർഗ്ഗത്തിൽ നിത്യകിരീടം പ്രാപിക്കാൻ ഓരോ വിശ്വാസിക്കും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആശംസ | 5 |
| | അവതാരിക | 7 |
| | ആമുഖം | 10 |

**ഭാഗം ഒന്ന്**

"എന്റെ ദൈവമെ, എന്റെ ദൈവമെ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു"

| | അദ്ധ്യായം | |
|---|---|---|
| 1. | പരിത്യക്തനായ മനുഷ്യപുത്രൻ | 17 |
| 2. | കുരിശും ആശ്വാസവും | 21 |
| 3. | സഹനം സ്വാഗതാർഹം | 25 |
| 4. | വിവാഹമോതിരം | 29 |
| 5. | ക്രിസ്തുവിന്റെ മണവാട്ടി | 31 |
| 6. | ഏകവഴി കുരിശുമാത്രം | 33 |
| 7. | മനുഷ്യസ്നേഹി ദൈവരാജ്യത്തിന്നവകാശി | 36 |
| 8. | ആദിമപാപം | 41 |
| 9. | സ്വതന്ത്രമനസ്സും വിശ്വാസവും | 47 |
| 10. | കുരിശിലൂടെ വിശ്വാസം തെളിയിക്കപ്പെടുന്നു | 52 |
| 11. | കുരിശ് കിരീടത്തിന്റെ അസംസ്കൃത വസ്തു | 56 |
| 12. | വി. കുരിശാകുന്ന രാജപാത | 61 |
| 13. | നമ്മുടെ കുരിശിന്റെ മാഹാത്മ്യം | 65 |
| 14. | രാജകീയ പൗരോഹിത്യം | 70 |

www.malankaralibrary.com



## ഭാഗം രണ്ട്

"ദൈവകൃപ നിറഞ്ഞവളെ! സ്വസ്തി"

അദ്ധ്യായം


| | | |
|---|---|---|
| 15. | അനുഗ്രഹീത ഉദരം | 74 |
| 16. | വാഗ്ദാനത്തിന്റെ പേടകം | 79 |
| 17. | ദൈവമാതാവ് | 83 |
| 18. | വിശ്വാസികളുടെ മാതാവ് | 88 |
| 19. | കന്യകകളുടെ രാജ്ഞി | 92 |
| 20. | വേദസാക്ഷികളുടെ രാജ്ഞി | 99 |
| 21. | പ്രവാചകന്മാരുടെ രാജ്ഞി | 105 |
| 22. | ഇതാ നിന്റെ അമ്മ | 110 |


## ഭാഗം മൂന്ന്

"ഇത് എന്റെ ശരീരമാകുന്ന"

അദ്ധ്യായം


| | | |
|---|---|---|
| 23. | സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന അപ്പം | 122 |
| 24. | പെസഹാ കുഞ്ഞാട് | 127 |
| 25. | എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. | 133 |
| 26. | എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ | 140 |
| 27. | യാഹ്വെ | 148 |
| 28. | അങ്ങയുടെ രാജ്യം വരണമെ | 152 |
| | അനുബന്ധം: പ്രാർത്ഥന | 157 |

www.malankaralibrary.com

# ഭാഗം ഒന്ന്

*"എന്റെ ദൈവമെ, എന്റെ ദൈവമെ,*
*എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു"*

(മത്താ. 27:46)

www.malankaralibrary.com

## അദ്ധ്യായം 1

# പരിത്യക്തനായ മനുഷ്യപുത്രൻ

"എന്റെ ദൈവമെ, എന്റെ ദൈവമെ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു" (മത്തായി 27:46) എന്ന് കുരിശിൽ കിടന്നുകൊണ്ടുള്ള അങ്ങയുടെ പ്രലപനം എന്റെ ഈ പരിത്യക്താവസ്ഥയിൽ എത്രയോ ആശ്വാസപ്രദം!

സർവരാലും ഉപേക്ഷിക്കപ്പെട്ടു കുരിശിൽ കിടന്നു മരണവേദന അനുഭവിച്ച അങ്ങയെ അനുകരിച്ച് ഞാനും എന്റെ കുരിശെടുത്ത് അങ്ങയെ അനുഗമിക്കാൻ ആഗ്രഹിക്കുന്നു. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ. 16:24) എന്ന അങ്ങയുടെ ആഹ്വാനമാണ് ഈ നിസ്സഹായാവസ്ഥയിൽ എനിക്കുള്ള ഏക ആശ്രയം.

അലറുന്ന അലമാലകളുടെ നടുവിൽ മുങ്ങിത്താഴുന്ന അന്ധനായ ഒരുവനെപ്പോലെയാണ് ഞാൻ. ഇത്ര കഠിനമായ പരീക്ഷകൾക്കു ഞാൻ വിധേയനാകുന്നത് എന്തുകൊണ്ടാണ്?

ഇവയെല്ലാം ഞാൻ അനുഭവിക്കേണ്ടിവരുന്നത് എന്റെ ഭാഗ്യദോഷം കൊണ്ടെന്നോ പ്രതികൂല ഗ്രഹനില കൊണ്ടെന്നോ മറ്റോ പറഞ്ഞു സമാധാനിക്കാനാവുമോ? അതോ എന്റെയോ പൂർവ്വികന്മാരുടെയോ പാപങ്ങൾക്കുള്ള ശിക്ഷ ഞാൻ അനുഭവിക്കുകയാണോ?

അല്ലെങ്കിൽ എന്നെ വിശുദ്ധനാക്കാൻ വേണ്ടിയുള്ള ശുദ്ധീകരണമായിരിക്കുമോ ഇത്. പക്ഷെ എനിക്ക് ആ വഴിക്കു ചിന്തിക്കു

www.malankaralibrary.com



വാൻ യാതൊരർഹതയുമല്ല. കാരണം, എന്റെ ഈ സഹനങ്ങൾ വിശുദ്ധരുടെതുമായി തുലനം ചെയ്യുമ്പോൾ നിസ്സാരവും അപര്യാപ്തവുമാണെന്ന് ഞാൻ കരുതുന്നു. തന്നെയുമല്ല വളരെ പിറുപിറുപ്പോടെ ഞാൻ ഇവയെല്ലാം സഹിക്കുന്നതിനാൽ ഇവയിൽ നിന്ന് എന്തെങ്കിലും നന്മ ലഭിക്കുമെന്ന് എനിക്കു പ്രതീക്ഷിക്കാനാവില്ല.

അപ്പസ്തോലന്മാരും മറ്റു വിശുദ്ധരും കഷ്ടതകളും പീഡകളും സഹിച്ചത് അങ്ങയുടെ സുവിശേഷം ലോകമെങ്ങും പ്രചരിപ്പിക്കാൻ വേണ്ടിയായിരുന്നല്ലോ. എന്നാൽ എന്റെ കഷ്ടപ്പാടുകൾ കേവലം എന്നെയും എന്റെ കുടുംബത്തെയും പ്രതിയുള്ളവയാണ്. തീവ്രമായ ദൈവസ്നേഹത്താൽ പ്രേരിതരായി ക്ഷമയോടും സന്തോഷത്തോടും കൂടെ വീരോചിതമായി ഏറ്റെടുത്ത അവരുടെ സഹനം എന്റേതുമായി തുലനപ്പെടുത്താമോ?

തുലനപ്പെടുത്താം. സന്തോഷത്തോടെയല്ലെങ്കിലും, കുറഞ്ഞ പക്ഷം പിറുപിറുപ്പുകൂടാതെ ക്ഷമയോടെ വേദനകൾ ദൈവതിരുമനസ്സിന് കീഴ്പ്പെട്ടു സഹിക്കാൻ കഴിഞ്ഞാൽ. "അങ്ങയുടെ തിരുവിഷ്ടം നിറവേറട്ടെ" എന്നു പ്രാർത്ഥിക്കുന്നു.

ലോകത്തെ രക്ഷിച്ച നമ്മുടെ കർത്താവിന്റെ കുരിശും ഞാൻ അനുഭവിക്കുന്ന കുരിശും തമ്മിൽ വല്ല ബന്ധവുമുണ്ടോ?

രണ്ടും ഒന്നായിത്തീരാം; നമ്മുടെ കുരിശുകളെ കാൽവരിയിലെ കർത്താവിന്റെ കുരിശിനോടു ചേർത്തു പിതാവായ ദൈവത്തിനു സമർപ്പിക്കണമെന്നു മാത്രം.

നമ്മുടെ ദൈനംദിന ജീവിതത്തിൽ നേരിടേണ്ടി വരുന്ന വലിയ യാതനകൾ മാത്രമല്ല, ചില്ലറ ബുദ്ധിമുട്ടുകൾ പോലും സ്വർഗ്ഗത്തിലെ നമ്മുടെ അനർഘനിക്ഷേപങ്ങളാക്കാൻ അവ ദൈവസ്നേഹത്തെപ്രതി ക്ഷമയോടെ സഹിച്ച് സുകൃതപുഷ്പമഞ്ജരിയായി ക്രൂശിതനായ യേശുവിൻ സമക്ഷം സമർപ്പിക്കുക.

ഞാൻ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥ എത്ര പരിതാപകരമാണെന്നിരുന്നാലും അത് നല്ലവനായ ദൈവത്തിന്റെ ഹിതമനുസരിച്ചുള്ളതാണ്. ആ ദൈവഹിതം എന്റെ ഹിതത്തിനൊത്തതല്ലെങ്കിൽ ഞാൻ അത് സസന്തോഷം സ്വീകരിക്കാൻ വൈമുഖ്യം

www.malankaralibrary.com



കാട്ടും. ഞാൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ദൈവഹിതം അനുസരിച്ചു മാത്രമെ എന്തും സംഭവിക്കുകയുള്ളു. ദൈവം തിരുമനസ്സാകാതെ ഏറ്റം നിസ്സാര കാര്യംപോലും സംഭവിക്കുന്നില്ല. അതായത് സംഭവിക്കുന്നതെന്തും ദൈവം അനുവദിക്കുന്നതുകൊണ്ടു മാത്രം സംഭവിക്കുന്നു. ദൈവം എനിക്കു ചെയ്യുന്നതെല്ലാം തന്നെ ശരിയായിട്ടുള്ളതും എന്റെ നന്മയ്ക്കായി മാത്രമുള്ളതുമാണ്. ദൈവത്തിന് ഒരിക്കലും ഒരു തെറ്റും സംഭവിക്കുന്നില്ല. ദൈവം എല്ലായ്പ്പോഴും നീതിമാനും കരുണയുള്ളവനും സ്നേഹസമ്പൂർണ്ണനുമാകുന്നു.

ആയതിനാൽ എന്റെ ഇപ്പോഴത്തെ അവസ്ഥ എത്ര ദയനീയമാണെങ്കിൽ പോലും, അത് സ്നേഹനിധിയായ നല്ല പിതാവിന്റെ തിരുവിഷ്ടപ്രകാരം എന്റെ നന്മയ്ക്കായി തരുന്ന നല്ല സമ്മാനമായി സ്വീകരിക്കാൻ തക്കവണ്ണം എന്റെ മനസ്സിനെ ദൈവതിരുമനസ്സിനോടു അനുരൂപപ്പെടുത്താൻ ഞാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. പ്രഥമവും പ്രധാനവുമായി ദൈവവും മനുഷ്യനുമായുള്ള ഐക്യം എന്നത് ദൈവതിരുമനസ്സും മനുഷ്യമനസ്സും തമ്മിലുള്ള ഐക്യമാണല്ലോ. എല്ലാ വിശുദ്ധരും ഈ ഐക്യത്തിനുവേണ്ടി ജീവിതകാലം മുഴുവൻ പരിശ്രമിക്കുന്നു. വിശുദ്ധർ വീരോചിതമായ വിധത്തിൽ ഈ ഐക്യം പ്രാപിക്കാൻ ശ്രമിക്കുമ്പോൾ, സാധാരണക്കാരായ നാം ആദ്യ ചുവടു വെയ്ക്കാൻ പോലും പാടുപെടുന്നു എന്ന വ്യത്യാസം മാത്രം.

എന്റെ കഷ്ടപാടുകൾ എന്റെ വ്യക്തിപരമായ കാര്യങ്ങളെ മാത്രം സംബന്ധിക്കുന്നവയും താരതമ്യേന നിസ്സാരവുമാണ്. എന്നിരുന്നാലും സ്നേഹനിധിയായ ദൈവം എനിക്കയച്ചു തരുന്ന നല്ല ദാനങ്ങളാണ് അവ എന്നു വിശ്വസിച്ച് നന്ദിയോടെ സ്വീകരിച്ചാൽ അവയും കർത്താവിന്റെ ഭാരമേറിയ കുരിശിന്റെ ഒരു ചെറുപതിപ്പായി അവിടുന്ന് അംഗീകരിക്കും.

കേവലം ഒരു സാധാരണവ്യക്തി മാത്രമായ ഞാൻ, പരിമിതമായ എന്റെ സമൂഹവൃത്തത്തിലുള്ള മറ്റു സഹോദരങ്ങൾക്കൊപ്പമെങ്കിലും സമാധാനമായി കഴിയണമെന്നതിൽ കവിഞ്ഞ മോഹ

www.malankaralibrary.com



മൊന്നും എനിക്കില്ല. ഇപ്പോൾ ഞാൻ അനുഭവിക്കുന്ന യാതനകൾ എനിക്കു താങ്ങാവുന്നതിലധികമാണ്. നിരാശാഗർത്തത്തിൽ എന്നന്നേയ്ക്കുമായി നിപതിച്ചു പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

വി. മത്തായി 8: 23-27 വായിച്ചപ്പോൾ ഞാൻ ഒരു പാഠം പഠിച്ചു. "കർത്താവേ രക്ഷിക്കണമെ. ഞങ്ങൾ നശിക്കുന്നു", എന്ന് അങ്ങയുടെ ശിഷ്യർ വിളിച്ചു പറഞ്ഞു. അങ്ങ് അവരുടെ വിശ്വാസക്കുറവിനെ കുറ്റപ്പെടുത്തി. പടവിൽ തങ്ങളൊടൊപ്പം ഉണ്ടായിരുന്നെങ്കിലും ഉറങ്ങിക്കിടക്കുകയായിരുന്ന യേശുവിന് അവരെ രക്ഷിക്കാൻ കഴിയുമെന്ന വിശ്വാസം അവർക്കില്ലായിരുന്നു. എന്നാൽ ഞാൻ, അഗാധമായ ആഴത്തിലേക്ക് താണുകൊണ്ടിരിക്കുമ്പോഴും അങ്ങ് എന്റെ ഹൃദയത്തിൽ സജീവമായിത്തന്നെ വസിക്കുന്നുവെന്നും എന്നെ ഈ വിപത്തിൽ നിന്നും വിടുവിക്കുമെന്നും പ്രത്യാശയോടെ വിശ്വസിച്ചിരിക്കും. "കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ. 20: 29) എന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഞാനും, കാണാതെ തന്നെ വിശ്വസിച്ച് രക്ഷ പ്രാപിക്കുന്ന ഭാഗ്യവാന്മാരുടെ ഗണത്തിൽ പെടാൻ ശ്രമിക്കും.

www.malankaralibrary.com

## അദ്ധ്യായം 2

# കുരിശും ആശ്വാസവും

പീഡകൾ സഹിക്കുന്ന മനുഷ്യൻ ക്രൂശിതനായ ക്രിസ്തുവിന്റെ പ്രതീകമത്രെ. വി. ഗ്രന്ഥത്തിൽ അങ്ങയുടെ സഹനത്തെപ്പറ്റി എഴുതിയിട്ടുള്ളവയും, സഹിക്കുന്നവർക്ക് അങ്ങ് ആശ്വാസം പകരുന്നവയുമായ വാക്യങ്ങൾ വളരെ പ്രതീക്ഷയോടെ ഞാൻ വായിച്ചു.

"എന്റെ ദൈവമെ, എന്റെ ദൈവമെ, എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു! എന്നെ സഹായിക്കാതെയും, എന്റെ രോദനം കേൾക്കാതെയും, അകന്നു നിലക്കുന്നതെന്തുകൊണ്ട്? എന്റെ ദൈവമെ, പകൽ മുഴുവൻ ഞാൻ അങ്ങയെ വിളിക്കുന്നു. അങ്ങ് കേൾക്കുന്നില്ല" (സങ്കീ. 22:1-3)

"ദൈവമെ, എന്നെ രക്ഷിക്കണമെ! വെള്ളം എന്റെ കഴുത്തോളം എത്തിയിരിക്കുന്നു. കാലുറയ്ക്കാത്ത ആഴമുള്ള ചേറ്റിൽ ഞാൻ താഴുന്നു; ആഴമുള്ള ജലത്തിൽ ഞാനെത്തിയിരിക്കുന്നു; ജലം എന്റെ മേൽ കവിഞ്ഞൊഴുകുന്നു. കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു, എന്റെ തൊണ്ട വരണ്ടു, ദൈവത്തെ കാത്തിരുന്നു എന്റെ കണ്ണുകൾ മങ്ങി. കാരണം കൂടാതെ എന്നെ എതിർക്കുന്നവർ എന്റെ തലമുടിയിഴകളെക്കാൾ കൂടുതലാണ്........ എന്റെ സഹോദരർക്ക് ഞാൻ അപരിചിതനും എന്റെ അമ്മയുടെ മക്കൾക്ക് ഞാൻ അന്യനുമായിത്തീർന്നു....... എന്നെ ആശ്വസിപ്പിക്കുന്നവർ ഉണ്ടോ എന്നു നോക്കി, ആരുമുണ്ടായിരുന്നില്ല. ഭക്ഷണമായി അവർ എനിക്കു വിഷം തന്നു. ദാഹത്തിനു അവർ എനിക്കു വിനാഗിരി തന്നു." (സങ്കീ.69).

www.malankaralibrary.com



താല്പര്യത്തോടെ വീണ്ടും വേദവാക്യങ്ങൾ ഞാൻ വായിച്ചു—ഈ ലോകത്തിൽ കഷ്ടത അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്നതും അവർക്കു പ്രതീക്ഷ നല്കുന്നതുമായ അവിടുത്തെ വചനങ്ങൾ. എന്റെ ദുഃഖാരിഷ്ടതകളിൽ ആശ്വാസം കണ്ടെത്താനുള്ള വ്യഗ്രതയിൽ ഞാൻ അവ വായിച്ചു; ധ്യാനിച്ചു.

"മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശ 49: 15).

"മലകൾ അകന്നുപോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല. എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരുകയുമില്ല" (ഏശ 54: 10).

"അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിന്നെ മോചിപ്പിക്കും; നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും" (സങ്കീ. 50: 15).

"ഞാൻ നിങ്ങളോടു പറയുന്നു; എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്ന് ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്ക്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ? ആകാശത്തിലെ പക്ഷികളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ! ഉത്ക്കണ്ഠ മൂലം ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?.......... (മത്താ 6: 25-34).

"നിങ്ങൾ ചോദിക്കുന്നതിനുമുമ്പു തന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു" (മത്താ. 6: 8).

"ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്ക് തുറന്നു കിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു;

www.malankaralibrary.com



മുട്ടുന്നവനു തുറന്നു കിട്ടുകയും ചെയ്യുന്നു" (മത്താ. 7: 7–11).

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതുമാറിപ്പോകും. നിങ്ങൾക്കു യാതൊന്നും അസാദ്ധ്യമായിരിക്കുകയില്ല" (മത്താ. 17: 20).

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ വിശ്വസിക്കുകയും സംശയിക്കാതിരിക്കുകയും ചെയ്താൽ അത്തിവൃക്ഷത്തോടു ഞാൻ ചെയ്തതു മാത്രമല്ല നിങ്ങൾക്കു ചെയ്യാൻ കഴിയുക; ഈ മലയോടു ഇവിടെ നിന്നും മാറി കടലിൽ ചെന്നു വീഴുക എന്നു നിങ്ങൾ പറഞ്ഞാൽ അതും സംഭവിക്കും. വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും (മത്താ. 21: 21–22).

"ഒരു നാണയത്തുട്ടിനു രണ്ടു കുരുവികൾ വില്ക്കപ്പെടുന്നില്ലേ? നിങ്ങളുടെ പിതാവിന്റെ അറിവു കൂടാതെ അവയിലൊന്നുപോലും നിലംപതിക്കുകയില്ല. നിങ്ങളുടെ തലയിലെ ഓരോ മുടിയിഴയും എണ്ണപ്പെട്ടിരിക്കുന്നു." (മത്താ. 10: 30)

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവീൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമടു ഭാരം കുറഞ്ഞതുമാണ്" (മത്താ. 11: 28–30).

"നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളത് ചോദിച്ചുകൊള്ളുക, നിങ്ങൾക്കു ലഭിക്കും" (യോഹ. 15:7).

എന്റെ ദുഃഖാരിഷ്ടതകളിൽ നിന്നും മോചനം നേടാൻ വേണ്ടി വലിയ വിശ്വാസത്തോടും, പ്രതീക്ഷയോടും, ഒട്ടും സംശയിക്കാതെയും ഞാൻ പ്രാർത്ഥിക്കുകയും അന്വേഷിക്കുകയും, മുട്ടുകയും, ചോദിക്കുകയും എല്ലാം ചെയ്യുന്നു. എന്നിട്ടും അങ്ങു തരുന്ന മറു

www.malankaralibrary.com



പടിയോ ഒന്നിനു പുറകെ ഒന്നായി കുരിശുകൾ! യേശുവേ, ഈ കുരിശുകളാണോ അങ്ങ് വാഗ്ദാനം ചെയ്ത നല്ല ദാനങ്ങൾ!

സ്നേഹനിധിയായ യേശുവേ, അങ്ങ് എനിക്കു നല്കുന്നവയെല്ലാം ഏറ്റം നല്ലതുതന്നെ എന്ന് എന്നെ ബോധ്യപ്പെടുത്തേണമെ.

കഠിന ഹൃദയൻപോലും നടുങ്ങിപോകത്തക്ക ഭീകരയാതനകളാണ് അങ്ങ് ചിലർക്ക് അനുഭവിക്കാൻ അനുവദിക്കുന്നത്. ഞങ്ങൾ തീക്ഷ്ണതാപൂർവ്വം അപേക്ഷിക്കുന്ന ലൗകിക നന്മകളെക്കാൾ മെച്ച മാണ് ഈ യാതനകൾ എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം കാണിച്ചു തന്നില്ലെങ്കിൽ, അങ്ങ് കരുണയും സ്നേഹവുമുള്ള ഞങ്ങളുടെ നല്ല പിതാവാണെന്ന് എങ്ങനെ ബോധ്യം വരും?

ലോകന്യായേന ചിന്തിക്കുന്നപക്ഷം, ലൗകികനന്മകളെക്കാൾ മെച്ചം സഹനവും കുരിശിന്റെ വഴിയുമാണ് എന്ന് മനസ്സിലാക്കാൻ പ്രയാസമാണ്.

അതിന് വിശ്വാസം എന്ന ദൈവിക പുണ്യം അനുപേക്ഷണീയമാണ് – ശിശുസഹജമായ വിശ്വാസം. വി. ഗ്രന്ഥത്തിലൂടെ അങ്ങ് വെളിപ്പെടുത്തിയിരിക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ ഗ്രഹിക്കാൻ മനുഷ്യന്റെ സ്വാഭാവിക ബുദ്ധി തീരെ അപര്യാപ്തമാണ്. മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഈ രഹസ്യം ഗ്രഹിക്കാൻ വിശ്വാസം എന്ന ദൈവിക പുണ്യം നമ്മെ സഹായിക്കും. വിശ്വാസത്തിന്റെ ഉൾക്കണ്ണുകൊണ്ട് നമുക്കു ബോധ്യപ്പെടും, സഹനം (കുരിശ്) തന്നെ അനുഗമിക്കുന്ന തന്റെ വിശ്വസ്ത ദാസരുമായി ഇഹലോകത്തിൽ അങ്ങു പങ്കിടുന്ന ഏറ്റം ശ്രേഷ്ഠമായ ദാനമാണെന്ന്.

www.malankaralibrary.com

## അദ്ധ്യായം 3

# സഹനം സ്വാഗതാർഹം

*"ദൈവം തന്നെയായ അങ്ങ് ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ സഹനങ്ങളും കഷ്ടപ്പാടുകളും സസന്തോഷം ആശ്ലേഷിച്ചതിനാൽ തീർച്ചയായും അവയ്ക്ക് എന്തെങ്കിലും മഹനീയത കാണും എന്നത് നിസ്തർക്കമാണ്. ഈ ലോകത്തിലെ കഷ്ടപ്പാടുകൾ നിത്യമായ നന്മയ്ക്ക് എങ്ങനെ നിദാനമാകുമെന്ന് ഞാൻ മനസ്സിലാക്കട്ടെ. എന്റെ നിത്യരക്ഷയ്ക്ക് അവ ഉപകരിക്കുമെന്നതുകൊണ്ട് ഇതിൽ കൂടുതലും സഹിക്കാൻ ഞാൻ ഒരുക്കമാണ്. കുരിശിനെ സസന്തോഷം ആശ്ലേഷിച്ച എന്റെ രക്ഷകനുമായി ഐക്യപ്പെടാമെന്നുള്ള ഏകകാരണം മതി ഞാനും എന്റെ കുരിശിനെ ആശ്ലേഷിക്കാൻ. മറ്റൊരു കാരണവും ഞാൻ അന്വേഷിക്കേണ്ടതില്ല. അതിനാൽ സഹനവും കഷ്ടപ്പാടുകളും വെറുക്കപ്പെടേണ്ടതും ഒഴിവാക്കപ്പെടേണ്ടതുമാണെന്ന് ഇനിമേലിൽ ഞാൻ കരുതുകയില്ല"

തന്നെ അനുഗമിക്കുന്നവർക്ക് ക്രിസ്തുനാഥൻ നല്കുന്ന ഉപദേശം സുവ്യക്തവും, അതിശക്തവും, വ്യവസ്ഥയില്ലാത്തതുമാണ്. പക്ഷെ അത് നമ്മുടെ അഭിരുചിക്കനുസൃതമല്ലെന്നുമാത്രം!

"സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല" "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ."

---

* 'My Daily Bread' - BK 2, Ch. 54

www.malankaralibrary.com



മേലുദ്ധരിച്ച കല്പനയ്ക്ക് യേശുക്രിസ്തു വളരെയധികം ഊന്നൽ നല്കി ശിഷ്യരെ ഉദ്ബോധിപ്പിച്ചു കാണും. കാരണം സുവിശേഷകർ അതു പല പ്രാവശ്യം ആവർത്തിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. (ഉദാ. മത്താ. 10: 38, 16:24; മർക്കോ. 8: 34; ലൂക്ക 9: 23; 14:26–27 മുതലായവ).

ഒരുവൻ ക്രിസ്ത്യാനി എന്ന പേരിനർഹനാകണമെങ്കിൽ, അവനവന്റെ ദൈനം ദിന കുരിശെടുത്ത്, യേശുവിനെ അനുകരിച്ച് അനുഗമിക്കേണ്ടത് ആവശ്യമാണെന്ന് വിശുദ്ധ ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്.

സുവിശേഷത്തിന്റെ മർമ്മം തന്നെ കുരിശിലൂടെ രക്ഷ എന്നതാണ്.

എന്നാൽ ക്രിസ്ത്യാനികളായ നമ്മിൽ പലരും എങ്ങനെയാണ് ക്രിസ്തുവിന്റെ ഈ കല്പന പ്രാവർത്തികമാക്കുന്നത്?

ചിലർ വിജാതീയരുടെ വഴിയെ പോകുന്നു. അവരുടെ വിചാരം വിലപിടിപ്പുള്ള ഒരു കുരിശ് കഴുത്തിൽ ധരിക്കുകയൊ ഒരു പ്രധാനസ്ഥലത്തു സ്ഥാപിക്കുകയോ ചെയ്താൽ ക്രിസ്തുവിനെ മഹത്വപ്പെടുത്താൻ കഴിയുമെന്നാണ്. എന്നാൽ അത്തരം പ്രവൃത്തികൾ യേശുവിനോടുള്ള സ്നേഹപ്രകടനമെന്നതിലുപരി സ്വയം സ്നേഹത്താൽ പ്രേരിതമായ പ്രവൃത്തികളാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കുരിശു ധരിക്കുന്ന ആൾക്കോ കുരിശു സ്ഥാപിക്കുന്ന സ്ഥാപനത്തിനൊ വ്യക്തിക്കൊ അതിന്റെ ബഹുമതി ലഭിക്കണം എന്നതാണ് മുഖ്യമായ പ്രേരകഘടകം. വിലപിടിപ്പുള്ള ഒരു കുരിശ് അന്തസ്സിനു വേണ്ടി ധരിക്കുന്നത്, അപമാനിതനായി കുരിശിൽ മരിച്ച ക്രിസ്തുവിനെ അവഹേളിക്കുന്നതിന് തുല്യമാണ്.

നാം വഹിക്കണമെന്ന് യേശു ആവശ്യപ്പെടുന്ന യഥാർത്ഥ കുരിശ് നമ്മുടെ ദൈനംദിന ജീവിതത്തിലെ കഷ്ടപ്പാടുകളാണ്. ജീവിതത്തിൽ കഷ്ടതകൾ കുറവുള്ളവരായി നമ്മിൽ ആരും തന്നെ കാണുമെന്നു തോന്നുന്നില്ല. നമ്മിൽ പലരും, നമുക്കു വഹിക്കാവുന്നതിലും അല്പം കൂടുതലായി അവ വഹിക്കാൻ വിളിക്ക

www.malankaralibrary.com



പ്പെട്ടവരായിരിക്കാം! എന്നാൽ നാം ഒഴിവാക്കാൻ ശ്രമിക്കുന്ന ഈ കഷ്ടതകൾ തന്നെ സ്വർഗ്ഗത്തിൽ നമ്മുടെ നിത്യാനന്ദത്തിനു കാരണമായിത്തീരാമെന്നു വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ സഹനം നമ്മിലൂടെയുള്ള ക്രിസ്തുവിന്റെ തന്നെ സഹനമാണ്. അതായത്, നമ്മുടെ സഹനത്തിലൂടെ നാം ക്രിസ്തുവിന്റെ സഹനവുമായി താദാത്മ്യപ്പെടുന്നു. ക്രിസ്തു തന്റെ സഹനങ്ങളെ പിതാവായ ദൈവത്തിനു യാഗമായി അർപ്പിച്ചതുപോലെ നാമും നമ്മുടെ സഹനങ്ങളെ പിതാവായ ദൈവത്തിനു യേശുവിൽ കൂടെ സമർപ്പിക്കണം. ഇതാണ് ശരിയായ ക്രിസ്താനുകരണം. അങ്ങനെ നമ്മുടെ സ്വന്തം കുരിശെടുത്ത് യേശുവിനെ അനുഗമിക്കുമ്പോൾ നമ്മുടെ സഹനങ്ങളും സ്വർഗ്ഗത്തിൽ നമുക്കുള്ള മഹത്വത്തിന്റെ ഉറവിടമായി മാറും. കുരിശിന്റെ ഈ മഹാരഹസ്യം നമുക്ക് ബോധ്യപ്പെടുത്തിത്തരാനുള്ള കൃപയ്ക്കായി നാം ദൈവത്തോടു അപേക്ഷിക്കണം. സഹനത്തിൽ നമ്മെ ധൈര്യപ്പെടുത്താനും ശക്തിപ്പെടുത്താനും ആവശ്യമായ കൃപ യാതൊരു ലോപവുംകൂടാതെ ദൈവം തീർച്ചയായും നമുക്കു തരും. അങ്ങനെ ദൈവത്തിൽ നിന്നു നമുക്കു ലഭിക്കുന്ന കൃപയെപ്പറ്റി നാം ബോധവാന്മാരായിക്കഴിയുമ്പോൾ, ഇതുവരെ ഒരു ഭീഷണിയായി മാത്രം ഭയപ്പെട്ടിരുന്ന സഹനവും മരണം തന്നെയും, ക്രിസ്തുവുമായി നമ്മുടെ താദാത്മ്യം പ്രാപിക്കലിന്റെ ആനന്ദ ലഹരിയായി രൂപാന്തരം പ്രാപിക്കുന്നു. അങ്ങനെ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം തന്റെ ജീവിതത്തിലെ തകർച്ചകൾ ഉയർച്ചയുടെ ഉറവിടമായി മാറുന്നു. മതം അവനു വേദനസംഹാരിയായ കറുപ്പായിത്തന്നെ തീരുന്നു.

യേശുക്രിസ്തു മൂന്നാണികളിൽ തൂങ്ങിക്കിടന്നു ജീവൻ വെടിഞ്ഞ ആ മരക്കുരിശ് എത്ര സംപൂജ്യമായ സ്മാരകമായിട്ടാണ് നാം കരുതുക! നമുക്ക് അത് എത്ര പ്രിയങ്കരവും വിലയേറിയതുമാണ് ! അതിന്റെ ഒരു ചെറിയ അംശമെങ്കിലും ലഭിക്കാനുള്ള ഭാഗ്യം ആർക്കെങ്കിലുമുണ്ടായാൽ തീർച്ചയായും അയാൾ അത് രത്നങ്ങൾ പതിച്ച സ്വർണ്ണ പേടകത്തിൽ ഒരു അനർഘ നിധി

www.malankaralibrary.com



യായി സൂക്ഷിക്കും. തങ്ങളുടെ ജീവിതകാലത്ത് ഒരിക്കലെങ്കിലും ആ തിരുശേഷിപ്പ് ചുംബിച്ച് ചാരിതാർത്ഥ്യമടയാൻ വിശ്വാസികൾ അവിടെ ഓടിക്കൂടുകയും ചെയ്യും.

എന്നാൽ യേശുക്രിസ്തു ലോകത്തെ വീണ്ടെടുത്ത യഥാർത്ഥ കുരിശ്, തന്റെ ജനനം മുതൽ, കാൽവറിയിലെ ഏറ്റം ഭീകരവും നിന്ദ്യവും അപമാനകരവുമായ കുരിശുമരണം വരെയുള്ള കഷ്ട പ്പാടുകളുടെ ആകെത്തുകയാണ്. അവയെല്ലാം യേശു തന്റെ പിതാവിന്റെ തിരുവിഷ്ടത്തിനു പൂർണ്ണമായി കീഴ്പ്പെട്ട്, സഹിച്ച്, സ്വയം ഒരു ബലിയായി നമുക്കു വേണ്ടി ജീവൻ ഹോമിച്ച് നമ്മെ പാപത്തിന്റെ അടിമത്തത്തിൽ നിന്നും വീണ്ടെടുത്തു.

യേശുവിന്റെ ഈ യഥാർത്ഥ രക്ഷണീയ കുരിശിന്റെ ഒരംശം നമ്മുടെ ജീവിതത്തിൽ നമുക്കു ലഭിച്ചാൽ അതിനെ ആശ്ലേഷിച്ചു സ്വീകരിക്കാൻ നാം എത്രമാത്രം താല്പര്യം കാണിക്കും?

കാൽവരിയിൽ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത ക്രിസ്തുവിന്റെ അതേ കുരിശുതന്നെയാണ് എന്റെ ദൈനം ദിന കഷ്ടപ്പാടുകളിൽ കൂടി യേശു എനിക്കായി പങ്കിട്ടു തരുന്നത് എന്ന സത്യത്തെപ്പറ്റി നാം എത്രമാത്രം ബോധവാന്മാരാണ്. "എന്റെ നുകം വഹിക്കുക" (മത്താ: 11: 29) എന്നു യേശു പറയുന്നതിൽ "അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും അവന്റെ മരണത്തോട് താദാത്മ്യപ്പെടുന്നതിനും" വേണ്ടിയുള്ള ആഹ്വാനമാണ് (ഫിലി. 3:10) കേൾക്കേണ്ടത്.

www.malankaralibrary.com

## അദ്ധ്യായം 4

# വിവാഹമോതിരം

യേശുക്രിസ്തു നമുക്കുവേണ്ടി നമ്മുടെ പാപങ്ങൾ മാത്രമല്ല സ്വന്തശരീരത്തിൽ വഹിച്ചത്; പാപത്തിന്റെ ശമ്പളമായ ദുഃഖങ്ങളും ദുരിതങ്ങളും മരണവും കൂടിയാണ്.

ഈ ലോകജീവിതത്തിൽ കഷ്ടപ്പാടുകൾ സഹിക്കുന്ന ഓരോ വ്യക്തിയുമായി യേശു താദാത്മ്യപ്പെടുന്നു. "എനിക്കു വിശന്നു ......... ഞാൻ നഗ്നനായിരുന്നു.......... ഞാൻ രോഗിയായിരുന്നു............" (മത്താ. 25: 35-36). യാതനകൾ സഹിക്കുന്ന ഏതൊരു വ്യക്തിയുമായും യേശു തന്റെ രക്ഷാകര കുരിശ് പങ്കിടുന്നു എന്നാണ് അതിന്റെ അർത്ഥം. "വിലപിക്കുന്നവർ ഭാഗ്യവാന്മാർ: അവർ ആശ്വസിപ്പിക്കപ്പെടും" (മത്താ. 5:4) എന്നു യേശു പറയുന്നു. നമ്മുടെ ദുരിതങ്ങളിൽ നാം വിലപിക്കുമ്പോഴും നാം ഭാഗ്യവാന്മാരാണെന്ന് വിശ്വസിക്കുമോ?

വിലപിക്കേണ്ട വേളകളിലും നാം ഭാഗ്യവാന്മാരാണെന്ന് വിശ്വസിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ കൃപാവരം നമുക്കു കൂടിയേ തീരൂ. ആരംഭത്തിൽ പത്രോസും നമ്മെപ്പോലെ കുരിശുകളെ വെറുത്തിരുന്നു. യേശു തന്റെ ആസന്നമായ പീഡാനുഭവത്തെപ്പററി സൂചിപ്പിച്ചപ്പോൾ പത്രോസ് വിലക്കിയല്ലൊ. യേശുവിനോടുള്ള സ്നേഹം മൂലമാണ് അങ്ങനെ പറഞ്ഞതെങ്കിൽ കൂടെയും എത്ര ശക്തമായ ഭാഷയിലാണ് പത്രോസിനെ ശകാരിച്ചത്! 'സാത്താനെ' എന്നുപോലും പത്രോസിനെ വിളിക്കാൻ യേശു മടിച്ചില്ല (മത്താ. 16:23). കഷ്ടതകളെ മാനുഷിക രീതിയിലല്ല, ദൈവിക രീതിയിലാണ് വീക്ഷിക്കേണ്ടതെന്നു യേശു പഠിപ്പിക്കുന്നു.

പത്രോസ് മാത്രമല്ല ശിഷ്യന്മാർ ആരും തന്നെ ക്രിസ്തുവിന്റെ

www.malankaralibrary.com



മരണം വരെയും കുരിശിന്റെ ദൈവിക രഹസ്യം മനസ്സിലാക്കിയിരുന്നില്ല. വരുവാനിരിക്കുന്ന മിശിഹായാണ് യേശു എന്ന് അവർ വിശ്വസിച്ചിരുന്നുവെങ്കിലും പീഡകൾ സഹിച്ച് മരിക്കുമെന്ന് ശിഷ്യരിൽ ആരും തന്നെ കരുതിയിരുന്നില്ല. "ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്നു ഞങ്ങൽ പ്രതീക്ഷിച്ചിരുന്നു" (ലൂക്കാ. 24: 21) എന്നാണ് നിരാശയോടെ അവർ വിലപിച്ചത്. ക്രിസ്തു തന്റെ പീഡാനുഭവങ്ങളിലൂടെയാണ് ലോകത്തെ രക്ഷിച്ച് ദൈവരാജ്യം സ്ഥാപിക്കുന്നതെന്ന് ശിഷ്യന്മാരിൽ ആരും തന്നെ അറിഞ്ഞിരുന്നില്ല. പീഡിതനായ ക്രിസ്തുവിനെപ്പറ്റി അവർക്കു ചിന്തിക്കാൻ പോലും കഴിഞ്ഞിരുന്നില്ല.

എന്നാൽ അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചതോടെ സ്ഥിതിയാകെ മാറി. കർത്താവിനെ പ്രതി പീഡകൾസഹിക്കുന്നതിൽ അവർ അഭിമാനംകൊണ്ടു. എന്നു തന്നെയുമല്ല കർത്താവിന്റെ തിരുമുറിവുകൾ തന്നെയാണ് അവരുടെ പീഡനങ്ങളിലൂടെ അവർ സഹിക്കുന്നത് എന്നോർത്ത് അവർ സന്തോഷിക്കുകയും ചെയ്തു. "അവരാകട്ടെ യേശുവിന്റെ നാമത്തെപ്രതി അവമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘത്തിന്റെ മുമ്പിൽ നിന്നു പുറത്തുപോയി" (അപ്പ.പ്ര 5: 41).

"ഞാൻ എന്റെ ശരീരത്തിൽ യേശുവിന്റെ അടയാളങ്ങൾ ധരിക്കുന്നു" (ഗലാ. 6: 17) എന്നാണ് അഭിമാനത്തോടെ വി. പൗലോസ് താൻ അനുഭവിച്ച ശാരീരിക പീഡകളെപ്പറ്റി പറഞ്ഞത്.

പ്രതിശ്രുത വധൂവരന്മാർ പരസ്പരം കൈമാറുന്ന മോതിരങ്ങൾ ഭാവി വിവാഹത്തിനുള്ള വാഗ്ദാനവും അവരുടെ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടയാളവുമത്രെ. എന്റെ കുരിശും, ഞാൻ സ്വർഗ്ഗീയ മണവാളനോടൊപ്പം നിത്യമണവറയിൽ പ്രവേശിക്കാനുള്ള അച്ചാരമായി എന്റെ മണവാളൻ എനിക്കു സമ്മാനിക്കുന്ന വിവാഹ മോതിരമാകുന്നു. അതിനെ ഞാൻ എത്രമാത്രം ആദരവോടും സ്നേഹത്തോടുമാണ് ആശ്ലേഷിച്ചു സ്വീകരിക്കേണ്ടത്! കർത്താവ് എനിക്കു തരുന്ന സമ്മാനത്തെ തന്റെ വിശ്വസ്ത മണവാട്ടി എന്ന നിലയിൽ എത്ര സ്നേഹ പാരവശ്യത്തോടെയും അഭിമാനത്തോടെയുമായിരിക്കേണം ധരിക്കേണ്ടത്!

ഒരു സത്യക്രിസ്ത്യാനിയുടെ അവകാശമാണ് കുരിശ്.

www.malankaralibrary.com

## അദ്ധ്യായം 5

# ക്രിസ്തുവിന്റെ മണവാട്ടി

കർത്താവിന്റെ വധുവാകാനുള്ള അവസരം കഷ്ടതകൾ സഹിക്കുന്ന ഏതൊരു വ്യക്തിക്കും ലഭ്യമാണ്. അതിന് ജാതിയോ മതമോ വംശമൊ മനുഷ്യനെ അവന്റെ സഹോദരനിൽ നിന്നും വേർതിരിക്കുന്ന മനുഷ്യനിർമ്മിതമായ കോട്ടകളൊ ഒന്നും തന്നെ ബാധകമല്ല. പീഡകൾ സഹിക്കുന്ന ഓരോ വ്യക്തിയുമായും പീഡകൾ സഹിച്ച ക്രിസ്തു താദാത്മ്യപ്പെടുന്നു.

അതുപോലെതന്നെ, സ്നേഹിക്കുന്ന മനുഷ്യരിലൂടെ മനുഷ്യവർഗ്ഗം മുഴുവൻ ക്രിസ്തുവിൽ ഒന്നായിത്തീരുന്നു. ദൈവസാന്നിദ്ധ്യം മനുഷ്യഹൃദയത്തിലുള്ള സ്നേഹത്തിലൂടെ തെളിയിക്കപ്പെടുന്നു. കാരണം "ദൈവം സ്നേഹമാണ്" (1 യോഹ. 4: 8). മനുഷ്യവർഗ്ഗത്തിനു മുഴുവൻ സ്നേഹം എന്ന ഒരു ദൈവം മാത്രം, സ്നേഹം എന്ന ഒരു മതം മാത്രം; സ്നേഹിക്കുക എന്ന ഒരു കല്പന മാത്രം. സഹോദരനെ സ്നേഹിക്കുന്നതിലൂടെ ഒരുവൻ ദൈവത്തെത്തന്നെയാണ് സ്നേഹിക്കുന്നത്.

കുരിശിനെതിരായി സംസാരിച്ചതിനാണല്ലോ യേശു പത്രോസിനെ 'സാത്താൻ' എന്നു വിളിച്ചത്. കുരിശില്ലാതെയുള്ള ക്രിസ്തുവിനെ പ്രസംഗിക്കുന്നവരും അവരറിയാതെ തന്നെ സാത്താന്റെ വക്താക്കളായിത്തീരുന്നു. ഒരുവൻ കഷ്ടതകൾ സഹിക്കാനിടയായാൽ അത് അവന്റെ പാപം മൂലമുള്ള ദൈവകോപമാണെന്ന് അനുമാനിക്കുന്നവരുണ്ട്. പാപങ്ങളിൽ നിന്നും ഒഴിവാ

www.malankaralibrary.com



യാൽ എല്ലാ ദുഃഖങ്ങളിൽ നിന്നും ദുരിതങ്ങളിൽ നിന്നും ഒഴിഞ്ഞു മാറാമെന്ന് അവർ പറയുന്നു. ഇതിനു തെളിവായി അവർ ചൂണ്ടിക്കാണിക്കുന്നത്. യേശുക്രിസ്തു രോഗികളെ സൗഖ്യപ്പെടുത്തിയത് അവരുടെ പാപങ്ങൾ മോചിച്ചു കൊണ്ടാണെന്നുള്ളതാണ്.

യേശുക്രിസ്തു രോഗശാന്തി നല്കിയത്, ശാരീരിക പീഡകളിൽ നിന്നു വിടുതൽ നല്കാൻ വേണ്ടി മാത്രമായിരുന്നില്ല. മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ ക്ഷമിച്ച് പാപബന്ധനങ്ങളിൽ നിന്നും അവരെ മോചിപ്പിക്കാൻ വന്ന രക്ഷകനാണ് താൻ എന്ന് മനുഷ്യർ വിശ്വസിക്കാൻ മതിയായ പ്രത്യക്ഷ അടയാളമായിട്ടുകൂടിയാണ് യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചത്.

www.malankaralibrary.com

## അദ്ധ്യായം 6

# ഏക വഴി കുരിശു മാത്രം

ക്രിസ്തുവിന്റെ കുരിശിലൂടെ മാത്രം മാനവരക്ഷ എന്ന ദൈവത്തിന്റെ മർമ്മ പ്രധാനമായ രക്ഷാകരപദ്ധതിയിൽ നിന്നും മനുഷ്യനെ അകറ്റി നിർത്താനാണ് സാത്താൻ എപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. തന്റെ തല തകർത്തത് ഈ കുരിശാണെന്ന് അവന് നന്നായറിയാം. കുരിശിനെതിരായ പ്രലോഭനത്തിന് ആദ്യം ക്രിസ്തുവിനെത്തന്നെ അവൻ പരീക്ഷിച്ചു (ലൂക്ക 4:3-12). അതിൽ അവൻ പരാജയപ്പെട്ടപ്പോൾ സഭയുടെ നേരേ തിരിഞ്ഞു. മതപീഡനം വഴി സഭയെ തകർക്കാനായിരുന്നു അടുത്ത ശ്രമം. എന്നാൽ പീഡനം സഭയെ കൂടുതൽ ശക്തിപ്പെടുത്തുക മാത്രമാണ് ചെയ്തത്. കാരണം സഭാതനയരുടെ കുരിശും ക്രിസ്തുവിന്റെ തന്നെ കുരിശായിരുന്നു. ആധുനിക കാലത്ത് പിശാച് വേറൊരു തന്ത്രം പ്രയോഗിക്കുന്നു. വേദപുസ്തകാധിഷ്ഠിതമെന്ന് സ്വയം അഭിമാനിക്കുന്ന ചില ക്രിസ്തീയ സമൂഹങ്ങളെത്തന്നെ അവൻ ആയുധമാക്കിയിരിക്കയാണ്. തന്റെ കുരിശുമരണത്തിലൂടെ ക്രിസ്തു നമുക്ക് തന്നെത്തന്നെ സ്വയം ദാനമായിത്തരുന്ന തന്റെ ശരീര രക്തങ്ങൾ (ദൈവിക ജീവനിലെ പങ്കാളിത്തം) സഭയിൽ അനുഷ്ഠിക്കപ്പെടുന്ന വിശുദ്ധ കുർബാനയിലൂടെ ഒരു യാഥാർത്ഥ്യമാകുന്നില്ല എന്നതാണ് അവരുടെ നിലപാട്.

കർത്താവിന്റെ കുരിശുമരണം മൂലം നമ്മുടെ ദൈനംദിന കുരിശുകളും ക്രിസ്തുവിനെ അനുഗമിക്കാനുള്ള നമ്മുടെ ഏക വഴിയായിത്തീർന്നു എന്ന സത്യം വി. ഗ്രന്ഥത്തിൽ നിന്നും നമുക്ക്

www.malankaralibrary.com



ഗ്രഹിക്കാൻ സാധിക്കും.

മനുഷ്യന്റെ പാപം മൂലം കഷ്ടതകളും മരണവും ലോകത്തിൽ ഉണ്ടായെന്ന് ബൈബിൾ പറയുന്നു. എന്നാൽ ഓരോ വ്യക്തിയും അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങൾ അവനവന്റെ പാപം മൂലമാണെന്ന് അനുമാനിക്കേണ്ടതില്ല. അങ്ങനെയെങ്കിൽ ഒരുവൻ ഈ ലോകത്തിൽ അനുഭവിക്കുന്ന യാതനകൾ അവന്റെ പാപത്തിന്റെ തോതനുസരിച്ചാണ് എന്ന നിഗമനത്തിൽ എത്തേണ്ടി വരും.

പഴയനിയമകാലത്ത് ഇപ്രകാരമുള്ള തെറ്റായ ധാരണയുണ്ടായിരുന്നു. ഒരുവൻ അനുഭവിക്കുന്ന കഷ്ടതകൾ അവന്റെയോ അവന്റെ മാതാപിതാക്കളുടെയോ പാപത്തിന്റെ ഫലമാണ് എന്ന് മനുഷ്യർ ചിന്തിച്ചിരുന്നു. എന്നാൽ യേശു തന്നെ ഇതിന് ഉത്തരം നല്കിയിട്ടുണ്ട്.

ജന്മനാ അന്ധനായ ഒരു സാധു മനുഷ്യനെ കണ്ട് ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു: "റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ? യേശു മറുപടി പറഞ്ഞു: ഇവന്റെയൊ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ. 9:2-3). "സീലോഹായിലെ ഗോപുരം ഇടിഞ്ഞു വീണ് കൊല്ലപ്പെട്ട ആ പതിനെട്ടുപേർ, അന്നു ജറുസലേമിൽ വസിച്ചിരുന്ന എല്ലാവരെയുംകാൾ കുറ്റക്കാരായിരുന്നു എന്ന് നിങ്ങൾ വിചാരിക്കുന്നുവോ? അല്ല എന്നു ഞാൻ പറയുന്നു" (ലൂക്ക 13: 4)

ഇപ്രകാരം വ്യക്തമായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടും ചിലരുടെ വിചാരം, അസാധാരണമായ ശാരീരിക പീഡകൾ, ദീർഘകാലം അനുഭവിക്കേണ്ടി വരുന്ന രോഗങ്ങൾ, ഭ്രാന്ത്, കുടുംബത്തിൽ അടിക്കടി ഉണ്ടാകുന്ന ദുരന്തങ്ങൾ, ദാരിദ്ര്യം തുടങ്ങിയവയെല്ലാം കുടുംബത്തിൽ ആരുടെയോ പാപം മൂലമുള്ള ദൈവകോപത്തിന്റെ ഫലമാണെന്നാണ്. വേറെ ചിലർ ചിന്തിക്കുന്നത് അവയൊക്കെ വല്ല ശത്രുക്കളും ചെയ്യുന്ന മന്ത്രവാദമോ

www.malankaralibrary.com



ക്ഷുദ്രപ്രയോഗമോ മൂലമാണെന്നാണ്. ഇപ്രകാരമുള്ള തെറ്റായ നിഗമനങ്ങൾക്ക് നാം വശംവദരാകരുത്. ജോബിന്റെ കഥ അതിന് മതിയായ തെളിവാണല്ലോ.

നേരേമറിച്ച്, വിശുദ്ധഗ്രന്ഥം സശ്രദ്ധം പരിശോധിച്ചാൽ നമുക്ക് ബോധ്യമാകും, ജീവിതത്തിൽ വളരെയധികം യാതനകൾ അനുഭവിച്ചവരാണ് യഥാർത്ഥത്തിൽ ദൈവത്തിന് കൂടുതൽ പ്രിയങ്കരരായിരുന്ന വ്യക്തികൾ എന്ന്. കർത്താവിന്റെ കുരിശിൽ കൂടുതലായി പങ്കുചേരാൻ യോഗ്യതയുള്ളവരെ ദൈവം പ്രത്യേകമായി തെരഞ്ഞെടുക്കുന്നു. അങ്ങനെ അവർക്ക് സ്വർഗ്ഗത്തിൽ കൂടുതൽ മഹത്വമുള്ള കിരീടം നല്കി ആദരിക്കാൻ ദൈവം വഴിയൊരുക്കുന്നു.

ദൈവത്തിന്റെ 'തെരഞ്ഞെടുക്കപ്പെട്ട പാത്രമായ' വി. പൗലോസിന് തന്റെ മാനസാന്തരാനന്തരം വാഗ്ദാനം ചെയ്യപ്പെട്ടത് രക്തസാക്ഷിത്വത്തിൽ കലാശിച്ച ആജീവനാന്ത സഹനമാണല്ലോ. "വിജാതീയരുടെയും രാജാക്കന്മാരുടെയും, ഇസ്രായേൽ മക്കളുടെയും മുൻപിൽ എന്റെ നാമം വഹിക്കാൻ തെരെഞ്ഞെടുക്കപ്പെട്ട പാത്രമാണ് അവൻ. എന്റെ നാമത്തെപ്രതി അവൻ എത്രമാത്രം സഹിക്കേണ്ടിവരുമെന്ന് അവന് ഞാൻ കാണിച്ചുകൊടുക്കും" (അപ്പ. പ്ര. 9:15-16).

വി. പത്രോസിന്റെ രക്തസാക്ഷിത്വത്തെപ്പറ്റി യേശു മുൻകൂട്ടി സൂചിപ്പിച്ചതിനെ വി. യോഹന്നാൻ വിശേഷിപ്പിക്കുന്നത്, 'ദൈവത്തെ മഹത്വപ്പെടുത്തുക' എന്നാണ്. "ഇത് അവൻ പറഞ്ഞത് ഏതു വിധമുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്ന് സൂചിപ്പിക്കാനാണ്" (യോഹ 21: 19).

www.malankaralibrary.com

## അദ്ധ്യായം 7

# മനുഷ്യസ്നേഹി ദൈവരാജ്യത്തിന്നവകാശി

ഈ ലോകത്തിലെ നമ്മുടെ ദുരിതങ്ങൾ സ്വർഗ്ഗത്തിൽ കൂടുതൽ പ്രതിഫലം പ്രാപിക്കുന്നതിന് പ്രയോജനപ്പെടുമെന്നതിനാൽ, ഇവ ഒഴിവാക്കാനോ കുറയ്ക്കാനോ നാം ശ്രമിക്കേണ്ടതില്ല എന്നു ചിന്തിക്കരുത്.

നമുക്കും നമ്മുടെ സഹോദരങ്ങൾക്കും നേരിടാവുന്ന ദുരിതങ്ങളെ ദൂരീകരിക്കാൻ നമ്മളാൽ കഴിവത് പ്രയത്നിക്കാൻ നാം ബാധ്യസ്ഥരാണ്. ഏറ്റവും വലിയ ക്രിസ്തീയ കല്പനയും അതാണ്. "നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക" എല്ലാറ്റിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുക എന്ന കല്പനയോടൊപ്പം തന്നെ പ്രാധാന്യമുള്ള ഏറ്റം വലിയ കല്പനയാണിത് (മർക്കോ. 12: 31). ദൈവരാജ്യത്തിനുവേണ്ടി ഈ ജീവിതത്തിൽ നമുക്കു ചെയ്യാവുന്ന പ്രധാനപ്പെട്ട കാര്യം അതാണെന്ന് ക്രിസ്തു ശക്തമായി ഉദ്ബോധിപ്പിക്കുന്നു. അതിന് നാം സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ ദൈവകല്പനയ്ക്കെതിരായിരിക്കരുത് എന്നു മാത്രം.

ക്രിസ്തുവിനെപ്രതി മരിക്കുന്നതിന് വി. പൗലോസ് ഒട്ടും തന്നെ ഭയപ്പെട്ടിരുന്നില്ല. എന്നാൽ നിരപരാധിയായ തന്നിൽ കുറ്റം ആരോപിച്ചവരുടെ കുതന്ത്രങ്ങൾക്കും ആരോപണങ്ങൾക്കും അദ്ദേഹം വഴങ്ങാതെ, രാജ്യത്തിന്റെ നിയമം അനുസരിച്ച് തനിക്ക്

www.malankaralibrary.com



ലഭിക്കേണ്ട അവകാശങ്ങൾക്കുവേണ്ടി വീറോടെ വാദിക്കാൻ നിയമാനുസൃതമായ എല്ലാ മാർഗ്ഗങ്ങളും അദ്ദേഹം സ്വീകരിച്ചു. (അപ്പ. പ്ര. 24, 25 അദ്ധ്യായങ്ങൾ).

രോഗിയായ ഒരുവൻ ചികിത്സയ്ക്കു വിധേയനാകുന്നതിൽ തെറ്റില്ല. "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം" (മത്താ. 9: 12) എന്ന് യേശു പറയുന്നതിൽ നിന്നും യേശു ചികിത്സയ്ക്ക് എതിരായിരുന്നില്ല എന്ന് വ്യക്തമാണല്ലോ.

നമ്മുടെ ദുരിതങ്ങൾ മാറ്റിക്കിട്ടാൻ നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാവുന്നതാണ്. ഈ പ്രാർത്ഥന ദൈവസ്നേഹത്തേക്കാളുപരി സ്വസ്നേഹത്താൽ പ്രേരിതമായിരിക്കാമെങ്കിൽപോലും ഒരുവന് ദൈവത്തിലുള്ള വിശ്വാസം തെളിയിക്കാനുള്ള അവസരമായിത്തീരുന്നല്ലോ.

മറ്റുള്ളവരുടെ ദുരിതങ്ങളിലും കഷ്ടപ്പാടുകളിലും ആശ്വാസം പകരാൻ നമ്മളാൽ കഴിവതു ചെയ്യാൻ നാം ബാധ്യസ്ഥരാണ്. യേശു അതിന് വളരെ ശക്തമായി നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്. "ഈ ചെറിയവരിൽ ഒരുവന് ശിഷ്യൻ എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 10: 42). ലോകാവസാനത്തിൽ നമ്മുടെ വിധികർത്താവായി വരുന്ന ക്രിസ്തു തന്നെയാണ് പറയുന്നത്, നമുക്ക് സ്വർഗ്ഗത്തിൽ പ്രവേശനം നല്കുന്നതിന്റെ മാനദണ്ഡം, നാം ഭൂമിയിലായിരുന്നപ്പോൾ മറ്റുള്ളവരെ അവരുടെ കഷ്ടതകളിൽ നിന്നും മോചിപ്പിക്കാൻ എന്തുചെയ്തു എന്നതിനെ ആശ്രയിച്ചിരിക്കും എന്ന് (മത്താ. 25: 31–46). ക്രിസ്തുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചാൽ പോലും അത് ഒരുവൻ രക്ഷിക്കപ്പെടുമെന്നതിന്റെ ഉറപ്പല്ല (മത്താ. 7: 21–23). നല്ല ശമരിയാക്കാരന്റെ ഉപമയിലൂടെ സൽപ്രവൃത്തികളെ യേശു ശ്ലാഘിക്കുന്നത് ശ്രദ്ധിക്കുക (ലൂക്ക. 10: 25–37)

സഹജീവികളെ അവരുടെ ആവശ്യങ്ങളിലും ആപത്തിലും സഹായിക്കുക എന്നത് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള

www.malankaralibrary.com



അവശ്യ വ്യവസ്ഥകളിലൊന്നാണെന്ന് ക്രിസ്തുനാഥൻ തന്നെ വ്യക്തമായി പറഞ്ഞിരിക്കെ സൽപ്രവൃത്തികൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിന് ഉപകരിക്കുന്നില്ല, വിശ്വാസം മാത്രം മതി എന്നു ചിലർ പഠിപ്പിക്കുന്നത് എത്ര മൗഢ്യമാണെന്ന് വ്യക്തമാണല്ലൊ.

സുവിശേഷവാക്യങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് അബദ്ധോപദേശങ്ങൾ പഠിപ്പിക്കുന്നവരെപ്പറ്റിയാണ്. "കളകളുടെ ഉപമ"യിലൂടെ ക്രിസ്തു നമുക്ക് മുന്നറിയിപ്പു നല്കുന്നത് (മത്താ. 13: 24-30). "വിശ്വാസം കൊണ്ടുമാത്രം" രക്ഷിക്കപ്പെടാൻ സാധ്യമല്ല എന്ന് ബൈബിൾ വളരെ വ്യക്തമായി പഠിപ്പിക്കുന്നെങ്കിലും ചിലർ "വിശ്വാസം കൊണ്ടു മാത്രം" രക്ഷിക്കപ്പെട്ടിരിക്കുന്നുവെന് അവകാശപ്പെടുന്നു. സാത്താന് നന്നായറിയാം പ്രവൃത്തിയില്ലാതെ വിശ്വാസം കൊണ്ടുമാത്രം ഒരുവൻ രക്ഷപ്പെടുകയില്ലെന്ന്. അതിനാൽ ശുദ്ധഗതിക്കാരായ വിശ്വാസികളെ വഴി തെറ്റിക്കാനായി അവൻ കൗശല പൂർവ്വം ഉപയോഗിക്കുന്ന ഒരു തന്ത്രം മാത്രമാണിത് എന്നറിയുന്നത് നന്ന്.

രക്ഷയ്ക്ക് പ്രവൃത്തി എത്ര അനുപേക്ഷണീയമാണെന്ന് യാക്കോബ് 2:14 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ നിന്നും മനസ്സിലാക്കാം. "എന്റെ സഹോദരരെ, വിശ്വാസമുണ്ടെന്ന് പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിന് വസ്ത്രമോ ഭക്ഷണമൊ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിന്നാവശ്യമായത് അവർക്ക് കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ്.

"എന്നാൽ ആരെങ്കിലും ഇങ്ങനെ പറഞ്ഞേക്കാം: നിനക്ക് വിശ്വാസമുണ്ട് എനിക്ക് പ്രവൃത്തികളുമുണ്ട്. പ്രവൃത്തികൾ കൂടാതെയുള്ള നിന്റെ വിശ്വാസം എന്നെ കാണിക്കുക, ഞാൻ

www.malankaralibrary.com



എന്റെ പ്രവൃത്തികൾ വഴി എന്റെ വിശ്വാസം നിന്നെ കാണിക്കാം. ദൈവം ഏകനാണെന്ന് നീ വിശ്വസിക്കുന്നു. അതു നല്ലതു തന്നെ. പിശാചുക്കളും അങ്ങനെ വിശ്വസിക്കുന്നു. അവർ ഭയന്നു വിറയ്ക്കുകയും ചെയ്യുന്നു. മൂഢനായ മനുഷ്യാ, പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം ഫലരഹിതമാണെന്ന് നിനക്ക് തെളിയിച്ചു തരേണ്ടതുണ്ടോ?"

കർത്താവ് വ്യക്തമായി പഠിപ്പിച്ചിരിക്കുന്ന കാര്യങ്ങളെ ചിലർ സൗകര്യപൂർവ്വം വിസ്മരിക്കുന്നതിൽ അതിശയിക്കുന്നു. ഉദാ: "കർത്താവേ, കർത്താവേ, എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക" (മത്താ 7: 21). "നിങ്ങൾ കർത്താവേ, കർത്താവേ, എന്നു വിളിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?" (ലൂക്ക 6: 46).

രക്ഷിക്കപ്പെടാൻ പ്രവൃത്തി ആവശ്യമെന്ന് വി. പൗലോസ് പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു. "നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സൽപ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ 2:10).

രക്ഷ പ്രവൃത്തികളുടെ ഫലമല്ല എന്ന് വി. പൗലോസ് പറയുന്നത്, യഹൂദർ കരുതിയിരുന്നതുപോലെ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ അവയുടെ ആന്തരികോദ്ദേശ്യത്തെ നിഷ്ഫലമാക്കുന്ന വിധത്തിൽ ബാഹ്യപ്രവൃത്തികൾ മാത്രം അനുഷ്ഠിച്ച് സംതൃപ്തിയടയുന്നതിനെ ഉദ്ദേശിച്ചാണ്. രക്ഷയ്ക്ക് നിയമങ്ങളുടെ യാന്ത്രികമായ അനുഷ്ഠാനങ്ങൾ മാത്രം മതിയെന്ന് യഹൂദർ ധരിച്ചു വച്ചിരുന്നതിനെ അപലപിക്കുകയായിരുന്നു വി. പൗലോസ്. സൽപ്രവൃത്തികൾ രക്ഷയ്ക്ക് അനുപേക്ഷണീയമാണെന്നു തന്നെയാണ് വി. പൗലോസ് പഠിപ്പിച്ചത്.

"............ ഓരോരുത്തരുടേയും പണി പരസ്യമാകും. കർത്താവിന്റെ ദിനത്തിൽ അത് വിളംബരം ചെയ്യും. അഗ്നിയാൽ അതു

www.malankaralibrary.com



വെളിവാക്കപ്പെടും. ഓരോരുത്തരുടെയും പണി ഏതു തരത്തിലുള്ളതെന്ന് അഗ്നി തെളിയിക്കുകയും ചെയ്യും. ആരുടെ പണി നിലനില്ക്കുന്നുവോ അവൻ സമ്മാനിതനാകും. ആരുടെ പണി അഗ്നിക്കിരയാകുന്നുവോ അവൻ നഷ്ടം സഹിക്കേണ്ടി വരും (1 കൊരി. 3: 13-15).

"..........ഞാൻ അകന്നിരിക്കുന്ന ഈ സമയത്ത് പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കു വേണ്ടി അധ്വാനിക്കുവിൻ........" (ഫിലി. 2: 12).

'വിശ്വാസം മാത്രം മതി, സൽപ്രവൃത്തികൾ രക്ഷയ്ക്കാവശ്യമില്ല' എന്ന് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിനെതിരാണെന്ന് സ്പഷ്ടം.

വ്യക്തികൾ, സമൂഹങ്ങൾ, രാഷ്ട്രങ്ങൾ, ഐക്യരാഷ്ട്രസംഘടനകൾ തുടങ്ങിയവയെല്ലാം, ലോകത്തിൽ നടമാടുന്ന ദാരിദ്ര്യം, രോഗം, അജ്ഞത, മനുഷ്യാവകാശ ധ്വംസനം, യുദ്ധം, അന്യായമായ പ്രകൃതിചൂഷണം മുതലായ സാമൂഹ്യ അനീതിക്കെതിരായി ചെയ്യുന്ന ചെറുതും വലുതമായ എല്ലാ ഉദ്യമങ്ങളും ദൈവത്തിന്റെ രക്ഷാകര പ്രവൃത്തിയിലുള്ള മനുഷ്യന്റെ പങ്കുചേരലാണ്. ഈ അർത്ഥത്തിൽ ക്രിസ്തുവിനെ അറിയാത്തവർക്കുപോലും അന്ത്യവിധിയിൽ അവരുടെ സൽപ്രവൃത്തികൾ പ്രയോജനപ്രദമായി ഭവിക്കും (മത്താ. 25: 34-46).

www.malankaralibrary.com

## അദ്ധ്യായം 8

# ആദിമപാപം

എല്ലാവിധ പീഢകളും, സഹനങ്ങളും, ദുഃഖങ്ങളും പ്രത്യക്ഷത്തിൽ തിന്മ തന്നെ. ഏദൻ തോട്ടത്തിലെ ആദിമ മാതാപിതാക്കളുടെ ദൈവകല്പന ലംഘനമാണ് എല്ലാ തിന്മകളുടെയും ഉറവിടം. അവരുടെ അനുസരണക്കേടുമൂലം ദൈവം മനുഷ്യവർഗ്ഗത്തെയും ഭൂമിയേയും ശപിച്ചു. എന്നാൽ ആ ശാപം തന്നെ യേശുക്രിസ്തു സ്വയം ഏറ്റെടുത്ത് മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപപരിഹാരാർത്ഥം സ്വയം ബലിയായി പിതാവായ ദൈവത്തിന് സമർപ്പിച്ചു.

ബൈബിളിൽ വിവരിച്ചിരിക്കുന്ന ആദാമിന്റെ വീഴ്ച വെറും ഒരുകെട്ടുകഥയാണെന്ന് കരുതുന്നവരുണ്ട്. അവർ ഇപ്രകാരം ചോദിക്കുന്നു: 'ദൈവം ദയാലുവും സ്നേഹസമ്പൂർണ്ണനുമാണ്. എങ്കിൽ പിന്നെ ആദിമാതാപിതാക്കൾ ഒരുമരത്തിൽ നിന്ന്, കാണാൻ ഭംഗിയുള്ളതും എളുപ്പം പറിച്ചെടുക്കാവുന്നതുമായ പഴം തിന്നു പോയതിന്റെ പേരിൽ അവരെയും അവരുടെ സന്താനപരമ്പരകളായ മനുഷ്യവർഗ്ഗത്തെ മുഴുവനെയും കഷ്ടപ്പാടിനും, ദുഃഖത്തിനും, മരണത്തിനും വിധേയരാക്കിയത് ശരിയോ? തന്നെയല്ല, ഒരുവൻ എന്തു ഭക്ഷിക്കുന്നുവോ അതല്ല അവനെ അശുദ്ധനാക്കുന്നത് എന്ന് യേശു പ്രത്യേകം പറഞ്ഞിട്ടുമുണ്ടല്ലോ' (മത്താ. 15: 11).

ആദാമിന്റെ വീഴ്ച എന്ന രഹസ്യത്തിന്റെ നിഗുഢതയിലേക്ക് ആഴത്തിൽ കടക്കാതെ തന്നെ നമുക്ക് ഒരു കാര്യം ഗ്രഹിക്കാൻ

www.malankaralibrary.com



കഴിയും. പഴം ഭക്ഷിച്ചു എന്ന ശാരീരിക കൃത്യമല്ല തിന്മയുടെ അടിസ്ഥാനകാരണം; പ്രത്യുത പ്രസ്തുത കൃത്യത്തിനു പ്രേരിപ്പിച്ച അവന്റെ "മനസ്സിന്റെ അധ:പതന"മാണ്. പൂർണ്ണമായ അറിവോടും മനസ്സോടും, തന്നിലുള്ള ദൈവിക ഛായയായ സ്വതന്ത്ര മനസ്സിന്റെയും (Free Will) വിശേഷബുദ്ധിയുടെയും (Intellectual Knowledge), ആത്മീക ചൈതന്യമായ ദിവ്യ സ്നേഹത്തിന്റെയും (Divine Love) ദുരുപയോഗമായിരുന്നു ആദം ചെയ്ത തെറ്റ്. നന്മയേത് തിന്മയേത് എന്നു ദൈവത്തിനു പകരം അവൻ തന്നെ സ്വയം തീരുമാനിക്കുക വഴി ദൈവകല്പനയെ ധിക്കരിച്ചു. "നന്മയും തിന്മയും അറിഞ്ഞു ദൈവത്തെപ്പോലെ" (ഉല്പ 3: 5) ആകാമെന്ന് അവൻ വ്യാമോഹിച്ചു. മാനസ്സികമായ ഈ അവമതി (അനുസരണക്കേട്) മൂലം ദൈവവുമായുള്ള സജീവ ബന്ധം അവൻ തന്നെ വിഛേദിച്ചുകളഞ്ഞു. തന്മൂലം അവനിൽ ദൈവിക ജീവൻ ഇല്ലാതായി. "പഴം ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും" (ഉല്പ. 3:3) എന്ന് ദൈവം അരുളിച്ചെയ്ത് സംഭവിച്ചു. ഫലമോ, ദൈവകേന്ദ്രീകൃതമായിരുന്ന അവന്റെ സ്നേഹം സ്വയം കേന്ദ്രീകൃത സ്നേഹമായി അധഃപതിച്ചു. ദൈവചൈതന്യം നഷ്ടപ്പെട്ട അവൻ ആത്മീയമായി മരിച്ചു; ജഡിക ജീവൻ മാത്രം അവനിൽ അവശേഷിച്ചു. അങ്ങനെ ദൈവവുമായുള്ള കൂട്ടായ്മയുടെ ആനന്ദം നഷ്ടപ്പെട്ട അവൻ കഷ്ടപ്പാടുകൾക്കും ദുരിതങ്ങൾക്കും മരണത്തിനും വിധേയനായിത്തീർന്നു. ഇതാണ് ആദാമിന്റെ വീഴ്ച.

ഈ സംഭവം ലളിതമായി ഉല്പത്തി 3:6–ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും കണ്ണിനു കൗതുകകരവും അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്നുകണ്ട് അവൾ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു."

"ദൈവത്തിന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു" (ഉല്പ. 1: 27) എന്ന് വി. ഗ്രന്ഥം പറയുന്നു. ദൈവം അരൂപിയാകയാൽ അവിടുത്തേക്ക് ശാരിരികമായ ഛായ ഇല്ല. മനുഷ്യനിലുള്ള ദൈവത്തിന്റെ ഛായ എന്നു പറയുന്നത് അരൂപിയായ അവന്റെ ആത്മാവാണ്.

www.malankaralibrary.com



സ്വാതന്ത്രമനസ്സ് (Free will), വിശേഷബുദ്ധി (Intellectual Knowledge), സ്നേഹം (Divine Love) എന്നീ ഗുണവിശേഷങ്ങളാണ് മനുഷ്യനിലുള്ള ആത്മാവിന്റെ സാന്നിദ്ധ്യത്തെ തെളിയിക്കുന്നത്. പ്രപഞ്ചത്തിൽ മറ്റൊരു സൃഷ്ടിക്കും ഈ സവിശേഷതകൾ ഇല്ല. ഇവ പ്രപഞ്ചബന്ധിതമായ വസ്തു, സമയം, സ്ഥലം (Matter, Time, Space) എന്നീ ഭൗതിക ഘടകങ്ങൾക്കതീതവുമാണ്. ഈ ഗുണവിശേഷങ്ങളെ മനുഷ്യനിലെ 'ത്രിത്വ'മായി വേണമെങ്കിൽ കരുതാം. മനുഷ്യന്റെ സത്തയായ അവന്റെ ആത്മാവ് പ്രകൃത്യതീതമാകയാൽ അവന്റെ ഉത്ഭവം കേവലം പ്രകൃതിനിയമം മാത്രമായ പരിണാമ സിദ്ധാന്തം കൊണ്ടുമാത്രം വിശദീകരിക്കാനാവില്ല. മനുഷ്യനിലെ പ്രത്യേക ഗുണവിശേഷങ്ങൾ (സ്വാതന്ത്രമനസ്സ്, വിശേഷബുദ്ധി, സ്നേഹം) ചെറിയ തോതിൽ മനുഷ്യേതര ജീവികളിലും കാണുന്നത് പ്രകൃത്യതീതമല്ല. പ്രകൃതിയുടെ തന്നെ ഭാഗമായ കേവല ജന്മവാസന (Instinct)മാത്രമാണ്; സ്വാതന്ത്രമനസ്സിന്റെ പ്രവർത്തനമല്ല. അതുകൊണ്ട് ഒരു പരിധിയിൽ കവിഞ്ഞ് അവ വികസിപ്പിച്ചെടുക്കാനാവില്ല.

ഉദാഹരണത്തിന്, മനുഷ്യൻ ഭൂമിയിൽ ആവിർഭവിക്കുന്നതിന് എത്രയോ മുമ്പു തന്നെ തേനീച്ചകൾ, സാങ്കേതികമായി അതിസങ്കീർണ്ണമായ കൂടു നിർമ്മാണവും തേനുല്പാദനവും നടത്തിയിരുന്നു. ഇന്നും അതു തന്നെ ഒരു വ്യത്യാസവുമില്ലാതെ തുടരുന്നു. എന്നാൽ താരതമ്യേന ഭൂമിയിൽ നവാഗതനായ ഗുഹാമനുഷ്യനിൽ നിന്ന് ആധുനിക മനുഷ്യന്റെ പ്രവർത്തനങ്ങൾ എത്രയോ വ്യത്യസ്ഥം! അനന്തജ്ഞാനിയായ ദൈവത്തിന്റെ ഛായയായ വിശേഷബുദ്ധി അവനിൽ നിക്ഷിപ്തമായതുകൊണ്ടാണത്.

മനുഷ്യൻ, ആത്മാവ്, ശരീരം എന്നീ രണ്ടു ഘടകങ്ങൾ ചേർന്നതാണ്. സൃഷ്ടിയുടെ ഭാഗമായ ഭൂമിയിൽ നിന്നെടുക്കപ്പെട്ടതും സൃഷ്ടനിയമങ്ങൾക്കു വിധേയമായതുമാണ് അവന്റെ ഭൗമികശരീരം. എന്നാൽ ആത്മാവാകട്ടെ, സൃഷ്ടാവായ ദൈവത്തിൽ നിന്നു നേരിട്ടു ലഭിച്ച ദൈവികഛായയാണ്.

"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ

www.malankaralibrary.com



രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉല്പ. 2:7).

ഇപ്രകാരം നേരിട്ട് ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടതാണ് ദൈവത്തെപ്പോലെ അരൂപിയായ മനുഷ്യാത്മാവും. ആത്മാവിന്റെ ഉത്ഭവം പ്രകൃത്യതീതമാകയാൽ അതിന്റെ പ്രവർത്തനവും പ്രകൃതി നിയമങ്ങൾക്കതീതമാണ്.

ഉദാഹരണമായി വിശേഷബുദ്ധിയുടെ കാര്യം തന്നെ എടുക്കാം. ഒരുവന്റെ അറിവ് (ജ്ഞാനം) മറ്റൊരുവന് പകർന്ന് കൊടുക്കാം. അങ്ങനെ കൊടുക്കുന്നതുകൊണ്ട് ദാതാവിന്റെ അറിവു കുറഞ്ഞുപോകുന്നില്ല. ഭൗതിക നിയമമനുസരിച്ചാണെങ്കിൽ കൊടുക്കുന്നതനുസരിച്ച് കുറയണം. 1–1= 0 എന്നാണല്ലോ ഭൗതിക നിയമത്തിലെ കണക്ക്. എന്നാൽ അറിവിന്റെ കാര്യത്തിൽ 1–1=2 എന്നാകുന്നു. കൊടുത്തയാളിന്റെ അറിവു കുറയാതെ തന്നെ കിട്ടിയ ആൾക്കും അതേ അറിവു കിട്ടുന്നു. ഒരാൾക്കെന്നല്ല എത്ര പേർക്കു കൊടുത്താലും കൊടുക്കുന്നവന്റെ അറിവു കുറയുന്നില്ലല്ലോ.

മനുഷ്യൻ അറിവു പകർന്നു കൊടുക്കുന്നതുപോലെ ഇതര ജീവികൾ 'അറിവ്' പകർന്നു കൊടുക്കുന്നില്ല. കാരണം അവയ്ക്കു വിശേഷബുദ്ധി ഇല്ല; ജന്മവാസന മാത്രമേ ഉള്ളൂ. തള്ളക്കുരുവി അതിന്റെ കുഞ്ഞുങ്ങളെ എങ്ങനെ കൂടുകെട്ടണമെന്ന് പഠിപ്പിക്കുന്നില്ല. മുട്ടകൾ മാറ്റി വെച്ച് വിരിയിച്ചാലും കുഞ്ഞുങ്ങൾ വളരുമ്പോൾ ആയിരമായിരം വർഷങ്ങൾക്കു മുമ്പ് അവയുടെ മുൻഗാമികൾ നിർമ്മിച്ച അതേ ആകൃതിയിലുള്ള കൂടായിരിക്കും നിർമ്മിക്കുക.

ഭൂമിയിൽ നിന്നെടുത്ത ശരീരം നമ്മുടെ അധമഭാഗവും ദൈവത്തിൽ നിന്നു നേരിട്ടു ലഭിച്ച ആത്മാവ് ഉത്തമഭാഗവുമാകുന്നു.

അധമ ഭാഗം ഉത്തമഭാഗത്തിന് വിധേയമായിരിക്കണം എന്നതായിരുന്നു ദൈവനിയമം. എന്നാൽ ഹവ്വാ അതിനു നേരേ വിപരീതമായാണ് പ്രവർത്തിച്ചത്. ജഡിക മോഹങ്ങളുടേയും

www.malankaralibrary.com



('തിന്നാൻ ആസ്വാദ്യവും കാണാൻ ഭംഗിയും') സ്വാർത്ഥ താല്പര്യങ്ങളുടെയും (ദൈവത്തെപ്പോലെ ആകാൻ) പൂർത്തീകരണത്തിനായി ബോധപൂർവ്വം അവൾ അവളുടെ ദൈവിക ദാനങ്ങളെ ജഡികാഭിലാഷങ്ങൾക്ക് അടിമപ്പെടുത്തി. അങ്ങനെ അവൾ പാപത്തിന് അടിമയായി. ദൈവവുമായുള്ള സജീവ സ്നേഹബന്ധം സ്വമനസ്സാ വിഛേദിച്ച് സ്വസ്നേഹകേന്ദ്രീകൃതമായി (Egocentric) പ്രവർത്തിച്ചു എന്നതായിരുന്നു അവളുടെ പാപം. അതിൽ പങ്കുചേർന്ന ആദാമും അങ്ങനെ പാപം ചെയ്തു.

ദൈവിക ദാനങ്ങളെ സ്വതന്ത്രമായി ഉപയോഗിക്കാൻ ലഭിച്ച ആദ്യ അവസരത്തിൽത്തന്നെ അവർ അവയെ ദുരുപയോഗം ചെയ്ത് ദൈവിക ബന്ധം വേർപെടുത്തി. ദൈവിക ജീവൻ (കൃപാവരം) തന്മൂലം നഷ്ടപ്പെട്ടപ്പോൾ ദൈവഛായയായ സ്വതന്ത്ര മനസ്സ് ജഡത്തിനും സ്വാർത്ഥതയ്ക്കും അടിമയായി; ദൈവസ്നേഹം സ്വസ്നേഹമായി അധഃപതിച്ചു; നന്മ തിന്മകൾ വിവേചിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെട്ടു. ദൈവികജീവന്റെ ഉറവിടമായ സൃഷ്ടാവുമായുള്ള സുദൃഢ സ്നേഹബന്ധത്തിൽ നിന്നും വേർപെട്ടുപോയതിനാൽ ആത്മീയ ജീവൻ നഷ്ടപ്പെട്ട് അവനിൽ ജ്വലിച്ചു നിന്ന ദൈവിക ഛായ വികൃതമായി. അവന്റെ മനസ്സും ബുദ്ധിയും സ്നേഹവുമെല്ലാം അഹന്തയുടെ ഉറവിടമായി അധഃപതിച്ചു. ഛിന്നഭിന്നമായ ഒരു കണ്ണാടിയിൽ നമ്മുടെ ഛായ വികൃതമായി കണപ്പെടുന്നതുപോലെ, ആദിമ പാപം മൂലം കൃപാവരം നഷ്ടപ്പെട്ട നമ്മുടെ ആത്മാവിൽ ദൈവിക ഛായ വികൃതമായി കാണപ്പെടുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഉല്പത്തിസ്ഥാനത്തു നിന്നു തന്നെ അങ്ങനെ ലോകത്തിൽ പാപം ആവിർഭവിച്ചു.

ആദാമിന്റെ സന്തതികളായ മനുഷ്യവർഗ്ഗത്തെ മുഴുവൻ ഇതു ബാധിച്ചു എന്നതിന്റെ തെളിവ് നാം ഓരോരുത്തരും തന്നെ. ആദിമാതാപിതാക്കന്മാരുടെ ഈ വീഴ്ച തന്നെ നമ്മുടെ ദൈനംദിന ജീവിതത്തിലും ആവർത്തിക്കപ്പെടുന്നു. നമ്മുടെ ബുദ്ധിയും മനസ്സും ദൈവകേന്ദ്രീകൃതമായിരിക്കേണ്ടതിനു പകരം സ്വയം ...ന്ദ്രീകൃതമാണ്. നന്മയും തിന്മയും തമ്മിൽ വിവേചിച്ചറിഞ്ഞ്

www.malankaralibrary.com



അതനുസരിച്ച് പ്രവർത്തിക്കാനുള്ള കഴിവ് നമുക്ക് നഷ്ടപ്പെട്ടു പോയി. "ഞാൻ ഇഛിക്കുന്ന നന്മയല്ല വെറുക്കുന്ന തിന്മയത്രെ ചെയ്യുന്നത്" (റോമ 7: 15). ദൈവേഷ്ടത്തെക്കാളുപരി, സ്വന്ത ഇഷ്ട പ്രകാരം, നന്മയെന്നു തെറ്റിദ്ധരിച്ച് തിന്മ പ്രവർത്തിക്കാൻ നമ്മുടെ മനസ്സ് നമ്മെ പ്രേരിപ്പിക്കുന്നു. ദൈവസ്നേഹത്തെക്കാൾ സ്വസ്നേഹത്തിന് കൂടുതൽ പ്രാധാന്യം നാം കല്പിച്ച് അതനുസരിച്ച് പ്രവർത്തിക്കുക വഴി ദൈവവുമായുള്ള സ്നേഹബന്ധത്തിൽ നിന്നു നാം അകന്നു. ഇതത്രെ പാപം.

www.malankaralibrary.com

## അദ്ധ്യായം 9

# സ്വാതന്ത്ര്യമനസ്സും വിശ്വാസവും

'രക്ഷ' എന്നത് മനുഷ്യന്റെ ദൈവബന്ധത്തിലെ ക്രമക്കേട് എന്നന്നേയ്ക്കുമായി ഇല്ലാതാക്കുന്ന ദൈവിക പദ്ധതിയാണ്. നാം രക്ഷിക്കപ്പെട്ടുകഴിയുമ്പോൾ (അതായത് നാം സ്വർഗ്ഗത്തിലെത്തിക്കഴിയുമ്പോൾ) നമ്മുടെ മനസ്സും ബുദ്ധിയും സ്നേഹവും ദൈവകേന്ദ്രീകൃതമായി ദൈവവുമായി പൂർണ്ണ ഐക്യത്തിലായിരിക്കും. അങ്ങനെ നാം അനന്തമായ ദൈവികാനന്ദത്തിനും മഹത്വത്തിനും നിത്യം പങ്കുകാരായിത്തീരും.

ദൈവത്തിന്റെ ഈ രക്ഷാകര പദ്ധതിയുടെ വിവരണമാണ് വേദപുസ്തകത്തിന്റെ പ്രമേയം. തന്റെ പ്രിയപുത്രനായ യേശുക്രിസ്തുവിന്റെ കുരിശുമരണവും ഉത്ഥാനവും വഴി മനുഷ്യവർഗ്ഗത്തിന്റെ രക്ഷ നിർവഹിക്കണമെന്നതായിരുന്നു പിതാവായ ദൈവത്തിന്റെ നിശ്ചയം.

കുരിശുമരണത്തിലൂടെ രക്ഷ എന്നു പറയുമ്പോൾ, നമ്മുടെ പാപപരിഹാരാർത്ഥം കർത്താവ് ശാരീരികവും മാനസികവുമായ അതിപീഡകൾ സഹിച്ചു എന്നതിലുപരിയായി ഈ സഹനങ്ങളെല്ലാം പിതാവായ ദൈവത്തിന്റെ തിരുവിഷ്ടത്തിനു പൂർണ്ണമായി വിധേയമാക്കിയെന്നതിനാണ് നാം പ്രാധാന്യം കല്പിക്കേണ്ടത്. മനുഷ്യവർഗ്ഗം മുഴുവൻ ദൈവേഷ്ടത്തിന് പൂർണ്ണമായി വിധേയമാകുന്നതിന്റെ പ്രതീകമായി മനുഷ്യവർഗ്ഗത്തെ പ്രതിനിധാനം ചെയ്ത് കർത്താവ് മരണം വരെയും പിതാവിന്റെ ഹിതത്തിനു കീഴ്വഴങ്ങി. ദൈവതിരുമനസ്സിനെതിരായി മനുഷ്യവർഗ്ഗം ചെയ്ത

www.malankaralibrary.com



അനുസരണക്കേടിന്റെ സമ്പൂർണ്ണ പരിഹാരമായിരുന്നു അത്.

കുരിശുമരണത്തിലൂടെ ക്രിസ്തു നേടിത്തന്ന ഈ രക്ഷയുടെ പങ്ക് നമുക്ക് ലഭിക്കാൻ നാമും ക്രിസ്തുനാഥനെ അനുകരിച്ച് എളിയ തോതിലുള്ള നമ്മുടെ ദൈനംദിന കുരിശുകൾ വഹിച്ച് തന്നെ പിന്തുടരണമെന്ന് വി. ഗ്രന്ഥം നമ്മെ ഉദ്ബോധിപ്പിക്കുന്നു. എത്ര പൂർണ്ണമനസ്സോടെ ഈ കുരിശുകൾ ദൈവസ്നേഹത്തെ പ്രതി നാം സഹിക്കുന്നുവോ അതനുസരിച്ചായിരിക്കും അവയുടെ ആത്മീയ മഹത്വം (ദൈവകൃപ) നമുക്കു ലഭിക്കുക.

അദൃശ്യമായ ദൈവകൃപ ലഭിക്കുന്നതിന്റെ ദൃശ്യമായ അടയാളമാണല്ലോ കൂദാശകൾ. അതനുസരിച്ച് ഇപ്രകാരം നാം സഹിക്കുന്ന കുരിശുകളെ കൂദാശയോട് സാദൃശ്യപ്പെടുത്തുകയുമാവാം.

സാധാരണഗതിയിൽ നമ്മളാരും സഹനം ഇഷ്ടപ്പെടുന്നില്ല. പ്രകൃത്യാ സുഖസന്തോഷങ്ങളെ തേടുന്ന സ്വഭാവമാണ് നമുക്കുള്ളത്. നമ്മുടെ ആന്തരീകാഗ്രഹം എപ്പോഴും ആനന്ദം അനുഭവിക്കണം എന്നതാണ്. അതിനാൽ കുരിശുകൾ കൂടുംതോറും ദൈവതിരുമനസ്സിനു കീഴ്വഴങ്ങാൻ സ്വാഭാവികമായും നമുക്കു വൈമുഖ്യം തോന്നും. കരുണാനിധിയായ ദൈവത്തിൽ നിന്നുള്ള നല്ല ദാനമാണ് സഹനം എന്ന് അംഗീകരിക്കാൻ നമുക്കു പ്രയാസം തോന്നും. സഹനം തീരെ അസഹനീയമാകുമ്പോൾ 'അന്ധമായി' ദൈവത്തെ വിശ്വസിക്കുകയാണ് കരണീയം. എന്നാൽ കരുണാനിധിയായ ദൈവം അപ്രകാരമുള്ള അന്ധകാരത്തിൽ വീഴാൻ നമ്മെ അനുവദിക്കുകയില്ല. നമ്മുടെ കുരിശിനനുസൃതമായി അതു വഹിക്കാനുള്ള കൃപയും കൂടി തരും. "ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായി പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്നു നിങ്ങൾക്കു നല്കും" (1 കൊരി. 10: 13).

കർത്താവിന്റെ വാഗ്ദാനങ്ങളിൽ നാം വിശ്വസിക്കണം. ഈ വിശ്വാസം സ്വപ്രയത്നത്താൽ മാത്രം കൈവരിക്കാൻ സാധ്യമല്ല. എന്നാൽ ദാനമായി ദൈവം അതു നമുക്കു തരും. ചോദിച്ചാൽ

www.malankaralibrary.com



മാത്രം മതി. വാസ്തവത്തിൽ, ചോദിക്കാനുള്ള നമ്മുടെ പ്രചോദനത്തെക്കാൾ എത്രയോ വലുതാണ് നല്ല ദാനങ്ങൾ നല്കാനുള്ള ദൈവത്തിന്റെ വ്യഗ്രത! വിശ്വാസം എന്ന ദൈവിക പുണ്യം ലഭിക്കാനായി നാം ദൈവത്തോട് ചോദിച്ചു നോക്കുക. ചോദിക്കുന്നതിലും കൂടുതലായി നമുക്ക് അതു ലഭിക്കും. സ്വയം പരീക്ഷിച്ചു ബോധ്യമാകാവുന്ന ഒരു സത്യമാണിത്.

വിശ്വാസം, എളിമ, ക്ഷമ തുടങ്ങിയ പുണ്യങ്ങൾ അഭ്യസിക്കാൻ ദൈവം നമുക്കുവേണ്ടി ഒരുക്കുന്ന വഴികളാണ് കുരിശുകൾ. നമുക്കു ദൈവത്തോടുള്ള വിശ്വസ്തതയും സ്നേഹവും തെളിയിക്കാനുള്ള മാർഗ്ഗവും ഇതു തന്നെ.

സ്വാർത്ഥ മോഹങ്ങളാൽ നയിക്കപ്പെടുന്ന എന്റെ ആഗ്രഹങ്ങളനുസരിച്ച് കാര്യങ്ങൾ നടക്കുകയാണെങ്കിൽ, എനിക്കുണ്ടെന്ന് ഞാൻ അഭിമാനിക്കുന്ന ദൈവസ്നേഹമൊ ദൈവവിശ്വാസമോ തെളിയിക്കാൻ അവ സഹായിക്കുകയില്ല. ദൈവഹിതത്തിനു കീഴ്പ്പെട്ടു, നാം ഇച്ഛിക്കാത്ത കഷ്ടപ്പാടുകൾ ക്ഷമയോടെ സഹിച്ചെങ്കിൽ മാത്രമെ അതു തെളിയിക്കാൻ സാധിക്കൂ.

ദൈവദാനമായ നമ്മുടെ സ്വതന്ത്രമനസ്സും വിശേഷബുദ്ധിയും നാം ദുരുപയോഗിച്ചതിനു പരിഹാരമായി ദൈവം നമ്മിൽ നിന്നും വിശ്വാസം ആവശ്യപ്പെടുന്നു. ജീവിതത്തിൽ കഷ്ടപ്പാടുകൾ ഒന്നിനു പിറകേ ഒന്നായി വരുമ്പോഴും കാണപ്പെടാത്ത ദൈവം കരുണയുള്ളവനാണെന്ന് വിശ്വസിക്കണമെങ്കിൽ ദൈവത്തിൽ നിന്ന് ധാരാളം കൃപ ലഭിച്ചെങ്കിലെ പറ്റൂ. അവയെ നേരിടുന്നതിന് ദൈവം ധാരാളം കൃപ നല്കുമെന്നു മാത്രമല്ല നമ്മുടെ ഭാവനയ്കതീതമായ അളവിൽ സ്വർഗ്ഗീയ നിക്ഷേപം നല്കുകയും ചെയ്യും. "കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ. 20: 29)

ക്രിസ്തുവുമായി താദാത്മ്യപ്പെട്ട് നമ്മുടെയും നമ്മുടെ സഹോദരങ്ങളുടെയും പാപങ്ങൾക്ക് പരിഹാരം ചെയ്യുന്നതിന് ദൈവം ഒരുക്കുന്ന സുവർണ്ണാവസരങ്ങളായി നമ്മുടെ സഹനത്തെ നാം കാണണം. നമ്മെപ്രതി പീഢകൾ സഹിച്ച് കുരിശിൽ മരിച്ച

www.malankaralibrary.com



ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ അടയാളമായി കഷ്ടപ്പാടുകളെ നാം സ്വീകരിച്ചാൽ അവ വളരെയധികം കൃപയ്ക്കും, നമ്മുടെ മാത്രമല്ല, ലോകം മുഴുവന്റെയും രക്ഷയ്ക്കും നിദാനമാകും.

നേരേമറിച്ച് നമ്മുടെ കഷ്ടപ്പാടുകളിൽ നാം ദൈവത്തെ ശപിക്കുകയാണെങ്കിൽ ഈ ലോകത്തിൽ തന്നെ അതു നരകമായിത്തീരുന്നു. ക്രിസ്തു തന്റെ കുരിശിനെ എപ്രകാരം ആശ്ളേഷിപ്പിച്ചോ അതേ അരൂപിയിൽ നാമും നമ്മുടെ കുരിശിനെ ആശ്ളേഷിച്ചാൽ അത് ക്രിസ്തുവുമായി താദാത്മ്യപ്പെടാനും സ്വർഗ്ഗത്തിൽ ക്രിസ്തുവിന്റെ മഹിമയിൽ കൂടുതലായി പങ്കാളികളാകാനും നമുക്കു സഹായകരമാകും.

കഷ്ടാരിഷ്ടതകളുടെ ക്രൂര ദംശനത്തിൽ നിന്നും രക്ഷപ്പെടാനുള്ള ഏറ്റം ബുദ്ധിപൂർവകമായ മാർഗ്ഗം, അവയെ ക്രിസ്തുവിന്റെ തന്നെ കുരിശായി കണ്ട് സ്നേഹപൂർവ്വം അവയെ ആശ്ലേഷിച്ചു സ്വീകരിക്കുകയാണ്. നമുക്കു പാനം ചെയ്യാൻ വേണ്ടി നമ്മുടെ പിതാവ് സ്നേഹപൂർവ്വം തരുന്ന പാനപാത്രമാണെന്ന് വിശ്വസിച്ച് അവയെ സ്വീകരിക്കുക. അപ്പോൾ ദൈവം അത് മധുരമുള്ളതും മഹത്വപൂർണ്ണവും ആക്കിത്തീർക്കും.

യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരുടെ വ്യത്യസ്ത മനോഭാവങ്ങൾ ഇവിടെ ദൃഷ്ടാന്തമാകുന്നു. ഇടതു ഭാഗത്തെ കള്ളൻ ശാപവാക്കുകളും ദൈവദൂഷണവും പറഞ്ഞു തന്റെ പീഢാസഹനത്തിന്റെ പ്രതിഫലം പ്രാപിക്കാതെ മരിച്ചു. എന്നാൽ വലതു വശത്തെ കള്ളൻ അയാളുടെ പാപങ്ങളെ ഓർത്തു അനുതപിക്കുകയും യേശുവിനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അയാളും മറ്റവനെപ്പോലെ ഒരു കൊള്ളക്കാരനും കൊലപാതകിയും മരണശിക്ഷാർഹനുമായിരുന്നു. എന്നിട്ടും യേശു അയാൾക്ക് സ്വർഗ്ഗസൗഭാഗ്യം വാഗ്ദാനം ചെയ്തു. തന്റെ അപ്പസ്തോലന്മാർക്കു പോലും ലഭിക്കാതിരുന്ന ഒരു വാഗ്ദാനമായിരുന്നു അത്. "നീ ഇന്ന് എന്നോടുകൂടെ പറുദീസായിലിരിക്കും" (ലൂക്ക 23: 43)

www.malankaralibrary.com



ഏറ്റവും നികൃഷ്ട പാപിക്കുപോലും അവസാന നിമിഷത്തിലും അനുതപിച്ച് ക്രിസ്തുവിനെ വിളിച്ചപേക്ഷിച്ചാൽ രക്ഷ പ്രാപിക്കാമെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ കുരിശിന് 'ശുദ്ധീകരസ്ഥലം' ഒഴിവാക്കാൻ പോലുമുള്ള രക്ഷണീയശക്തി ഉണ്ടെന്ന് ഈ സംഭവം തെളിയിക്കുന്നില്ലേ? ക്രിസ്തു ക്രൂശിക്കപ്പെട്ട അതേ ദിവസം തന്നെ അയാൾ പറുദീസായിൽ പ്രവേശിച്ചല്ലോ. ക്രിസ്തുവിന്റെ കുരിശുമരണം വഴി രക്ഷിക്കപ്പെട്ട ആദ്യത്തെ വ്യക്തി ആ കള്ളൻ തന്നെ ആയിരുന്നിരിക്കണം!

www.malankaralibrary.com

# അദ്ധ്യായം 10
## കുരിശിലൂടെ വിശ്വാസം തെളിയിക്കപ്പെടുന്നു

കഷ്ടപ്പാടുകളോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണമെന്ന് ബൈബിളിൽ നിന്നും നമുക്കു ഗ്രഹിക്കാൻ സാധിക്കും. വി. പൗലോസ് ഇവയെപ്പറ്റി എന്താണ് പറയുന്നതെന്നും അദ്ദേഹം അവയെ എങ്ങനെ അഭിമുഖീകരിച്ചുവെന്നും ശ്രദ്ധിക്കുക.

"ഞങ്ങൾ എല്ലാ വിധത്തിലും ഞെരുക്കപ്പെടുന്നു; എങ്കിലും തകർക്കപ്പെടുന്നില്ല. വിഷമിക്കപ്പെടുന്നു; എങ്കിലും ഭഗ്നാശയരാകുന്നില്ല. പീഡിപ്പിക്കപ്പെടുന്നു; എങ്കിലും പരിത്യക്തരാകുന്നില്ല. അടിച്ചു വീഴ്ത്തപ്പെടുന്നു; എങ്കിലും നശിപ്പിക്കപ്പെടുന്നില്ല. യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടുത്തെ മരണം ഞങ്ങൾ എല്ലായ്പ്പോഴും ശരീരത്തിൽ സംവഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ പ്രത്യക്ഷമാകേണ്ടതിന് ഞങ്ങൾ ജീവിച്ചിരിക്കുമ്പോൾ യേശുവിനെ പ്രതി സദാ മരണത്തിന് ഏല്പിക്കപ്പെടുന്നു.............

ഞങ്ങൾ ഭഗ്നാശയരാകുന്നില്ല. ഞങ്ങളിലെ ബാഹ്യ മനുഷ്യൻ ക്ഷയിച്ചു കൊണ്ടിരിക്കുകയാണെങ്കിലും ആന്തരിക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു. ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്; അവയുടെ ഫലമോ അനുപമമായ മഹത്വവും. ദൃശ്യമായവയല്ല അദൃശ്യമായവയാണ് ഞങ്ങളുടെ ലക്ഷ്യം. ദൃശ്യങ്ങൾ നശ്വരങ്ങളാണ്, അദൃശ്യങ്ങൾ അനശ്വരങ്ങളും" (2 കോരി. 4: 8-18).

www.malankaralibrary.com



സഹനത്തിന് രക്ഷാകരമൂല്യമുണ്ടെന്നു സമ്മതിച്ചാൽത്തന്നെയും ഒരു സംശയം ഉദിക്കാം. "ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും........" (മത്താ. 7: 7-11). ഇങ്ങനെ നമ്മുടെ ദുരിതങ്ങൾ അകറ്റിക്കിട്ടാൻ പ്രാർത്ഥിക്കാനും യേശു പറഞ്ഞിട്ടുണ്ടല്ലോ. മനുഷ്യരുടെ ദുരിതങ്ങളകറ്റാൻ അനുകമ്പ പൂണ്ട് യേശു തന്നെ നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നു തന്നെയല്ല രോഗികളെ സൗഖ്യമാക്കാനും പിശാചുക്കളെ പുറത്താക്കാനുമുള്ള അധികാരവും തന്റെ ശിഷ്യർക്ക് യേശു കൊടുത്തിട്ടുമുണ്ട്. നമ്മുടെ ദുരിതങ്ങളിൽ നിന്നും ആകുലതകളിൽ നിന്നും മോചനം ലഭിക്കാൻ നാം പ്രാർത്ഥിച്ചാൽ ദൈവം കേൾക്കുകയില്ലേ?

തീർച്ചയായും നമ്മുടെ പ്രാർത്ഥനകളെല്ലാം തന്നെ ദൈവം കേൾക്കുന്നുണ്ട്. "നിങ്ങൾ ചോദിക്കുന്നതിനു മുമ്പു തന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു" (മത്താ. 6: 8). ദൈവത്തിലുള്ള നമ്മുടെ വിശ്വാസം വർദ്ധിക്കാൻ ഉപകരിക്കും വിധം യേശു നമ്മുടെ പ്രാർത്ഥനകൾക്കെല്ലാം ഉത്തരമരുളും. ദൈവം നമ്മുടെ നന്മയ്ക്കല്ലാതെ തിന്മയ്ക്കായി ഒന്നും ചെയ്യുകയില്ല എന്ന് നാം ദൃഢമായി വിശ്വസിക്കണം. നമ്മുടെ നന്മയെപ്പറ്റി നമ്മളെക്കാൾ കൂടുതൽ ഉൽക്കണ്ഠയുള്ളവനാണ് ദൈവം. നാം നമ്മെ സ്നേഹിക്കുന്നതിലുപരി ദൈവം നമ്മെ സ്നേഹിക്കുന്നു. ഭൗമികമായ നമ്മുടെ താല്ക്കാലിക ദുരിതങ്ങളിൽ നിന്നും മോചനം നല്കുന്നതിലുപരി നമ്മുടെ നിത്യസൗഭാഗ്യം ഉറപ്പു വരുത്തുക എന്നതാണ് നമ്മുടെ നല്ല പിതാവായ ദൈവത്തിന്റെ പരമലക്ഷ്യം. "നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക; അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്താ. 6: 33) എന്നാണല്ലോ യേശു കല്പിച്ചിരിക്കുന്നത്. അതനുസരിച്ച് ദൈവരാജ്യമാണോ പ്രഥമമായും ഞാൻ അന്വേഷിക്കുന്നത്? അതോ നശ്വരമായ ലൗകിക നന്മകളുടെ ഉയരത്തിലെത്തിപ്പിടിക്കാൻ വേണ്ടി ദൈവത്തെ ഒരു ഏണിയായി മാത്രം ഞാൻ ഉപയോഗിക്കുകയാണോ? നിത്യമായ സ്വർഗ്ഗഭാഗ്യം തേടാനായി ആദ്ധ്യാത്മികമായ എന്റെ ഉന്നമനത്തിനുള്ള

www.malankaralibrary.com



ചവിട്ടുപടിയായി എന്റെ സഹനങ്ങളെ സ്വീകരിക്കാൻ തക്ക വിശ്വാസം എനിക്കുണ്ടോ? ദൈവരാജ്യത്തിൽ ഏറ്റം ചെറിയവനായിട്ടെങ്കിലും കാണപ്പെടണമെന്നതാണോ (ലൂക്ക 7: 28) എന്റെ ഇഹലോക ജീവിതത്തിന്റെ പ്രധാന ലക്ഷ്യം? ക്രിസ്ത്യാനിയെന്നഭിമാനിക്കുന്ന ഞാൻ ശരിയായ ഒരു ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു.

നമുക്കു നേരിടാവുന്ന ഏറ്റം വലിയ ദുരിതങ്ങൾ പോലും ദൈവത്തിന് നമ്മോടുള്ള അനന്ത സ്നേഹത്തിന്റെ പ്രകടനമാണെന്ന് ബോധ്യപ്പെടാൻ തക്ക വീരോചിതമായ വിശ്വാസം നമുക്കുണ്ടെങ്കിൽ, ലോകം തരുന്ന വ്യർത്ഥമായ മറ്റു യാതൊരു ഉപദേശത്തിന്റെയും പുറകെ നാം പോകേണ്ടതില്ല. "പിതാവേ, എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നിറവേറട്ടെ"എന്ന് പ്രതിസന്ധികളിൽ നമുക്കും യേശുവോടൊത്ത് പറയാൻ കഴിയണം.

സഹനത്തെയും ദുഃഖത്തെയും പറ്റി, ബൗദ്ധികതലത്തിൽ മാത്രമൊതുങ്ങുന്ന, മറ്റു വിശദീകരണങ്ങളെല്ലാം അവസാനം ഒരു സ്തംഭനാവസ്ഥയിൽ മാത്രമെ നമ്മെ എത്തിക്കൂ. ക്രിസ്തുവാകുന്ന പാറമേൽ അടിയുറച്ച വിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത മറ്റു യാതൊരു വിശദീകരണവും നമ്മുടെ കഷ്ടപ്പാടുകൾക്കും പ്രതിസന്ധികൾക്കും തൃപ്തികരമായ ആശ്വാസം നല്കുകയില്ല.

പരിമിതമായ മനുഷ്യബുദ്ധിയിൽ ആശ്രയിക്കുന്നതിനെക്കാൾ ഉചിതമായിട്ടുള്ളത് അനന്തജ്ഞാനിയായ ദൈവത്തിൽ വിശ്വസിക്കുന്നതാണ്.

ദൈവം എന്നെ സ്നേഹിക്കുന്നു എന്ന സത്യം ബുദ്ധിപരമായി ഞാൻ മനസ്സിലാക്കാൻ എത്ര തന്നെ ശ്രമിച്ചാലും അത് അനന്തവിദൂരപാതിയിലെ ഏതാനും ഹ്രസ്വ ചുവടുകൾ മാത്രമേ ആകുന്നുള്ളു. എന്നു തന്നെയല്ല അത് എങ്ങും എത്തിക്കാതെ നമ്മെ പെരുവഴിയിലാക്കുകയും ചെയ്യും. ദൈവത്തിന് എന്നോടുള്ള അനന്തമായ സ്നേഹത്തിന്റെ തീവ്രത ആസ്വദിക്കണമെങ്കിൽ വിശ്വാസമെന്ന ആത്മീക വാഹനത്തിൽ ഇനിയും ഞാൻ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com



യേശുവിലുള്ള ദൃഢമായ വിശ്വാസം കഷ്ടപ്പാടുകളെപ്പറ്റിയുള്ള നമ്മുടെ ഭീതിയെ അകറ്റുന്നു. തങ്ങളുടെ പീഡാസഹനങ്ങളിൽ പോലും ആഹ്ലാദിക്കാൻ അപ്പസ്തോലന്മാരെ സഹായിച്ചത് അവരുടെ വിശ്വാസമായിരുന്നു. "അവരാകട്ടെ യേശുവിന്റെ നാമത്തെ പ്രതി അവമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുംകൊണ്ട് സംഘത്തിന്റെ മുമ്പിൽ നിന്ന് പുറത്തുപോയി" (അപ്പ. പ്ര. 5: 41).

www.malankaralibrary.com

## അദ്ധ്യായം 11

# കുരിശ് കിരീടത്തിന്റെ അസംസ്കൃത വസ്തു

സ്വർഗ്ഗത്തിൽ നമുക്കു നിത്യമായി ലഭിക്കാനിരിക്കുന്ന മഹത്വത്തിന്റെ കിരീടം മെനയുന്നതിനുള്ള അസംസ്കൃത വസ്തു ഇഹലോകത്തിലെ നമ്മുടെ കുരിശുകളാണെന്ന് ഗ്രഹിക്കാൻ ദൈവവചനം നമ്മെ പ്രാപ്തരാക്കും.

"എന്റെ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്നു നീക്കിക്കളയുന്നു. എന്നാൽ ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്നു വെട്ടിയൊരുക്കുകയും ചെയ്യുന്നു" (യോഹ. 15: 2).

"അല്പകാലത്തേയ്ക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്ക് വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തെക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അത് യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും" (1 പത്രോ. 1: 6-7).

"എന്റെ സഹോദരരെ, വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങൾ സന്തോഷിക്കുവിൻ. എന്തെന്നാൽ വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങൾക്കു അതിൽ സ്ഥിരത ലഭിക്കുമെന്ന് അറിയാമല്ലോ. ഈ സ്ഥിരത പൂർണ്ണഫലം പുറപ്പെടുവിക്കുകയും അങ്ങനെ നിങ്ങൾ പൂർണ്ണരും എല്ലാം തികഞ്ഞവരും ഒന്നിലും

www.malankaralibrary.com



കുറവില്ലാത്തവരും ആവുകയും ചെയ്യും" (യാക്കോ. 1:2-4).

"എന്റെ മകനെ, കർത്താവിന്റെ ശിക്ഷണത്തെ നീ നിസ്സാരമാക്കരുത്. അവൻ ശാസിക്കുമ്പോൾ നീ നഷ്ടധൈര്യനാകയുമരുത്. താൻ സ്നേഹിക്കുന്നവന് കർത്താവ് ശിക്ഷണം നല്കുന്നു; മക്കളായി സ്വീകരിക്കുന്നവരെ പ്രഹരിക്കുകയും ചെയ്യുന്നു. ശിക്ഷണത്തിനു വേണ്ടിയാണ് നിങ്ങൾ സഹിക്കേണ്ടത്. മക്കളോടെന്നപോലെ ദൈവം നിങ്ങളോടു പെരുമാറുന്നു. പിതാവിന്റെ ശിക്ഷണം ലഭിക്കാത്ത ഏതു മകനാണുള്ളത്? എല്ലാവർക്കും ലഭിക്കുന്ന ശിക്ഷണം നിങ്ങൾക്കും ലഭിക്കാതിരുന്നാൽ നിങ്ങൾ മക്കളല്ല, ജാരസന്തതികളാണ്. ഇതിനും പുറമെ, നമ്മെ തിരുത്തുന്നതിന് നമുക്ക് ഭൗമിക പിതാക്കന്മാരുണ്ടായിരുന്നു. നാം അവരെ ബഹുമാനിക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ, നാം ആത്മാക്കളുടെ പിതാവിന് വിധേയരായി ജീവിക്കേണ്ടതല്ലേ? ഭൗമിക പിതാക്കന്മാർ തങ്ങളുടെ ഇഷ്ടമനുസരിച്ച് കുറച്ചു സമയം നമ്മെ പരിശീലിപ്പിച്ചു. എന്നാൽ, ദൈവം നമ്മെ പരിശീലിപ്പിക്കുന്നത് നമ്മുടെ നന്മയ്ക്കും തന്റെ പരിശുദ്ധിയിൽ നാം പങ്കുകാരാകുന്നതിനും വേണ്ടിയാണ്. എല്ലാ ശിക്ഷണവും സന്തോഷപ്രദമെന്നതിനെക്കാൾ വേദനാജനകമായി തല്ക്കാലത്തേക്ക് തോന്നുന്നു. എന്നാൽ അതിൽ പരിശീലിപ്പിക്കപ്പെട്ടവർക്ക് കാലാന്തരത്തിൽ നീതിയുടെ സമാധാനപൂർവ്വകമായ ഫലം ലഭിക്കുന്നു" (ഹെബ്രാ. 12: 5-11).

"നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോട് ചേർന്നു സാക്ഷ്യം നല്കുന്നു. നാം മക്കളെങ്കിൽ അവകാശികളുമാണ്. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും. എന്തെന്നാൽ അവനൊടൊപ്പം ഒരിക്കൽ മഹത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു. നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമെന്ന് ഞാൻ കരുതുന്നു" (റോമ 8: 16-18).

"ആകയാൽ സഹോദരരെ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു, നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ

www.malankaralibrary.com



ബലിയായി സമർപ്പിക്കുവിൻ'' (റോമ. 12:1).

''ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനു വേണ്ടി സഹിക്കുവാൻ കൂടിയുള്ള അനുഗ്രഹം അവനെ പ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു'' (ഫിലി. 1: 29).

''യേശുക്രിസ്തുവിൽ വിശ്വസിക്കുക'' എന്ന വിഷയത്തെ ആസ്പദമാക്കി ധാരാളം പ്രഘോഷണങ്ങൾ കേട്ടു കാണും. എന്നാൽ 'ക്രിസ്തു വോടൊത്ത് പീഡകൾ സഹിക്കുക' എന്ന തിനെപ്പറ്റി അത്ര വളരെ കേട്ടുകാണുമോ എന്ന് സംശയിക്കുന്നു. കാരണം, ശ്രോതാക്കൾ ഇഷ്ടപ്പെടുന്നതെന്തെന്ന് പ്രസംഗകർക്ക റിയാം!

''ശരീരത്തിൽ പീഡനമേറ്റ യേശുക്രിസ്തുവിന്റെ മനോഭാവം നിങ്ങൾക്ക് ആയുധമായിരിക്കട്ടെ. എന്തെന്നാൽ ശരീരത്തിൽ സഹി ച്ചിട്ടുള്ളവൻ പാപത്തോട് വിടവാങ്ങിയിരിക്കുന്നു'' (1 പത്രോ. 4: 1).

''ക്രിസ്തുവിന്റെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധിയായി പങ്കു ചേരുന്നതുപോലെ ക്രിസ്തുവിലൂടെ സമാശ്വാസത്തിലും ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നു''(2 കൊരി. 1: 5).

''വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അധികം ആഹ്ളാ ദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ ഒരു മുള്ള് എനിക്ക് നല്ക പ്പെട്ടിരിക്കുന്നു. അതായത്, എന്നെ ശല്യപ്പെടുത്തുന്നതിനും മതി മറന്ന് ആഹ്ലാദിക്കാതെ എന്നെ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള പിശാചിന്റെ ദൂതൻ. അത് എന്നെ വിട്ടകലാൻ വേണ്ടി മൂന്നു പ്രാവശ്യം ഞാൻ കർത്താവിനോടപേക്ഷിച്ചു. എന്നാൽ അവിടുന്ന് എന്നോട് അരുൾ ചെയ്തു: നിനക്കു എന്റെ കൃപ മതി; എന്തെ ന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാ കുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവ്വാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെ ക്കുറിച്ച് പ്രശംസിക്കും. അതുകൊണ്ട് ബലഹീനതകളിലും പീഢ നങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ ക്രിസ്തുവിനെ പ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ ബലഹീനനായിരിക്കുമ്പോഴാണ്

www.malankaralibrary.com



ഞാൻ ശക്തനായിരിക്കുന്നത്'' (2 കോരി. 12: 7-10).

''നിങ്ങളെപ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെ പ്രതി ക്രിസ്തുവിനു സഹിക്കേണ്ടി വന്ന പീഡനങ്ങളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു (കൊളൊ 1: 24).

തന്റെ സ്വന്തം പീഡകൾ ക്രിസ്തുവിന്റെ തന്നെ പീഡകളായിട്ടാണ് വി. പൗലോസ് ഇവിടെ പരാമർശിക്കുന്നത്. സഹനത്തിൽകൂടെ ഓരോ ക്രിസ്ത്യാനിക്കും ക്രിസ്തുവുമായുള്ള ഐക്യം വ്യക്തമാക്കാൻ വേണ്ടി ഈ സന്ദർഭം അദ്ദേഹം വിനിയോഗിക്കുന്നു. ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ മൗതിക ശരീരമായ * (Mystical Body of Christ) സഭയുടെ ഭാഗമാണെന്ന് വി. പൗലോസ് ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുവിന്റെ പീഡകളിൽ കുറവൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ മൗതിക ശരീരമാകുന്ന സഭ അഥവാ സഭാംഗങ്ങൾ നിരവധി പീഡകൾ സഹിക്കേണ്ടിയിരിക്കുന്നു എന്നാണ് മേല്പറഞ്ഞ വാക്യത്തിൽ നിന്നും നാം മനസ്സിലാക്കേണ്ടത്.

''യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടു വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും'' (2 തിമൊ. 3: 12).

''ഞങ്ങൾക്ക് കഷ്ടതകൾ സഹിക്കേണ്ടി വരുമെന്ന് നിങ്ങളോടുകൂടെ ആയിരുന്നപ്പോൾത്തന്നെ ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. അപ്രകാരം തന്നെ സംഭവിച്ചിരിക്കുന്നു. അത് നിങ്ങൾക്ക് അറിയുകയും ചെയ്യാം'' (1 തെസ്സ 3: 4).

''പ്രിയപ്പെട്ടവരെ, നിങ്ങളെ പരീക്ഷിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്ന പോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ളാദിക്കുവിൻ ! അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ളാദിക്കും.'' (1 പത്രോ. 4: 12-13).

---

* ക്രിസ്തുവിന്റെ തുടർച്ചയും മണവാട്ടിയുമായ സഭ

www.malankaralibrary.com



ഒരു ക്രിസ്ത്യാനിയുടെ പീഡകൾ യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ തന്നെ പീഡകളിലുള്ള ഭാഗഭാഗിത്വമാണ്.

"ദൈവരാജ്യത്തിനു വേണ്ടിയാണല്ലോ നിങ്ങൾ കഷ്ടപ്പാടുകൾ സഹിക്കുന്നത്; ആ ദൈവരാജ്യത്തിന് നിങ്ങൾ അർഹരാകണമെന്ന ദൈവത്തിന്റെ നീതിപൂർവകമായ നിശ്ചയത്തിനുള്ള തെളിവാണിവയെല്ലാം" (2 തെസ്സ. 1: 4-5).

മേലുദ്ധരിച്ചവ കൂടാതെ ബൈബിളിൽ മറ്റനേകം ഭാഗങ്ങളിലും, ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികൾക്ക് ധാരാളം പീഡകൾ ദൈവം അനുവദിക്കുന്നത് എന്തിനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വേദപുസ്തകത്തിൽ പ്രാവീണ്യം നേടിയവരെന്ന് നമ്മിൽ പലരും അഭിമാനിക്കാറുണ്ട്. ചിലർ ബൈബിളിലെ ഓരോ വാക്കും കമ്പ്യൂട്ടറിൽ വിശകലനം ചെയ്ത് സൂക്ഷ്മാവലോകനം നടത്തി അപഗ്രഥിച്ചവരായിരിക്കാം. എന്നിരുന്നാലും ദൈവത്തിന് നമുക്കുള്ള ദൂത് എന്താണെന്നു മാത്രം ഗ്രഹിച്ചില്ലെന്നും വരും. കാരണം, നമ്മുടെ ധാരണകൾക്കെതിരായവയോ നമുക്ക് അനിഷ്ടകരമായവയൊ സൗകര്യപൂർവ്വം നാം മറന്നെന്നിരിക്കും. നമ്മുടെ കുരിശിന്റെ കാര്യം അവയിലൊന്നാണ്.

നമുക്കു മുന്നോടിയായി യേശുക്രിസ്തു കുരിശു വഹിച്ച് കുരിശിൽത്തന്നെ ജീവിതം അവസാനിപ്പിച്ചു. നമ്മുടെ ദൈനംദിന കുരിശുകളെ വഹിച്ചുകൊണ്ട് നാമും അവിടുത്തെ പിൻചെല്ലണമെന്ന് അവിടുന്ന് ആഹ്വാനം ചെയ്യുന്നു.

നമ്മുടെ കഷ്ടപ്പാടുകളിൽ ക്രിസ്തുവുമായി നാം ഒന്നായിത്തീരുന്നു എന്ന ബൈബിൾ സന്ദേശം നമുക്ക് ആശ്വാസവും ധൈര്യവും തരുന്നു. സഹനത്തിൽ ക്രിസ്തുവുമായി നാം ഒന്നായിത്തീരുമെന്നത്, മഹത്വത്തിലും നാം അവിടുന്നുമായി ഒന്നായിത്തീരുമെന്നതിന്റെ അച്ചാരമാണ്. കുരിശ് ഭൂമിയിൽ പരാജയത്തിന്റെയും അപമാനത്തിന്റെയും സഹനത്തിന്റെയും അടയാളമാണെങ്കിൽ സ്വർഗ്ഗത്തിൽ അത് വിജയത്തിന്റെയും മഹത്വത്തിന്റെയും നിത്യ അടയാളമാണ്.

www.malankaralibrary.com

# അദ്ധ്യായം 12

## vi. കുരിശാകുന്ന രാജപാത

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ കഷ്ടപ്പാടുകളോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണമെന്ന് തോമസ്സ് അക്കെമ്പീസ്, തന്റെ വിശ്വവിഖ്യാതമായ 'ക്രിസ്താനുകരണം' എന്ന ഗ്രന്ഥത്തിൽ (Book II, Chapter 12) ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"കർത്താവ് വിധിപ്പാൻ വരുമ്പോൾ കുരിശിന്റെ അടയാളം കാണപ്പെടും. അപ്പോൾ, ജീവിതകാലത്ത് ക്രൂശിക്കപ്പെട്ട കർത്താവിനോട് തങ്ങളെത്തന്നെ അനുരൂപപ്പെടുത്തിയവരായ കുരിശിന്റെ ശുശ്രൂഷികൾ എല്ലാവരും വിധിയാളനായ ക്രിസ്തുവിന്റെ പക്കലേക്ക് വലിയ വിശ്വാസത്തോടെ അടുത്തുചെല്ലും.

പിന്നെ എന്തിനാണ് സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴിയായ നിന്റെ കുരിശിനെ സ്വീകരിക്കാൻ ഭയപ്പെടുന്നത്?

കുരിശിലാണ് രക്ഷ; കുരിശിലാണ് നിത്യജീവൻ; കുരിശിലത്രെ ശത്രുക്കളിൽ നിന്നുള്ള സംരക്ഷണവും. കുരിശിലാകുന്നു സ്വർഗ്ഗീയ മാധുര്യത്തിന്റെ തികവ്; കുരിശിലാണ് മനഃസ്ഥൈര്യം; കുരിശിലാകുന്നു അരൂപിയുടെ ആനന്ദം. കുരിശിൽത്തന്നെയാണ് പുണ്യത്തിന്റെ പൂർണ്ണത; കുരിശിൽ തന്നെയത്രെ വിശുദ്ധിയുടെ പൂർത്തിയും.

കുരിശില്ലാതെ ആത്മ രക്ഷയോ നിത്യായുസ്സിന്റെ ശരണമൊ സംലബ്ധമല്ല. ആകയാൽ നിന്റെ കുരിശ് എടുത്തു കൊണ്ട് യേശുവിനെ പിഞ്ചെല്ലുക; എന്നാൽ നിത്യജീവനിൽ ചെന്നെത്തും.

നീ നിന്റെ കുരിശു ചുമന്ന്, കുരിശിന്മേൽ മരിക്കാൻ മനസ്സാ

www.malankaralibrary.com



കുന്നതിനുവേണ്ടി, അവിടുന്നു തന്റെ കുരിശു ചുമന്നുകൊണ്ട് മുമ്പേ നിനക്കു വേണ്ടി കുരിശിൽ മരിച്ചു. ക്രിസ്തുവിനോടു കൂടെ മരിക്കുമെങ്കിൽ തന്നോടുകൂടെ ജീവിക്കുകയും ചെയ്യും' (റോമ. 6:8) എന്നതിനാൽ നീ കർത്താവിന്റെ സഹനത്തിൽ ഓഹരിക്കാര നായിരുന്നാൽ അവിടുത്തെ മഹിമയിലും നീ ഓഹരിക്കാരനായി രിക്കും.

കണ്ടാലും, കുരിശ് സമസ്തവും ആകുന്നു; അതിന്മേൽ മരി ക്കുന്നതിൽ എല്ലാം അടങ്ങിയിരിക്കുന്നു. നിത്യായുസ്സിലേക്കും യഥാർത്ഥമായ ആന്തരിക സമാധാനത്തിലേക്കും ഉള്ള ഏക വഴി, വിശുദ്ധമായ കുരിശിന്റെയും അനുദിന സഹനത്തിന്റെയും വഴി യല്ലാതെ വേറെ വഴിയൊന്നുമില്ല.

നിനക്കിഷ്ടമായ വഴിയെയൊക്കെ നടക്കുക, നിനക്കിഷ്ടമു ള്ളതൊക്കെ അന്വേഷിക്കുക; എന്നാലും വിശുദ്ധ കുരിശിന്റെ വഴി യെക്കാൾ ശ്രേഷ്ഠവും ഭദ്രവുമായ വേറൊരു വഴി നീ കണ്ടെത്തു കയില്ല.

നിനക്ക് ഇഷ്ടമുള്ള പ്രകാരത്തിലും ഉത്തമമെന്ന് തോന്നുന്ന വിധത്തിലും സകലതും ശരിയായിത്തന്നെ ക്രമപ്പെടുത്തി ക്കൊൾക; എന്നാലും മനസ്സോടൊ മനസ്സില്ലാതെയോ എപ്പോഴും എന്തെങ്കിലും സഹിക്കാൻ നിനക്കുണ്ടാകാതിരിക്കുകയില്ല; ഇങ്ങനെ നീ എപ്പോഴും കുരിശിനെ കണ്ടെത്തുകയും ചെയ്യും.

ഒന്നുകിൽ ശാരിരീകമായ വല്ല വല്ലായ്മയുമാകാം. അല്ലെങ്കിൽ എന്തെങ്കിലും മാനസ്സികമൊ ആത്മീയമൊ ആയ പീഡനങ്ങൾ ആകാം.

നിനക്ക് ചിലപ്പോൾ ദൈവത്താൽ കൈവിടപ്പെട്ടതായി തോന്നിയേക്കാം; മറ്റുള്ളവരാൽ ഉപദ്രവിക്കപ്പെടാം; എന്നാൽ അതി ലുപരിയായി നീ തന്നെ നിനക്ക് പലപ്പോഴും അസഹ്യമായി ത്തീരാം.............

നീ നല്ല മനസ്സോടെ നിന്റെ കുരിശു ചുമക്കുന്ന പക്ഷം, കുരിശ് നിന്നെ ചുമന്ന്, നീ അന്തിമമായി ആഗ്രഹിക്കുന്ന സഹനവും ക്ലേശവും ഇല്ലാത്ത ഇടത്ത് എത്തിക്കും. (ഇഹലോകത്തിൽ അങ്ങനെ ഒരു സ്ഥലമില്ല എന്ന് ഓർക്കുക).

www.malankaralibrary.com



നേരേമറിച്ച്, നീ മനസ്സില്ലാതെ നിന്റെ കുരിശ് ചുമക്കുന്നുവെങ്കിൽ നീ അതിനെ കൂടുതൽ ഘനമുള്ള ചുമടാക്കി തീർക്കുന്നു; അതിൽ നിന്ന് രക്ഷപ്പെടാൻ ഒട്ടു സാധ്യമല്ലതാനും. ഒരു കുരിശിനെ ഒഴിവാക്കിയെന്നു കരുതുക; ഉടനെ വേറൊന്നു വന്നെത്തും; അതു മറ്റതിനെക്കാൾ ഭാരമേറിയതാകാനും മതി........... കുരിശിന്റെ ഈ രാജവീഥിയല്ലാതെ വേറൊരു വഴി നീ അന്വേഷിക്കുന്നതെന്തുകൊണ്ട്?

കുരിശു ചുമക്കുക, അതിനെ സ്നേഹിക്കുക, സ്വശരീരത്തെ ശരിക്കും നിയന്ത്രിച്ച് അതിനെ അടിമപ്പെടുത്തുക, ബഹുമതികളിൽ നിന്ന് ഒഴിഞ്ഞോടുക, അധിക്ഷേപങ്ങളെ നല്ല മനസ്സോടെ സഹിക്കുക, തന്നെത്താൻ വെറുക്കുക, വെറുക്കപ്പെടാൻ ആഗ്രഹിക്കുക, എല്ലാ അനർത്ഥങ്ങളെയും സസന്തോഷം സഹിക്കുക, ഈ ലോകത്തിൽ തനിക്ക് യാതൊന്നും ശുഭമായിരിക്കാൻ ആഗ്രഹിക്കാതിരിക്കുക എന്നിവ സാധാരണ മനുഷ്യർക്ക് അത്ര എളുപ്പമുള്ള കാര്യമല്ല.

എന്നാൽ നീ കർത്താവിൽ ശരണം വച്ചാൽ സ്വർഗ്ഗത്തിൽ നിന്ന് ശക്തി ലഭിക്കും; ലോകവും ജഡവും നിനക്ക് അധീനപ്പെട്ടിരിക്കുകയും ചെയ്യും. പ്രത്യേകിച്ചും വിശ്വാസത്തെ ആയുധമായും ക്രിസ്തുവിന്റെ കുരിശ് അടയാളമായും ധരിച്ചാൽ ശത്രുവായ പിശാചിനെപ്പോലും നീ ഭയപ്പെടുകയില്ല..............

ആകയാൽ ക്രിസ്തുവിന്റെ വിശ്വസ്തനായ ശുശ്രൂഷിയെപ്പോലെ, നിന്നോടുള്ള സ്നേഹത്തെപ്രതി കുരിശിന്മേൽ തറയ്ക്കപ്പെട്ട നിന്റെ കർത്താവിന്റെ കുരിശിനെ ധീരതയോടെ വഹിക്കാൻ ഒരുങ്ങിക്കൊൾക....

നീ കർത്താവിന്റെ സ്നേഹിതനും, അവിടുത്തെ ഓഹരിക്കാരനും ആകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, കർത്താവിന്റെ കാസായിൽ നിന്ന് സ്നേഹപൂർവ്വം കുടിച്ചുകൊള്ളുക. ആശ്വാസങ്ങൾ ദൈവത്തെ ഏൽപ്പിക്കുക; അവിടുന്ന് ഏറ്റം ഇഷ്ടമായ വിധത്തിൽ അവയെ വിനിയോഗിക്കട്ടെ. നീ ചെയ്യേണ്ടത്, ഞെരുക്കങ്ങളെ അനുഭവിക്കാൻ തയ്യാറായിരിക്കുകയാണ്. അവയെ വലിയ ആശ്വാസമായി മതിക്കുക. "നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്വത്തോട്

www.malankaralibrary.com



തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടപ്പാടുകൾ നിസ്സാരമാണെന്ന് ഞാൻ കരുതുന്നു" (റോമ. 8:18).

ഞെരുക്കങ്ങൾ ക്രിസ്തുവിനെപ്രതി നിനക്ക് മധുരകരവും ഇമ്പകരവുമായി അനുഭവപ്പെടാൻ തുടങ്ങുമ്പോൾ നീ സൗഭാഗ്യസ്ഥിതിയിലായി എന്നു കരുതിക്കൊള്ളുക. എന്തെന്നാൽ നീ ഈ ലോകത്തിൽ തന്നെ ഒരു പറുദീസാ കണ്ടെത്തിയിരിക്കുന്നു......

സഹനത്തെക്കാൾ മനുഷ്യരക്ഷയ്ക്ക് ഏറ്റം ഉപകാരപ്രദമായ വേറേ വല്ലതുമുണ്ടായിരുന്നെങ്കിൽ സന്ദേഹം കൂടാതെ, ക്രിസ്തു അതിനെ വചനത്താലും ദൃഷ്ടാന്തത്താലും കാണിച്ചു തരുമായിരുന്നു.

തന്നെ അനുഗമിച്ചിരുന്ന ശിഷ്യന്മാരോടും, അപ്രകാരം തന്നെ, തന്നെ പിൻചെല്ലുവാൻ ആഗ്രഹിച്ചിരുന്ന സകലരോടും അവിടുന്ന് സ്പഷ്ടമായി ഉപദേശിച്ച് ഇപ്രകാരം അരുളിച്ചെയ്തു:

"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തു കൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്ക 9: 23).

www.malankaralibrary.com

# അദ്ധ്യായം 13

## നമ്മുടെ കുരിശിന്റെ മാഹാത്മ്യം

നമ്മുടെ ദൈനംദിന കുരിശുകളെ കർത്താവിന്റെ തന്നെ കുരിശായി സ്വീകരിച്ച്, തന്റെ കുരിശിന്റെ രക്ഷാകരഫലങ്ങൾ നമുക്കു ദാനം ചെയ്യാൻ കർത്താവ് തിരുമനസ്സായി. കഷ്ടതകൾ സഹിക്കുന്ന ഓരോ വ്യക്തിയുമായി യേശു താദാത്മ്യം പ്രാപിക്കുന്നുവെന്ന് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും നമുക്കു ഗ്രഹിക്കാൻ സാധിക്കും.

"എനിക്കു വിശന്നു, എനിക്കു ദാഹിച്ചു......." (മത്താ. 25: 35) എന്ന് യേശു പറയുമ്പോൾ അത് ജാതിമതഭേദമെന്യേ യാതനകൾ അനുഭവിക്കുന്ന ഏതൊരു വ്യക്തിയെയും ഉദ്ദേശിച്ചാണെന്ന് വ്യക്തമാണ്. സഹിക്കുന്ന മനുഷ്യരോട് സഹാനുഭൂതി കാട്ടാൻ വേണ്ടി കേവലം ആലങ്കാരികമായി യേശു പറഞ്ഞതല്ല അത്. കഷ്ടപ്പാടുകൾ സഹിക്കുന്ന ഏതൊരു വ്യക്തിയുമായും യേശു ഒന്നായിത്തീരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

സാവൂൾ ക്രിസ്ത്യാനികളെ പീഡിപ്പിച്ചപ്പോൾ 'എന്തിന് എന്റെ അനുയായികളെ പീഡിപ്പിക്കുന്നു?' എന്നല്ല യേശു ചോദിച്ചത്; പിന്നെയോ "സാവൂൾ സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?" എന്നാണ് (അപ്പ. പ്രവ. 9:4).

"എന്റെ നുകം വഹിക്കുക" (മത്താ. 11: 29) എന്ന് യേശു പറയുമ്പോൾ, നമ്മുടെ കുരിശുകളും തന്റെ തന്നെ കുരിശായി യേശു അവയെ പവിത്രീകരിച്ചു എന്ന് വ്യക്തമാണല്ലോ.

കർത്താവ് തന്റെ കുരിശു വഹിച്ച അതേ മനോഭാവത്തോടെ

www.malankaralibrary.com



നാമും നമ്മുടെ കുരിശു വഹിച്ചാൽ കർത്താവിന്റെ കുരിശിനെപ്പോലെ നമ്മുടെ കുരിശും രക്ഷണീയ മൂല്യമുള്ളതായിത്തീരും.

സഹനത്തിന്റെ മഹത്വത്തെപ്പററി വി. ഗ്രന്ഥത്തിൽ നിന്ന് നാം എത്രതന്നെ ഗ്രഹിച്ചെന്നിരുന്നാലും പ്രായോഗിക തലത്തിൽ വരുമ്പോൾ അത് സഹിക്കാൻ നാം ഇഷ്ടപ്പെടുകയില്ല. എന്നു തന്നെയല്ല നമ്മുടെ ആഗ്രഹങ്ങൾക്കും കണക്കുകൂട്ടലിനും വിപരീതമായി കുരിശുകൾ നമ്മുടെ മേൽ അകാരണമായി അടിച്ചേല്പിക്കപ്പെടുകയാണെന്നു പോലും തോന്നാം.

അതാണ് കിറേനക്കാരനായ ശിമയോന് സംഭവിച്ചത്. "യേശുവിന്റെ കുരിശു ചുമക്കാൻ അവർ അവനെ നിർബന്ധിച്ചു" (മത്താ. 27: 32).

ശിമയോൻ എത്ര ഭാഗ്യവാൻ ! മനുഷ്യകുല രക്ഷയ്ക്കായി നമ്മുടെ കർത്താവ് വഹിച്ച അതേ കുരിശു തന്നെ ചുമക്കാൻ ശിമയോനു ഭാഗ്യം ലഭിച്ചല്ലോ. ശിമയോൻ അത് ഭീഷണിക്കു വിധേയനായി മനസ്സില്ലാ മനസ്സോടെയായിരിക്കാം ചുമന്നത്. നമ്മുടെ കാര്യത്തിലും അതു വ്യത്യസ്തമല്ല. കുരിശു വഹിക്കുവാൻ നാമും അത്ര താല്പര്യം കാണിക്കാറില്ലല്ലോ.

യേശുവോടൊത്ത് അവിടുത്തെ രാജ്യത്തിൽ നിത്യസൗഭാഗ്യം അനുഭവിക്കാൻ നമുക്കേവർക്കും തീർച്ചയായും താല്പര്യം കാണും. പക്ഷെ അതിന് അനുപേക്ഷണീയമായ യേശുവിന്റെ വ്യവസ്ഥ - തന്റെ കുരിശെടുത്ത് തന്നെ അനുഗമിക്കുക എന്നത് - നമുക്ക് അത്ര ഇഷ്ടമില്ലാത്ത കാര്യമാണ്. കർത്താവിനെ അനുഗമിച്ച ശിഷ്യന്മാർ പോലും ഇതിന് ഒരപവാദമായിരുന്നില്ല.

ഒരിക്കൽ സെബദി പുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിനോടപേക്ഷിച്ചു: "അങ്ങയുടെ മഹത്വത്തിൽ ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലത്തുവശത്തും മറ്റെയാൾ ഇടത്തുവശത്തും ഉപവിഷ്ടരാകാൻ അനുവദിക്കണമെ!" യേശു പ്രതിവചിച്ചു: "നിങ്ങൾ ആവശ്യപ്പെടുന്നത് എന്താണെന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാനോ ഞാൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കാനോ നിങ്ങൾക്കു കഴിയുമോ?

www.malankaralibrary.com



ഞങ്ങൾക്കു കഴിയും എന്ന് അവർ മറുപടി പറഞ്ഞു" (മർക്കോ. 10: 37–39)

മഹത്വത്തിൽ പ്രവേശിക്കാൻ യേശു അവരിൽ നിന്നും ആവശ്യപ്പെട്ടത് എന്തെന്ന്. അപ്പോൾ അവർ മനസ്സിലാക്കിയിരുന്നില്ല എന്ന് അവരുടെ മറുപടിയിൽ നിന്നും വ്യക്തമാണ്. കുരിശിന്റെ അർത്ഥം ശരിയായി മനസ്സിലാക്കാൻ പെന്തെക്കുസ്താദിനം വരെ ശിഷ്യന്മാർക്കു കഴിഞ്ഞിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഈ ലോകത്തിൽ കഷ്ടപ്പാടുകൾ അനുഭവിക്കുന്ന വ്യക്തിയെ പ്രസവവേദന അനുഭവിക്കുന്ന ഒരു സ്ത്രീയോടാണ് കർത്താവ് ഉപമിക്കുന്നത്.

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായിമാറും. സ്ത്രീക്ക് പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ സമയം വന്നതുകൊണ്ട് അവൾക്ക് ദുഃഖം ഉണ്ടാകുന്നു. എന്നാൽ ശിശുവിനെ പ്രസവിച്ചു കഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതു കൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമ്മിക്കുന്നില്ല. അതുപോലെ ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്. എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്ത് കളയുകയുമില്ല." (യോഹ. 16: 20–22).

"ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും" (യോഹ. 16: 33). തന്നെ അനുഗമിക്കുന്നവർക്കുള്ള യേശുവിന്റെ മുന്നറിയിപ്പാണിത്.

ധനവാന്റെയും ലാസറിന്റെയും ഉപമവഴിയായി യേശു നമ്മെ പഠിപ്പിക്കുന്നത്, ലാസറിന്റെ ദാരിദ്ര്യവും കഷ്ടതകളുമാണ് അയാളെ സ്വർഗ്ഗഭാഗ്യത്തിന് അർഹനാക്കിയത് എന്നാണ്. "പിതാവായ അബ്രഹാം ധനവാനോട് പറഞ്ഞു: മകനെ, നീ ഓർമ്മിക്കുക: നിനക്കു ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു; ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആന

www.malankaralibrary.com



ന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു" (ലൂക്ക 16: 25).

വിശുദ്ധർ സഹനത്തെ ഒരു വരമായി സ്വീകരിക്കുന്നു. അത് അവർക്ക് ക്ഷമ, എളിമ തുടങ്ങിയ പുണ്യങ്ങൾ അഭ്യസിക്കാനുള്ള മാർഗ്ഗമായി അവർ കരുതുന്നു. വി. പൗലോസ് തന്റെ അസഹനീയമായ ശാരീരിക പീഡകളെ എപ്രകാരം കണ്ടുവെന്ന് 2 കൊരി. 12: 7-10ൽ വിവരിച്ചത് നാം നേരത്തെ കണ്ടുവല്ലോ.

വിശുദ്ധരെ സംബന്ധിച്ചിടത്തോളം സഹനം എന്നത് വീരോചിതമായ വിധത്തിൽ അവർക്കുള്ള ദൈവവിശ്വാസം തെളിയിക്കാനുള്ള ഒരു മാർഗ്ഗമാണ്. ഒരുവൻ ആദ്ധ്യാത്മികമായി എത്ര ഉയർന്നു എന്ന് സ്വയം അഭിമാനിക്കാനുള്ള പ്രലോഭനത്തിൽ അകപ്പെടാതിരിക്കാനും പീഡാസഹനങ്ങൾ സഹായിക്കുന്നു.

വളരെയധികം പീഡകളും കഷ്ടാരിഷ്ടതകളും ഞാൻ അനുഭവിക്കുന്നെങ്കിലും ദൈവം എന്നെ കൈവിട്ടുവെന്ന് അതുകൊണ്ട് അർത്ഥമാക്കേണ്ടതില്ല എന്ന് എനിക്ക് ഇപ്പോൾ ബോധ്യമായി. ഇഹലോകജീവിതത്തിൽ കഷ്ടപ്പെടുന്നവർക്ക് പരലോകത്തിൽ ലഭിക്കാനിരിക്കുന്ന മഹത്വത്തെപ്പറ്റി ബൈബിളിൽ നിന്നും ശക്തവും തൃപ്തികരവുമായ തെളിവുകൾ എനിക്കു ലഭിച്ചിരിക്കുന്നതിനാൽ ദൈവത്തിനു ഞാൻ നന്ദി പറയുന്നു. ദൈവം ആദിയിൽ മനുഷ്യവർഗ്ഗത്തിന്മേൽ ചൊരിഞ്ഞ ശാപം പോലും രക്ഷയുടെ ഉപകരണമായി മാറി. "നീ മൂലം ഭൂമി ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്ക്കാലം മുഴുവൻ കഠിനാധ്വാനം കൊണ്ട് നീ അതിൽ നിന്ന് കാലയാപനം ചെയ്യും............" (ഉല്പ. 3: 17). ഈ ശാപം തന്നെയാണ് യേശു നമുക്കുവേണ്ടി സ്വയം ഏറ്റെടുത്ത് നമ്മുടെ രക്ഷയുടെ ഉപകരണമായി ഉയർത്തിയത്.

കഷ്ടപ്പാടുകൾ ദൈവത്തിന്റെ ശിക്ഷയല്ലെന്നു തന്നെയല്ല, ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ ക്രിസ്തുവോടൊപ്പമുള്ള പങ്കുചേരൽ കൂടിയാണ്.

പ്രിയപ്പെട്ടവരെ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവി

www.malankaralibrary.com



ച്ചാലെന്നപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ളാദിക്കുവിൻ ! അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ളാദിക്കും" (1 പത്രോ. 4: 12: 13).

നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രെ. വിജ്ഞാനികളുടെ വിജ്ഞാനം ഞാൻ നശിപ്പിക്കും. വിവേകികളുടെ വിവേകം ഞാൻ നിഷ്ഫലമാക്കും എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ........... തന്മൂലം വിശ്വസിക്കുന്നവരെ സുവിശേഷപ്രസംഗത്തിന്റെ ഭോഷത്തം വഴി രക്ഷിക്കാൻ അവിടുന്നു തിരുമനസ്സായി......... ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും നിലവിലുള്ളവയെ നശിപ്പിക്കാൻ വേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തെരെഞ്ഞെടുത്തു. ദൈവസന്നധിയിൽ ആരും അഹങ്കരിക്കാതിരിക്കാനാണ് അവിടുന്ന് ഇങ്ങനെ ചെയ്തത്" (1 കൊരി. 1: 18-29).

www.malankaralibrary.com

# അദ്ധ്യായം 14

## രാജകീയ പൗരോഹിത്യം

യേശുക്രിസ്തു നമ്മെ രക്ഷിക്കുക മാത്രമല്ല, ക്രിസ്തുവിനു മാത്രം അവകാശപ്പെട്ട രാജകീയ പൗരോഹിത്യ പദവിയിലേക്ക് നമ്മെ ഉയർത്തുക കൂടി ചെയ്തു എന്നത് നമ്മെ അത്ഭുത സ്തബ്ധരാക്കുന്നില്ലേ?

"നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും, ദൈവത്തിന്റെ സ്വന്തം ജനവുമാണ്" (1 പത്രോ. 2: 9).

പാപികളായ നമുക്ക് ദൈവം ദാനമായി തരുന്ന ഈ അതിമഹത്തായ അവകാശത്തെപ്പറ്റി നാം ബോധവാന്മാരല്ലെങ്കിൽ നമുക്ക് എത്ര കഷ്ടം !

പഴയനിയമത്തിലെ പുരോഹിതൻ ദൈവത്തിനും ദൈവജനത്തിനും മദ്ധ്യേ ഒരു മദ്ധ്യസ്ഥനായിരുന്നു. പുരോഹിതൻ, തന്റെയും തന്റെ ജനത്തിന്റെയും പാപപരിഹാരാർത്ഥം മോശയുടെ നിയമമനുസരിച്ച് ബലിയർപ്പിച്ചിരുന്നു.

പുതിയ നിയമത്തിൽ, നമ്മുടെ നിത്യപുരോഹിതനായ ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപം സ്വയം ഏറ്റെടുത്ത് പാപമോചനത്തിനായി പിതാവിനോട് പ്രാർത്ഥിച്ച് പാപപരിഹാര ബലിയായി തന്റെ ജീവനെത്തന്നെ അർപ്പിച്ചു.

യേശുക്രിസ്തുവിന്റെ ഇതേ രാജകീയ പൗരോഹിത്യം തന്നെയാണ് ഓരോ ക്രിസ്ത്യാനിക്കും നല്കപ്പെട്ടിരിക്കുന്നത്. തൽകാരണത്താൽ ഓരോ ക്രിസ്ത്യാനിയും തന്റെ പാപങ്ങൾക്കു

www.malankaralibrary.com



വേണ്ടി മാത്രമല്ലാ യേശുവിനെ അനുകരിച്ച്, ലോകം മുഴുവന്റെയും പാപപരിഹാരാർത്ഥം ദിനം പ്രതിയുള്ള തന്റെയും മനുഷ്യവർഗ്ഗം മുഴുവന്റെയും കഷ്ടപ്പാടുകൾ നിത്യപുരോഹിതനായ യേശുക്രിസ്തുവിനോടു ചേർന്നു സ്വർഗ്ഗീയ പിതാവിന് സമർപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യ ബലിയർപ്പണത്തിലെ പങ്കാളിയായിത്തീരുന്നു. അങ്ങനെ ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിയിൽ ക്രിസ്തുവോടൊത്ത്, ക്രിസ്തുവിൽ കൂടെ അവിടുത്തെ പ്രത്യാഗമനം വരെ പ്രവർത്തിക്കുവാൻ ദൈവജനത്തിന് അവസരം ലഭിച്ചിരിക്കുന്നു.

മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് ക്രിസ്തുവിന്റെ പ്രവൃത്തിയാണെന്നിരിക്കെ, വീണ്ടെടുക്കപ്പെടേണ്ട നമുക്കും ഈ രക്ഷാകർമ്മത്തിൽ ക്രിസ്തുവോടൊത്ത് പ്രവർത്തിക്കാൻ അവസരം ലഭിക്കുക എന്നതിനെക്കാൾ ശ്രേഷ്ഠമായ ഒരു പദവി മനുഷ്യന് ആഗ്രഹിക്കാനുണ്ടോ?

പ്രപഞ്ചസൃഷ്ടി കർമ്മത്തെക്കാൾ മഹനീയമായ മനുഷ്യരക്ഷാകർമ്മത്തിൽ ക്രിസ്തുവിന്റെ പങ്കാളിയാകുമ്പോൾ തന്നൊടൊപ്പം താദൃശ്യമായ മഹത്വവും നമുക്ക് ലഭിക്കുമെന്ന് ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.

സഹനത്തിന്റെ രക്ഷാകരമൂല്യത്തെപ്പറ്റി ബോധവാന്മാരല്ലാത്ത നമ്മുടെ സഹോദരങ്ങൾക്കു വേണ്ടിയും അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ പിതാവായ ദൈവത്തിന് ക്രിസ്തുവിൽ കൂടെ സമർപ്പിക്കാൻ നാം കടപ്പെട്ടവരാണ്.

ക്രിസ്തു നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഈ മഹനീയ ഉത്തരവാദിത്തം - നമ്മുടെ രാജകീയ പൗരോഹിത്യത്തിന്റെ കടമ-നമ്മുടെ എളിയ മാർഗ്ഗത്തിലൂടെ പ്രാവർത്തികമാക്കാം.

നമ്മുടെ സഹോദരങ്ങളുടെ കേവലം നശ്വരമായ ശാരീരിക ആവശ്യങ്ങൾ നിറവേറ്റിയാൽ പോലും (ദാഹത്തിന് ജലം കൊടുക്കുന്നതു പോലും മത്താ. 25: 35) സ്വർഗ്ഗത്തിൽ അതിന് നിത്യമായ പ്രതിഫലം കർത്താവ് വാഗ്ദാനം ചെയ്തിരിക്കുമ്പോൾ, അവ

www.malankaralibrary.com



രുടെ അനശ്വരമായ ആത്മീയാവശ്യങ്ങൾക്ക് വേണ്ടി നാം അർപ്പിക്കുന്ന പ്രാർത്ഥനകൾക്ക് അവിടുന്ന് എത്ര വലിയ പ്രതിഫലമായിരിക്കും നല്കുക!

മദ്ധ്യസ്ഥപ്രാർത്ഥനയുടെ പ്രാധാന്യം എത്ര ശ്രേഷ്ഠം!

ജീവിച്ചിരിക്കുന്നവർക്കുവേണ്ടി മാത്രമല്ല മരിച്ചവർക്കുവേണ്ടിയും ഇപ്രകാരമുള്ള ഉപവി പ്രവൃത്തികൾ ചെയ്യാനുള്ള കടമ നമുക്കുണ്ടായിരിക്കെ, അപ്രകാരം ചെയ്യാതിരിക്കുന്നത് ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം എത്ര അക്ഷന്തവ്യമായ കൃത്യവിലോപം ആയിരിക്കും!

ജീവിതത്തിൽ നമുക്ക് അനുഭവപ്പെടുന്ന കഷ്ടതകളുടെയും ദുഃഖങ്ങളുടെയും രഹസ്യം നന്നായി ഗ്രഹിക്കുന്നതിന് നമ്മുടെ മാതാവായ പ. കന്യകമറിയാം അനുഭവിച്ച വ്യാകുലങ്ങളെപ്പറ്റി ധ്യാനിച്ചാൽ മതിയാകും. അനുദിന ജീവിതത്തിൽ നമുക്കനുഭവപ്പെടുന്ന കുരിശുകൾ ക്ഷമയോടെ വഹിച്ചുകൊണ്ട് ക്രിസ്തുവിനെ പിൻചെല്ലുന്നതിന് ഏറ്റം മഹനീയ മാതൃകയാണ് പ. കന്യകമറിയം.

www.malankaralibrary.com

# ഭാഗം രണ്ട്

*"ദൈവകൃപനിറഞ്ഞവളെ! സ്വസ്തി" (ലൂക്ക. 1: 28)*

www.malankaralibrary.com

# അദ്ധ്യായം 15

## അനുഗ്രഹീത ഉദരം

ഏറ്റം അനുഗ്രഹീതയായ അമ്മേ, പിതാവായ ദൈവം അങ്ങേയ്ക്ക് സ്വർഗ്ഗത്തിൽ ഏതൊരു വ്യക്തിക്കും ലഭിക്കാവുന്നതിൽ ഏറ്റം ഉന്നതമായ സ്ഥാനം നല്കി ആദരിച്ചല്ലോ. രക്ഷകന്റെ അമ്മ എന്ന ഈ പരമോന്നത സ്ഥാനം മനുഷ്യഗ്രഹണ ശക്തിക്കതീതമായ ഒരു മഹാ രഹസ്യം തന്നെ.

പിതാവായ ദൈവം തന്റെ പ്രിയ പുത്രനെ ഏറ്റം വലിയ സഹനമായ കുരിശുമരണത്തിലൂടെ മഹത്വീകരിച്ചതുപോലെ അങ്ങയെയും ഏറ്റം വലിയ സഹനത്തിന്റെ തീച്ചൂളയിലൂടെ നടത്തി മഹത്വീകരിച്ചു.

സ്വർഗ്ഗത്തിൽ ഏറ്റം സമുന്നതമായ സ്ഥാനം നല്കി പിതാവായ ദൈവം അങ്ങയെ മഹത്വപ്പെടുത്തിയതായി വി. യോഹന്നാൻ വെളിപ്പെടുത്തുന്നു. "സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു: സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ, ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം" (വെളി. 12: 1).

അങ്ങയുടെ തിരുക്കുമാരന്റെ പരസ്യ ശുശ്രൂഷാവേളയിൽ ഒരിക്കൽ ജനക്കൂട്ടത്തിൽ നിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ ഇപ്രകാരം വിളിച്ചു പറഞ്ഞു: "നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ" (ലൂക്ക 11:27).

തീർച്ചയായും അങ്ങ് ഭാഗ്യവതി തന്നെ. മനുഷ്യവർഗ്ഗത്തിന്റെ

www.malankaralibrary.com



രക്ഷകനായി ഏദൻതോട്ടത്തിൽ വച്ച് വാഗ്ദാനം ചെയ്യപ്പെട്ടവനും, പ്രവാചകന്മാരിലൂടെ ആവർത്തിക്കപ്പെട്ടിട്ടുള്ള വാഗ്ദാനവും, യഹൂദജനം മുഴുവൻ പ്രത്യാശയോടും നെടുവീർപ്പോടും കൂടെ പ്രതീക്ഷിച്ചിരുന്നവനുമായ മിശിഹായുടെ മാതാവ് എന്ന ഏക കാരണത്താൽത്തന്നെ അങ്ങ് സ്ത്രീകളിൽ അനുഗ്രഹീതയാണ്, സംശയമില്ല.

എന്നാൽ അങ്ങ് ഭാഗ്യവതിയായതിന്റെ യഥാർത്ഥ കാരണം അതിലുമുപരിയാണെന്ന് ഭാവി തലമുറയെ ബോധ്യപ്പെടുത്താനായി നമ്മുടെ കർത്താവ് ഈ അവസരം വിനിയോഗിക്കുന്നു. ദൈവവചനം കേട്ട് അതു പാലിക്കുവന്നവർ കൂടുതൽ ഭാഗ്യവാന്മാർ" (ലൂക്ക 11: 28) എന്ന് കർത്താവ് പ്രതിവചിക്കുന്നു. ആ സ്ത്രീയുടെ വാക്കുകളെ ഖണ്ഡിക്കാനല്ല പ്രത്യുത, വെറും മാനുഷികമായ വീക്ഷണത്തിലൂടെ അവൾ പറഞ്ഞതിനെക്കാൾ കൂടുതൽ അന്വർത്ഥമാം വിധം ഭാഗ്യവതി എന്ന വാക്ക് അങ്ങേയ്ക്ക് യോജിച്ചതാണെന്ന് വിശദീകരിക്കാൻ കർത്താവ് ഇപ്രകാരം പ്രത്യുത്തരം പറഞ്ഞു.

മറ്റാരേയുംകാൾ ദൈവവചനം അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ടത് അങ്ങാണല്ലോ. അതിനാൽത്തന്നെ ഏവരെക്കാളും ഭാഗ്യവതിയും അങ്ങുതന്നെ.

ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിയിൽ അങ്ങേയ്ക്ക് ഭാവിയിൽ വഹിക്കേണ്ടി വരുന്ന വലിയ പങ്കിനെപ്പറ്റി അവിടുന്ന് സൂചിപ്പിക്കുകയായിരുന്നു. അതായത് വചനം ഹൃദയത്തിൽ സംഗ്രഹിച്ച്, അങ്ങയുടെ അരുമ മകനോടൊത്ത് അവസാനം വരെ അവർണ്ണനീയമായ ക്ലേശങ്ങൾ ക്ഷമയോടെ സഹിച്ച് സ്വർഗ്ഗത്തിൽ അത്യുന്നതമായ മഹത്വത്തിന് അവകാശിയാകുക എന്നതിനെപ്പറ്റിത്തന്നെ.

ഉദരത്തിൽ മാത്രമല്ല ഹൃദയത്തിലും ദൈവവചനം വഹിച്ച അങ്ങയുടെ ജീവിതത്തിൽ വന്നുഭവിച്ച വൈരുധ്യങ്ങളിലും തകർച്ചകളിലും അങ്ങ് മരണം വരെയും പതറാതെ നിന്നുവല്ലോ. അതിന്റെ പ്രസക്തി ഊന്നിപ്പറയുന്നതിനായിരിക്കാം സുവിശേഷകൻ അതു

www.malankaralibrary.com



തന്നെ ഒരേ അദ്ധ്യായത്തിൽ രണ്ടിടത്ത് ആവർത്തിച്ചിരിക്കുന്നത്. "മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്ക 2: 19& 51).

ജനക്കൂട്ടത്തിൽ നിന്ന് ഒരു സ്ത്രീ മാതാവിനെ പ്രശംസിക്കുന്ന സംഭവം സുവിശേഷകൻ വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് യാദൃശ്ചരികവും, അപ്രസക്തവും അപ്രധാനവുമെന്ന് നമുക്ക് തള്ളിക്കളയാവുന്നതാണോ? തീർച്ചയായും അല്ല. കാരണം വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നവയെല്ലാം തന്നെ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ടവയും നമ്മുടെ ധ്യാനത്തിന് വിഷയീഭവിക്കേണ്ടതുമാണ്.

പിതാവായ ദൈവം അങ്ങയെ ഭാഗ്യവതി എന്ന് ഗബ്രിയേൽ ദൂതൻ വഴി വിളിക്കുന്നു (ലൂക്ക 1:28). പുത്രനായ ദൈവം അങ്ങയെ ഭാഗ്യവതി എന്നു വിളിക്കുന്നുവെന്ന് ലൂക്ക 11:28ൽ നിന്നും മേലുദ്ധരിച്ചല്ലോ. പരിശുദ്ധാത്മാവായ ദൈവവും അങ്ങയെ എലിസബേത്തിന്റെ നാവിലൂടെ ഭാഗ്യവതി എന്നു വിളിക്കുന്നതായി വി. ലൂക്കാ പ്രതിപാദിക്കുന്നു.

"മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബേത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരവും അനുഗ്രഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചു ചാടി. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്ക 1: 41-45).

മറിയത്തിന്റെ ചാർച്ചക്കാരിയായ എലിസബേത്ത് ഒരു വൃദ്ധയായിരുന്നു (ലൂക്ക 1: 18). എന്നിട്ടും തന്നെക്കാൾ വളരെ പ്രായം കുറഞ്ഞ മറിയത്തെ ഒരു ചാർച്ചക്കാരി എന്ന നിലയിലല്ല സ്വീകരിക്കുന്നത് എന്ന് "കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഭാഗ്യം എനിക്ക് എവിടെ നിന്നു ?" എന്ന വാക്യത്തിൽ

www.malankaralibrary.com



നിന്നും മനസ്സിലാക്കാം. എലിസബേത്ത് ഉച്ചരിച്ച വാക്കുകൾ പരിശുദ്ധാത്മാവിന്റേതായിരുന്നുവെന്ന് പ്രത്യേകം എടുത്തു പറയുന്നുമുണ്ടല്ലോ.

മാതാവിന്റെ അഭിസംബോധനാ വേളയിലാണ് എലിസബേത്ത് പരിശുദ്ധാത്മാവിനെ പ്രാപിച്ചതും ശിശു ഉദരത്തിൽ സന്തോഷത്താൽ തുള്ളിച്ചാടിയതും. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് എലിസബേത്തിന്റെ ഉദരത്തിൽ ശിശു തുള്ളിയെങ്കിൽ നമുക്ക് എന്ത്? വി. ഗ്രന്ഥത്തിൽ അക്കാര്യം ഉൾക്കൊള്ളിക്കാൻ തക്ക പ്രാധാന്യം എന്തുകൊണ്ട് ആ സംഭവത്തിനെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പരിശുദ്ധാത്മാവിനാൽ പ്രേരിതനായി സുവിശേഷകൻ ഇക്കാര്യവും പ്രസ്താവിച്ചിരിക്കുന്നത് തീർച്ചയായും നമ്മുടെ ധ്യാനത്തിനും മാർഗ്ഗനിർദ്ദേശത്തിനും വേണ്ടിയാണ്. മനുഷ്യാവതാരം എന്ന ദൈവത്തിന്റെ രക്ഷാകര രഹസ്യത്തിൽ മാതാവിന് എത്ര സമുന്നതമായ സ്ഥാനമാണുള്ളത് എന്ന് ഇതു വ്യക്തമാക്കുന്നു.

വി. ലൂക്കാ 1: 46 മുതൽ 55 വരെയുള്ള വാക്യങ്ങൾ 'മറിയത്തിന്റെ സ്തോത്രഗീതം' എന്നറിയപ്പെടുന്നു. പരിശുദ്ധാത്മ നിറവിൽ അവൾ ഉച്ചരിച്ച പ്രസിദ്ധമായ ആ വാക്യങ്ങൾ, വി. ഗ്രന്ഥത്തിൽ വിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് അവഗണിക്കാൻ സാധിക്കുമോ?

പരിശുദ്ധാത്മ പ്രേരിതമായി ഉച്ചരിക്കപ്പെട്ട ഈ സ്തോത്രഗീതം മനുഷ്യവർഗ്ഗത്തിന്റെ രക്ഷാകര പദ്ധതിയിൽ ദിവ്യമാതൃത്വത്തിനുള്ള സ്ഥാനം വിളിച്ചറിയിക്കുന്നു. "ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും" എന്നു മാതാവ് ഉച്ചരിച്ചത് ദൈവനിവേശിതമായ ഒരു പ്രവചനമത്രെ. സുവിശേഷത്തിൽ ഈ സ്തോത്രഗീതം ഉൾപ്പെടുത്താൻ ഗ്രന്ഥകാരനെ പ്രേരിപ്പിച്ചതും പരിശുദ്ധാത്മാവു തന്നെ. മാതാവിന് അനുഭവപ്പെട്ടതുപോലെ ദൈവം നമ്മുടെ ഹൃദയത്തിലും വന്നു നിറയുമ്പോൾ ആത്മീയ സന്തോഷത്താൽ നമുക്കും ഈ ഗീതത്തിലൂടെ മാതാവിനോടൊത്ത് ദൈവത്തിന് നന്ദിയും സ്തോത്രവും അർപ്പിക്കാൻ

www.malankaralibrary.com



സാധിക്കും.

ഏദൻതോട്ടത്തിൽ വച്ച് വാഗ്ദാനം ചെയ്യപ്പെട്ടതും, പ്രവാചകന്മാരിലൂടെ ആവർത്തിക്കപ്പെട്ടതുമായ ആ വാഗ്ദാന പൂർത്തീകരണത്തിനായി, തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന സൃഷ്ടാവു തന്നെ ഭൂമിയിലേക്ക് ഇതാ മനുഷ്യമാംസത്തോടും രക്തത്തോടും കൂടി ഒരു സാധാരണ മനുഷ്യനെപ്പോലെ മാതാവിൽ ജനിക്കുന്നു.

പിതാവായ ദൈവത്തിന്റെ വിളിക്കുത്തരമായി, "ഇതാ കർത്താവിന്റെ ദാസി! നിന്റെ വചനം പോലെ എന്നിൽ നിറവേറട്ടെ" (ലൂക്ക 1: 38) എന്ന് മറിയം പ്രതിവചിച്ചപ്പോൾ അവൾ പരിശുദ്ധാത്മാവിനാൽ അഭിഷിക്തയായി (ലൂക്ക 1: 35). "വചനം ദൈവമായിരുന്നു" (യോഹ. 1:1). "വചനം മാംസമായി (യോഹ. 1: 14) മാതാവിന്റെ ഉദരത്തിൽ ഉരുവായി. അങ്ങനെ അക്ഷരാർത്ഥത്തിൽത്തന്നെ ദൈവം മറിയത്തിൽ വസിച്ചു.

മാതാവും എലിസബേത്തും ഉച്ചരിച്ച വാക്കുകൾ പരിശുദ്ധാത്മാവിന്റെ വാക്കുകൾ തന്നെയാണ്. അവ വേദപുസ്തകത്തിൽ സ്ഥാനം പിടിച്ചതും പരിശുദ്ധാത്മാവിന്റെ നിയോഗത്താലാണ്. അവയിൽ നിന്നും രക്ഷാകര സന്ദേശം ഉൾക്കൊള്ളാൻ നമുക്കും പരിശുദ്ധാത്മാവിന്റെ വരം വേണം.

എന്നാൽ ചിലർ ദൈവവചനത്തിലെ ലൂക്ക 1:28 ഉം 42-ഉം വാക്യങ്ങൾ ധൈര്യമായി ഉച്ചരിക്കാൻ പോലും മടി കാട്ടുന്നത് വിചിത്രമാണ്. അവ ഇപ്രകാരമാണ്. "ദൈവകൃപ നിറഞ്ഞവളെ, സ്വസ്തി; കർത്താവ് നിന്നോടു കൂടെ ! സ്ത്രീകളിൽ നീ അനുഗ്രഹീതയാകുന്നു. നിന്റെ ഉദരവും അനുഗ്രഹീതം."

www.malankaralibrary.com

# അദ്ധ്യായം 16

## വാഗ്ദാനത്തിന്റെ പേടകം

'മനുഷ്യാവതാരം' എന്ന മഹാരഹസ്യത്തെപ്പറ്റി ധ്യാനിക്കുമ്പോൾ നമുക്ക് സാധാരണയായി തോന്നാവുന്ന ചില ചിന്തകൾ ഇപ്രകാരമായിരിക്കാം.

അനന്തമായ ഈ പ്രപഞ്ചത്തിനൊ സ്വർഗ്ഗത്തിനു പോലുമൊ ഉൾക്കൊള്ളാൻ കഴിയാത്ത സൃഷ്ടാവായ ദൈവത്തിന് എങ്ങനെ ഒരു സ്ത്രീയുടെ ഉദരത്തിൽ പരമാണു സമാനമായ ഏറ്റം ചെറിയ ഒരു ജീവകോശത്തിൽ വസിക്കാൻ സാധിച്ചു? പ്രകൃതിനിയമങ്ങളെ നിശ്ചയിച്ച ദൈവം ആ നിയമങ്ങൾക്കനുസൃതമായിത്തന്നെ മരണം വരെ ഒരു സാധാരണ മനുഷ്യനായി ഈ ലോകത്തിൽ എന്തിനു ജീവിച്ചു? ആദി മനുഷ്യന്റെ പാപം കാരണം, കഷ്ടപ്പാടുകൾ രോഗം മരണം എന്നിവയാൽ ദൈവം ലോകത്തെ ശപിച്ചിട്ടും ആ ശാപത്തിനു വിധേയമായിത്തന്നെ ജീവിതത്തിലെ കൈയ്പു കാസാ അവസാനം വരെയും സസന്തോഷം ഈ ദൈവം കുടിച്ചല്ലൊ.

അരൂപിയും അശരീരിയുമായ ദൈവം മനുഷ്യരൂപം സ്വീകരിച്ചതും പീഡകൾ സഹിച്ചതും എല്ലാ മാതാവിൽ നിന്നെടുത്ത ശരീരവും രക്തവും ആയിരുന്നല്ലൊ.

രക്ഷകനെ പ്രസവിച്ചു എന്ന ഏക കാരണത്താൽത്തന്നെ, ജനക്കൂട്ടത്തിൽ നിന്നും ആ സ്ത്രീ വിളിച്ചു പറഞ്ഞതു പോലെ നമുക്കും പറയാം: "നിന്നെ വഹിച്ച ഉദരവും, നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ."

www.malankaralibrary.com



മാതാവ് ദൈവത്തെ ഉദരത്തിൽ വഹിച്ചപ്പോൾ ദൈവം മാതാവിന്റെ ഉദരത്തിൽ മാത്രം ഒതുങ്ങിക്കൂടുകയല്ലായിരുന്നു. മാതാവ് കൃപ നിറഞ്ഞവളായിരുന്നു. മാതാവിന്റെ ശരീരത്തിലും ആത്മാവിലും, അതായത് മാതാവ് എന്ന വ്യക്തിയിൽ പൂർണ്ണമായി 'അത്യുന്നതന്റെ ശക്തി ആവസിച്ചു.' (ലൂക്ക 1: 35)

ഈ ചിന്തകൾ, വി. കുർബാനയെപ്പറ്റിയുള്ള ചിലരുടെ സംശയങ്ങൾക്കും നിവാരണമാകും. സർവശക്തനായ ദൈവത്തിന് അപ്പത്തിന്റെയും വീഞ്ഞിന്റെയും പരിമിതിയിൽ എങ്ങനെ വസിക്കാൻ സാധിക്കും? പ്രപഞ്ചത്തെ സൃഷ്ടിച്ചവൻ പ്രപഞ്ചനിയമങ്ങൾക്കു വിധേയരായ മനുഷ്യജീവികളിൽ എങ്ങനെ വസിക്കാൻ സാധിക്കും?

സൃഷ്ടികർത്താവു തന്നെ സൃഷ്ടിയുടെ കേവല പരിമിതിയിൽ മനുഷ്യനായി ജീവിച്ച് അപമാനവും കഷ്ടതകളും സഹിച്ച് സ്വയംയാഗമായി മരിക്കാൻ തിരുമനസ്സായത് സൃഷ്ടികളായ നമ്മെ സൃഷ്ടാവിനു തുല്യമാക്കാൻ വേണ്ടിയാണ്. തന്റെ മഹത്വത്തിൽ പങ്കാളിയാകാൻ വേണ്ടിയായിരുന്നല്ലോ ദൈവം മനുഷ്യനെ സൃഷ്ടിച്ചതു തന്നെ. സ്വസ്നേഹം നിമിത്തം മനുഷ്യൻ ദൈവസ്നേഹത്തിൽ നിന്നും വേർപെട്ടു പോയെങ്കിലും അവന്റെ മഹത്വം വീണ്ടെടുക്കാൻ ദൈവം തിരുമനസ്സായി. അതിന് ഈ അപമാനവും താഴ്മയും സ്വയം ശൂന്യപ്പെടുത്തലും നമ്മോടുള്ള സ്നേഹത്തെപ്രതി സഹിക്കാൻ ദൈവം തിരുമനസ്സായി.

രക്ഷയുടെ ദൂത് വെളിപ്പെടുത്താൻ നിയോഗിക്കപ്പെട്ടിരുന്ന വ്യക്തികളെ ദൈവം അവരുടെ ജനനത്തിന് മുമ്പുതന്നെ പവിത്രീകരിച്ചിരുന്നതായി വി.ഗ്രന്ഥത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം.

പാപത്തെ ഉന്മൂലനം ചെയ്യാൻ വേണ്ടി ലോകത്തിൽ അവതരിച്ച ദൈവത്തിന് പാപവുമായി വിദൂരബന്ധം പോലും സാധ്യമല്ലല്ലോ. അതിനാൽ രക്ഷകൻ ഭൂമിയിൽ ജനിക്കാൻ വേണ്ടി പാപലേശം ഏശാത്ത പരിശുദ്ധമായ ഒരു ആലയം അനാദിയിലെ ദൈവം കണ്ടുവച്ചിരുന്നു. അതാണ് പരിശുദ്ധ കന്യക. ദൈവം മറിയത്തെ എല്ലാ പാപമാലിന്യങ്ങളിൽ നിന്നും ഉത്ഭവം മുതൽ തന്നെ സംരക്ഷിച്ച് കൃപയുടെ നിറകുടമാക്കി തനിക്കു വസിക്ക

www.malankaralibrary.com



ത്തക്ക അതിവിശുദ്ധിയുടെ പേടകമാക്കി.

സ്നാപകയോഹന്നാൻ തന്റെ മാതാവിന്റെ ഉദരത്തിൽ വച്ചു തന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടതായി വി. ഗ്രന്ഥത്തിൽ നാം വായിക്കുന്നു. "അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും" (ലൂക്ക 1: 15)

ജറമിയായേയും ഒരു പ്രവാചകനാക്കാൻ വേണ്ടി അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ ശുദ്ധീകരിച്ചു. "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജറ. 1: 5).

ദൈവത്തിന്റെ ദൂത് കൊടുക്കാനുള്ളവരെ ദൈവം ഇപ്രകാരം ജനനത്തിനു മുമ്പു തന്നെ വിശുദ്ധീകരിച്ചെങ്കിൽ ദൈവത്തെ ത്തന്നെ അവിടുത്തെ പൂർണ്ണതയിൽ ലോകത്തിനു നല്കാൻ വേണ്ടി കന്യകമറിയത്തെ ജനിക്കുന്നതിനു മുമ്പു തന്നെ ദൈവം വിശുദ്ധീകരിച്ചു എന്നു വിശ്വസിക്കുന്നത് കൂടുതൽ യുക്തിപരമല്ലേ?

പഴയനിയമത്തിലെ വാഗ്ദാനപേടകം മറിയാമാകുന്ന യഥാർത്ഥ പേടകത്തിന്റെ ഒരു നിഴൽ മാത്രമായിരുന്നു. ഒമ്പതു മാസവും പ. കന്യക തന്റെ ഉദരത്തിൽ വഹിച്ചിരുന്നത് സൃഷ്ടാവും സർവശക്തനുമായ ദൈവത്തെത്തന്നെയായിരുന്നില്ലേ? പഴയനിയമ പേടകത്തെക്കാൾ എത്രയോ മടങ്ങ് ശ്രേഷ്ഠവും പരിശുദ്ധവുമാണ് പരിശുദ്ധ കന്യകമറിയം!

പഴയനിയമ പേടകത്തെ എത്ര ഭയത്തോടും ആദരവോടും കൂടിയാണ് ഇസ്രായേൽ കൈകാര്യം ചെയ്തിരുന്നത്! അതു സ്പർശിച്ച ഉസാ തൽക്ഷണം മരിച്ചു വീണു.

"ദാവീദും എല്ലാ ഇസ്രായേല്യരും കിന്നരം, വീണ, തപ്പ്, കൈത്താളം, കാഹളം എന്നിവ ഉപയോഗിച്ച് സർവ്വശക്തിയോടുംകൂടെ ദൈവസന്നിധിയിൽ ആർത്തുപാടി. അവർ കീദോൺ കളത്തിലെത്തിയപ്പോൾ കാളയുടെ കാലിടറി പേടകം ചരിഞ്ഞു. അപ്പോൾ പേടകം താങ്ങാൻ ഉസാ കൈ നീട്ടി. കർത്താവിന്റെ കോപം അവനെതിരെ ജ്വലിച്ചു. പേടകത്തെ സ്പർശിച്ചതിനാൽ അവിടുന്ന് അവനെ വധിച്ചു. അവിടെ ദൈവത്തിന്റെ മുമ്പിൽ

www.malankaralibrary.com



അവൻ മരിച്ചു വീണു" (1 ദിന. 13: 8-10).

'മങ്ങിമറഞ്ഞുപോയ' പഴയ നിയമത്തിന്റെ പ്രതീകമായ പേടകം ഇത്ര സംപൂജ്യമായിരുന്നെങ്കിൽ, ജീവനുള്ള ദൈവത്തിന്റെ സജീവ പേടകമായിരുന്ന മാതാവിന്റെ മഹിമ എത്ര കൂടുതൽ ശ്രേഷ്ഠം!

"മങ്ങിമാഞ്ഞുപോയത് തേജസ്സുള്ളതായിരുന്നെങ്കിൽ നില നില്ക്കുന്നത് തീർച്ചയായും അതിനെക്കാൾ തേജസ്സുള്ളതായിരിക്കണം" (2 കൊരി. 3: 11).

ദൈവം സ്വർഗ്ഗീയ രാജ്ഞിയായി നിത്യമായി അവരോധിച്ച മാതാവിനെ നിയമപേടകത്തോട് ഉപമിക്കുന്നത് മാതാവിനോട് നീതിപുലർത്താൻ പര്യാപ്തമാകുന്നില്ല. പഴയ നിയമപേടകം കേവലം ഒരു നിർജ്ജീവ വസ്തു മാത്രമായിരുന്നു. മന്ന, കല്പലകകൾ, അഹറോന്റെ തളിർത്തവടി എന്നിവ ഇസ്രായേലിനു വാഗ്ദാനം ചെയ്യപ്പെട്ട രക്ഷയുടെ സുചനയും. പേടകം രക്ഷയുടെ പാത്രമായ സഭയുടെയും പ്രതീകമാണ്. മന്ന നമ്മുടെ ആത്മീയ ഭക്ഷണമായ പരിശുദ്ധ കുർബ്ബാനയിലെ ക്രിസ്തുവിന്റെ ശരീരവും, കല്പലകകൾ വിശ്വാസ സത്യങ്ങളുടെ ഉറവിടമായ വിശുദ്ധ ഗ്രന്ഥവും, അഹറോന്റെ വടി അപ്പസ്തോല പിന്തുടർച്ചാധികാരവും സൂചിപ്പിക്കുന്നു.

പ്രതീകം മാത്രമായിരുന്ന പേടകം പോലും നിർമ്മിക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ ദൈവം നേരിട്ട് നല്കുകയായിരുന്നു. അതിന്റെ തടി, ലഭ്യമാകാവുന്നതിൽ ഏറ്റം മെച്ചപ്പെട്ട മരത്തിന്റേതായിരിക്കണം. പേടകത്തിന്റെ അകവും പുറവും ശുദ്ധി ചെയ്ത സ്വർണ്ണം കൊണ്ട് പൊതിയണം. നാലു മൂലകളിലും നാലു സ്വർണ്ണവളയും, പേടകം വഹിച്ചുകൊണ്ടുപോകാനുള്ള തണ്ടുകൾ സ്വർണ്ണം കൊണ്ട് പൊതിഞ്ഞതുമായിരിക്കണം. തണ്ടുകൾ അതിന്റെ വളയത്തിൽ നിന്നെടുക്കരുത്........ ഇങ്ങനെ പോകുന്നു ആ നിർദ്ദേശങ്ങൾ (പുറ. 25: 10-22).

www.malankaralibrary.com

# അദ്ധ്യായം 17

## ദൈവമാതാവ്

ദൈവസാന്നിദ്ധ്യത്തിന്റെ നിഴൽ മാത്രമായിരുന്ന പഴയനിയമ പേടകത്തിന് ദൈവം ഇത്ര വലിയ പാവനത വേണമെന്നു നിഷ്കർഷിച്ചിരുന്നെങ്കിൽ, ദിവ്യത്വം അതിന്റെ പൂർണ്ണതയിൽത്തന്നെ വസിക്കാൻ ദൈവം തിരഞ്ഞെടുത്ത ജീവനുള്ള പേടകമായ മാതാവിനെ താൻ എത്രമാത്രം പരിശുദ്ധിയുള്ളതാക്കി തീർത്തിരിക്കാമെന്ന് ആർക്കും ഊഹിക്കാൻ പോലും സാധ്യമല്ല. ത്രീയേക ദൈവത്തിന് തന്റെ പൂർണ്ണതയ്ക്കോ പ്രാഭവത്തിനോ ഒട്ടും കുറവില്ലാതെ തന്നെ മാതാവിന്റെ ഉദരത്തിൽ വസിക്കത്തക്കവണ്ണം ദൈവകൃപ നിറഞ്ഞവളായിരുന്നു മാതാവ്.

സൃഷ്ടികർമ്മത്തോടൊപ്പം രക്ഷാകർമ്മവും, അതിൽ മാതാവിനുള്ള അനന്യസ്ഥാനവും അനാദിമുതലേ തന്നെ ദൈവം നിശ്ചയിച്ചിരുന്നു. പ്രത്യക്ഷമായും പ്രതീകമായും വിശുദ്ധ ഗ്രന്ഥത്തിൽ ആദ്യാവസാനം അവളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്.

ഏദൻതോട്ടത്തിൽ വച്ച് ആദിമാതാപിതാക്കളുടെ വീഴ്ചമൂലം മനുഷ്യവർഗ്ഗം മുഴുവൻ പാപത്തിൽ നിപതിച്ച് സ്വർഗ്ഗഭാഗ്യം നഷ്ടപ്പെടുത്തിയ നിമിഷം തന്നെ ഒരു രക്ഷകനെയും ദൈവം വാഗ്ദാനം ചെയ്തു. ആ ആദ്യ സദ്വാർത്ത-ആദ്യത്തെ സുവിശേഷം - മറിയത്തിന്റെ ദിവ്യമാതൃത്വവുമായി ബന്ധപ്പെടുത്തിയായിരുന്നുവെന്ന് വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. രക്ഷകന് സാത്താനോടുള്ള നിത്യ ശത്രുതയോടൊപ്പം തന്നെ മാതാവിനും സാത്താനുമായുള്ള ശത്രുത വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രത്യേക

www.malankaralibrary.com



പ്രാധാന്യം അർഹിക്കുന്നു. "നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉള വാക്കും. അവൻ നിന്റെ തല തകർക്കും" (ഉല്പ. 3: 15). യേശുക്രിസ്തുവിനെപ്പോലെ മാതാവും സാത്താനുമായി നിത്യ ശത്രുതയിലായിരിക്കും. യേശുക്രിസ്തു കഴിഞ്ഞാൽ സാത്താൻ ഏറ്റവും ഭയപ്പെടുന്നത് മാതാവിനെയാണ്.

രക്ഷകനെപ്പറ്റിയുള്ള വാഗ്ദാനം തന്റെ പ്രവാചകരിലൂടെ ദൈവം ആവർത്തിച്ചു പ്രഖ്യാപിക്കുമ്പോഴും മാതാവിനെ ദൈവം മനസ്സിൽ കണ്ടിരുന്നു. "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും" (എശ 7: 14).

ബൈബിളിലെ അവസാന ഗ്രന്ഥമായ വെളിപാട് പുസ്തകത്തിലും, സ്വർഗ്ഗീയ രാജ്ഞിയായി നിത്യം വിരാജിക്കുന്ന മാതാവിനെപ്പറ്റി പരിശുദ്ധാത്മാവ് വി. യോഹന്നാന് വെളിപ്പെടുത്തിയത് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"സ്വർഗ്ഗത്തിൽ വലിയ ഒരു അടയാളം കാണപ്പെട്ടു: സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം. അവൾ ഗർഭിണിയായിരുന്നു. പ്രസവവേദനയാൽ അവൾ നിലവിളിച്ചു. പ്രസവ ക്ലേശത്താൽ അവൾ ഞെരുങ്ങി" (വെളി 12: 1).

"അവൾ ഒരു ആൺകുട്ടിയെ പ്രസവിച്ചു; സകല ജനപദങ്ങളെയും ഇരുമ്പ് ദണ്ഡു കൊണ്ട് ഭരിക്കാനുള്ളവനാണ് അവൻ. അവളുടെ ശിശു ദൈവത്തിന്റെയും അവിടുത്തെ സിംഹാസനത്തിന്റെയും അടുത്തേയ്ക്ക് സംവഹിക്കപ്പെട്ടു" (വെളി 12: 5).

ഈ സ്ത്രീ ആരാണെന്ന് വ്യക്തമാണ്. സ്വർഗ്ഗത്തിൽ ഇത്ര വലിയ മഹത്വത്തിലേക്ക് മാതാവിനെ ദൈവം ഉയർത്തിയത് എന്തുകൊണ്ട്? സ്വർഗ്ഗരാജ്യത്തിലെ ഏറ്റം ചെറിയവൻ, സ്ത്രീയിൽ നിന്നും ജനിച്ച ഭൂമിയിലെ ഏറ്റം വലിയവനെക്കാളും വലിയവൻ എന്ന് യേശുതന്നെ പറഞ്ഞിരിക്കുമ്പോൾ (ലൂക്ക. 7: 28), സൂര്യനെ ഉടയാടയായും, ചന്ദ്രനെ പാദപീഠമായും പന്ത്രണ്ടു നക്ഷത്രങ്ങളെ

www.malankaralibrary.com



കിരീടത്തിലണിഞ്ഞും സ്വർഗ്ഗത്തിൽ ഏറ്റം മഹനീയ സ്ഥാനം നല്കി ദൈവം ആദരിച്ച മാതാവിനെ നാമും ബഹുമാനിക്കേണ്ട തല്ലേ? ദൈവത്തെ സ്നേഹിക്കുന്നവർ ദൈവം ആദരിക്കുന്നവരെയും സ്നേഹിക്കും.

നീതിസൂര്യനായ ദൈവത്തിന്റെ പ്രഭ സ്വർഗ്ഗത്തിൽ ഏറ്റം കൂടുതലായി പ്രതിഫലിക്കുന്നത് മാതാവിലാണ്. അവൾ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രത്തലവന്മാരേക്കാൾ ശ്രേഷ്ഠയാണ്; പന്ത്രണ്ട് അപ്പസ്തോലന്മാരിലും വലിയവൾ; ദൈവദൂതന്മാരിലും മുഖ്യദൂതന്മാരിലും പ്രഭയേറിയവൾ. മാതാവിനെ ദൈവം സ്വർഗ്ഗത്തിൽ ഇത്ര അതുല്യമായ പദവിയിലേക്ക് ഉയർത്തിയെങ്കിൽ ദൈവഹിതത്തെ മാനിക്കുന്ന നാമും അവളെ ബഹുമാനിക്കാൻ കടപ്പെട്ടവരല്ലേ?

ആരെങ്കിലും മാതാവിനെ ബഹുമാനിക്കാതിരിക്കുകയോ, ദൈവം ആഗ്രഹിക്കുന്നപ്രകാരം അവൾക്ക് ബഹുമാനം നല്കാതിരിക്കുകയൊ ചെയ്യുന്നെങ്കിൽ അവർ മുൻ വിവരിച്ച ഉസ്സായുടെ സംഭവത്തിൽ നിന്നും ഒരു പാഠം പഠിക്കേണ്ടതാണ്.

ദൈവം മാതാവിനെ സ്വർഗ്ഗത്തിൽ ഇത്ര മഹോന്നതമായ പദവിയിലേക്ക് ഉയർത്തിയത്, വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകന് ജന്മമേകി എന്നതുകൊണ്ടു മാത്രമല്ല, അതിലുപരിയായി, ലോകത്തെ തന്റെ കുരിശു മരണത്താൽ വീണ്ടെടുത്ത നമ്മുടെ കർത്താവിന്റെ കുരിശിൽ ഏറ്റം വലിയ പങ്കാളിയായി എന്നതുകൊണ്ടാണ്.

മാതാവ് ദൈവകൃപയാൽ നിറഞ്ഞവളെന്നും സ്ത്രീകളിൽ അനുഗ്രഹീതയെന്നും മാലാഖാ പറയുമ്പോഴും, ശിമയോന്റെ പ്രവചനവും മാതാവിനെപ്പറ്റി ദൈവം മുൻകൂട്ടി നിശ്ചയിച്ചിരുന്നു. “നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും” (ലൂക്ക 2:35). എന്തൊരു വിരോധാഭാസം!

കഠിനഹൃദയരായ പാപികളാണ് നാം എന്നിരുന്നാൽപോലും, നമുക്ക് വല്ല പോംവഴിയുമുണ്ടെങ്കിൽ നമ്മുടെ അമ്മമാരെ കഷ്ടപ്പെടാൻ നാം അനുവദിക്കുമോ? പിന്നെ എന്തുകൊണ്ട്, സർവശക്തനും അനന്തജ്ഞാനിയും കരുണാ സമ്പന്നനുമായ ദൈവം

www.malankaralibrary.com



തന്റെ മാതാവിന്റെ ഹൃദയം ഒരു വാളാൽ തുളയ്ക്കപ്പെടേണ്ടത് യുക്തവും ന്യായവുമാണെന്ന് കരുതി?

ഉത്തരം ലളിതം. സ്വർഗ്ഗത്തിൽ ഏറ്റം ഉയർന്ന ദൈവമഹത്വത്തിൽ പങ്കാളിയാകണമെങ്കിൽ ഭൂമിയിൽ രക്ഷകന്റെ കുരിശിന്റെ ഏറ്റം വലിയ പങ്കാളിയായെങ്കിലേ സാധ്യമാകു എന്ന ദൈവിക പദ്ധതിയനുസരിച്ചാണത്.

കുരിശിലൂടെ കിരീടം പ്രാപിക്കുക എന്നതാണ് പിതാവായ ദൈവം നിശ്ചയിച്ചിരിക്കുന്ന രക്ഷാകര പദ്ധതി. കുരിശില്ലാതെ കിരീടമില്ല. കുരിശ് എത്ര കണ്ട് വലുതായിരിക്കുമോ അത്ര വലുതായിരിക്കും കിരീടവും. കുരിശിലൂടെയല്ലാതെ ഒരുവനും രക്ഷയില്ല. കുരിശിൽ നിന്ന് യാതൊരുവനും രക്ഷപ്പെടാനോ ഒഴിഞ്ഞു മാറാനോ സാധ്യമല്ല. പിതാവായ ദൈവത്തിന്റെ പ്രിയ പുത്രനായ യേശുക്രിസ്തുപോലും (ലൂക്ക 3: 22) ഇതിന് ഒരപവാദമല്ല എന്നു തന്നെയല്ല യേശുക്രിസ്തുവിനെ പിതാവായ ദൈവം ലോകത്തിലേക്ക് അയച്ചതു തന്നെ കുരിശ് സഹിക്കാനും കുരിശിൽ മരിക്കാനും വേണ്ടിയാണ്.

ഈ ലോകത്തിലെ ബുദ്ധിമതികൾ ബുദ്ധിശൂന്യമെന്ന് കരുതുന്ന കുരിശിന്റെ പദ്ധതിയാണ് മനുഷ്യരക്ഷയ്ക്കായി ദൈവം തിരഞ്ഞെടുത്തത്.

"നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രെ" (1 കൊരി. 1: 18).

"വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷത്തമായവയെ ദൈവം തിരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും" (1 കൊരി. 1: 27).

യേശുവിനെ അനുഗമിക്കുന്നവൻ യേശുവിനെ അനുകരിച്ച് തങ്ങളുടെ ദൈനംദിന കുരിശുകളെ വഹിച്ച് തന്നെ പിൻ ചെല്ലണം. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെ

www.malankaralibrary.com



ടുത്ത് കൊണ്ട് എന്നെ അനുഗമിക്കട്ടെ." (ലൂക്ക 9: 23).

മാതാവ് തന്റെ ജീവിതത്തിന്റെ അവസാനനിമിഷംവരെയും യേശുവിന്റെ ഈ ആഹ്വാനം ഏറ്റം വീരോചിതമായ രീതിയിൽ പ്രാവർത്തികമാക്കി. തന്റെ അരുമ മകന്റെ ഏറ്റം ഭീകരവും നിന്ദ്യവുമായ കുരിശുമരണം മാതാവ് നേരിൽ കണ്ടും കേട്ടും സഹിച്ചുവല്ലോ. ലോകത്തിലേക്കും ഏറ്റം വലിയ വ്യാകുലത അനുഭവിച്ച വ്യക്തി എന്ന പദവിക്ക് ഇതു തന്നെ ധാരാളം മതി.

ക്രിസ്തു കഴിഞ്ഞാൽ ഏറ്റം വലിയ കുരിശ് സഹിച്ചത് മാതാവാണ്. അതിനാൽ ക്രിസ്തു കഴിഞ്ഞാൽ ഏറ്റം വലിയ മഹത്വം സ്വർഗ്ഗത്തിൽ പിതാവായ ദൈവം കൊടുത്തതും മാതാവിനു തന്നെ.

www.malankaralibrary.com

## അദ്ധ്യായം 18

# വിശ്വാസികളുടെ മാതാവ്

'വചനം കേൾക്കുകയും അത് പാലിക്കുകയും ചെയ്യുന്നവൻ അനുഗ്രഹീതൻ' എന്നു യേശു പറയുമ്പോൾ അത് മാതാവിനാണ് ഏറ്റം സ്വാർത്ഥമാകുന്നത് എന്നു പറഞ്ഞല്ലോ. മാതാവ് വചനം കേട്ടിട്ട് ഏറ്റം അവിശ്വസനീയമായതിനെ വിശ്വസിച്ചു. കന്യകയായ താൻ പുരുഷനെ അറിയാതെ തന്നെ (ലൂക്ക 1: 34) അമ്മയാകുമെന്ന് വിശ്വസിച്ചു. പരിശുദ്ധാത്മാവിനാൽ പ്രേരിതയായി എലിസബേത്ത് മാതാവിന്റെ ഈ വിശ്വാസത്തെ പുകഴ്ത്തി പറഞ്ഞു: "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്ക 1: 45).

തനിക്ക് ഒരു പുത്രൻ ജനിക്കുമെന്ന് ദൈവദൂതൻ അറിയിച്ചപ്പോൾ, വൃദ്ധയായ സാറാ അത് അസാദ്ധ്യമെന്ന് കരുതി ചിരിച്ചുതള്ളി (ഉല്പ. 18: 12).

വൃദ്ധയും വന്ധ്യയുമായ ഭാര്യയ്ക്ക് ഒരു പുത്രൻ ജനിക്കുമെന്നുള്ള ദൈവദൂതന്റെ വാക്കുകൾ സഖറിയാ വിശ്വസിച്ചില്ല (ലൂക്ക 1: 18-22).

എന്നാൽ മാതാവാകട്ടെ, ദൈവദൂതന്റെ വാക്കുകൾ എത്ര അസംഭവ്യമായിരുന്നിട്ടും അവ കണ്ണുമടച്ച് വിശ്വസിച്ചു. അവളുടെ വിശ്വാസം അത്ര വലുതായിരുന്നു.

പരിശുദ്ധ മറിയം കുരിശുകൾ സഹിക്കേണ്ടിവന്നത് അവൾ എന്തെങ്കിലും പാപം ചെയ്തിട്ടല്ല. ദൈവം, തനിക്കു വസിക്കുവാ

www.malankaralibrary.com



നുള്ള അതിവിശുദ്ധിയുടെ ആലയമായി, മറിയത്തെ തന്റെ ജനനത്തിനു മുമ്പു തന്നെ ഒരുക്കിയിരുന്നതിനാൽ അവൾ പാപരഹിതയായിരുന്നു. എങ്കിലും തന്റെ മാതാവ് പോലും അവർണ്ണനീയമായ മാനസ്സിക പീഡകളാകുന്ന കുരിശും വഹിച്ച് തന്നെ അനുഗമിക്കണമെന്നതായിരുന്നു ദൈവനിശ്ചയം.

രക്ഷാകര പദ്ധതിയിൽ ക്രിസ്തുവും കുരിശും അഭേദ്യഘടകങ്ങളായി നിലകൊള്ളുന്നു. ഒരുവന്റെ ജീവിതത്തിൽ ക്രിസ്തു കടന്നു വരുന്നതിനു അനുബന്ധമായി കുരിശും വരുന്നു. ക്രിസ്തുവിന്റെ ആഗമന വാർത്ത അറിയിക്കപ്പെട്ടതോടെ മാതാവിന്റെ കുരിശിന്റെ തുടക്കമായി.

കന്യകയായ താൻ രക്ഷകന്റെ അമ്മയാകാൻ, "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! (ലൂക്ക 1: 38) എന്ന് സമ്മതം പറഞ്ഞ നിമിഷം മുതൽ മാതാവിന്റെ ഇഹലോക ജീവിതാവസാനം വരെ, കുരിശ് ഒരു അവിഭാജ്യ ഘടകമായി നിലകൊണ്ടു.

വിവാഹനിശ്ചയം കഴിഞ്ഞ ഒരു സ്ത്രീ ഭർത്താവിന്റെ അറിവു കൂടാതെ ഗർഭിണിയാകുക എന്നത് നിഷിദ്ധമാണ്. ഒരു യഹൂദ കന്യകയെ സംബന്ധിച്ചിടത്തോളം ഏറ്റം അപമാനകരമായ മരണം സ്വയം ഏറ്റെടുക്കുകയാണ് ഇതുമൂലം എന്ന് ഏതൊരു യഹൂദ സ്ത്രീയ്ക്കും അറിയാം. പട്ടണവാതിൽക്കൽ പരസ്യമായി അവൾ കല്ലേറിഞ്ഞു കൊല്ലപ്പെടണമെന്നതാണ് നിയമം (നിയമാ 22: 23).

പാവപ്പെട്ടവളെങ്കിലും ഇത്രയും കാലം വളരെ സമാധാനത്തിലും സംതൃപ്തിയിലും ജീവിച്ചു പോന്ന ഒരു ഗ്രാമീണ കന്യകയായിരുന്നു മറിയം. എന്നാൽ മംഗല വാർത്ത അറിയിച്ച നിമിഷം മുതൽ ജീവിതാവസാനം വരെ അവർണ്ണനീയമായ കുരിശുകൾ തന്നെ പിന്തുടർന്നുകൊണ്ടിരുന്നു.

"ദൂതൻ അവളോടു പറഞ്ഞു: മറിയമെ, നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്ന്

www.malankaralibrary.com



വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിൽ അവൻ എന്നന്നേയ്ക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല'' (ലൂക്ക 1: 30-33).

പഴയനിയമത്തിന്റെ മുഴുവൻ ലക്ഷ്യവും സാരാംശവും വ്യക്തമായും ആധികാരികമായും വിവരിച്ച് രക്ഷാകര പദ്ധതിയിൽ താൻ വഹിക്കേണ്ട അതുല്യ പങ്കാളിത്തത്തെപ്പറ്റി പിതാവായ ദൈവം അവൾക്ക് ദൂതനിലൂടെ ഈ ചുരുങ്ങിയ വാക്കുകളിൽ വെളിപ്പെടുത്തി. പ്രവാചകന്മാരിലൂടെ കാലാകാലങ്ങളിൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ അവളിൽ നിന്നു ജനിക്കും. അവൻ ഇസ്രായേലിന്റെ രാജാവായി നിത്യം വാഴും.

'വാഗ്ദാന പ്രകാരം ഒരു കന്യകയിൽ നിന്നു രക്ഷകൻ ജനിക്കണമായിരുന്നു. ആ കന്യക മറിയം ആകാനിടയായി, അത്രമാത്രം' എന്നു പറഞ്ഞു മാതാവിന്റെ ദിവ്യമാതൃത്വം അപ്രധാനമെന്നോ യാദൃശ്ചികമെന്നോ സങ്കല്പിച്ച് നിസ്സാരമായി തള്ളാൻ നമുക്കു സാധ്യമല്ല. ചിലർ ലാഘവബുദ്ധിയോടെ ജല്പിക്കുന്നതുപോലെ കോഴിക്കുഞ്ഞു വിരിഞ്ഞ മുട്ടത്തോടിന്റെ സ്ഥാനം മാത്രമേ മാതാവിനുള്ളോ?

മനുഷ്യവർഗ്ഗത്തിന്റെ രക്ഷാകരപദ്ധതിയിൽ ദൈവം മാതാവിന് നല്കിയ സ്ഥാനമെന്തെന്ന് രക്ഷയുടെ വചനമായ വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു.

വി. ഗ്രന്ഥത്തിലൂടെ നമ്മുടെ രക്ഷയ്ക്കാവശ്യമായവ ദൈവം വെളിപ്പെടുത്തിത്തരുന്നു. ബൈബിളിലൂടെ നാം ഗ്രഹിക്കാൻ ദൈവം ആഗ്രഹിക്കുന്നതെന്തെന്ന് നാം ആത്മാർത്ഥമായി അന്വേഷിക്കാനും കണ്ടെത്തിയ സത്യത്തെ സ്വീകരിക്കാനും നാം ബാധ്യസ്ഥരാണല്ലോ. മുൻവിധി വച്ച് നാം വേദപുസ്തകം വായിച്ചാൽ, യേശുവിന്റെ കാലത്ത് യഹൂദർക്കു പറ്റിയ അബദ്ധം ആവർത്തിക്കപ്പെടും. വി. ഗ്രന്ഥത്തിൽ പാണ്ഡിത്യമുള്ളവരെന്ന് അഭിമാനിച്ചിരുന്ന അവർ, വി. ഗ്രന്ഥത്തിൽ പ്രവചിച്ചിരുന്ന പ്രകാരം തന്നെ രക്ഷകൻ പിറന്ന് അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച്

www.malankaralibrary.com



അവരുടെ ഇടയിൽ ജീവിച്ചിട്ടുപോലും, തങ്ങൾ തലമുറകളായി പ്രതീക്ഷിച്ചിരുന്ന രക്ഷകനായ ക്രിസ്തുവിനെ അവർ തിരിച്ചറിഞ്ഞില്ല.

"ഇന്നും മോശയുടെ ഗ്രന്ഥം വായിക്കുമ്പോഴെല്ലാം അവരുടെ മനസ്സിൽ ഒരു മൂടുപടം കിടക്കുന്നുണ്ട്. എന്നാൽ ആരെങ്കിലും കർത്താവിങ്കലേക്ക് തിരിയുമ്പോൾ ആ മൂടുപടം നീക്കപ്പെടുന്നു" (2 കോറി. 3: 15-16).

വി. പൗലോസ് യഹൂദരെപ്പറ്റി പറഞ്ഞ വാക്കുകൾ നമ്മിൽ അന്വർത്ഥമാകാതിരിക്കട്ടെ. നാം ബൈബിൾ വായിക്കുമ്പോൾ മേല്പറഞ്ഞപ്രകാരം നമ്മുടെ ഹൃദയത്തിലെ മൂടുപടവും നീക്കം ചെയ്യപ്പെടാൻ പരിശുദ്ധാരൂപിയോട് വിനയപൂർവ്വം പ്രാർത്ഥിക്കാം.

മാതാവിനെപ്പറ്റി വി. ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശിശുസഹജമായ തുറന്ന മനസ്സോടെ നമുക്കു നോക്കാം.

www.malankaralibrary.com

## അദ്ധ്യായം 19

# കന്യകകളുടെ രാജ്ഞി

"ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്ക 1: 38) എന്ന് പിതാവായ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിയതോടെ മാതാവിന്റെ കുരിശിന്റെ തുടക്കമായി എന്നു പറഞ്ഞല്ലോ.

അവിഹിത ഗർഭധാരണം ആരോപിച്ച് പ്രതിശ്രുത വരനായ വി. യൗസേഫ് തന്നെ ഉപേക്ഷിക്കാൻ തീരുമാനിച്ചപ്പോൾ മാതാവ് അനുഭവിച്ച മനോവ്യഥ ആർക്ക് ഊഹിക്കാൻ കഴിയും? യഹൂദർ കർശനമായി പാലിച്ചിരുന്ന മോശയുടെ നിയമമനുസരിച്ച് അവൾ പരസ്യമായി കല്ലെറിഞ്ഞ് കൊല്ലപ്പെടുക തന്നെ വേണം. "അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു" (മത്താ. 1: 19). പക്ഷെ അങ്ങനെ രഹസ്യമായി ഉപേക്ഷിച്ചിരുന്നെങ്കിൽ കൂടെയും അവൾ ഗർഭിണിയാണെന്നറിഞ്ഞു കഴിഞ്ഞാൽ സമൂഹമദ്ധ്യേ അവൾ കുറ്റവിമുക്തയാകുമായിരുന്നില്ല. വി. യൗസേഫ് ദൈവഹിതപ്രകാരം മറിയത്തിനെ തുടർന്നും ഭാര്യയായി സ്വീകരിച്ച് ആ പ്രശ്നം പരിഹരിക്കുകയായിരുന്നു.

പരിഷ്കൃതമെന്നഭിമാനിക്കുന്ന ഈ ആധുനിക കാലത്ത്, ചാരിത്ര്യം അത്രമാത്രം അഭികാമ്യമൊ വിലപ്പെട്ടതോ ആയ ഒന്നല്ല എന്നാണ് പലരും കരുതുന്നത്. എന്നു തന്നെയല്ല ചാരിത്രത്തെ

www.malankaralibrary.com



സംപൂജ്യമായി കരുതുന്നവരെ പുച്ഛരസത്തോടെ വീക്ഷിക്കുന്നവരും ധാരാളം. ധാർമ്മികമായി അത്രമേൽ അധഃപതിച്ച ഇക്കാലത്തു പോലും അവിഹിത ഗർഭധാരണം അപമാനകരമായി കരുതപ്പെടുന്നു. അങ്ങനെ സംഭവിച്ചാൽ ഗർഭസ്ഥശിശുവിനെ നശിപ്പിക്കാൻ രഹസ്യമായി അവർ ശ്രമിക്കുന്നു. ശാരീരികവും മാനസ്സികവുമായി ഉണ്ടാകാവുന്ന അപകടസാധ്യതകളെ വക വയ്ക്കാതെയും, എത്ര ഭീകരമായ ഒരു കൊലപാതകമാണ് നടത്താൻ പോകുന്നതെന്നറിഞ്ഞിട്ടും അതിൽ നിന്ന് പിന്തിരിയാൻ കൂട്ടാക്കാതെയും, തന്റെ ഉദരത്തിൽ സുരക്ഷിതമായി ഉറങ്ങിക്കിടക്കുന്ന നിഷ്ക്കളങ്കമായ, തന്റെ തന്നെ മാംസവും രക്തവുമായ, ആ പിഞ്ചു കുഞ്ഞിനെ കൊലപ്പെടുത്താൻ ഒരു മനഃസാക്ഷിക്കടിയുമില്ലാത്തത് എത്ര ഭയങ്കരം! തന്റെ തന്നെ അധാർമ്മിക പ്രവൃത്തിയുടെ അനന്തരഫലത്തിൽ നിന്നും രക്ഷപെടാൻ വേണ്ടിയല്ലേ ഇത്ര ഹീനമായ ഒരു കൊലപാതകം നടത്തുന്നത്?

പ്രകൃതി എത്ര സൂക്ഷ്മതയോടും കരുതലോടും കൂടിയാണ് ഒരമ്മയുടെ ഗർഭപാത്രത്തിൽ ശിശുവിന് സുരക്ഷിതമായി ജീവിക്കാനുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് ഓർക്കുക. എന്നാൽ പരിഷ്കൃതൻ എന്നഭിമാനിക്കുന്ന ആധുനിക മനുഷ്യന്റെ 'പുരോഗമന' ചിന്താഗതി മാതാവിന്റെ ഉദരത്തെ ഒരു കൊലക്കളമായി മാറ്റിയിരിക്കുന്നു. നിരാലംബരും നിഷ്കളങ്കരുമായ ഈ പിഞ്ചു പൈതങ്ങളെ നിഷ്കരുണം നിഹനിക്കുന്നതിലൂടെയാണോ നമ്മുടെ 'ധൈര്യവും' 'പുരോഗതിയും' പ്രകടിപ്പിക്കേണ്ടത്? ഇത് ഭീരുത്വവും ഭോഷത്തവുമല്ലാതെ മറ്റെന്താണ്? ഈ ലോകത്തിൽ ജീവിക്കാൻ പോലും അനുവദിക്കാതെ, ജനിക്കുന്നതിനു മുമ്പേ തന്നെ നശിപ്പിക്കപ്പെടേണ്ട മനുഷ്യവർഗ്ഗത്തിന്റെ ഉഗ്ര ശത്രുവാണോ ഒരു അജാത മനുഷ്യശിശു?

ജനിക്കാത്ത ശിശുവിനെ കൊല്ലുന്നത് കുറ്റകരമല്ലെങ്കിൽ, തങ്ങളുടെ സ്വൈരജീവിതത്തിൽ തടസ്സമെന്നു കണ്ടാൽ, ജനിച്ച കുട്ടികളെയും കൊല്ലുന്നത് തെറ്റല്ല എന്ന നിയമവും അംഗീകരിക്കപ്പെടാനുള്ള സമയം അധികം വിദൂരമല്ലായിരിക്കാം!

www.malankaralibrary.com



ഇതേ യുക്തിചിന്ത തന്നെ വളർന്നു വരുന്ന കുട്ടികൾക്കും ആകാമല്ലോ. തങ്ങളുടെ താന്തോന്നിത്തത്തിന് തടസ്സം നില്ക്കുന്ന മാതാപിതാക്കളെയും കൊന്നുകളയാൻ അവർക്കും ശങ്കിക്കേണ്ട തില്ല!

ജനിക്കാൻ അവസരം ലഭിക്കാത്ത മാതാക്കളുടെ ഉദരത്തിൽ വെച്ചു തന്നെ കൊല്ലപ്പെടുന്ന ഈ പിഞ്ചു പൈതങ്ങളുടെ 'അമ്മേ, എന്നെ കൊല്ലരുതേ!' എന്ന ദയനീയ 'നിശബ്ദനിലവിളി'യും *രക്തച്ചൊരിച്ചിലും, തങ്ങളുടെ മാതാപിതാക്കളുടെയും ലൈംഗിക അരാജകജീവിതം നയിക്കുന്ന അധർമ്മികളുടെയും പാപപരിഹാ രാർത്ഥം മാതാവിന്റെ ഈ കുരിശിനോടൊപ്പം ദൈവസന്നിധിയിൽ ബലിയായി ഒരു പക്ഷെ എത്തിയേക്കാം.

സാംസ്ക്കാരിക നേതാക്കൾ, പ്രകൃതി സ്നേഹികൾ, പരി സ്ഥിതി സംരക്ഷകർ എന്നെല്ലാം അഭിമാനിക്കുന്ന എത്രയോ മാന്യ ന്മാർ നമ്മുടെ ഇടയിലുണ്ട്. മൃഗങ്ങൾ, മരങ്ങൾ, പക്ഷികൾ എന്നി വയെ സംരക്ഷിക്കാൻ അതീവ ജാഗ്രത പുലർത്തുന്ന ഇവർ മനു

---

* നിശബ്ദനിലവിളി (Silent Scream) എന്നത് Dr. Bernard N. Hathanson എന്ന പ്രസിദ്ധ അമേരിക്കൻ ഡോക്ടർ നിർമ്മിച്ച വീഡിയോ ഫിലിമിന്റെ പേരാണ്.

Dr. Bernard യഹൂദനായി ജനിച്ചുവെങ്കിലും ഒരു നിരീശ്വരവാദിയായിരു ന്നു. അമേരിക്കയിൽ ഗർഭച്ഛിദ്രത്തിന് പ്രസിദ്ധമായ ഒരു ആശുപത്രിയുടെ ഡയറക്ടറായിരുന്നു അദ്ദേഹം. കുഞ്ഞിനെ കൊല്ലാനുള്ള ഉപകരണം ഗർഭ പാത്രത്തിൽ ഇറക്കാൻ തുടങ്ങുമ്പോഴേയ്ക്ക് ആ കുഞ്ഞ് പ്രാണര ക്ഷാർത്ഥം ദ്രാവകത്തിൽ ഇളകി മറിഞ്ഞ് രക്ഷപെടാൻ വെപ്രാളം കാട്ടു ന്നത് എപ്പോഴും അദ്ദേഹം സ്ക്രീനിൽ കണ്ടിരുന്നു. ഇത് അറുംകൊല തന്നെയെന്ന് അദ്ദേഹത്തിന്റെ മനഃസാക്ഷി എപ്പോഴും കുറ്റപ്പെ ടുത്തിക്കൊണ്ടിരുന്നു. ഈ മാനസ്സികാഘാതത്തിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി അദ്ദേഹം ആ ജോലി ഉപേക്ഷിച്ചുവെന്നു തന്നെയല്ല 'ജീവൻ രക്ഷാ' പ്രസ്ഥാനത്തിന്റെ (ProLife movement) ഒരു സുശക്ത വക്താവാ യിത്തീരുകയും ചെയ്തു (ഇപ്പോൾ അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ച് കത്തോലിക്കാ സഭയിൽ ചേർന്നുവെന്ന് പത്രവാർത്ത).

www.malankaralibrary.com



ഷ്യന് അത്യാവശ്യമായ ജലസംഭരണ പദ്ധതികളിൽ നിന്നുപോലും സർക്കാരിനെ പിന്തിരിപ്പിക്കാൻ എത്ര പ്രക്ഷോഭങ്ങളും, ആത്മാഹൂതി പോലും നടത്താൻ മടിക്കുന്നില്ല. എന്നാൽ സ്വന്തവംശത്തിൽപ്പെട്ട പതിനായിരക്കണക്കിന് മനുഷ്യശിശുക്കൾ മാതാക്കളുടെ ഉദരത്തിൽ വച്ച് ദിവസേന നശിപ്പിക്കപ്പെടുന്നതിനെപ്പറ്റി ഇവർക്കാർക്കും ഒരു മനഃപ്രയാസവുമില്ല. ഗർഭസ്ഥശിശു പെണ്ണാണെന്നറിഞ്ഞാൽ അതിനെ എത്രയും വേഗം നശിപ്പിക്കാൻ വ്യഗ്രത കാട്ടുന്ന എത്രയോ മാതാക്കൾ ഈ രാജ്യത്തുണ്ട്. 'നൂറു രൂപാ മുടക്കി ലക്ഷങ്ങൾ ലാഭിക്കൂ' എന്നാണ് ഈ ശിശുഹത്യാ വിദഗ്ദ്ധരുടെ മുദ്രവാക്യം!

ഒരു പക്ഷെ ഇപ്രകാരമുള്ള മനുഷ്യന്റെ ക്രൂരകൃത്യങ്ങൾക്കും ലൈംഗിക അരാജക ജീവിതത്തിന്റെ ഭീകരതയ്ക്കും പരിഹാരമായിട്ടായിരിക്കാം മാതാവ് ഈ വിധമുള്ള ഒരു മനോവ്യഥയ്ക്ക് വിധേയയാകാൻ ദൈവം അനുവദിച്ചത്.

ഗർഭധാരണത്തോടെ മാതാവ് സഹിച്ച കഠിനമായ ഈ മനോവ്യഥ തന്റെ കുരിശിന്റെ തുടക്കം മാത്രമായിരുന്നു.

ആണ്ടു വട്ടത്തിലെ ഏറ്റം ശൈത്യമേറിയ സമയത്ത് മാതാവ് പ്രസവിക്കാനിടയായത് വെറും ഒരു യാദൃശ്ചികം മാത്രമാണോ? ദാവീദിന്റെ ഗോത്രത്തിലുൾപ്പെട്ടിരുന്നതിനാൽ അവർ നിർബന്ധമായും ജറുസലേമിൽ വന്ന് പേരെഴുതിക്കണമെന്ന സീസറിന്റെ ഉത്തരവ് നിലനില്ക്കെ, പൂർണ്ണ ഗർഭിണിയുടെ എല്ലാ അവശതകളും പേറിക്കൊണ്ട് അപകടപൂർണ്ണമായ ഒരു ദീർഘയാത്ര മാതാവിന് ചെയ്യേണ്ടി വന്നത് കരുണയുള്ള പിതാവിന് ഒഴിവാക്കാമായിരുന്നില്ലേ? പട്ടണത്തിൽ വന്ന ശേഷവും, മാതാവിന് പ്രസവിക്കാൻ തക്ക സൗകര്യപ്രദമായ ഒരു സ്ഥലം ഒരുക്കാൻ പട്ടണത്തിലെ ഏതെങ്കിലുമൊരു നല്ല മനുഷ്യനെ ദൈവം പ്രേരിപ്പിക്കാഞ്ഞതെന്ത്? ഏതൊരു സ്ത്രീയും ഏറ്റം മുട്ടിപ്പായി ദൈവത്തോട് പ്രാർത്ഥിച്ച് പോകുന്ന ഈ ഘട്ടത്തിൽ മാതാവിന്റെ പ്രാത്ഥന ദൈവം നിരസിച്ചുവോ? നല്ലവനായ ദൈവം മാതാവിനെ ഈ അത്യാവശ്യ മുഹൂർത്തത്തിൽ കെവിട്ടുവോ? എത്ര ദയനീയം! മനു

www.malankaralibrary.com



ഷ്യവർഗ്ഗത്തിന്റെ രക്ഷയെന്ന, മാനവചരിത്രത്തിലെ ഏറ്റം പ്രധാനപ്പെട്ട ഈ മഹൽ സംഭവത്തിന് സ്വമനസ്സാലെ പൂർണ്ണമായി സഹകരിച്ച മാതാവിന് ആദ്യജാതനെ കിടത്താൻ മൃഗങ്ങൾക്കു മാത്രം വാസയോഗ്യമായ ഒരു പുല്ക്കൂടു മാത്രമേ ലഭിച്ചുള്ളുവല്ലോ.

ഇസ്രായേലിന്റെ രാജാവായി നിത്യം വാഴുന്ന രാജാധിരാജന്റെ മാതാവിന് ന്യായമായും ലഭിക്കേണ്ട പദവിയും ആനുകൂല്യങ്ങളും ഒന്നും പ്രതീക്ഷിക്കാതെ, യാതൊരാവലാതിയും പിറുപിറുപ്പും കൂടാതെ, താൻ സഹിക്കേണ്ടി വന്ന കഷ്ടപ്പാടുകളെല്ലാം ദൈവതിരുമനസ്സിന് പൂർണ്ണമായി വിധേയമാക്കി ക്ഷമയോടെ മാതാവ് സഹിച്ചു. ഈ സഹനജീവിതം മാതാവ് തന്റെ ജീവിതാന്ത്യം വരെയും തുടർന്നിരുന്നു.

കരുണാനിധിയായ ദൈവം തന്റെ മാതാവിന്റെ ഏറ്റം അത്യാവശ്യ വേളയിൽ പോലും ഇപ്രകാരമാണ് മാതാവിനോട് പെരുമാറിയതെങ്കിൽ, നമ്മുടെ ചില അത്യാവശ്യങ്ങൾ നമ്മുടെ സമയത്തിന് സാധിച്ചു തന്നില്ലെങ്കിൽ ദൈവത്തോട് നമുക്ക് ആവലാതിപ്പെടാൻ അവകാശമുണ്ടോ?

മറിയം കൃപ നിറഞ്ഞവളും, സ്ത്രീകളിൽ അനുഗ്രഹീതയും, ദൈവത്തിനു ഏറ്റം ഇഷ്ടപ്പെട്ടവളും ആയിരുന്നു. എന്നിട്ടും എല്ലാ ലൗകിക സുഖങ്ങളും സമാശ്വാസവും, ജീവിതകാലം മുഴുവൻ അവൾക്ക് നിഷേധിക്കപ്പെട്ടിരുന്നു.

കുരിശുകൾ വഹിക്കുന്നതിന് മാതാവ് പ്രകടിപ്പിച്ച സഹനശക്തിയും ത്യാഗസന്നദ്ധതയും, സഭയുടെ നെടുംതൂണുകളായിരുന്ന പത്രോസിന്റേയോ പൗലോസിന്റേയോ ത്യാഗത്തെപ്പോലും അതിശയിക്കുന്നതായിരുന്നു.

ദൃശ്യസഭയുടെ അടിസ്ഥാനശിലയും (മത്താ. 16: 18) സഭയിലെ ആടുകളെ മേയിക്കാൻ പ്രത്യേകമായി കർത്താവു തന്നെ നേരിട്ട് നിയോഗിച്ചവനുമായ (യോഹ. 21: 15-17) പത്രോസുപോലും കർത്താവ് തന്റെ ആസന്നമായ കുരിശുമരണത്തെപ്പറ്റി പറഞ്ഞപ്പോൾ ഇടറിപ്പോയി. "കർത്താവേ, ഇതൊരിക്കലും നിനക്കു സംഭ

www.malankaralibrary.com



വിക്കാതിരിക്കട്ടെ" എന്നു പറഞ്ഞപ്പോൾ പത്രോസിനെ കർത്താവ് 'സാത്താനെ' എന്ന് വിളിച്ചു ശാസിക്കുകയായിരുന്നല്ലോ (മത്താ. 16: 22-23). വീണ്ടും, തന്റെ ഗുരുവിനു വേണ്ടി മരിക്കാൻ പോലും തയ്യാറാണെന്ന് തറപ്പിച്ചു പറഞ്ഞ പത്രോസ് ആ രാത്രിയിൽത്തന്നെ മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞു. പത്രോസിന് ഭാവിയിൽ അഭിമുഖീകരിക്കേണ്ടിയിരുന്ന രക്തസാക്ഷിത്വത്തെപ്പറ്റി യേശു മുൻകൂട്ടി സൂചന നല്കിയപ്പോൾ തനിക്ക് അത് അത്ര സ്വീകാര്യമായിരുന്നില്ല, (യോഹ. 21: 18-22). കർത്താവിന്റെ കുരിശിൽ പങ്കുചേരുക എന്നാൽ എന്തെന്ന് ബോധ്യമാകാൻ മറ്റു ശിഷ്യന്മാരോടൊപ്പം പത്രോസിനും പെന്തക്കോസ്താദിനം വരെ കാത്തിരിക്കേണ്ടി വന്നു.

വി. പൗലോസ് എത്ര ശക്തമായ ഭാഷയിലാണ് കുരിശിനെപ്പറ്റി പ്രസംഗിച്ചിട്ടുള്ളത്! "നമ്മുടെ കഷ്ടതകളിൽ നാം അഭിമാനിക്കുന്നു. എന്തെന്നാൽ കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്ന് അറിയുന്നു" (റോമ. 5:3). "അവനൊടൊപ്പം ഒരിക്കൽ മഹത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടു കൂടെ നാം പീഡയനുഭവിക്കുന്നു" (റോമ. 8: 17). കർത്താവിനുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിവന്നതിൽ വി. പൗലോസ് അഭിമാനം കൊള്ളുന്നതായി 2 കൊരി. 11: 23 മുതൽ 33 വരെയുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു. ഇത്രയുമെല്ലാം സഹിച്ചെന്നിരുന്നിട്ടും തന്റെ സഹനശക്തിക്കതീതമായ ഒരു 'മുള്ള്' തനിക്കു നല്കപ്പെട്ടിരുന്നത് നീക്കം ചെയ്തു കിട്ടേണ്ടതിന് കർത്താവിനോട് അദ്ദേഹം മൂന്നുപ്രാവശ്യം അപേക്ഷിച്ചു. എന്നാൽ അത് മാററി ക്കൊടുക്കുന്നതിനു പകരം അവിടുന്നു പൗലോസിനോട് അരുളിചെയ്തു: "നിനക്ക് എന്റെ കൃപമതി"(2 കൊരി. 12:7-10).

എന്നാൽ മാതാവാകട്ടെ, എത്ര ദുഃസ്സഹമായ വ്യഥയിലും ഒരിക്കൽപോലും ദൈവത്തോട് പരാതിപ്പെട്ടതായി നാം കാണുന്നില്ല. വിശ്വാസം, ക്ഷമ, സഹനം എന്നിവ അവയുടെ പാരമ്യത്തിൽത്തന്നെ മാതാവിന്റെ ജീവിതത്തിൽ ദർശിക്കാൻ സാധിക്കും.

www.malankaralibrary.com



കാരണം മാതാവ് ജീവിത കാലം മുഴുവൻ ദൈവകൃപയാൽ നിറഞ്ഞവളായിരുന്നു.

മാതാവിന്റെ ഈ മഹനീയ മാതൃക നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കി, നമുക്കു നേരിടുന്ന ദുഃഖാരിഷ്ടതകളിൽ നിന്നും മോചനം നേടുന്നതിലുമുപരിയായി, കർത്താവ് നമുക്കു ധാരാളമായി തരുന്ന ദൈവകൃപയെ നാം വിലമതിക്കുന്നുണ്ടോ? നാം അത്യാവശ്യവേളകളിൽ കണ്ണുനീരോടെ പ്രാർത്ഥിച്ചിട്ടും നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചു കിട്ടിയില്ലെങ്കിൽ നാം പിറുപിറുക്കുകയും, ദൈവത്തിന്റെ കരുണയെ സംശയിക്കുകയും ചിലപ്പോൾ ദൈവത്തെ ശപിക്കുകപോലും ചെയ്തു പോകയില്ലേ? നാം ശരിക്കും ആത്മശോധന ചെയ്യേണ്ട ഒരു കാര്യമാണിത്.

www.malankaralibrary.com

## അദ്ധ്യായം 20

# വേദസാക്ഷികളുടെ രാജ്ഞി

ദൈവകൃപ നിറഞ്ഞവളായി, ദൈവത്തെത്തന്നെ വഹിച്ചിരുന്ന മാതാവിന്, അവിഹിത ഗർഭധാരണമെന്ന ആരോപണം തന്റെ കുരിശിന്റെ ഒരു തുടക്കം മാത്രമായിരുന്നു.

യഹൂദാചാരപ്രകാരം, തന്റെ വാഗ്ദത്ത ശിശുവിനെ മാതാവ് ദേവാലയത്തിൽ കാഴ്ച വയ്ക്കാനായി കൊണ്ടുചെന്നപ്പോൾ ശിമയോൻ ചെയ്ത പ്രവചനം തന്റെ ഹൃദയത്തെ എത്രമാത്രം വൃണപ്പെടുത്തിയിരിക്കണം! "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും" (ലൂക്ക.2:35). നന്ദിയുടെയും സന്തോഷത്തിന്റെയുമായ ഈ വേളയിൽ ഇത്ര വിചിത്രമായ ഈ ആശംസ ഒരമ്മയ്ക്ക് എത്ര ഹൃദയഭേദകമായിരിക്കും! എന്നാൽ ഈ വാക്കുകൾ, പരിശുദ്ധാത്മാവിനാൽ പ്രേരിതനായി മാതാവിനെ അനുഗ്രഹിച്ചും കൊണ്ട് പറഞ്ഞവയായിരുന്നുവെന്ന് ഓർക്കുക.

തന്റെ പ്രിയപ്പെട്ട മാതാവിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറണമെന്ന് സ്നേഹനിധിയായ ദൈവം തിരുമനസ്സായത് എന്തുകൊണ്ട്? ദൈവിക പദ്ധതി പ്രകാരം ഇത് അനുപേക്ഷണീയമായിരുന്നെങ്കിൽ കൂടെ, തനിക്ക് ഭാവിയിൽ അനുഭവിക്കേണ്ടി വരുന്ന വ്യാകുലതയെപ്പറ്റിയുള്ള ഈ മുന്നറിയിപ്പ് ഇത്ര നേരത്തേ മാതാവിനെ അറിയിക്കണമായിരുന്നോ? ജീവിതത്തിൽ വേറെ യാതൊരു ആശ്വാസവും ലഭിച്ചില്ലെങ്കിലും തന്റെ സർവസ്വവുമായ ഈ കുഞ്ഞ് അഴകും ആരോഗ്യവുമുള്ള ഒരു കോമള കുമാരനായി വളർന്നു വരുന്നത് കാണുമ്പോൾ മാതാവിനു ലഭിക്കാമായിരുന്ന ആ ഏക ആനന്ദം കൂടെ എടുത്തുകളയാനായിരുന്നോ

www.malankaralibrary.com



ഇത്? തന്റെ ഓമന മകന്റെ സുന്ദരവദനത്തിൽ ദൃഷ്ടികൾ പതിയുന്ന ഓരോ നിമിഷവും ശിമയോന്റെ ഈ വാക്കുകൾ മാതാവിന്റെ ഹൃദയത്തിൽ തുളച്ചുകയറുന്ന വാളായിത്തീർന്നിട്ടുണ്ടാകുമെന്നതിൽ സംശയമില്ല.

കിഴക്കുനിന്നു വന്ന മൂന്നു ജ്ഞാനികൾ എന്തിന് ആദ്യം ഹേറോദേസിന്റെ കൊട്ടാരത്തിൽ കയറിച്ചെല്ലാൻ ദൈവം അനുവദിച്ചു? വിദൂരദേശത്തുനിന്നും ബേത്‌ലഹേം വരെ മാർഗ്ഗദർശിയായി നക്ഷത്രത്തെ കൊടുത്ത ദൈവം എന്തുകൊണ്ട് അവരെ നേരിട്ട് കാലിത്തൊഴുത്തിലേക്ക് നയിച്ചില്ല? ഹേറോദേസിന്റെ കൊട്ടാരത്തിലേക്ക് മടങ്ങരുതെന്ന് ദൂതനിലൂടെ കല്പിച്ച ദൈവത്തിന് (മത്താ. 2:12) , വിനാശകരമായ ഈ 'അബദ്ധം' സംഭവിക്കുന്നതിനു മുമ്പേതന്നെ അവർക്കു മുന്നറിയിപ്പ് നല്കാൻ പാടില്ലായിരുന്നോ? നിഷ്ക്കളങ്കരായ നൂറു കണക്കിന് ശിശുക്കളെ കൊല ചെയ്യിക്കാൻ തക്കവണ്ണം ഹേറോദേസിന്റെ ഹൃദയം കഠിനമാക്കാൻ ദൈവം എന്തിന് അനുവദിച്ചു? ശിശുവിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി പ്രാണരക്ഷാർത്ഥം തിരുക്കുടുംബം ഈജിപ്തിലേക്ക് പലായനം ചെയ്യാൻ ആ സംഭവം ഇടയാക്കിയല്ലോ.

മൂന്നു ജ്ഞാനികളുടെ സംഭവത്തിന് ഒരു പ്രവാചക സ്വഭാവം ഉണ്ടായിരിക്കണം. വിജാതീയരായ ഈ പൗരസ്ത്യർക്കു വേണ്ടി ദൈവം അത്ഭുത നക്ഷത്രത്തെ വഴികാട്ടിയായി കൊടുക്കുന്നു. അങ്ങനെ അവരും "ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും" ചെയ്യുന്നു (മത്താ. 2:11). അവർ പൊന്നും മീറയും കുന്തിരിക്കവും കാഴ്ചയർപ്പിച്ചത് വെറും യാദൃച്ഛികമല്ല. ഏശ. 60:6ൽ ആ പ്രവചനം കാണാം. വിവേകാനന്ദ സ്വാമികളുടെ ഗുരുവായിരുന്ന ശ്രീ രാമകൃഷ്ണ പരമഹംസൻ ധ്യാനനിമഗ്നനായിരുന്ന ഒരവസരത്തിൽ ഉണ്ണിയേശുവിനെ കൈകളിൽ വഹിച്ചിരുന്ന മാതാവിനെ ദർശനത്തിൽ കാണുകയും പ്രത്യേകമായ ഒരു അനുഭൂതി അദ്ദേഹം അനുഭവിക്കുകയും ചെയ്തിരുന്നതായി. Fr. J. Kattackal ന്റെ Doctoral Thesis ആയ 'Religion and Ethics in Advita' എന്ന ഗ്രന്ഥത്തിൽ (പുറം 204) രേഖപ്പെടുത്തിയിരിക്കുന്നത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. അതേസമയം ഉണ്ണി ഈശോയുടെ പ്രതീകമായ നിഷ്കളങ്കരായ ഗർഭസ്ഥശിശുക്കളെ വധിക്കുന്ന ഹേറോദേസന്മാർ ക്രിസ്ത്യാ

www.malankaralibrary.com



നികൾ എന്നഭിമാനിക്കുന്നവരുടെയിടയിലും ധാരാളം ഉണ്ടല്ലോ.

ദൈവത്തിന്റെ സ്വന്തം ജനമെന്നഭിമാനിക്കുന്നവരെക്കാൾ വിജാതീയർ കർത്താവിന്റെ രക്ഷ സ്വീകരിക്കുമെന്ന് വി. പൗലോസ് വ്യക്തമായി പറയുന്നു. "നിങ്ങൾ ഇതറിഞ്ഞുകൊള്ളുവിൻ: ദൈവത്തിൽ നിന്നുള്ള ഈ രക്ഷ വിജാതീയരുടെ പക്കലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നു. അവർ അതു കേൾക്കുകയും ചെയ്യും" (അപ്പ. പ്ര. 28:28–29).

സ്വന്ത നാടും വീടും വിട്ട് പ്രാണരക്ഷാർത്ഥം ഈജിപ്തിലേക്കുള്ള പലായനത്തിനുശേഷം മാതാവിന് വ്യഥ അനുഭവപ്പെട്ട വേറൊരുസംഭവം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പന്ത്രണ്ടാമത്തെ വയസ്സിൽ ജറുസലേം ദേവാലയത്തിൽ വച്ച് യേശുവിനെ കാണാതായ സംഭവം. മാതാവിനെയോ വി. യൗസേഫിനെയോ അറിയിക്കാതെ യേശു ദൈവാലയത്തിൽ തങ്ങിയത് എന്തിന്? ഒരുപക്ഷേ പതിനെട്ടു വർഷങ്ങൾക്കു ശേഷം താൻ ലോകത്തിന് നല്കാനിരുന്ന ഉപദേശം ഇപ്പോഴേ സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയതാകാം. "എന്നേക്കാളധികം പിതാവിനേയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല" (മത്താ. 10:37). യഹൂദ പാരമ്പര്യമനുസരിച്ച്, പന്ത്രണ്ട് വയസ്സായ തനിക്ക് പ്രായ പൂർത്തിയായെന്നും, ഇനിയും താൻ പിതാവായ ദൈവത്തിന്റെ ജോലിയിൽ വ്യാപൃതനായിരിക്കേണ്ടതാവശ്യമാണെന്നും (ലൂക്ക. 2:49) മേലിൽ താൻ ഇതുവരെ ആസ്വദിച്ചു പോന്ന സൗഭാഗ്യകരവും ഊഷ്മളവുമായ മാതൃപരിപാലനയിൽ മാത്രം ഒതുങ്ങിക്കൂടാൻ ഉദ്ദേശിക്കുന്നില്ലെന്നും മാതാവിനെ ഓർമ്മിപ്പിക്കുകയായിരുന്നിരിക്കാം. കാരണം എന്തായിരുന്നാലും മൂന്നു ദിനരാത്രങ്ങൾ മാതാവ് എത്രമാത്രം വ്യാകുലത, കാണാതായ തന്റെ മകനെയോർത്ത് അനുഭവിച്ചു കാണുമെന്ന് ഊഹിക്കാമല്ലോ.

ബൈബിളിൽ പ്രത്യേകം പറഞ്ഞിട്ടില്ലെങ്കിലും, കുടുംബത്തിന്റെ ഏക വരുവാനമാർഗ്ഗമായിരുന്ന വി. യൗസേഫിന്റെ മരണം മാതാവിനെ ശിഷ്ടകാലമത്രയും അതീവ ദുഃഖത്തിലും ദാരിദ്ര്യത്തിലും ആഴ്ത്തിക്കാണുമെന്നതിന് സംശയമില്ല. സ്വന്തമായി ഒരു പാർപ്പിടം പോലും അവർക്കില്ലായിരുന്നല്ലോ (മത്താ. 8:20).

മാതാവിനെപ്പറ്റി ബൈബിളിൽ കൊടുത്തിരിക്കുന്ന ചുരുക്കം ചില പരാമർശങ്ങളിൽ നിന്നുപോലും വ്യക്തമാകുന്നത്, തന്റെ

www.malankaralibrary.com



ഇഹലോക ജീവിതത്തിൽ ലൗകിക സുഖങ്ങളൊന്നും തന്നെ അനുഭവിക്കാനിടയാകാതെ കഷ്ടപ്പാടുകളും ദുഃഖങ്ങളും കൊണ്ട് നിറഞ്ഞിരുന്ന ഒരു ജീവിതമായിരുന്നു അവസാനം വരെ താൻ നയിച്ചരുന്നത് എന്നാണ്. എന്നിരുന്നാലും അവളുടെ ഹൃദയം സ്വർഗ്ഗീയാനന്ദം കൊണ്ട് നിറഞ്ഞതായിരുന്നു. കാരണം, താൻ കൈകളിൽ വഹിക്കുകയും തന്റെ മുലപ്പാൽ കുടിച്ചു വളരുകയും ചെയ്ത ആ ശിശു അഖിലാണ്ഡത്തിന്റെ സ്രഷ്ടാവായ ദൈവവും മനുഷ്യരക്ഷയ്ക്കായി വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനുമാണെന്ന് അവൾ ദൃഢമായി വിശ്വസിച്ചിരുന്നു.

ലോകത്തിൽ ഏതെങ്കിലും ഒരു മാതാവിന്, തന്റെ ഏക മകൻ പരസ്യമായി ആക്ഷേപിക്കപ്പെടുന്നതും, വ്യാജമായി കുറ്റങ്ങൾ ആരോപിക്കപ്പെടുന്നതും ശരീരം മുഴുവൻ വികൃതമാകത്തക്ക വിധം മൃഗീയമായി മർദ്ദിക്കപ്പെടുന്നതും, അടിമുതൽ മുടിവരെ മുറിവുകളിൽ നിന്ന് രക്തം ചിന്തുന്നതും, മുഖത്ത് തുപ്പൽ ഏറ്റ് അധിക്ഷേപിക്കപ്പെടുന്നതും എല്ലാവിധ കഠിനപീഡനങ്ങൾക്കും വിധേയനാക്കപ്പെട്ട ശേഷം മുൾമുടി ധരിക്കപ്പെട്ട് ഭാരമേറിയ കുരിശും സ്വയം ചുമന്ന്, അവസാനം നഗ്നനായി കുരിശിൽ തറയ്ക്കപ്പെട്ട് രക്തം വാർന്നൊലിച്ച് മരിക്കുന്നതും കണ്ടു നില്ക്കാൻ സാധിക്കുമോ?

"എന്റെ ദൈവമെ, എന്റെ ദൈവമെ, എന്തുകൊണ്ട് എന്നെ നീ ഉപേക്ഷിച്ചു?" (മത്താ. 27:46) എന്ന തന്റെ ഓമന മകന്റെ കുരിശിൽ കിടന്നുകൊണ്ടുള്ള നിലവിളി ആ മാതൃഹൃദയത്തിൽ തുളച്ചുകയറി എത്രമാത്രം മുറിവേല്പിച്ചിരിക്കും?

തന്റെ ഓമന മകന്റെ ഹൃദയം ഹൃദയശൂന്യനായ ഒരു പടയാളികുന്തം കൊണ്ട് കുത്തിത്തുറക്കുന്നത് സ്വന്തം കണ്ണുകൾകൊണ്ട് കണ്ടപ്പോൾ മതാവിനുണ്ടായിരുന്ന മാനസിക വേദന ആർക്കെങ്കിലും അളക്കാൻ കഴിയുമോ?

തന്റെ വത്സലകുമാരന്റെ മൃതദേഹം കുരിശിൽ നിന്നിറക്കി മടിയിൽകിടത്തി വിലപിക്കുമ്പോൾ ഒന്നല്ല ആയിരം വാളുകൾ ഒരുമിച്ച് ആ മാതൃഹൃദയത്തിൽ തറച്ചിരിക്കുകയില്ലേ?

യേശുവിന്റെ പരസ്യജീവിതകാലത്ത്, വരുവാനിരിക്കുന്ന മിശിഹായാണ് തനെന്ന് ഏറ്റുപറഞ്ഞ് തന്നെ അനുഗമിച്ചിരുന്ന ശിഷ്യ

www.malankaralibrary.com



ഗണം ഇപ്പോൾ എവിടെ? തന്റെ രാജ്യത്തിൽ ഉന്നത സ്ഥാനം വഹിച്ച് ഇടത്തും വലത്തും ഇരിക്കാൻ മോഹിച്ചിരുന്നവർ എവിടെ? (മർക്കോ. 10:37).

"കർത്താവേ, നിന്റെ കൂടെ കാരാഗൃഹത്തിലേക്ക് പോകാനും മരിക്കാൻ തന്നെയും ഞാൻ തയ്യാറാണ്" (ലൂക്കാ. 22:33) എന്നുപറഞ്ഞ ശിഷ്യന്മാരിൽ പ്രധാനിയായ ശിമയോൻ എവിടെ? തന്നെ രാജാവാക്കാൻ ശ്രമിച്ച ആരാധകർ എവിടെ? (യോഹ. 6:14-15).

അവരെല്ലാം, തങ്ങളുടെ നേതാവിന്റെ നിസ്സഹായാവസ്ഥയിൽ സ്ഥലം വിട്ടു. എല്ലാവരാലും പരിത്യക്തനായി, മൃഗീയ മർദ്ദനത്താലും പീഡകളാലും കുരിശുമരണത്താലും വികൃതമായ തന്റെ ഓമന മകന്റെ പൂമേനി നിസ്സഹായയായ ആ മാതാവ് ഏറ്റുവാങ്ങി തന്റെ മടിയിൽ കിടത്തി വിലപിക്കുന്ന കാഴ്ച എത്ര ദയനീയം! എത്ര മർമ്മ ഭേദകം!

കുരിശിൽ തൂക്കപ്പെട്ടവന്റെ അമ്മ എന്നറിയപ്പെടുന്നതു തന്നെ യഹൂദരുടെ ഇടയിൽ ഏറ്റം നിന്ദ്യമായ ഒന്നാണ്. കാരണം, ശപിക്കപ്പെട്ടവന്റെ അമ്മ എന്നാണതിന്റെ അർത്ഥം. "മരത്തിൽ തൂക്കപ്പെട്ടൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ് എന്നെഴുതിയിരിക്കുന്നു" (ഗലാ. 3:13; നിയമാ. 21:23).

വാഗ്ദത്തം ചെയ്യപ്പെട്ട ഇസ്രായേലിന്റെ രാജാവായി നിത്യം വാഴുന്നവന്റെ അമ്മ എന്ന ഉന്നത പദവിയുമായി, താൻ ഇപ്പോൾ സഹിക്കുന്ന ഭയങ്കര പീഡകൾ എങ്ങനെ പൊരുത്തപ്പെടുമെന്ന് മാതാവ് ഒരിക്കൽപ്പോലും സംശയിച്ചില്ല. അവയെല്ലാം ക്ഷമയോടെ സഹിച്ച്, തന്റെ രക്ഷകനും മകനുമായ യേശുവിനെ ജീവിതാന്ത്യം വരെയും അനുകരിച്ച് ജീവിച്ചു.

ഇപ്രകാരം മാതാവിനെപ്പോലെ യേശുവിനെ അനുകരിച്ച് ജീവിക്കുന്നതിൽ നാം എത്ര ദയനീയമായി പരാജയപ്പെട്ടുവെന്ന് ശരിയായ ആത്മശോധനയിലൂടെ നമുക്കു വ്യക്തമാകും. ജീവിതക്ലേശങ്ങളാൽ വലയുമ്പോഴും, വിമർശിക്കപ്പെടുമ്പോഴും, അന്യായമായ കുറ്റാരോപണങ്ങൾക്ക് വിധേയരാകുമ്പോഴും, അകാരണമായി അപമാനിതരാകുമ്പോഴും, മറ്റുള്ളവർ ചെയ്തകുറ്റങ്ങൾക്ക് ഉത്തരം പറയേണ്ടതായി വരുമ്പോഴും എല്ലാം, നാം മാതാവിനെപ്പോലെ ക്ഷമാപൂർവ്വം കർത്താവിനെ അനുകരിക്കുന്നുണ്ടോ?

www.malankaralibrary.com



"ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല" (മത്താ.10:24). നമ്മുടെ വ്യർത്ഥാഭിമാനത്തെ വൃണപ്പെടുത്തുന്നതോ ക്ഷോഭിപ്പിക്കുന്നതോ ആയ ഏറ്റം നിസ്സാരമായ ഒരു വാക്കോ പെരുമാറ്റമോ പോലും മതി നമ്മെ ഭ്രാന്തുപിടിപ്പിക്കാൻ. സ്നേഹം, ക്ഷമ, എളിമ തുടങ്ങിയ പുണ്യങ്ങൾ നമുക്ക് അന്യമാകുന്ന അവസരങ്ങളാണത്. ഈ പുണ്യാഭ്യസനത്തിന്റെ അഭാവത്തിൽ ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടാൻ തന്നെ നമുക്ക് അർഹതയുണ്ടോ? ഏറ്റം ഹൃദയഭേദകമായ അനുഭവങ്ങൾക്കുപോലും, വിധേയരാകുന്നവർക്ക് മാതാവ് ഉത്തമ മാതൃകയാണ്; രക്തം ചീന്താതെ തന്നെ ഏറ്റം വലിയ രക്തസാക്ഷിയായവൾ.

യേശുക്രിസ്തുവിന്റെ പീഡകളോടു ചേർത്തു മാതാവിന്റെ വ്യാകുലതകളും ധ്യാനിക്കാൻ പരിശുദ്ധാത്മാവ് നമുക്ക് കൃപാവരം തരട്ടെ.

www.malankaralibrary.com

## അദ്ധ്യായം 21

# പ്രവാചകന്മാരുടെ രാജ്ഞി

നമ്മുടെ കർത്താവിന്റെ അതിദാരുണമായ ഈ കുരിശുമരണം ശോകപര്യവസായിയായ ഒരു സംഭവമായിരുന്നുവോ? ഒരിക്കലുമല്ല. എങ്കിൽ മാതാവ് 'സ്ത്രീകളിൽ അനുഗ്രഹീത' (ലൂക്ക 1:28) യാകുമായിരുന്നില്ല.

മൂപ്പത്തിമൂന്നു വർഷങ്ങൾക്കു മുമ്പ് ദൈവദൂതൻ മാതാവിനോടു പറഞ്ഞവാക്കുകൾ വീണ്ടും ഓർക്കുക. "ദൂതൻ അവളോടു പറഞ്ഞു. മറിയമെ, നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു; നീ അവനെ യേശു എന്നു പേരിടണം. അവൻ വലിയവനായിരക്കും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല" (ലൂക്ക. 1: 32-33).

രക്ഷകന്റെ ആഗമനം കാലാകാലങ്ങളിൽ പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തിയതിന്റെ പൂർത്തീകരണമായിരുന്നു ഇത്.

"എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്വവും രാജത്വവും അവനു നല്കി. അവന്റെ ആധിപത്യം ശാശ്വതമാണ്; അത് ഒരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്" (ദാനി. 7:14).

"ആകാശത്തിൻ കീഴുള്ള സകല രാജ്യങ്ങളുടെയും രാജത്വവും

www.malankaralibrary.com



ആധിപത്യവും മഹത്വവും അത്യുന്നതന്റെ പരിശുദ്ധന്മാർക്ക് നല്കപ്പെടും അവരുടെ രാജ്യം ശാശ്വതമാണ്. എല്ലാ ആധിപത്യങ്ങളും. അവരെ സേവിക്കുകയും അനുസരിക്കുകയും ചെയ്യും" (ദാനി. 7.27).

"മുടന്തന്മാരെ ഞാൻ എന്റെ അവശേഷിച്ച ജനമാക്കും ബഹിഷ്കൃതരെ പ്രബല ജനതയാക്കും, അന്നു മുതൽ എന്നേക്കും സിയോൻ മലയിൽ കർത്താവ് അവരുടെ മേൽ വാഴും" (മിക്കാ. 4:7).

"ബേത്‌ലെഹെം-എഫ്രത്താ, യുദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്ന് പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കു മുമ്പേ ഉള്ളവനാണ്" (മിക്കാ. 5:2).

"കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും" (മത്താ. 1:23; എശ. 7:14).

ഈ പ്രവചനങ്ങളെല്ലാം തന്റെ ദിവ്യമാതൃത്വത്തിൽ നിറവേറിയെന്ന് പൂർണ്ണമായി വിശ്വസിച്ചിരുന്ന മാതാവിന്, തന്റെ അരുമ മകന്റെ ശോകപര്യവസായിയായ ഈ അന്ത്യം എത്രവലിയ മാനസികാഘാതം ഏൽപ്പിച്ചിരിക്കും! ഇപ്രകാരമുള്ള ഒരു ദാരുണമായ അന്ത്യത്തിനായിരുന്നോ തന്റെ വാഗ്ദത്ത പുത്രൻ ജനിച്ചത്? ലോകരക്ഷകനായ ഈ പുത്രന് ജന്മമേകുകവഴി താൻ "സ്ത്രീകളിൽ അനുഗ്രഹീത" (ലൂക്ക. 1:28)എന്നു മാലാഖ പ്രഘോഷിച്ചതിന്റെ അർത്ഥം എന്ത്?

തന്റെ സർവസ്വവുമായിരുന്ന പ്രിയ പുത്രന്റെ 'നിർഭാഗ്യ' മരണം മനുഷ്യ വർഗ്ഗത്തെ മുഴുവൻ ഏറ്റം നിർഭാഗ്യകരമായ നിത്യ മരണത്തിൽ നിന്നും രക്ഷിക്കാൻ വേണ്ടിയായിരുന്നു. ഈ 'നിർഭാഗ്യ' മരണം സാത്താന്റെ തല ചതച്ചു; പറുദീസായിൽനിന്ന് പുറത്താക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന് വീണ്ടും അവിടെ പ്രവേശനം ലഭിച്ചു. ലോകദൃഷ്ട്യാ ഒരു വലിയ പരാജയമായിരുന്ന ഈ സംഭവം സാത്താന്റെ മേലുള്ള നിർണ്ണായക വിജയമായിരുന്നു.

രക്ഷകന്റെ ഈ ദാരുണ മരണം മൂലം, നമുക്കു നഷ്ടമായി

www.malankaralibrary.com



രുന്ന ദൈവിക ജീവൻ വീണ്ടും ലഭിച്ചു. ലോകദൃഷ്ട്യാ മാതാവിന് തന്റെ ഏകമകൻ നഷ്ടപ്പെട്ടപ്പോൾ മനുഷ്യവർഗ്ഗത്തിനു മുഴുവൻ നഷ്ടപ്പെട്ടുപോയിരുന്ന ദൈവിക ബന്ധം പുനഃസ്ഥാപിക്കപ്പെട്ട് വീണ്ടും ദൈവിക ജീവനിൽ പങ്കുചേരാനുള്ള മഹാഭാഗ്യം നമുക്കു ലഭിച്ചു.

ഈ ദൈവമനുഷ്യബന്ധത്തെ, ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധം പോലെയോ, മുന്തിരിച്ചെടിയും വള്ളിയും പോലെയോ, ശിരസ്സും ശരീരവും പോലെയോ അഭേദ്യവും സുദൃഢവുമായി മനസ്സിലാക്കണം. തീർച്ചയായും ഇത് മനുഷ്യന് പ്രതീക്ഷിക്കാവുന്നതിലും, ചിന്തിക്കാവുന്നതിലും അപ്പുറമായ ഒരു സൗഭാഗ്യാവസ്ഥ.തന്നെ. പഴയ നിയമകാലത്ത് ദൈവവും മനുഷ്യനുമായി ഇത്ര സുദൃഢവും ഊഷ്മളവുമായ ഒരു ബന്ധത്തെപ്പറ്റി ചിന്തിക്കാനേ സാധ്യമല്ലായിരുന്നു.

മനുഷ്യബുദ്ധിക്കതീതമായ ഈ ദൈവ മനുഷ്യ ബന്ധം-ദൈവിക ജീവനിലുള്ള പങ്കുചേരൽ -രണ്ടു വ്യക്തികൾ തമ്മിലുള്ള വെറും വൈകാരികമായ കേവല യോജിപ്പല്ല. രണ്ടുവ്യക്തികൾ ഒന്നായിത്തീരുകയും അതേസമയം അവരുടെ അസ്തിത്വവും വ്യക്തിത്വവും നഷ്ടപ്പെടാതെയുമിരിക്കുന്ന ഒരു സ്വഭാവാതീത (Supernatural) യോജിപ്പാണിത്. ഇപ്രകാരമുള്ള യോജിപ്പിൽ മനുഷ്യൻ ദൈവത്തിന്റെ ദിവ്യത്വത്തിൽ പങ്കുചേരുന്നു. ഇതാണ് രക്ഷ. ബലഹീനരും, പാപികളുമായ നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ ഒരുക്കിയിരിക്കുന്ന, "കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്ത" (1 കൊരി. 2:9) ഈ നിത്യാനന്ദം അനുഭവിപ്പാൻ യോഗ്യത ലഭിച്ചിരിക്കുന്നു എന്നത് തീർച്ചയായും "സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത" (ലൂക്ക. 2:10) തന്നെയാണ്.

"കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്ക. 1:45). പരിശുദ്ധാത്മാവിനാൽ പ്രേരിതയായി മാതാവിന്റെ വലിയ വിശ്വാസത്തെപ്പറ്റി എലിസബേത്ത് പ്രകീർത്തിച്ചത് എത്ര അന്വർത്ഥം! മാതാവിന്റെ വിശ്വാസം കർത്താ

www.malankaralibrary.com



വിന്റെ ശിഷ്യന്മാരുടെയോ അബ്രഹാമിന്റെയോ പോലും വിശ്വാസത്തെക്കാൾ വലുതായിരുന്നു.

തന്റെ ഏകമകനെ ബലികഴിക്കാൻ സന്നദ്ധനായ അബ്രാഹാമിന്റെ വിശ്വാസത്തിനും അനുസരണത്തിനും പ്രതിഫലമായി ദൈവം അബ്രഹാമിനെ അനേകം ജനതകളുടെ പിതാവായി ഉയർത്തി (ഉല്പ. 17:4; റോമ. 4:17). വാർദ്ധക്യത്തിൽ തനിക്കു ലഭിച്ച വാഗ്ദാന പുത്രനായ ഏകമകനെ ബലികഴിക്കാനൊരുങ്ങുക വഴി അബ്രഹാം തന്റെ വലിയ വിശ്വാസം പ്രവർത്തിയിലൂടെ തെളിയിച്ചു. എങ്കിലും ഇസ്ഹാക്കിനെ ബലികഴിക്കാൻ അനുവദിക്കാതെ അവന്റെ ജീവനെ ദൈവം രക്ഷിച്ചു. എന്നാൽ മാതാവിന്റെ കാര്യത്തിൽ, തന്റെ വാഗ്ദത്ത പുത്രൻ ഏറ്റം നിന്ദ്യമായ രീതിയിൽ ശത്രുക്കളാൽ ബലികഴിക്കപ്പെടുക തന്നെ ചെയ്തു. ജീവൻ വെടിഞ്ഞ തന്റെ തിരുക്കുമാരന്റെ മൃതശരീരം മടിയിൽ വച്ച് തലോടി വിലപിക്കുമ്പോഴും മാതാവ് തന്റെ വിശ്വാസം കൈവെടിഞ്ഞില്ല. അപ്പോഴും ഇസ്രായേലിന്റെ രക്ഷകനും ദാവീദിന്റെ സിംഹാസനത്തിൽ നിത്യംവാഴുന്ന വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനും രാജാവുമാണ് തന്റെ മകൻ എന്ന മാതാവിന്റെ വിശ്വാസ്ത്തിന് ഭംഗം വന്നില്ല.

വിശ്വാസംമൂലം അബ്രഹാമിനെ ദൈവം അനേകം ജനതകളുടെ പിതാവായി ഉയർത്തിയെങ്കിൽ, മാതാവിനെ അതിലും വലിയ പദവിയിൽ – മാനവകുലത്തിന്റെ മുഴുവൻ മാതാവായി – ഉയർത്തി. സാർവത്രികമായി മാതാവിനു ലഭിച്ചിരിക്കുന്ന അംഗീകാരം തന്നെ ഈ സത്യം വിളിച്ചറിയിക്കുന്നു. ക്രിസ്ത്യാനികൾ മാത്രമല്ല, ഹിന്ദുക്കളും മുസ്ലീംങ്ങളും, എന്നല്ല ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാ നല്ല മനുഷ്യരും മാതാവിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. "ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും" (ലൂക്ക. 1:48) എന്ന പ്രവചനം നിറവേറിക്കൊണ്ടിരിക്കുന്നു.

മാതാവിന്റെ ഈ പ്രവചനത്തോടൊപ്പം ഏദൻ തോട്ടത്തിൽ വച്ച് ദൈവം മുൻകൂട്ടി അരുളിച്ചെയ്ത കാര്യവും സ്മരിക്കേണ്ടതു

www.malankaralibrary.com



ണ്ട്.

"ദൈവമായ കർത്താവ് സർപ്പത്തോടു പറഞ്ഞു..................... നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും.............." (ഉല്പ. 3:15). ഈ വാക്യത്തിൽ നിന്നും ഒരു കാര്യം ന്യായമായും ഗ്രഹിക്കാം.

പിശാചിനും അവന്റെ സന്തതിക്കും യേശുവിനോടുള്ള ശത്രുത പോലെ തന്നെയാണ് 'സ്ത്രീ' യോടുള്ള ശത്രുതയെയും ദൈവം കണക്കാക്കിയിരിക്കുന്നത്. അതിനാൽ മാതാവിനെ അവഹേളിക്കയോ, ദൈവം അവൾക്കു കൊടുത്ത ബഹുമാനം അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്നവരെയും "സർപ്പത്തിന്റെ സന്തതി" എന്നാണല്ലോ ദൈവം തന്നെ വിശേഷിപ്പിച്ചിരിക്കുന്നത്.

ക്രിസ്ത്യനികൾ എന്നഭിമാനിക്കുന്ന ചിലർ, ദൈവം മാതാവിനു നല്കിയ ഉന്നത സ്ഥാനം അംഗീകരിക്കാതിരിക്കുന്നതിന്റെ അനൗചിത്യം ഇപ്പോൾ വ്യക്തമാണല്ലോ.

www.malankaralibrary.com

## അദ്ധ്യായം 22

# ഇതാ നിന്റെ അമ്മ

നേരത്തേ സൂചിപ്പിച്ചിരുന്നതുപോലെ, മാതാവിന്റെ വിശ്വാസം അപ്പസ്തോലന്മാരുടെ വിശ്വാസത്തെക്കാളും വലുതായിരുന്നു. ശത്രുക്കൾ കർത്താവിനെ ബന്ധനസ്ഥനാക്കിയെന്നറിഞ്ഞപ്പോഴേക്കും ശിഷ്യന്മാരെല്ലാം തങ്ങളുടെ ഗുരുവിനെ വിട്ട് ഓടിപ്പോയി. ഗുരുവിന്റെ മരണത്തോടെ എല്ലാം അവസാനിച്ചുവെന്ന് അവർ കരുതി.

കർത്താവു ജീവിച്ചിരുന്നപ്പോൾ, താൻ വരുവാനിരിക്കുന്ന മിശിഹായാണെന്ന് ഏറ്റുപറഞ്ഞ ശിഷ്യന്മാർ, കർത്താവു മരിച്ചെന്നറിഞ്ഞശേഷം അതു വിശ്വസിച്ചില്ല. "ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു." (ലൂക്ക. 24:21) എന്ന് അവർ വിലപിച്ചു.

യേശു പാറയെന്ന് മറുപേർ വിളിച്ച് ഭൂമിയിലെ തന്റെ സഭയെ ഈ പാറമേൽ പണിയും (മത്താ. 16:18) എന്ന് ആരോടു പറഞ്ഞുവോ ആ പത്രോസ് ഒരു പരിചാരികയുടെ ആരോപണം കേട്ട് പരിഭ്രമിച്ച് ഗുരുവിനെ ആണയിട്ട് തള്ളിപ്പറഞ്ഞു. (ലൂക്ക. 22:57). "കർത്തേവേ, നിന്റെകൂടെ കാരാഗ്രഹത്തിലേക്കു പോകാനും, മരിക്കാൻ തന്നെയും തയ്യാറാണ്" (ലൂക്ക.22:33) എന്നും "എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല" (മർക്കോ. 14:29) എന്നും പറഞ്ഞ വ്യക്തിയാണ് പത്രോസ് എന്നോർക്കുക.

"നമുക്കും അവനോടൊപ്പം മരിക്കാം" (യോഹ. 11:16) എന്നു

www.malankaralibrary.com



പറയത്തക്ക വണ്ണം തന്റെ ഗുരുവിൽ വിശ്വാസം പുലർത്തിയിരുന്ന തോമസ്സ്, ഉയിർത്തെഴുന്നേറ്റ കർത്താവിനെ തങ്ങൾ കണ്ടുവെന്ന് മറ്റു ശിഷ്യർ സാക്ഷ്യപ്പെടുത്തിയിട്ടും, "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരലുകൾ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (യോഹ 20:25) എന്നാണല്ലോ പറഞ്ഞത്.

"തനിക്ക് ജറുസലേമിൽ പോകേണ്ടിയിരിക്കുന്നു വെന്നും, ശ്രേഷ്ഠന്മാരിൽ നിന്നും പ്രധാന പുരോഹിതന്മാരിൽ നിന്നും നിയമജ്ഞരിൽ നിന്നും വളരെയേറെ സഹക്കേണ്ടി വരുമെന്നും, താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാംദിവസം ഉയിർപ്പിക്കപ്പെടുമെന്നും" (മത്താ. 16:21) യേശു തന്റെ ശിഷ്യന്മാരോട് വ്യക്തമായി പറഞ്ഞിട്ടുള്ളതായിരുന്നു. എന്നാൽ അക്കാര്യമെല്ലാം എത്രവേഗം അവർ മറന്നു! തങ്ങളുടെ ഗുരുവിന്റെ ദാരുണ മരണത്തിനുശേഷം പത്രോസുൾപ്പെടെ പല ശിഷ്യരും അവരുടെ പഴയ ഉപജീവന മാർഗ്ഗമായിരുന്ന മീൻപിടിത്തത്തിന് വീണ്ടും പോയി (യോഹ. 21:3).

ഈ ശിഷ്യന്മാരെല്ലാ വരും മൂന്നു വർഷങ്ങളായി തങ്ങളുടെ ഗുരുവിനെ അനുഗമിക്കുന്നു. യേശു ചെയ്ത നിരവധി അത്ഭുതങ്ങൾക്ക് അവർ സാക്ഷികളായിരുന്നു. ദൈവ രാജ്യത്തെപ്പറ്റി പൊതുവിൽ ജനങ്ങളോട് യേശു പ്രസംഗിച്ചതിനു പുറമെ കൂടുതൽ വ്യക്തമായി ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ ഗ്രഹിക്കാൻ വേണ്ടി ശിഷ്യരെ പ്രത്യേകം പഠിപ്പിക്കുക കൂടി ചെയ്തിരുന്നു. എന്നാൽ യേശുവിന്റെ മരണത്തോടെ അതെല്ലാം മറന്നു. ശിഷ്യന്മാർക്കാർക്കും തന്നെ ആഴത്തിലുള്ള വിശ്വാസം ഉണ്ടായിരുന്നില്ല എന്നു ചുരുക്കം.

എന്നാൽ മാതാവാകട്ടെ മൂപ്പത്തിമൂന്നു വർഷങ്ങൾക്ക് മുമ്പ് ദൈവം ദൂതനിലൂടെ അറിയിച്ച വാക്കുകൾ പൂർണ്ണമായി വിശ്വസിച്ചു. തന്റെ അരുമ മകന്റെ അതിദാരുണമായ കുരിശുമരണത്തിൽ പോലും ആ വിശ്വാസം മാതാവ് കൈവെടിഞ്ഞില്ല.

പ്രപഞ്ച സൃഷ്ടി ദൈവത്തിന്റെ മഹത്വത്തെ വിളിച്ചറിയിക്കു

www.malankaralibrary.com



ന്നു. അത് എത്ര മനോഹരമെന്ന് വി. ഗ്രന്ഥവും, എത്ര സങ്കീർണ്ണമെന്ന് ശാസ്ത്രവും നമ്മെ പഠിപ്പിക്കുന്നു. എന്നാൽ സൃഷ്ടികർമ്മത്തെക്കാൾ മഹനീയമായ മനുഷ്യരക്ഷാകർമ്മം നിർവഹിക്കപ്പെടുന്ന ഏറ്റം നിർണ്ണായകമായ വേളയിൽ യേശു കുരിശിൽ കിടന്നുകൊണ്ട് ഉച്ചരിച്ച ഓരോ വാക്കും മനുഷ്യരക്ഷയ്ക്കുള്ള വിലയേറിയ സന്ദേശമാണ്. കുരിശിൽ യേശു നിർവഹിച്ച സ്വയം യാഗാർപ്പണത്തെപ്പോലെ തന്നെ രക്ഷാകരപ്രക്രിയയുടെ ഒരു ഭാഗം തന്നെയാണ് കുരിശിൽ കിടന്നുകൊണ്ട് യേശുഉച്ചരിച്ച ഓരോ വാക്കും. വി. ഗ്രന്ഥത്തിൽ അവ രേഖപ്പെടുത്തിയിരിക്കുന്നത് നമ്മുടെ രക്ഷയ്ക്ക് ഉതകാൻ വേണ്ടിയാണ്. നിസ്സാരമൊ അപ്രധാനമൊ ആയി അവയെ തള്ളിക്കളയാൻ പറ്റുകയില്ല.

യേശുവിന്റെ അന്ത്യ അഭിലാഷങ്ങളിൽ ഒന്ന് തന്റെ മാതാവിനെ മനുഷ്യകുലത്തിന്റെ മുഴുവൻ മാതാവായി നമുക്ക് തരുക എന്നതായിരുന്നു. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ അമ്മ, ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളായ സഭാംഗങ്ങളുടെയും അമ്മയായിരിക്കുമെന്നത് സ്വാഭാവികം മാത്രമാണല്ലോ. മനുഷ്യരക്ഷ നിർവഹിക്കുന്ന ഈ സുപ്രധാന വേളയിൽത്തന്നെ കർത്താവ് അത് പ്രഖ്യാപിച്ചുവെന്നത് നമ്മുടെ ധ്യാനവിഷയമാകേണ്ടതാണ്.

രക്ഷാകരമായ കുരിശുമരണത്തിനു സാക്ഷ്യം വഹിക്കാൻ ശിഷ്യന്മാരിൽ യോഹന്നാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. യോഹന്നാനോട്, “ഇതാ നിന്റെ അമ്മ” (യോഹ. 19:27) എന്നു പറയുമ്പോൾ അത് മാതാവിന്റെ ഭൗമികാവശ്യങ്ങൾ നിറവേറ്റാൻ യോഹന്നാനെ ഏൽപ്പിക്കുന്ന ഒരു വ്യക്തിപരമായ കാര്യംമാത്രമായിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ, തനിക്ക് സംഭവിക്കാൻ പോകുന്നത് എന്തെന്ന് വ്യക്തമായി അറിയാമായിരുന്ന യേശു അതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമായിരുന്നു. അത്തരം കാര്യങ്ങളൊന്നും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുള്ള യാഗാർപ്പണം നടത്തുന്ന ഈ മഹനീയ വേളയിലേക്ക് മാറ്റിവയ്ക്കുകയില്ല.

www.malankaralibrary.com



കുരിശു മരണ വേളയിൽ അവിടെ സംഭവിച്ചതോ യേശു പറഞ്ഞതോ ആയ കാര്യങ്ങൾ ഒന്നും തന്നെ യാദൃച്ഛികമല്ല. കുരിശിന്മേൽ യേശുവിന്റെ ശിരസ്സിനുമീതെ "ഇവൻ യഹൂദന്മാരുടെ രാജാവായ യേശുവാണ്" (മത്താ. 27:37) എന്ന് എഴുതിവച്ചത്, തന്നെ അധിക്ഷേപിക്കാൻ വേണ്ടിയായിരുന്നെങ്കിലും, പരമാർത്ഥത്തിൽ, സഹന സഭയെ കർത്താവ് ഭരിക്കുന്ന സിംഹാസനം തന്നെയാണ് കാൽവരിയിലെ കുരിശ്. സാത്താന്റെയും, ലോകത്തിന്റെയും, പാപമാകുന്ന മരണത്തിന്റെയും മേൽ അന്തിമവും നിർണ്ണായകവുമായ വിജയം വരിച്ചതിനാൽ പിതാവായ ദൈവം പുത്രനെ ഈ സിംഹാസനത്തിൽ മഹത്വപ്പെടുത്തുന്ന അനർഘ നിമിഷത്തിലാണ്, 'ഇതാ നിന്റെ അമ്മ' എന്ന് യേശു യോഹന്നാനോട് പറയുന്നത് എന്നോർക്കണം.

തന്റെ കുരിശുമരണത്തിലൂടെയാണ് പിതാവ് പുത്രനെ മഹത്വീകരിക്കുന്നതെന്ന് യേശു നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. "ഇപ്പോൾ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും" (യോഹ. 12:32).

വീണ്ടും, കുരിശുമരണത്തിനു തൊട്ടുമുമ്പ് യേശു പറഞ്ഞു: "ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു. ദൈവം അവനിൽ മഹത്വപ്പെട്ടുവെങ്കിൽ ദൈവം അവനെ തന്നിൽ മഹത്വപ്പെടുത്തും; ഉടനെ തന്നെ മഹത്വപ്പെടുത്തും" (യോഹ. 13:31-32).

കുരിശിൽ രക്ഷകൻ രക്ഷാകർമ്മം പൂർത്തീകരിക്കുന്നു. പ. മറിയം ആ രക്ഷാകർമ്മത്തിനു സാക്ഷ്യം വഹിക്കുക മാത്രമായിരുന്നില്ല. പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരം, തന്റെ ശരീരമായ സഭയിലുള്ള അതുല്യസ്ഥാനം കുരിശിന്റെ രക്ഷ അനുഭവിക്കുന്ന ഏവരുടെയും മാതാവായിരിക്കുക എന്ന ഏറ്റം മഹനീയ സ്ഥാനം—മാതാവിന് നല്കുക കൂടിയായിരുന്നു. കുരിശിൻ ചുവട്ടിൽ സന്നിഹിതനായിരുന്ന ഏക ശിഷ്യനിലൂടെ കർത്താവ് ആ കർമ്മം നിർവഹിച്ചു.

www.malankaralibrary.com



ബേത്‌ലെഹേമിൽ വച്ച് പിതാവായ ദൈവം പരിശുദ്ധ മറിയത്തെ സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മാതാവാക്കി. കാൽവരിയിൽ വച്ച് പുത്രനായ ദൈവം തന്റെ മാതാവിനെ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ മാതാവായി അവരോധിച്ചു. സെഹിയോൻ മാളികയിൽ വച്ച് പരിശുദ്ധാത്മാവായ ദൈവം മാതാവിന്റെ സഭാമാതൃത്വം സ്ഥിരീകരിച്ചു. സഭയുടെ ഉത്ഭവം പെന്തക്കുസ്താ ദിനമായിരുന്നല്ലോ. അന്ന് മാതാവ് ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കു ജന്മമേകി.

പിതാവിന്റെ ആകസ്മികമായ വേർപാടിൽ മക്കൾ മാതാവിനുചുറ്റും കൂടുന്നതുപോലെ ശിഷ്യന്മാർ സെഹിയോൻ മാളികയിൽ മാതാവിനു ചുറ്റും ഒരുമിച്ചുകൂടി ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകി പരിശുദ്ധാരൂപിയുടെ ആഗമനം പ്രതീക്ഷിച്ച് കാത്തിരുന്നതും അവർ പരിശുദ്ധാഭിഷേകം പ്രാപിച്ചതോടെ സഭയുടെ ഉത്ഭവവും പത്രോസിന്റെ നേതൃത്വത്തിലുള്ള സഭയുടെ പ്രവർത്തനങ്ങളുമെല്ലാം അപ്പസ്തോല പ്രവർത്തനങ്ങൾ ഒന്നുമുതൽ അഞ്ചുവരെയുള്ള അധ്യായങ്ങളിൽ നാം വായിക്കുന്നു.

ഭൂമിയിലെ ദൈവരാജ്യമാകുന്ന സഭയ്ക്ക് മാതൃത്വം നല്കാൻ പെന്തക്കുസ്താ ദിനത്തിൽ മാതാവ് സന്നിഹിതനായിരുന്നത് ഒരു യാദൃച്ഛിക സംഭവമല്ല. കാരണം സഭയുടെ മാതൃത്വം മാതാവിന് ദൈവം മുൻകൂട്ടി നിശ്ചയിച്ചതായിരുന്നു. ദൈവരാജ്യത്തിന്റെ പരസ്യശുശ്രൂഷ കർത്താവ് തുടങ്ങുന്നതു തന്നെ മാതാവിന്റെ മധ്യസ്ഥതയിൽ നിർവഹിച്ച ആദ്യത്തെ അത്ഭുതത്തോടെയായിരുന്നു.

യേശു തന്റെ ജീവിതകാലത്ത് മറ്റു പല വിവാഹചടങ്ങുകളിലും സംബന്ധിച്ചിട്ടുണ്ടാകും. എന്നാൽ കാനായിലെ കല്യാണസംഭവം ബൈബിളിൽ പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നത് അവിടെ നടത്തിയ അതിശയത്തിലൂടെ യേശു നമുക്കു തരുന്ന സന്ദേശം വെളിപ്പെടുത്താൻ വേണ്ടിയാണ്.

നമ്മുടെ കർത്താവ് ദൈവരാജ്യം പ്രഘോഷിക്കുന്നതിന്റെ തുടക്കവും, സഭയുടെ തൂണുകളായ ആദ്യശിഷ്യന്മാർ യേശുവിൽ വിശ്വസിക്കുന്നതും കാനായിലെ കല്യാണത്തിന് മാതാവിന്റെ മധ്യ

www.malankaralibrary.com



സ്ഥതയാൽ യേശു പ്രവർത്തിച്ച ആദ്യത്തെ അത്ഭുതത്തോടെയാണ്. "യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (യോഹ. 2:11).

വി. യോഹന്നാൻ ആ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു.

"മൂന്നാം ദിവസം ഗലീലയിൽ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നു പോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല. യേശു അവളോടു പറഞ്ഞു: "സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല" (യോഹ. 2:1-4).

യേശു മാതാവിനോടു പറഞ്ഞ ഈ വാക്കുകൾ ചിലർ ദുർവ്യാഖ്യാനം ചെയ്യുന്നത് യേശു മാതാവിനെ ശകാരിച്ചതായിട്ടാണ്. അങ്ങനെയെങ്കിൽ തുടർന്ന് വരുന്ന വാക്യവുമായി അത് എങ്ങനെ പൊരുത്തപപ്പെടും?

"അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടുപറയുന്നതു ചെയ്യുവിൻ" (വാക്യം 5).

തന്റെ 'സമയം' ഇനിയും ആയിട്ടില്ലെങ്കിലും, മാതാവിന്റെ മധ്യസ്ഥതയെ മാനിച്ച് അവിടുന്നു ഈ അത്ഭുതം പ്രവർത്തിച്ചു എന്നു ധരിച്ചെങ്കിലെ ഈ വാചകവുമായി ആശയപ്പൊരുത്തം ഉണ്ടാകയുള്ളൂ. ഇന്നും മാതാവിന് നമ്മോടു പറയാനുള്ളത് ഈ ഉപദേശമാണ്, "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ."

'എന്റെ സമയം ഇനിയും ആയിട്ടില്ല' എന്നു യേശു പറഞ്ഞത് മാതാവു വഹിച്ച മധ്യസ്ഥതയ്ക്കെതിരായിട്ടായിരുന്നില്ല എന്ന് വ്യക്തം. കർത്താവ് ഇപ്രകാരം പറയുവാൻ കാരണമുണ്ട്. മാനവകുലത്തിന്റെ മുഴുവൻ മധ്യസ്ഥയും മാതാവുമായി താൻ 'സമയ' മാകുമ്പോൾ തന്റെ മാതാവിനെ അവരോധിക്കും എന്ന് സൂചിപ്പിക്കുകയായിരുന്നു. 'സമയം' രക്ഷയുടെ സമയമായ കുരിശുമരണ

www.malankaralibrary.com



സമയമാണ്. അപ്പോൾ കുരിശിൽ കിടന്നു യോഹന്നാനോട് 'ഇതാ നിന്റെ അമ്മ' എന്നു പറഞ്ഞു. ആധ്യാത്മീക തലത്തിലുള്ള ഈ മാതൃപുത്രബന്ധം ഒന്നുകൂടി വ്യക്തമാക്കാൻ മാതാവിനോട് 'ഇതാ നിന്റെ മകൻ' എന്നുകൂടി പറഞ്ഞു. സഭയെ പ്രതിനിധീകരിക്കാൻ അവിടെയുണ്ടായിരുന്ന ഏക ശിഷ്യൻ യോഹന്നാനായിരുന്നു. "അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ. 19:27) എന്നു തുടർന്നു പ്രസ്താവിക്കുന്നതിൽ നിന്നും, മാതാവിന്റെ ഭൗതീകമായ സംരക്ഷണ ചുമതലയും വി. യോഹന്നാനായിരുന്നുവെന്ന് ഗ്രഹിക്കാം.

കുരിശുമരണത്തിലൂടെ കർത്താവ് തന്നെത്തന്നെ നമുക്കു തന്നതോടൊപ്പം തന്നെ തന്റെ മാതാവിനെയും മാനവകുലത്തിന്റെ മുഴുവൻ മാതാവായി നമുക്കു നല്കി. ലോകദൃഷ്ട്യാ യേശു എന്ന ഏക മകൻ നഷ്ടപ്പെടുകയാണെങ്കിലും ആധ്യാത്മികമായി മനുഷ്യവർഗ്ഗം മുഴുവൻ അന്നുമുതൽ മാതാവിന്റെ അരുമസന്താനങ്ങളായിത്തീർന്നു.

എന്നാൽ ഈ സംഭവത്തെപ്പറ്റിയുള്ള ചിലരുടെ വ്യാഖ്യാനം വളരെ വിചിത്രമാണ്. 'സ്ത്രീയേ', എന്നു വിളിച്ചത് യേശു മാതാവിനെ ശകാരിക്കുകയായിരുന്നു പോലും! 'മാതാവ്, യേശുവിന്റെ സുവിശേഷ ദൗത്യത്തിന് വിഘാതമാകും വിധം തന്റെ സ്ത്രീ സഹജമായ 'വീട്ടുകാര്യം' കൊണ്ടുവന്നതിൽ കുപിതനായി യേശു മാതാവിനെ 'സ്ത്രീയേ' എന്നു വിളിച്ചു എന്നു വ്യാഖ്യാനമാണ് ചിലർ കൊടുക്കുന്നത്. ചില ബൈബിളിൽ 'എനിക്കും നിനക്കും 'തമ്മിൽ' എന്ത്?' എന്ന് മാറ്റുകകൂടി ചെയ്തിട്ടുള്ളത് ഈ ആശയത്തിന് പിൻബലമേകി.

ഇങ്ങനെയായിരുന്നു കർത്താവ് ഉദ്ദേശിച്ചിരുന്നതെങ്കിൽ 'അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ' എന്ന് അപ്പോൾത്തന്നെ എങ്ങനെ പറയാൻ സാധിക്കും? ക്രിസ്തു തന്റെ മാതാവിനെ 'സ്ത്രീയെ' എന്നുവിളിച്ചു ശകാരിച്ചുവെങ്കിൽ നമ്മളെല്ലാം ക്രിസ്തുവിനെക്കാൾ എത്ര നല്ലവർ! എത്ര പ്രകോപിതരായാലും നമ്മിലാരെങ്കിലും നമ്മുടെ അമ്മയെ 'സ്ത്രീയേ' എന്നു വിളിക്കുമോ?

www.malankaralibrary.com



ക്രിസ്തു കോപാകുലനായി തന്റെ മാതാവിനെ ശകാരിക്കാനായി 'സ്ത്രീയേ' എന്നു വിളിച്ചു വെന്ന് വേദപുസ്തകം ദുർവ്യാഖ്യാനം ചെയ്യുന്നത് ദൈവദൂഷണമാണ്. മാതാവിനെയും പിതാവിനെയും ബഹുമാനിക്കണമെന്നു കല്പിച്ച ദൈവം ഇപ്രകാരം മാതൃകാ ദോഷം കാട്ടുമെന്നു ചിന്തിച്ചാൽ അത് പൈശാചിക പ്രേരണയാണെന്നതിൽ സംശയമില്ല.

'സ്ത്രീ' എന്ന വാക്ക് അറമായ ഭാഷയിൽ ബഹുമാന സൂചകമായി ഉപയോഗിക്കുന്ന ഒന്നാണ്. ഇംഗ്ലീഷിൽ 'You' എന്ന് അമ്മയെ സംബോധന ചെയ്തു ഉപയോഗിച്ചാൽ ബഹുമാനക്കുറവൊന്നുമില്ലല്ലോ. എന്നാൽ മലയാളത്തിൽ 'നീ' എന്ന് വിളിച്ചാലോ? ഓരോ ഭാഷയ്ക്കുമുള്ള പ്രയോഗ വ്യത്യാസം മാത്രമാണിത്. (കേരളത്തിൽത്തന്നെ തെക്കും വടക്കും ഉള്ള ആളുകൾ അന്യോന്യം സംബോധന ചെയ്യുന്നതിലും പ്രകടമായ വ്യത്യാസം ഭാഷാ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ).

കുരിശിൽ കിടന്നു മരിക്കുമ്പോഴും കർത്താവ് മാതാവിനെ 'സ്ത്രീയേ' എന്നാണ് സംബോധന ചെയ്യുന്നത്. 'സ്ത്രീയേ ഇതാ നിന്റെ മകൻ' (യോഹ. 19:26). മരണ സമയത്തുപോലും കർത്താവ് മാതാവിനെ ബഹുമാനമില്ലാത്ത വിധത്തിൽ സംബോധന ചെയ്തുവെന്നോ?

ഉല്പത്തി 3:15 ലും സ്ത്രീ എന്ന പദമാണുപയോഗിച്ചിരിക്കുന്നത്.

വേദപുസ്തകം ദുർവ്യാഖ്യാനം ചെയ്ത് അർത്ഥ വ്യത്യാസം വരുത്തുക വഴി, തങ്ങൾ അറിയാതെ തന്നെ പിശാചിന്റെ ആയുധമായി മാറുന്നതിന് ഉദാഹരണമാണിത്.

"അറിവില്ലാത്തവരും ചഞ്ചലമനസ്കരുമായ ചിലർ, മറ്റു വിശുദ്ധ ലിഖിതങ്ങളെപ്പോലെ അവയെയും തങ്ങളുടെ നാശത്തിനായി വളച്ചൊടിക്കുന്നു" (2 പത്രോ. 3:16).

കർത്താവിന്റെ വാക്കുകൾ നമ്മുടെ സാധാരണ ഭാഷയിൽ പറഞ്ഞാൽ ഏകദേശം ഇപ്രകാരമായിരിക്കും.

'എന്റെ സ്നേഹനിധിയായ അമ്മേ, അമ്മ ഇപ്പോൾ അവരുടെ

www.malankaralibrary.com



വീഞ്ഞിന്റെ കുറവുകണ്ട് അനുകമ്പതോന്നി വലിയ അപമാനത്തിൽ നിന്നും അവരെ രക്ഷിക്കാൻ വേണ്ടി അവർക്കുവേണ്ടി മധ്യസ്ഥം വഹിക്കുകയാണല്ലോ. അത് കേവലം ഒരു ഭൗതിക ആവശ്യം മാത്ര മാണെന്നിരുന്നാലും, അമ്മയെ പ്രതി അത് സാധിച്ചുകൊടുക്കാൻ ഞാൻ തയ്യാറാണ്. എന്നാൽ പിതാവായ ദൈവത്തിന്റെ ഇഷ്ടം അമ്മ മനുഷ്യകുലത്തിന്റെ മുഴുവൻ അമ്മയും മധ്യസ്ഥയും ആയി രിക്കണമെന്നതാണ്. പക്ഷെ അതിന്റെ സമയം ഇനിയും ആയി ട്ടില്ല. എന്റെ പിതാവ് അതിനു നിശ്ചയിച്ചിരിക്കുന്ന സമയം എന്നെ പിതാവ് മഹത്വപ്പെടുത്തുന്ന എന്റെ കുരിശുമരണ സമയത്താണ്. അപ്പോൾ അത് ഞാൻ ചെയ്യും.'

'എന്റെ സമയം ഇനി ആയിട്ടില്ല' എന്നു യേശു പറഞ്ഞത് മാതാവ് വഹിച്ച് മധ്യസ്ഥതയ്ക്കു എതിരു പ്രകടിപ്പിക്കുക യായിരുന്നില്ല. പ്രത്യുത 'സമയം' ആകുമ്പോൾ മനുഷ്യവർഗ്ഗ ത്തിന്റെ മുഴുവൻ മധ്യസ്ഥയും മാതാവും ആക്കുമെന്നുള്ളതിന്റെ സൂചനയായിരുന്നു. പിതാവായ ദൈവം നിശ്ചയിച്ചിരുന്ന 'സമ യ' മായ തന്റെ കുരിശുമരണവേളയിൽ കർത്താവ് ആ ദൗത്യം നിറവേറ്റി.

അങ്ങനെ കാൽവരിയിൽ വച്ച് കർത്താവ്, തന്റെ അമ്മയെ യോഹന്നാന് അമ്മയായി നൽകിയതോടൊപ്പം, കുരിശിന്റെ ഫലം അനുഭവിച്ചു രക്ഷപ്രാപിക്കുന്ന ഏവരുടെയും അമ്മയായി മാതാ വിനെ അവരോധിച്ചു. കാനായിലെ കല്യാണത്തിന് വീഞ്ഞിന്റെ കുറവിനെ പരിഹരിക്കാൻ മാതാവ് മാധ്യസ്ഥം വഹിച്ചതുപോലെ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ആത്മീകവും ഭൗതീകവുമായ കുറ വിനെ പരിഹരിക്കാനുള്ള മധ്യസ്ഥതയും വഹിക്കാൻ പിതാവായ ദൈവം മുൻകൂട്ടി നിശ്ചയിച്ചിരുന്ന രക്ഷാകര പദ്ധതിയുടെ പൂർത്തീ കരണമാണ് മാതാവിന്റെ മാധ്യസ്ഥം.

മാതാവ് നമ്മുടെ മധ്യസ്ഥ മാത്രമല്ല, നമ്മുടെ ദൈനംദിനജീ വിതത്തിലെ കുരിശുകൾ വഹിച്ച് കർത്താവിനെ പിന്തുടരാനുള്ള ഏറ്റം ഉദാത്ത മാതൃക കൂടിയാണ്. കണ്ണുനീരിന്റെ താഴ്വരയായ ഈ ഭൂമിയിലെ നമ്മുടെ ഹ്രസ്വമായ പ്രവാസ ജീവിതത്തിൽ മാതാ

www.malankaralibrary.com



വിന്റെ മാധ്യസ്ഥം നമുക്കു എത്രയോ, ആശ്വാസപ്രദം!

പിതാവായ ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചത് മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരാർത്ഥം സ്വയം ബലിയായി അർപ്പിക്കപ്പെടാൻ വേണ്ടിയായിരുന്നല്ലോ. മാതാവിനെപ്പറ്റിയും ഇതുതന്നെ പറയാൻ സാധിക്കും. കർത്താവ് മാതാവിന്റെയും ഏക പുത്രനാണല്ലോ. പിതാവായ ദൈവത്തിന്റെ തിരുഹിതത്തിന് പൂർണ്ണമായി കീഴ്‌വഴങ്ങി സ്വപുത്രനെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശുമരണത്തിനു വിട്ടുകൊടുത്തു കൊണ്ട് ദൈവത്തിന്റെ രക്ഷാകരകർമ്മത്തിൽ ഏറ്റം കൂടുതൽ സഹകരിച്ച വ്യക്തി എന്ന സ്ഥാനത്തിന് മാതാവ് അർഹയായി. താൻ സഹിച്ച അവർണ്ണനീയമായ മാനസിക പീഡാസഹനം ഒരു സ്വയം ബലിയായി, തന്റെ പുത്രന്റെ യാഗബലിയോടുചേർത്തു ദൈവത്തിന് സമർപ്പിക്കുക വഴി മാതാവിന് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഏറ്റം വലിയ പങ്കാളിയും സഹപ്രവർത്തകയുമാകാനുള്ള അതിശ്രേഷ്ഠമായ ഭാഗ്യം ലഭിച്ചു.

ഇപ്രകാരം മാതാവിനെപ്പോലെ നമുക്കും പിതാവായ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ സഹപ്രവർത്തകരും പങ്കാളികളുമാകാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. നമ്മുടെ ജീവിതത്തിൽ അനുഭവപ്പെടുന്ന കുരിശുകൾ ക്രിസ്തുവിന്റെ തന്നെ സഹനമായി കർത്താവു കരുതുന്നു. "എനിക്കു വിശന്നു, എനിക്കു ദാഹിച്ചു ഞാൻ പരദേശിയായിരുന്നു." ( മത്താ. 25:36) എന്നു കർത്താവു പറയുമ്പോൾ, ഈ ലോകത്തിൽ കഷ്ടത അനുഭവിക്കുന്ന ഏതൊരുവനുമായും താൻ താദാത്മ്യം പ്രാപിക്കുകയാണല്ലോ. അവരുടെ കുരിശുകൾ തന്റെയും കുരിശായി യേശുകണക്കാക്കുന്നു. അങ്ങനെ കർത്താവിന്റെ കുരിശിന്റെ രക്ഷണ്യ യോഗ്യതകൾ നമുക്കും ലഭിക്കാൻ ദൈവം തിരുമനസ്സായി. മാമോദീസായിലൂടെ നമുക്കു ലഭിച്ച രാജകീയ പൗരോഹിത്യ പദവി, നമ്മെത്തന്നെ സ്വയം ബലിയായി ദൈവത്തിന് സമർപ്പിക്കാൻ നമ്മെ അർഹരാക്കുന്നു.

ക്രിസ്തുവിന്റെ മനുഷ്യസ്വഭാവം മനുഷ്യവർഗ്ഗവുമായുള്ള

www.malankaralibrary.com



ദൈവത്തിന്റെ താദാത്മ്യം പ്രാപിക്കലിന്റെ അടയാളമായതുപോലെ ക്രിസ്തുവിന്റെ സഹനം മനുഷ്യവർഗ്ഗത്തിന്റെ സഹനവുമായുള്ള താദാത്മ്യം പ്രാപിക്കലിന്റെ അടയാളമാണ്.

ക്രിസ്തുവിന്റെ കുരിശുമരണം രക്ഷണീയമായത്, താൻ കഠിനപീഡകൾ സഹിച്ചു മരിച്ചുവെന്നതിലുപരി, മനുഷ്യവർഗ്ഗത്തെ പ്രതിനിധീകരിച്ച് തന്റെ മാനുഷീക മനസ്സ് ദൈവതിരുമനസ്സിന് പൂർണ്ണമായി കീഴ്പ്പെടുത്തി എന്നതു കൊണ്ടാണ്.

ഇഹലോക ജീവിതത്തിൽ നാം കുരിശുകൾ വഹിക്കേണ്ടിവരുമ്പോൾ, ദൈവതിരുമനസ്സിന് സ്വയം കീഴ്വഴങ്ങി നമ്മുടെ കുരിശുകളെ കർത്താവിന്റെ കുരിശിനോടു ചേർത്ത് ക്രിസ്തുവിലുടെ പിതാവായ ദൈവത്തിന് സമർപ്പിക്കുമ്പോൾ നമ്മുടെ കരിശുകളും രക്ഷണീയമൂല്യമുള്ളതായിത്തീരുന്നു. അങ്ങനെ നമ്മുടെ സഹനത്തിലൂടെ, ചെറിയ അളവിലെങ്കിലും, മാതാവിനെപ്പോലെ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ കൂട്ടുവേലക്കാരും (1കൊരി. 3;9) സഹപ്രവർത്തകരും (2കൊരി. 6:1) ആകാനുള്ള കൃപ നമുക്കു ലഭിക്കുന്നു.

പിതാവായ ദൈവം, സ്ത്രീകളിൽ അനുഗ്രഹീതയെന്ന് ദൈവദൂതനിലൂടെ പ്രകീർത്തിച്ചവളെ നമുക്കും അനുഗ്രഹീതയെന്നു വിളിക്കാം. പുത്രനായ ദൈവം തന്റെ മാതാവായി സ്വീകരിച്ചവളെ നമുക്കും അഭിമാനപൂർവ്വം മാതാവായി സ്വീകരിക്കാം. പരിശുദ്ധാത്മവായ ദൈവം ഭാഗ്യവതിയെന്ന് എലിസബേത്തു വഴി സംബോധന ചെയ്തവളെ നമുക്കും ഭാഗ്യവതി എന്ന് ഉദ്ഘോഷിക്കാം. നമ്മുടെ കർത്താവ് തന്റെ അന്ത്യ അഭിലാഷമായി കുരിശിൽ കിടന്നുകൊണ്ട് തന്റെ മാതാവിനെ നമ്മുടെയും മാതാവായി തന്നതിനെ നന്ദിയോടെ സ്വീകരിക്കാം.

www.malankaralibrary.com

# ഭാഗം മൂന്ന്

"ഇത് എന്റെ ശരീരമാണ്."

(മത്താ. 26:26)

www.malankaralibrary.com

## അദ്ധ്യായം 23

# 'സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പം'

(യോഹ. 6:50)

കാൽവരി കുരിശുമരണത്തിലൂടെ മനുഷ്യവർഗ്ഗത്തിന് നേടിത്തന്ന രക്ഷ ഓരോ വ്യക്തിക്കും സൗജന്യമായി ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താനായി ദൃശ്യമായ ഒരു സ്ഥിര സംവിധാനം നമ്മുടെ കർത്താവ് തന്റെ അന്ത്യ അത്താഴവേളയിൽ ഏർപ്പെടുത്തി. അതാണ് അന്നു മുതൽ ഇന്നു വരെയും സാർവത്രികമായി സഭയിൽ ആചരിച്ചു പോരുന്ന വിശുദ്ധ കുർബ്ബാന എന്ന കൂദാശ.

വി. കുർബാനയിൽ, കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെത്തന്നെ തന്റെ പൂർണ്ണതയിൽ-തന്റെ ജീവനുള്ള ശരീരവും രക്തവും, ആത്മാവും ദിവ്യത്വവും-അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നാം സ്വീകരിക്കുന്നു.

ഏദൻതോട്ടത്തിൽ വച്ച് വിഛേദിക്കപ്പെട്ട ദൈവമനുഷ്യ ഐക്യം കാൽവരിയിലെ ബലിയിലൂടെ പുനഃസ്ഥാപിക്കപ്പെട്ടു. ദൈവവുമായുള്ള ഈ പരിപൂർണ്ണ ഐക്യമാണ് കർത്താവിന്റെ കുരിശിലൂടെ നമുക്കു ലഭിക്കുന്ന നിത്യകിരീടം. അതാണ് രക്ഷ അഥവാ നിത്യജീവൻ.

വസ്തു, സമയം, സ്ഥലം (Matter, Time, Space) എന്നീ ഭൗതിക പരിമിതികൾക്കതീതമായ നിത്യരക്ഷ എന്ന കൃപ വസ്തുവിന്റെയും സമയത്തിന്റെയും സ്ഥലത്തിന്റെയും പരിമിതിക്കുള്ളിൽ ഇഹലോകത്തിൽ ജീവിക്കുന്ന നമുക്ക്, ദൃശ്യമായ രീതിയിൽ ലഭ്യമാക്കുന്നതിനാണ് കർത്താവ് വി. കർബ്ബാന എന്ന കൂദാശ സ്ഥാപി

www.malankaralibrary.com



ച്ചത്.

അതിനാൽ സഭയിൽ അനുഷ്ഠിക്കപ്പെടുന്ന ദിവ്യബലി അഥവാ വി. കുർബാന, കാൽവരിയിലെ ബലിയുടെ വെറും ഓർമ്മപുതുക്കൽ മാത്രമല്ല, അതിലുമുപരി, കർത്താവു നമുക്കുവേണ്ടി നേടിയ രക്ഷ തന്നെ വ്യക്തിപരമായി നമുക്കു ലഭിക്കുന്നതിന്റെ ദൃശ്യമായ അടയാളം കൂടിയാണ്. നാം രക്ഷിക്കപ്പെട്ടു എന്ന് വിശ്വസിച്ചാൽ മാത്രം പോരാ, രക്ഷിക്കപ്പെടാൻ കർത്താവ് കല്പിച്ച് ഏല്പിച്ച കാര്യങ്ങൾ ചെയ്യുക കൂടി വേണം.

കർബ്ബാന, കൂദാശ എന്നീ വക്കുകൾ വേദപുസ്തകത്തിൽ ഇല്ലാത്തതിനാൽ ഇവയെല്ലാം സഭയിൽ പിന്നീട് കടന്നുകൂടിയ ദുരാചാരങ്ങളാണെന്നും അവ രക്ഷയ്ക്ക് ഉപകരിക്കുന്നില്ല എന്നും മറ്റും പ്രചരിപ്പക്കുന്ന ചില ക്രിസ്തീയ വിഭാഗങ്ങൾ ഉണ്ട്. 'ബൈബിൾ മാത്രം അടിസ്ഥാനം' എന്നഭിമാനിക്കുന്ന ഇക്കൂട്ടരുടെ തെറ്റു മനസ്സിലാക്കാൻ ബൈബിൾ തന്നെ നമ്മുടെ സഹായത്തിനെത്തുന്നു.

'ത്രിത്വം' എന്ന വാക്ക് ബൈബിളിലില്ലെങ്കിലും ക്രിസ്ത്യാനികൾ പൊതുവെ 'ത്രിയേക ദൈവ' ത്തിൽ വിശ്വസിക്കുന്നുണ്ടല്ലോ. (ത്രിയേക ദൈവത്തിൽ വിശ്വസിക്കാത്ത 'ക്രസ്ത്യാനികൾ' ഉണ്ടെന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല)

കുർബാന കൂദാശ എന്നീ വാക്കുകൾ ബൈബിളിലില്ല എന്നതു ശരിതന്നെ. എന്നിട്ടും പൗരസ്ത്യ സഭകളുടെ ആരാധനക്രമങ്ങളിൽ ഈ വാക്കുകൾക്ക് എങ്ങനെ സ്ഥിരപ്രതിഷ്ഠ ലഭിച്ചു? നമ്മുടെ കർത്താവിന്റെ മാതൃഭാഷയായിരുന്ന അറമായ (സുറിയാനി) ഭാഷയിൽ 'കുർബാനോ' എന്നാൽ ബലിയർപ്പണം അഥവാ കാഴ്ചയർപ്പണം എന്നാണ്. കർത്താവ് കാൽവരിയിൽ മനുഷ്യരക്ഷയ്ക്കുവേണ്ടി അർപ്പിച്ച ബലിയാണ് കുർബാന എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. കർത്താവിന്റെ ആ വിശുദ്ധബലി രക്ഷയ്ക്കുപകരിക്കുന്നില്ല എന്നുപറഞ്ഞാൽ അതിൽ കൂടുതൽ ഭോഷത്തം ഒരു ക്രിസ്ത്യാനിക്ക് പറയാൻ സാധിക്കുമോ? കൂദാശ എന്ന വാക്കിന് വിശുദ്ധീകരിക്കുന്ന അല്ലെങ്കിൽ പവിത്രീകരിക്കുന്ന കർമ്മം എന്നാണർത്ഥം. പാപങ്ങൾ പോക്കി നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുക, കൃപ സ്വീകരിക്കുക, രക്ഷിക്കപ്പെ

www.malankaralibrary.com



ടുക എന്നിവയൊന്നും ദൃശ്യമായവയല്ലെങ്കിലും യാഥാർത്ഥ്യങ്ങളാണ്. അദൃശ്യമായ ദൈവകൃപ സ്വീകരിക്കുന്നതിന്റെ ദൃശ്യമായ അടയാളമാണ് വി. കൂദാശ.

വി. കുർബ്ബാന എന്ന കൂദാശ സഭയിൽ ആദ്യകാലം മുതൽക്കേ അനുഷ്ഠിക്കപ്പെട്ടിരുന്നു. അപ്പസ്തോലന്മാരുടെ കാലത്ത് 'അപ്പം മുറിക്കൽ' എന്നാണ് ഈ കർമ്മം അറിയപ്പെട്ടിരുന്നത് (അപ്പ. പ്ര. 2:42). വി. കുർബാനയുടെ ആദ്യ രൂപമാണിത്. അന്ത്യഅത്താഴവേളയിൽ കർത്താവ് അപ്പം മുറിച്ച് ആശീർവദിച്ചു വാഴ്ത്തി ശിഷ്യന്മാർക്കു കൊടുത്തിട്ട് "ഇത് എന്റെ ശരീരമാണ്" എന്ന് കല്പിച്ച് അവർക്കു വിഭജിച്ചുകൊടുത്തതിനെ അനുസ്മരിപ്പിക്കാനാണ് 'അപ്പം മുറിക്കൽ' എന്ന് ഈ ചടങ്ങിനെ വിശേഷിപ്പിച്ചത്.

വി. കുർബാനയുടെ സ്ഥാപകൻ നമ്മുടെ കർത്താവാണ്. അപ്പവീഞ്ഞുകൾ തന്റെ ശരീരരക്തങ്ങളാക്കി ശിഷ്യന്മാർക്ക് വിഭജിച്ചു കൊടുത്ത ശേഷം അവരോട് "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്ക. 22:19) എന്ന് അരുളിച്ചെയ്തു. അങ്ങനെ കർത്താവിന്റെ കല്പനപ്രകാരം തന്റെ രക്ഷാകര ദൗത്യം തുടർന്നു കൊണ്ടു പോകാൻ വേണ്ടി സഭയ്ക്കു കൊടുത്തിരിക്കുന്ന ഏറ്റം വലിയ ഉത്തരവാദിത്തവും അധികാരവുമാണിത്. ഈ ആജ്ഞയനുസരിച്ച് സഭ ഇന്നുവരെയും ഏറ്റം ഭക്ത്യാദരപൂർവ്വം അനുഷ്ഠിക്കുന്ന ചടങ്ങാണ് വി. കുർബാന.

കാലാന്തരത്തിൽ, സ്ഥലകാലഭേദമനുസരിച്ച് പല പരിഷ്ക്കാരങ്ങളും ഈ ചടങ്ങിന്റെ ബാഹ്യരൂപത്തിന് വന്നിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി അപ്പസ്തോലിക പാരമ്പര്യത്തിൽനിന്നോ വിശ്വാസത്തിൽ നിന്നോ വ്യത്യാസം വരുത്തിയിട്ടില്ല. ⊗

കർത്താവിന്റെ ഈ അന്ത്യഅത്താഴവിരുന്ന് പഴയനിയമപ്രകാരമുള്ള പെസഹാ ആചരണത്തിന്റെ അന്ത്യവും പുതിയ നിയമ

---

⊗ ഉദാഹരണമായി, അന്ത്യോക്യൻ സഭകളിൽ ഇപ്പോൾ നിലവിലുള്ള കുർബാന ക്രമം യാക്കോബിന്റെ തക്സാ എന്നറിയപ്പെടുന്നു. ഈ യാക്കോബ് നമ്മുടെ കർത്താവിന്റെ സഹോദരനും, അപ്പസ്തോലനും, ജറുസലേമിലെ ഒന്നാമത്തെ ബിഷപ്പുമായിരുന്നു. നൂറ്റാണ്ടുകളിലൂടെ പല പരിഷ്ക്കാരങ്ങൾക്കും വിധേയമായി, അവസാനം പതിമൂന്നാം നൂറ്റാണ്ടിൽ ബാർ എബ്രായ എന്ന പണ്ഡിതൻ പരിഷ്കരിച്ച പതിപ്പാണ് ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന തക്സാ.

www.malankaralibrary.com



ത്തിലെ ദിവ്യബലി (വി. കർബ്ബാന)യുടെ ആരംഭവുമായിരുന്നു. നിത്യപുരോഹിതനായ ക്രിസ്തു രക്തം ചിന്തി സ്വയം യാഗമായി നമ്മുടെ രക്ഷയ്ക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിന് മുന്നോടിയായി, ഈ രക്ഷാകര പദ്ധതി ലോകാവസാനം വരെ തുടരുന്നതിനായി രക്തം ചിന്താതെ അർപ്പിച്ച ബലിയായിരുന്നു അത്. അതിനാൽ രക്തം ചിന്താതെ സഭയിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയും കാൽവരിയിലെ അതേ ബലിതന്നെയാണ്. ബലിയുടെ വെറും ആവർത്തനമോ ഓർമ്മ പുതക്കൽ ചടങ്ങു മാത്രമോ അല്ല. (രക്ഷ, സ്ഥലകാല പരിമിതികൾക്കതീതമായ യാഥാർത്ഥ്യമാണെന്നു പറഞ്ഞതോർക്കുക. ഈ പരിമിതികൾക്കുള്ളിൽ ജീവിക്കുന്ന നമുക്ക് രക്ഷാകരകർമ്മമായ കർത്താവിന്റെ കുരിശുമരണം ചരിത്രത്തിലെ ഒരു സംഭവമായേ തോന്നുകയുള്ളൂ. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കാൽവരിയിൽ അർപ്പിച്ച കർത്താവിന്റെ ദിവ്യബലിയുടെഫലം ആദിമാതാപിതാക്കൾക്കു മുതൽ ഇനി ലോകാവസാന വേളയിൽ ജനിക്കാനിരിക്കുന്നവർക്കും വേണ്ടിക്കൂടിയും ഉള്ളതാണ്.

നന്മതിന്മകളുടെ അറിവിന്റെ വൃക്ഷക്കനി ഭക്ഷിച്ച് ദൈവകല്പന ലംഘിക്കുക മൂലം പാപപങ്കിലമായ മനുഷ്യവർഗ്ഗം 'ജീവന്റെ വൃക്ഷഫലം' കൂടി ഭക്ഷിച്ച് പാപാവസ്ഥയിൽതന്നെ അമർത്ത്യരായി ജീവിക്കാൻ ഇടയാകാതിരിക്കാൻ വേണ്ടിയാണല്ലോ ആദത്തെ ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കിയത് (ഉല്പ. 3:22-23). അങ്ങനെ അന്നു നിഷേധിക്കപ്പെട്ട നിത്യജീവൻ (രക്ഷ) വീണ്ടും നമുക്കു ലഭിക്കുന്നത് കാൽവരിയിലെ 'കുരിശുമര' ത്തിന്റെ കനിയായ കർത്താവിന്റെ യാഗാർപ്പിത ശരീരരക്തങ്ങൾ അനുഭവിക്കുന്നതു വഴിയാണ്. യോഗ്യതയോടെ വി. കുർബ്ബാന സ്വീകരിക്കുന്ന ഏവനും ക്രിസ്തുവിനെ തന്റെ ഹൃദയത്തിൽ സ്വീകരിക്കുകയും അങ്ങനെ ദൈവവുമായി അക്ഷരാർത്ഥത്തിൽത്തന്നെ ഒന്നായിത്തീരുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യം നമുക്കു ബോധ്യമായാൽ വി. പൗലോസിനോടൊപ്പം നമുക്കും പറയാൻ സാധിക്കും "ഇനി മേലിൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ. 2:20).

നമ്മുടെ മരണശേഷം സ്വർഗ്ഗീയ ജറുസലേമിൽ ക്രിസ്തുവോ

www.malankaralibrary.com



ടൊത്ത് നിത്യമായി ആനന്ദിക്കാൻ, നാം പ്രതീക്ഷിക്കുന്ന ദൈവിക വിരുന്നിന്റെ മുൻ ആസ്വാദനമാണ് പുതിയ നിയമത്തിലെ ഈ 'പെസഹാ' വിരുന്ന്. ഇഹലോകത്തിൽത്തന്നെ ഈ വിരുന്നിൽ സംബന്ധിക്കുവാൻ അവസരം ലഭിക്കുന്നവർ എത്രയോ ഭാഗ്യവാന്മാർ!

നമ്മുടെ കർത്താവ് ഇഹലോകം വിട്ടുപോകുന്നതിനുമുമ്പ് ശിഷ്യന്മാരോട് അരുളിച്ചെയ്തു: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കുവരും ............ എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്നു അവനിൽ വാസമുറപ്പിക്കുകയും ചെയ്യും. എന്നെ സ്നേഹിക്കാത്തവനൊ എന്റെ വചനങ്ങൾ പാലിക്കുകയില്ല. നിങ്ങൾ ശ്രവിക്കുന്ന ഈ വചനം എന്റേതല്ല, എന്നെ അയച്ച പിതാവിന്റേതാണ്" (യോഹ. 14:18-24).

അതെ, പിതാവായ ദൈവവും പുത്രനായ ദൈവവും പരിശുദ്ധാത്മാവായ ദൈവവും, ത്രിയേക ദൈവം തന്നെ, നമ്മുടെ ഹൃദയത്തിൽ വാസമുറപ്പിക്കുമെന്നത് പിതാവായ ദൈവത്തിന്റെ വാഗ്ദാനമാണ്. അപ്പോൾ നാം ദൈവത്തിന്റെ ജീവനുള്ള അതിവിശുദ്ധ ആലയമായിത്തീരുന്നു. ഇതാണ് ക്രിസ്തുനാഥന്റെ രക്ഷാകര സുവിശേഷത്തിന്റെ രത്നച്ചുരുക്കം.

ദൈവം എവിടെ വസിക്കുന്നുവോ അവിടം സ്വർഗ്ഗമാണ്. ത്രീയേക ദൈവം വസിക്കുന്ന ഭൂമിയിലെ സ്വർഗ്ഗം നമ്മുടെ ഹൃദയം തന്നെ. രക്ഷകനെ ഹൃദയത്തിൽ സ്വീകരിക്കുന്നതാണ് രക്ഷ. ഇതാണ് സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷവാർത്ത. സ്വർഗ്ഗീയ സൈന്യത്തിന്റെ വൻ വ്യൂഹം ദൈവത്തെ സ്തുതിച്ചുകൊണ്ട് പാടിയത് ഈ മനോഹര സുവിശേഷമാണ് (ലൂക്ക. 2:10-14).

www.malankaralibrary.com

## അദ്ധ്യായം 24

# പെസഹാ കുഞ്ഞാട്

എന്നാൽ തികച്ചും പരിതാപകരമെന്നു പറയട്ടെ, സാത്താൻ ഈ അവസാന നാളുകളിൽ, ഈ സദ്വാർത്തയുടെ പൂർണ്ണ പ്രയോജനം സിദ്ധിക്കുന്നതിൽ നിന്നും വിശ്വാസികളെ പിന്തിരിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു. തിരുവത്താഴം വെറും ഒരു അനുസ്മരണ ച്ചടങ്ങു മാത്രമാണെന്നും യേശുവിന്റെ ജീവനുള്ള ശരീര രക്തങ്ങളിലെ പങ്കാളിത്തം ഈ ആചരണത്തിലൂടെ ലഭിക്കുന്നില്ല എന്നും പ്രചരിപ്പിക്കാൻ സാത്താൻ ശ്രമിക്കുന്നു.

കല്ലുകൾ അപ്പമാക്കി ജഢികപൂരണത്തിന് ക്രിസ്തുവിനെ പ്രേരിപ്പിച്ച സാത്താൻ ഇപ്പോൾ ചില വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നത് ദിവ്യബലിയിൽ അപ്പ വീഞ്ഞുകൾ കർത്താവിന്റെ തിരുശരീര രക്തങ്ങളാകാൻ സാധ്യമല്ല എന്നാണ്.

വളരെ ഗൗരവമേറിയ ഒരു കാര്യമാണിത്. ക്രിസ്തുവിന്റെ കല്പനപ്രകാരം ശിഷ്യന്മാരും അവരുടെ പിൻഗാമികളും വിശ്വസ്തതയോടും തീക്ഷ്ണതയോടും തുടർന്നു പോരുന്നതായ ഈ രക്ഷാമാർഗ്ഗം ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന നാം അംഗീകരിക്കുന്നോ ഇല്ലയോ എന്നത് നമ്മുടെ നിത്യരക്ഷയെത്തന്നെ ബാധിക്കുന്ന ഘടകമാണ്.

അന്ത്യഅത്താഴം എന്തായിരുന്നു? അതിന്റെ പ്രാധാന്യവും പ്രസക്തിയും എന്ത്? യഹൂദന്മാരുടെ പെസഹാ ആചരണ ദിവസം തന്നെ തിരുവത്താഴ ശുശ്രൂഷ നടത്തിയത് വെറും യാദൃച്ഛികം

www.malankaralibrary.com



മാത്രമായിരുന്നോ? ആണ്ടുതോറും അനുഷ്ഠിച്ചിരുന്ന പെസഹാ ക്രിസ്തു ഇപ്രാവശ്യവും മുറ തെറ്റാതെ ആചരിച്ചുവെന്നേയുള്ളോ? പെസഹാ വിരുന്ന് ഒരുക്കാൻ യേശു തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെട്ടതിന്റെ ഉദ്ദേശ്യം എന്തായിരുന്നു? താൻ ഈ ലോകം വിട്ടു പോകുന്നതിനുമുമ്പ് അന്ത്യ അഭിലാഷമായി ശിഷ്യരുമൊത്ത് ആട്ടിറച്ചിയും കൂട്ടി ഒരു 'വിടവാങ്ങൽ വിരുന്നു' ഭക്ഷിക്കാൻ വേണ്ടി മാത്രമായിരുന്നോ അത് ?

ബൈബിൾ ശരിയായി പരിശോധിച്ചാൽ മേല്പറഞ്ഞ ചോദ്യങ്ങൾക്കെല്ലാം തൃപ്തികരമായ ഉത്തരം ലഭിക്കും.

സ്വയം യാഗമായി താൻ അർപ്പിക്കാൻ പോകുന്ന സമ്പൂർണ്ണ ബലിയായ തന്റെ കുരിശുമരണത്തിലൂടെ മനുഷ്യവർഗ്ഗത്തിനു വേണ്ടി നേടുന്ന രക്ഷ ഓരോ വ്യക്തിക്കും പകർന്നു കൊടുക്കുന്നതിന് നമ്മുടെ കർത്താവ് സ്വീകരിച്ച മാർഗ്ഗമായിരുന്നു അത്. ഓരോരുത്തരും അത് സ്വീകരിക്കേണ്ടത് വ്യക്തിഗതമായ നിത്യരക്ഷയ്ക്ക് അത്യന്താപേക്ഷിമായതിനാൽ തന്റെ രണ്ടാമത്തെ വരവു വരെയും തുടർന്നു അപ്രകാരം അനുഷ്ഠിക്കണമെന്ന് താൻ ശിഷ്യന്മാരോടു കല്പിക്കുകയും ചെയ്തു.

പഴയനിയമത്തിലെ പെസഹാ, പുതിയനിയമത്തിലെ തിരുവത്താഴം, കുരിശുമരണം, ഉത്ഥാനം ഇവയെല്ലാം ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ അവിഭാജ്യ ഘടകങ്ങളായി അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. പുതിയ പെസഹാ പഴയ പെസഹാ ദിവസം തന്നെ സ്ഥാപിച്ചത് പഴയതിനു പകരമായിരുന്നു. കർത്താവു തന്നെ ഇതു വ്യക്തമാക്കിയിട്ടുണ്ട്. "ഇത് അനേകർക്കു വേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ എന്റെ രക്തമാണ്" (മർക്കോ. 14:24).

പഴയ പെസഹ ഇസ്രായേൽ ജനം ആചരിച്ചിരുന്നത്, ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ അവർ ഫറവോന്റെ അടിമത്തത്തിൽ നിന്നും വാഗ്ദത്ത ഭൂമിയിലേക്ക് പോയതിനെ അനുസ്മരിക്കാനായിരുന്നു. "ഈ ദിവസം നിങ്ങൾക്ക് ഒരു 'സ്മരണ ദിവസ' മായിരിക്കട്ടെ. ഇത് തലമുറ തോറും കർത്താവിന്റെ തിരുനാളായി

www.malankaralibrary.com



നിങ്ങൾ ആചരിക്കേണം. ഇത് നിങ്ങൾക്ക് എന്നേക്കും ഒരു കല്പനയായിരിക്കും" (പുറ. 12:14). "ഇതിന്റെ അർത്ഥമെന്താണെന്ന് നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ പറയണം, ഇത് കർത്താവിനർപ്പിക്കുന്ന പെസഹാ ബലിയാണ്. അവിടുന്ന് ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങൾ കടന്നുപോയി. ഈജിപ്തുകാരെ സംഹരിച്ചപ്പോൾ അവിടുന്ന് ഇസ്രായേൽക്കാരെ രക്ഷിച്ചു" (പുറ. 12:26-27).

അറക്കപ്പെട്ട പെസഹാ കുഞ്ഞാടിന്റെ രക്തം എന്തു ചെയ്യണമെന്നും മാംസം എങ്ങനെ ഭക്ഷിക്കണമെന്നും മറ്റും ദൈവം നേരിട്ട് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തിരുന്നത് ശ്രദ്ധിക്കുക.

"അതിന്റെ രക്തത്തിൽ നിന്നും കുറച്ചെടുത്ത് ആടിനെ ഭക്ഷിക്കാൻ കുടിയിരിക്കുന്ന വീടിന്റെ രണ്ടു കട്ടിളക്കാലുകളിലും മേല്പടിയിലും പുരട്ടണം................ ഇത് നിങ്ങൾക്ക് എന്നേക്കും ഒരു കല്പനയായിരിക്കും" (പുറ. 12:7-14). "കർത്താവ് മോശയോടും അഹറോനോടും അരുളിചെയ്തു: പെസഹാ ആചരിക്കേണ്ട ചട്ടം ഇതാണ്................ ആ ദിവസം തന്നെ കർത്താവ് ഇസ്രായേൽ ജനത്തെ നിരനിരയായി ഈജിപ്തിൽ നിന്ന് പുറത്തേക്കു കൊണ്ടുവന്നു" (പുറ. 12:43-51)

പെസഹാ കുഞ്ഞാടിന്റെ മാംസത്തിനും രക്തത്തിനും ഇത്രവളരെ സംപൂജ്യവും ഭക്ത്യാദരപൂർവകവുമായ ചടങ്ങുകൾ ദൈവം നിഷ്കർഷിക്കാൻ കാരണമെന്ത്?

പഴയ നിയമത്തിലെ കുഞ്ഞാട് പുതിയ നിയമത്തിലെ കുഞ്ഞാടായ യേശുക്രിസ്തുവിന്റെ പ്രതീകമായിരുന്നു. "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29) എന്നു പറഞ്ഞാണല്ലോ സ്നാപകൻ യേശുവിനെ ലോകത്തിനു കാണിച്ചു കൊടുക്കുന്നത്.

സുവിശേഷകനായ വി. യോഹന്നാനും ഈ ആശയം തന്നെ നമ്മെ ഉദ്ബോധിപ്പിക്കാൻ കർത്താവിന്റെ കരിശുമരണ വിവരങ്ങൾ പെസഹാകുഞ്ഞാടിന്റെ വിവരണവുമായി ബന്ധിപ്പിച്ചിരിക്കുന്നു.

www.malankaralibrary.com



"ആടിന്റെ അസ്ഥിയൊന്നും ഒടിക്കരുത്" എന്നു പുറ. 12:46 ലെ വാക്യം തന്നെ ഉദാഹരണം (യോഹ. 19:36).

ബലിയർപ്പണത്തിനുള്ള കുഞ്ഞാടിനെ അഞ്ചുദിവസം മുമ്പേ ആഘോഷപൂർവ്വം ദേവാലയത്തിലേക്ക് കൊണ്ടുവരുന്ന യഹൂദാചാരവും യേശുവിന്റെ ആഘോഷ പൂർവ്വമായ ദേവാലയ പ്രവേശനം മൂലം നിവൃത്തിയായി.

പുതിയ നിയമത്തിലെ കുഞ്ഞാടായ യേശുക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കാനും രക്തം പാനം ചെയ്യാനും, അങ്ങനെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് സ്വർഗ്ഗീയ ജറുസലേമിൽ പ്രവേശിക്കുന്നതിന് ദൈവജനത്തെ ഒരുക്കുന്നതിന്റെ മുന്നോടിയായിരുന്നു പഴയ നിയമത്തിലെ പെസഹാ ആചരണം.

വെറും നിഴൽ മാത്രമായിരുന്ന പഴയ നിയമത്തിലെ പെസഹാകുഞ്ഞാടിനെ ഇത്ര പാവനമായി കരുതാൻ ദൈവം നിഷ്കർഷിച്ചിരുന്നുവെങ്കിൽ. സാക്ഷാൽ രക്ഷണീയ ബലിയായ രക്ഷകന്റെ തിരു ശരീര രക്തങ്ങൾ സ്വീകരിക്കാൻ എത്ര ഭക്ത്യാദരവോടെയാണ് നാം സമീപിക്കേണ്ടതെന്ന് പറയേണ്ടല്ലോ.

മേല്പറഞ്ഞതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്. ഇസ്രായേലിന്റെ ചരിത്രം ഒരു ചെറിയ ജനതയുടെ ഒറ്റപ്പെട്ട ചരിത്ര സംഭവമായി മാത്രം കണക്കാക്കിയാൽ പോരാ. കുരശുമരണം വഴിയായി ലോകത്തെ രക്ഷിക്കാൻ വാഗ്ദാനം ചെയ്യപ്പെട്ട യേശുക്രിസ്തുവിന്റെ വരവിനു മുന്നോടിയായി ഒരു ദൈവജനത്തെ ഒരുക്കുകയായിരന്നു ഇസ്രായേലിന്റെ ചരിത്ര സംഭവങ്ങളിലൂടെ.

ഫറവോന്റെ അടിമത്തത്തിൽ നിന്ന് വിമോചിതരായി വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കുന്നതു വരെയുള്ള ഇസ്രായേല്യരുടെ വിമോചന ചരിത്രം, പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വിമോചിതരായി സ്വർഗ്ഗീയ ജറുസലേമിൽ എത്തിച്ചേരുന്നതു വരെയുള്ള നമ്മുടെ ഓരോരുത്തരുടെയും പ്രതീകാത്മകമായ ചരിത്രമാണെന്ന് വി. പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. "നമുക്ക് ഒരു പാഠമാകേണ്ടതിന് അവയെല്ലാം എഴുതപ്പെട്ടിരിക്കുന്നു" (1 കൊരി. 10:1-11).

www.malankaralibrary.com



മന്നായും ബലിവസ്തുവായ കുഞ്ഞാടും തന്റെ സ്വന്ത ശരീരവുമായി താരതമ്യപ്പെടുത്തി, ഇസ്രായേലിന്റെ ചരിത്രവുമായി ദൈവിക രക്ഷാപദ്ധതിക്കുള്ള ബന്ധം, യേശുക്രിസ്തു തന്നെ സ്ഥിരീകരിക്കുന്നതായി സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടല്ലോ (യോഹ. 6:25-71). സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള നമ്മുടെ ഇഹലോക ജീവിത യാത്രയിൽ നമ്മുടെ ആത്മീയ ഭക്ഷണമായി വി. കുർബാനയിലൂടെ അവിടുത്തെ ശരീരം നമുക്കു തരുന്നതിന്റെ മുന്നോടിയായിരുന്നുവെന്ന് യേശുതന്നെ വ്യക്തമാക്കുന്നു. യേശു അന്ത്യ അത്താഴവേളയിൽ ചെയ്തതും അതാണ്.

“സമയമായപ്പോൾ അവൻ ഭക്ഷണത്തിനിരുന്നു; അവനോടൊപ്പം അപ്പസ്തോലന്മാരും. അവൻ അവരോടു പറഞ്ഞു: പീഡയനുഭവിക്കുന്നതിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കാൻ ഞാൻ അത്യധികം ആഗ്രഹിച്ചു” (ലൂക്ക. 22:14-15).

നേരത്തേ സൂചിപ്പിച്ചതുപോലെ, ഇഹലോകം വിട്ടുപോകുന്നതിനുമുമ്പ് ശിഷ്യരോടൊത്ത് ഒരു വിടവാങ്ങൽ വിരുന്നു കഴിക്കുക എന്നതായിരുന്നില്ല കർത്താവിന്റെ ‘അത്യധികമായ ആഗ്രഹം.’ തന്റെ ശരീരവും രക്തവും (അതായത് തന്നെത്തന്നെ പൂർണ്ണമായി) നമ്മുടെ ആത്മീയ ഭക്ഷണമായി തരുക എന്നതായിരുന്നു അവിടുത്തെ അഭിലാഷം.

ഈ വിരുന്ന് സ്വർഗ്ഗീയ വിരുന്നിന്റെ മുന്നോടിയാണ്. നാം സ്വർഗ്ഗത്തിൽ ദൈവത്തോടൊത്ത് നിത്യാനന്ദം അനുഭവിക്കുമെന്ന നമ്മുടെ കർത്താവിന്റെ വാഗ്ദാനത്തിന്റെ അച്ചാരമാണ് ഈ പുതിയ ഉടമ്പടി. ലോകത്തിൽ എല്ലായിടത്തും എല്ലാവർക്കും എല്ലായ്പ്പോഴും ഈ രക്ഷ ലഭ്യമാക്കാൻ വേണ്ടി, തന്റെ രണ്ടാമത്തെ വരവു വരെ, ഇപ്രകാരം അനുഷ്ഠിക്കാൻ കർത്താവ് തന്റെ ശിഷ്യന്മാരെയും അവരുടെ നിയമാനുസൃത പിൻഗാമികളെയും അധികാരപ്പെടുത്തുകയായിരുന്നു. ഇതായിരുന്നു അവിടുന്ന് ‘അത്യധികമായി ആഗ്രഹിച്ച’ കാര്യം.

പഴയ നിയമ പെസഹായുടെ അനുഷ്ഠാന വേളയിൽത്തന്നെ അതിന്റെ പൂർത്തീകരണമായ പുതിയ ബലിയനുഷ്ഠാനം

www.malankaralibrary.com



കർത്താവ് ഏർപ്പെടുത്തിയത് എത്ര അർത്ഥവത്താണ്! സീനായിമലയിൽ വച്ച് ദൈവം ഇസ്രായേല്യരുമായി കുഞ്ഞാടിന്റെ രക്തത്തിൽ ചെയ്ത ഉടമ്പടി കാൽവരി മലയിൽവച്ച് കർത്താവ് തന്റെ രക്തത്താൽത്തന്നെ പൂർത്തിയാക്കി. സീനായിമലയിൽ ചെയ്തതുപോലെ രക്തം ബാഹ്യമായി തളിക്കുന്നതിനു പകരം തിരുശരീര രക്തങ്ങൾ നമുക്കു ഭക്ഷണമായിത്തന്നെ തരുന്ന ദൈവവും മനുഷ്യനുമായുള്ള സമ്പൂർണ്ണ യോജിപ്പിന്റെ അടയാളമാണത്.

യേശുക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയുടെ മർമ്മപ്രധാനമായ ഈ ആചാരക്രമം എത്ര പ്രാധാന്യമർഹിക്കുന്നുവെന്ന് ഇക്കാര്യം തന്നെ ആവർത്തിച്ച് സമാന്തക സുവിശേഷകരും വി. പൗലോസും രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും മനസ്സിലാക്കാം. (മത്താ. 26:26-28; മർക്കോ. 14:22-24; ലൂക്ക. 22:14-20; 1കൊരി. 11:23-26).

"അവൻ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുളി ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു. നിങ്ങളെല്ലാവരും ഇതിൽ നിന്ന് പാനം ചെയ്യുവിൻ. ഇത് പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടെതുമായ എന്റെ രക്തമാണ്."

വി.യോഹന്നാനാകട്ടെ ഈ ജീവന്റെ അപ്പത്തെപ്പറ്റി യേശുക്രിസ്തു വ്യക്തമായി പഠിപ്പിച്ച കാര്യങ്ങൾ ദീർഘമായിത്തന്നെ തന്റെ സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അതു നമ്മുടെ പ്രത്യേക പഠനം അർഹിക്കുന്നതിനാൽ അടുത്ത അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

www.malankaralibrary.com

## അദ്ധ്യായം 25

# "എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്"(യോഹ.6:54)

മനുഷ്യ രക്ഷയ്ക്കായി സ്വയം ബലിയായി അർപ്പിക്കുന്ന തന്റെ ശരീരം തന്നെ ഓരോ ക്രിസ്ത്യാനിയും സ്വയ രക്ഷയ്ക്കായി ഭക്ഷിക്കണമെന്ന് വ്യക്തമായും ശക്തമായും ക്രിസ്തുനാഥൻ നമുക്കു വെളിപ്പെടുത്തിത്തരുന്നതാണ് വി. യോഹന്നാന്റെ സുവിശേഷത്തിലെ ആറാം അധ്യായം

എല്ലാക്കാര്യങ്ങളും വളരെ ചുരുക്കമായി മാത്രം പ്രസ്താവിക്കുന്ന വി. യോഹന്നാൻ ഈ വിഷയത്തെപ്പറ്റി സുദീർഘമായി വിസ്തരിച്ചുതന്നെ പ്രതിപാദിക്കുന്നത് ശ്രദ്ധേയമാണ്. (വാക്യം 26 മുതൽ 70 വരെ).

ആസന്നമായ പെസഹാ ആചരണത്തിനു മുമ്പ് അപ്പം വർദ്ധിപ്പിച്ച് അതിശയം പ്രവർത്തിക്കുക വഴി യേശു ദൈവരാജ്യത്തിന്റെ മർമ്മമായ ഈ രഹസ്യം (mystery) പഠിപ്പിക്കാൻ പറ്റിയ ഒരു പശ്ചാത്തലം ഒരുക്കുകയായിരുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരത്തിൽ പരം ആളുകൾക്ക് സമൃദ്ധമായി ഭക്ഷണം നല്കിയിട്ടും പന്ത്രണ്ടു കുട്ടനിറയെ മിച്ചംവന്നതു കണ്ടപ്പോൾ ജനങ്ങൾ പറഞ്ഞു: "ലോകത്തിലേക്കു വരുവാനിരിക്കുന്ന പ്രവാചകൻ സത്യമായും ഇവനാണ്" (വാക്യം 14). കർത്താവിനെ രാജാവാക്കാൻ തന്നെ അവർ തീരുമാനിച്ചു. അങ്ങനെ തന്റെ വാക്കുകൾ ജനങ്ങൾ വിശ്വസിക്കാൻ തക്ക ഒരു അന്തരീക്ഷം സൃഷ്ടിച്ച ശേഷമാണ് കഫർനാ

www.malankaralibrary.com



മിലെ സിനഗോഗിൽ വച്ച് മനുഷ്യബുദ്ധിക്കതീതമായ ഈ സ്വർഗ്ഗീയ രഹസ്യം യേശു വെളിപ്പെടുത്തിയത്.

സാമാന്യ ബുദ്ധികൊണ്ടു ചിന്തിച്ചാൽ ഈ മഹാ രഹസ്യം ഗ്രഹിക്കാൻ ആർക്കും സാധ്യമല്ലെന്ന് നന്നായറിയാമായിരുന്ന യേശു തുടക്കത്തിലെ തന്നെ ഇപ്രകാരം പറഞ്ഞു: "അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക" (വാക്യം 29). മനുഷ്യരക്ഷയ്ക്ക് അനുപേക്ഷണീയമായി പിതാവായ ദൈവം നിശ്ചയിച്ച രക്ഷയുടെ ഈ വഴി സ്വീകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതിന് കർത്താവിന്റെ വാക്കുകൾ അതേപടി വിശ്വസിച്ചെങ്കിലെ സാധിക്കൂ. കർത്താവിന്റെ വാക്കുകളിലുള്ള ഉറച്ച വിശ്വാസമാണ് നമ്മുടെ രക്ഷയുടെ അടിസ്ഥാനം. (ബൗദ്ധികമായി വിശകലനം ചെയ്തു ഗ്രഹിക്കാൻ സാധിച്ചാൽ പിന്നെ വിശ്വാസത്തിന് എന്തു പ്രസക്തി?).

"നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനു വേണ്ടി അദ്ധ്വനിക്കുവിൻ; എന്തെന്നാൽ പിതാവായ ദൈവം അവന്റെ മേൽ അംഗീകാര മുദ്ര വച്ചിരിക്കുന്നു" (വാക്യം 27)

ഫറവോന്റെ അടിമത്തത്തിൽ നിന്ന് വാഗ്ദത്തനാടായ ജറുസലേമിലേക്ക് തങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിലുടെ യാത്ര ചെയ്തപ്പോൾ അവരെ ശക്തിപ്പെടുത്തിയ. ശാരീരിക ഭക്ഷണമായ മന്നായുമായി താരതമ്യപ്പെടുത്തി, പാപത്തിന്റെ അടമത്തത്തിൽ നിന്ന് സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള നമ്മുടെ ഇഹലോക ജീവിത യാത്രയിൽ ആത്മീയ ഭക്ഷണമായി തരാനിരിക്കുന്ന തന്റെ സ്വന്ത ശരീരത്തെപ്പറ്റി, കർത്താവ് സംസാരിച്ചു തുടങ്ങുന്നു.

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്. ഞാൻ ജീവന്റെ അപ്പമാണ്. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മന്നാ ഭക്ഷിച്ചു.; എങ്കിലും അവർ മരിച്ചു. ഇതാകട്ടെ, മനുഷ്യൻ ഭക്ഷിക്കുന്നതിനു വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമാണ്. ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാ

www.malankaralibrary.com



ണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്ന ന്നേക്കും ജീവിക്കും. ലോകത്തിൽ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്'' (വാക്യം 47 മുതൽ 51 വരെ).

സുവിശേഷത്തിന്റെ മർമ്മമാണ് കർത്താവ് ഇവിടെ വെളിപ്പെടുത്തിയത്: വി. കുർബാനാനുഭവത്തിലൂടെ ദൈവവുമായുള്ള ഐക്യം സുസ്ഥാപിതമാകുന്നു എന്ന പരമസത്യം.

പിതാവായ ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് മനുഷ്യവർഗ്ഗത്തെ പാപബന്ധനങ്ങളിൽ നിന്നും രക്ഷിക്കാനാണല്ലോ. രക്ഷയുടെ ഏകമാർഗ്ഗമാണ് കർത്താവിന്റെ ബലി. ഈ ബലിയുടെ രഹസ്യമാണ് കർത്താവ് ഇവിടെ വെളിപ്പെടുത്തുന്നത്.

രക്ഷയുടെ ഈ സ്വർഗ്ഗീയ രഹസ്യം വെളിപ്പെടുത്തുമ്പോൾ മാനുഷിക ബുദ്ധിയെക്കാൾ കർത്താവിന്റെ വാക്കുകളിലുള്ള വിശ്വാസത്തിനാണ് പ്രസക്തി. പുതിയ നിയമത്തിൽ വിശ്വാസത്തെപ്പറ്റി കൂടുതൽ ഊന്നിപ്പറയാൻ തന്നെ കാരണം രക്ഷയുടെ ഈ മഹാരഹസ്യം മനുഷ്യബുദ്ധിക്കതീതമായതുകൊണ്ടാണ്. അതിനാൽ കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ ശിശുസഹജമായ തുറന്നമനസ്സോടെ 'അപ്രകാരം തന്നെ' എന്ന് അംഗീകരിക്കുകയാണ് ഉത്തമം.

മനുഷ്യബുദ്ധിക്കതീതമെങ്കലും ഈ സദ്വാർത്ത ഒരു യാഥാർത്ഥ്യമായി ഏവരും അംഗീകരിക്കണമെന്ന് കർത്താവ് ആഗ്രഹിച്ചു. അതിനാൽ ജീവന്റെ അപ്പം ഭക്ഷിക്കുന്നതിനെപ്പറ്റി പറയുമ്പോഴൊക്കെ കർത്താവ് 'സത്യം സത്യമായി' എന്ന് പല പ്രാവശ്യം ആണയിട്ട് തറപ്പിച്ചു പറയുന്നു. യഹൂദന്മാരുടെ പതിവനുസരിച്ച് രണ്ടു പ്രാവശ്യം 'ആമേൻ' (അപ്രകാരം ആയിരിക്കട്ടെ) എന്നു പറഞ്ഞു ഒരു പ്രസ്താവന ചെയ്താൽ അത് സത്യം ചെയ്തു ഉറപ്പിക്കലാണ്. (സത്യം സത്യമായി എന്നത് ആമേൻ ആമേൻ എന്ന അറയായ ഭാഷയുടെ തർജ്ജമയാണ്).

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരി

www.malankaralibrary.com



ക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ, എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവുമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു; ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു; ഞാൻ പിതാവുമൂലം ജീവിക്കുന്നു. അതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും. ഇത് സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാണ്. പിതാക്കന്മാർ മന്ന ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതുപോലെയല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (വാക്യം 53–58).

താൻ ജീവിന്റെ അപ്പമാണെന്ന് ആലങ്കാരിക ഭാഷയിലല്ല പറഞ്ഞതെന്ന് യഹൂദർക്കു മനസ്സിലായി. അതിനാലാണ്. 'തന്റെ ശരീരം നമുക്കു ഭക്ഷണമായിത്തരാൻ ഇവന് എങ്ങനെ കഴിയും? എന്നവർ ചോദിച്ചത് (വാക്യം 52). ഇതിനു മറുപടിയായിട്ടാണ് കർത്താവ് മേല്പറഞ്ഞവാക്യങ്ങൾ ആവർത്തിച്ച് സത്യം ചെയ്തു തന്നെ പറഞ്ഞത്.

(ഇത് ആലങ്കാരികമായി പറഞ്ഞതായിരുന്നെങ്കിൽ ഈ അവസരത്തിൽ കർത്താവിന് അക്കാര്യം വ്യക്തമാക്കി പ്രശ്നം പരിഹരിക്കാമായിരുന്നു. ഉദാഹരണായി അപ്പോൾ കർത്താവിന് ഇപ്രകാരം പറയാമായിരുന്നു: 'ഞാൻ ഈ പറഞ്ഞത് നിങ്ങൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. എന്റെ നാമത്തിൽ നിങ്ങൾ ഒരുമിച്ചുകൂടി അപ്പം മുറിക്കുമ്പോൾ, ഞാൻ നിങ്ങളെ രക്ഷിച്ചു എന്ന് വിശ്വസിച്ചാൽ മാത്രം മതി. ശരീരം ഭക്ഷിക്കുക, രക്തം പാനം ചെയ്യുക എന്നു ഞാൻ പറഞ്ഞത് നിങ്ങൾക്ക് ഇടർച്ചക്കു കാരണമാകുന്നെങ്കിൽ അതു മറന്നേക്കുക' എന്നിങ്ങനെ).

ഇപ്രകാരം പറയുന്നതിനു പകരം, കർത്താവ്, താൻ നേരത്തേ പറഞ്ഞകാര്യം തന്നെ വീണ്ടും തറപ്പിച്ചു പറയുകയായിരുന്നല്ലോ.

തന്നെ വിശ്വസിച്ച് അനുഗമിച്ചിരുന്ന ശിഷ്യന്മാർക്ക് പോലും

www.malankaralibrary.com



ഈ വാക്കുകൾ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. "ഇതു കേട്ട് അവന്റെ ശിഷ്യരിൽ പലരും പറഞ്ഞു: ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കുവാൻ ആർക്കു കഴിയും?" (വാക്യം 60). "ഇതിനുശേഷം അവന്റെ ശിഷ്യന്മാരിൽ വളരെപ്പേർ അവനെ വിട്ടുപോയി; അവർ പിന്നീടൊരിക്കലും അവന്റെ കൂടെ നടന്നില്ല" (വാക്യം 66).

അതെ, കർത്താവിന്റെ വാക്കുകൾ വളച്ചൊടിക്കാതെ അതേപടി സ്വീകരിക്കാനും വിശ്വസിക്കാനും കൃപ ലഭിച്ചിട്ടില്ലാത്തവർക്ക് അവ ഇപ്പോഴും 'കഠിനം' തന്നെ.

നമ്മുടെ കർത്താവ്, വിദ്യാവിഹീനരായ തന്റെ ശിഷ്യന്മാർക്ക് ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ ഓരോന്നായി വെളിപ്പെടുത്തിക്കൊടുക്കുമ്പോൾ അവ വളരെ ലളിതമായ ഭാഷയിൽ ഉപമകളിലൂടെ പറഞ്ഞുകൊടുത്തിരുന്നു. എന്നിട്ടും അവ മനസ്സിലാകാതെ വരുകയോ തെറ്റിദ്ധരിക്കപ്പെടുകയോ ചെയ്താൽ കർത്താവ് അവ വീണ്ടും വിശദീകരിച്ചിരുന്നു. ഉദാഹരണമായി വിതയ്ക്കുന്നവന്റെ ഉപമ (മത്താ. 13:18–23), വീണ്ടും ജനനം (യോഹ. 3:3–5), ഫരിസേയരുടെ പുളിമാവ് (മത്താ. 16:6–12) മുതലായവ.

എന്നാൽ ഇതുവരെ ഒരുമനുഷ്യനും പറഞ്ഞു കേട്ടിട്ടില്ലാത്ത 'കഠിന' മായ ഈ വചനം, – തന്റെ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും വേണമെന്ന വിചിത്രമായ ഈ ആശയം – ലഘൂകരിച്ച് അവർക്ക് സ്വീകാര്യമാകത്തക്കവണ്ണം മയപ്പെടുത്തിയോ മാറ്റിയോ പറയുന്നില്ല.

തന്റെ ശിഷ്യന്മാരെല്ലാവരും തന്നെ ഈ സത്യം വിശ്വസിക്കാതെ, തന്നെ വിട്ടുപോയാൽ പോലും, തന്റെ പിതാവ് നിശ്ചയിച്ച രക്ഷാകര പദ്ധതി മാറ്റി പറയാനോ ഒരു വിശദീകരണം നല്കി മറ്റേതെങ്കിലും വ്യാഖ്യാനം കൊടുക്കാനോ കർത്താവ് തയ്യാറായില്ല. കാരണം, താൻ പറഞ്ഞത് അക്ഷരാർത്ഥത്തിൽതന്നെ സത്യമാണ്. അതാണ് പിതാവായ ദൈവത്തിന്റെ രക്ഷാകര പദ്ധതി. അതിൽ നിന്ന് അണുവിട പോലും വ്യതിചലിക്കാതെ അപ്രകാരം തന്നെ നടപ്പാക്കുകയെന്നതാണ് തന്റെ കർത്തവ്യം. മറ്റേതെങ്കിലും വിധത്തിലുള്ള ഒത്തുതീർപ്പ് അസാധ്യം. ശിഷ്യ

www.malankaralibrary.com



ന്മാരെല്ലാവരും തന്നെ വിട്ടുപോയാലും ഇതിന് മാറ്റം വരുത്തുക സാധ്യമല്ല.

അതിനാൽ "യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചു: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ"

മേല്പറഞ്ഞ ചോദ്യത്തിന് ശിമയോൻ പത്രോസ് മറുപടി പറഞ്ഞു; "കർത്താവേ ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യ ജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (വാക്യം 67 മുതൽ 69 വരെ).

കർത്താവിന്റെ വചനങ്ങൾ പൂർണ്ണമായി വിശ്വസിച്ച പത്രോസിനോടു കൂടെയാണോ നമ്മൾ? അതോ, ഇതു കഠിനം എന്നു പറഞ്ഞ് മറ്റു വിശദീകരണങ്ങൾ കാത്തിരുന്ന് കർത്താവിന്റെ രക്ഷാകര പദ്ധതിയിൽ നിന്നും മാറി നില്ക്കുന്നവരാണോ നാം എന്ന് ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു.

തന്റെ ശരീരം ഭക്ഷിക്കാനും രക്തം പാനം ചെയ്യാനും നമുക്ക് ലഭ്യമാക്കാനുള്ള കർമ്മ പദ്ധതി 'സമയമായപ്പോൾ' നമ്മുടെ കർത്താവു ചെയ്തു. തന്റെ അന്ത്യഅത്താഴ വേളയിലായിരുന്നു അത്.

"സമയമായപ്പോൾ അവൻ ഭക്ഷണത്തിനിരുന്നു; അവനൊടൊപ്പം അപ്പസ്തോലന്മാരും, ............. അവൻ അപ്പമെടുത്ത്, കൃതജ്ഞതാ സ്തോത്രം ചെയ്ത്, മുറിച്ച് അവർക്കു കൊടുത്തുകൊണ്ട് അരുളിചെയ്തു: ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. ............. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചീന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (ലൂക്ക. 22:14-21).

രക്ഷയുടെ ആകെത്തുകയാണ് വി. കുർബാനാനുഭവം. നമ്മുടെ രക്ഷയ്ക്ക് ഇത് എത്ര അനുപേക്ഷണീയമാണെന്ന് നമ്മെ ഉദ്ബോധിപ്പിക്കാനാണ് നമ്മുടെ കർത്താവ് ഇത്ര ദീർഘമായി സത്യം ചെയ്തുപോലും തന്റെ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യണമെന്നു പറഞ്ഞത്. മറ്റേതെങ്കിലും

www.malankaralibrary.com



വ്യാഖ്യാനം നല്കി ഇതിൽ നിന്നും ഒഴിഞ്ഞുമാറാൻ ഒരു ക്രിസ്ത്യാനിക്കും സാധ്യമല്ല.

പുതിയ നിയമത്തിൽ ഇത്ര ദീർഘമായി ആവർത്തിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വേറൊരു വിഷയവുമില്ല. പഴയനിയമത്തിലും കർത്താവിന്റെ പ്രതീകമായിരുന്ന പെസഹാ കുഞ്ഞാടിനെ എത്ര സംപൂജ്യമായി കരുതിയിരുന്നുവെന്ന് വി. ഗ്രന്ഥത്തിൽ ആവർത്തിച്ചു പറയുന്നുണ്ട്. (ഉദാ. പുറപ്പാട് അധ്യായം 12, 29; ലേവ്യ 6:25-30; സംഖ്യ അധ്യായം 28 etc.).

ലേവ്യർ 10:16 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ, പാപപരിഹാരബലിക്കുള്ള കോലാടിനെ വിശുദ്ധ സ്ഥലത്തു വച്ചു ഭക്ഷിക്കേണ്ടതിനു പകരം ദഹിപ്പിച്ചു കളഞ്ഞതിന് മോശ കോപിക്കുന്നതും അഹറോൻ അതിന് സമാധാനം പറയുന്നതും ശ്രദ്ധിക്കുക.

2 ദിനവൃത്താന്തം 30:15 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ, വിധിപ്രകാരം തങ്ങളെത്തന്നെ ശുദ്ധീകരിക്കാതെ പെസഹാ ഭക്ഷിച്ചവരുടെ മേൽ ദൈവ കോപം വരാതിരിക്കാനായി ഹെസക്കിയാ പ്രാർത്ഥിക്കുന്നതായി നാം വായിക്കുന്നു.

പുതിയ നിയമത്തിലെ പെസഹാ കുഞ്ഞാടായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങൾ ദൈവജനം അനുഭവിക്കുന്നതിന്റെ പ്രതീകമായിരുന്നു ഇവയെല്ലാം.

വെറും നിഴൽ മാത്രമായിരുന്ന പഴയ നിയമത്തിലെ അറക്കപ്പെട്ട കുഞ്ഞാടിനെ ഇത്ര സംപൂജ്യമായി കരുതിയിരുന്നെങ്കിൽ പുതിയ നിയമത്തിലെ സാക്ഷാൽ രക്ഷാകര ബലിയായ കുഞ്ഞാടിന്റെ ജീവനുള്ള ശരീരവും രക്തവും എത്ര തീവ്രമായ ഭക്തിപാരവശ്യത്തോടെയായിരിക്കണം നാം അനുഭവിക്കേണ്ടത്!

ബൈബിളിലെ സുപ്രധാന സുവിശേഷം ഇതാണ്; വി. കുർബാനയിലൂടെ ജീവനുള്ള ദൈവത്തിന്റെ ഏറ്റം വലിയ ദാനമായ ക്രിസ്തുവിന്റെ ശരീര രക്തങ്ങളിൽ പങ്കാളികളായി പാപികളായ നാം നിത്യ ജീവന് അർഹരാകുന്നു.

www.malankaralibrary.com

## അദ്ധ്യായം 26

# "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്ക. 22:19)

സഭ അതിന്റെ സ്ഥാപകനായ കർത്താവിന്റെ ഈ കല്പന കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി വിശ്വസ്തതയോടെ നിർവഹിച്ചു വരുന്നു. ആയിരത്തി എണ്ണൂറ് വർഷങ്ങളോളം മിക്കവാറും എല്ലാ ക്രിസ്ത്രീയ വിഭാഗങ്ങളും ദിവ്യബലിയിൽ കർത്താവിന്റെ ശരീരരക്തങ്ങൾ തന്നെ അനുഭവിക്കുന്നുവെന്ന് ദൃഢമായി വിശ്വസിച്ചിരുന്നു.

എന്നാൽ ഈ ആധുനിക കാലത്ത് രക്ഷിക്കപ്പെടാൻ കർത്താവ് കാട്ടിയതിലും 'എളുപ്പ വഴി' ചിലർ കണ്ടുപിടിച്ചിരിക്കുന്നു! അവരുടെ ചിന്താഗതി ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം: "ക്രിസ്തുവിന്റേതായാലും മാംസം ഭക്ഷിക്കുക, രക്തം കുടിക്കുക, ബലിയർപ്പിക്കുക എന്നെല്ലാം പറയുന്നത് ഒരു പരിഷ്കൃത സമ്പ്രദായമല്ല. ഇവയെല്ലാം പ്രാചീനകാലങ്ങളിൽ വിജാതീയരുടെ ഇടയിൽ നടന്നു പോന്നിരുന്ന കിരാത അനുഷ്ഠാനത്തിന്റെ അനുകരണം മാത്രമാണ്. അതിനെക്കാൾ സ്വീകാര്യം കർത്താവിന്റെ അന്ത്യ അത്താഴത്തിന്റെ ഓർമ്മയ്ക്കായി ഒരു 'അനുസ്മരണ ശുശ്രൂഷ' മത്രം നടത്തുക എന്നതാണ്. രക്ഷിക്കപ്പെടാൻ വേറെ എത്രയോ വാക്യങ്ങൾ വി. ഗ്രന്ഥത്തിൽ നിന്നും ഉദ്ധരിക്കാനുണ്ട്. ഉദാ. റോമ. 10:9 "ആകയാൽ, യേശു കർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന്

www.malankaralibrary.com



ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും."

ദൈവത്തിന്റെ രക്ഷാകര പദ്ധതി തകിടം മറിക്കുക എന്ന ഏക ലക്ഷ്യമാണല്ലോ സാത്താനുള്ളത്. ദൈവവചനത്തെ വളച്ചൊടിച്ച് തെറ്റിദ്ധരിപ്പിക്കുക എന്ന അവന്റെ തന്ത്രം ഏദൻ തോട്ടത്തിൽ വച്ചു തന്നെ തുടങ്ങി. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്ന രുതെന്ന് ദൈവം കല്പിച്ചിട്ടുണ്ടോ?" (ഉല്പ. 3:1). ദൈവം കല്പിച്ചതെന്തെന്ന് ശരിയായി ഹവ്വ മറുപടി പറഞ്ഞപ്പോൾ സാത്താൻ ദൈവ വചനത്തെ ദുർവ്യാഖ്യാനം ചെയ്തു കൊണ്ട് ഇപ്രകാരം പറഞ്ഞു. "നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തി നറിയാം." ഹവ്വാ ആ കെണിയിൽ വീണു. ദൈവഹിതത്തെക്കാൾ സ്വന്തഹിതത്തിന് പ്രാധാന്യം കൊടുത്ത് ദൈവ വചനത്തെ തിര സ്കരിച്ചതിനാൽ മനുഷ്യവർഗ്ഗം മുഴുവൻ ദൈവത്തിന്റെ സ്നേഹ ബന്ധത്തിൽ നിന്നകന്ന് സ്വയം കേന്ദ്രീകൃതമായ ഒരു ജീവിത ശൈലിയിലേക്ക് നിപതിച്ചു. നന്മതിന്മകളെ ദൈവതിരുമനസ്സിന നുരൂപമായി വിവേചിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെട്ട് മനുഷ്യ വർഗ്ഗം മുഴുവൻ പാപത്തിൽ വീണു. അങ്ങനെ ദൈവിക ജീവൻ നഷ്ടപ്പെട്ട മനുഷ്യൻ ആത്മീയമായി മരിച്ചു.

ഈ വീഴ്ചയിൽ നിന്നും മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ മനു ഷ്യനായി അവതരിച്ച കർത്താവിനെത്തന്നെ പരീക്ഷിക്കാൻ സാത്താൻ തീരുമാനിച്ചു. അതും ദൈവ വചനം ഉദ്ധരിച്ചു കൊണ്ടു തന്നെ (ലൂക്ക. 4:1-3). കർത്താവിൽ സ്വയം സ്നേഹം പ്രോത്സാ ഹിപ്പിക്കുകയായിരുന്നു അവന്റെ തന്ത്രം. അതിൽ അവൻ പരാജ യപ്പെട്ടപ്പോൾ, കർത്താവിന്റെ ശരീരം തന്നെയായ സഭയെ കഠിന മായി പീഢിപ്പിക്കാൻ ശത്രുകൾക്ക് പ്രചോദനം നല്കി. എന്നാൽ പീഡനങ്ങളിലൂടെ സഭ കൂടുതൽ ശക്തി പ്രാപിക്കുന്നുവെന്നു കണ്ട സാത്താൻ തന്റെ അടവ് വീണ്ടും മാറ്റി. ദൈവ വച നംത്തപ്പറ്റിയുള്ള സഭാപിതാക്കന്മാരുടെ വ്യാഖ്യാനം അവൻ കരു ാക്കി. അത് ഒരു പരിധിവരെയെങ്കിലും വിജയിക്കുന്നുവെന്നു

www.malankaralibrary.com



കണ്ട് സാത്താൻ ആതു തന്നെ തുടർന്നും ആയുധമാക്കുകയാണ് ഇപ്പോഴും. സഭ അനുഷ്ഠിച്ചു വരുന്ന ദിവ്യബലിയിലുള്ള കർത്താവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെ ചോദ്യം ചെയ്യുക എന്നാതാണ് കഴിഞ്ഞ രണ്ടുമൂന്നു ശതാബ്ദങ്ങളായി അവന്റെ തന്ത്രം. കാരണം അത് രക്ഷയുടെ മർമ്മം തന്നെയാണല്ലോ. ഈ ദിവ്യബലിമൂലമാണല്ലോ അനുനിമിഷം അവന്റെ തല തകർക്കപ്പെടുന്നത്. ഈ ദൈവിക പദ്ധതിയെ തകർക്കാനായി സാത്താൻ ജീവന്മരണ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നു.

എന്നാൽ വി. ഗ്രന്ഥത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഇതേപ്പറ്റി സംശയിക്കേണ്ട ആവശ്യമില്ല. അന്ത്യ അത്താഴവേളയിൽ നമ്മുടെ കർത്താവ് പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും.

യേശു കൈകളിൽ അപ്പമെടുത്തു പറഞ്ഞു: "ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്." യേശു ഇതു പറഞ്ഞപ്പോൾ യേശുവിന്റെ കൈകളിലിരുന്ന അപ്പം തന്റെ ശരീരം തന്നെയായിരുന്നോ? അല്ലയോ? വീഞ്ഞു നിറച്ചിരുന്ന പാനപാത്രം കൈകളിലെടുത്തു കർത്താവു പറഞ്ഞു: "ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്." (ലൂക്ക. 22:19-20). ഇതു പറഞ്ഞപ്പോൾ, പിറ്റെ ദിവസം ചിന്താനിരുന്ന തന്റെ സാക്ഷാൽ രക്തത്തിലുള്ള ഉടമ്പടി തന്നെയാണോ കർത്താവ് അപ്പോൾ ചെയ്തത്?

ഉത്തരം വ്യക്തം. അപ്പോൾ യേശുവിന്റെ കൈകളിലിരുന്നത് അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിലുള്ള തന്റെ തിരുശരീരവും തിരുരക്തവും അല്ലെന്ന് ദൈവ വചനത്തിൽ വിശ്വസിക്കുന്ന ഒരു ക്രിസ്ത്യനിക്ക് എങ്ങനെ പറയാൻ സാധിക്കും?

കർത്താവ് അന്ത്യഅത്താഴവേളയിൽ ശിഷ്യന്മാർക്ക് ഭക്ഷിക്കാനും പാനം ചെയ്യാനും കൊടുത്ത അപ്പവീഞ്ഞുകൾ, താൻ സ്വയം യാഗമായി താമസിയാതെ തന്നെ അർപ്പിക്കാൻ പോകുന്ന തന്റെ ജീവനുള്ള ശരീരരക്തങ്ങൾ തന്നെയായിരുന്നെങ്കിൽ, പരിശുദ്ധ കുർബാനയിലും അതുതന്നെയാണ് ഇന്നും സംഭവിക്കുന്നത്.

www.malankaralibrary.com



"ദൈവത്താൽ അസാദ്ധ്യമായത് ഒന്നുമില്ല (ലൂക്ക. 1:37). 'ഉണ്ടാകട്ടെ' എന്ന് ദൈവം കല്പിച്ചപ്പോൾ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടെങ്കിൽ, ദൂതൻ ദൈവവചനം ഉച്ചരിച്ചപ്പോൾ സൃഷ്ടാവായ ദൈവം മാംസമായി മാതാവിന്റെ ഉദരത്തിൽ പരമാണുസമാനമായ ഒരു കോശത്തിൽ ഉരുവായെങ്കിൽ, കർത്താവിന്റെ ശിഷ്യന്മാർ അന്ത്യഅത്താഴ വേളയിൽ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തത് കർത്താവിന്റെ തന്നെ തിരുശരീരവും തിരുരക്തവുമായിരുന്നെങ്കിൽ, ഇന്നും കർത്താവിന്റെ കല്പന പ്രകാരം ശിഷ്യന്മാരുടെ യഥാർത്ഥ പിൻഗാമികൾ സഭയിൽ അനുഷ്ഠിക്കുന്ന വി. ക്രുർബാനയിലും 'അസാദ്ധ്യ' മായ ഈ കാര്യം സാദ്ധ്യമാകയാണ്. അത് വിശ്വസിക്കുന്നതിന് കർത്താവിന്റെ വാക്കുകൾ മതി. വി. ഗ്രന്ഥത്തിൽ അവ രേഖപ്പെടുത്തിയിട്ടുണ്ട്.

കർത്താവ് അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമായി മാറ്റിയത് പന്ത്രണ്ടു ശിഷ്യന്മാർ അനുഭവിക്കാൻ വേണ്ടി മാത്രമായിരുന്നില്ല. തന്റെ കുരിശുമരണത്തിന്റെ പൂർണ്ണഫലമായ രക്ഷ പ്രാപിക്കാനാഗ്രഹിക്കുന്ന എല്ലാവർക്കും വേണ്ടിയാണ്. ലോകാവസാനംവരെ ഏതു സ്ഥലത്തും ഏതുകാലത്തും എല്ലാവർക്കും രക്ഷയുടെ ഫലം സൗജന്യമായി ലഭ്യമാക്കണമെന്നതായിരുന്നു അവിടുത്തെ തിരുവിഷ്ടം. "ഇത് പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേയുമായ എന്റെ രക്തമാണ്" (മത്താ. 26:28) എന്നു പറഞ്ഞ് ക്രിസ്തു തന്റെ ശിഷ്യന്മാർക്കു കൊടുത്ത അതേ തിരുശരീര രക്തങ്ങളാണ് ഇന്നും വി. കുർബാനയിൽ വിശ്വാസികൾ സ്വീകരിക്കുന്നത്.

"എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്ക. 22:19) എന്ന് അവിടുന്ന് ശിഷ്യന്മാരോട് കല്പിച്ചതു വഴി തിരുവത്താഴദിവസം താൻ ചെയ്തതുപോലെ ചെയ്യുവാൻ ശിഷ്യന്മാർക്കു മാത്രമല്ല അവരുടെ യഥാർത്ഥ പിൻഗാമികൾക്കും ഈ അധികാരം കൊടുത്തു. തന്റെ രണ്ടാമത്തെ വരവു വരെ അതു തുടരണമെന്നാണല്ലോ കർത്താവ് കല്പിച്ചത് (1കൊരി.11:26). ഇപ്രകാരം ചെയ്യാൻ ശിഷ്യന്മാർ ലോകാവസാനം വരെ ജീവിച്ചിരിക്കു

www.malankaralibrary.com



കയില്ലല്ലോ.

കർത്താവിന്റെ ഈ കല്പനയനുസരിച്ച് തിരുവത്താഴ രാത്രി യേശു ചെയ്തതു തന്നെ ശിഷ്യന്മാരും അവരുടെ പിൻഗാമികളും ചെയ്തുപോന്നു എന്ന് വി. ഗ്രന്ഥത്തിൽ നിന്നും മനസ്സിലാക്കാം. “അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കു ചേർന്നു” (അപ്പ. പ്ര. 2:42). “ആഴ്ചയുടെ ആദ്യദിവസം അപ്പം മുറിക്കാൻ ഞങ്ങൾ ഒരുമിച്ചു കൂടി” (അപ്പ. പ്ര. 20:7).

യേശുക്രിസ്തു അന്ത്യഅത്താഴവേളയിൽ പരിശുദ്ധകുർബാന എന്ന കൂദാശ സ്ഥാപിച്ചപ്പോൾ വി. പൗലോസ് അവിടെ ഉണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹമാണ് വളരെ ശക്തമായി പറഞ്ഞിരിക്കുന്നത്, കൂദാശ ചെയ്യപ്പെട്ട അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവും തന്നെയാണെന്ന്.

“ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരായി തെറ്റു ചെയ്യുന്നു. അതിനാൽ ഓരോരുത്തരും ആത്മശോധന ചെയ്തതിനു ശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും (1 കൊരി. 11:27-29).

പഴയ നിയമത്തിലെ പെസഹ, പരിച്ഛേദനം കഴിഞ്ഞവർക്കു മാത്രമേ ഭക്ഷിക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. പുതിയ പെസഹായുടെ അപ്പമായ കർത്താവിന്റെ തിരുശരീരവും തിരുരക്തവും, മാമോദീസായിലൂടെ ദൈവജനമാക്കപ്പെട്ട് പാപമാലിന്യങ്ങൾ കൂടാതെ കൃപാവരത്തിലിരിക്കുന്ന വിശ്വാസികൾക്കു മാത്രമുള്ളതാണ്.

കർത്താവ് അന്ത്യഅത്താഴവേളയിൽ “നിങ്ങൾ ഓർമ്മിക്കുവിൻ” എന്നല്ല പറഞ്ഞത്; ഓർമ്മയ്ക്കായി ചെയ്യുവിൻ” എന്നാണ്

www.malankaralibrary.com



(ലൂക്ക. 22:19). രണ്ടും തമ്മിൽ വലിയ അർത്ഥവ്യത്യാസമുണ്ടല്ലോ. 'ചെയ്യുവിൻ' എന്നതാണ് കർത്താവിന്റെ കല്പന, 'ഓർമ്മിക്കുവിൻ' എന്നല്ല.. കർത്താവു കല്പിച്ചതനുസരിച്ച് വിശ്വസ്തതയോടെ സഭ ലോകമെമ്പാടുമുള്ള എല്ലാ ദേവാലയങ്ങളിലും ഇന്നും അതു തുടരുന്നു: തന്റെ രണ്ടാമത്തെ വരവു വരെ തുടരുകയും ചെയ്യും.

'നരകവാതിലുകൾ തന്റെ സഭയ്ക്കെതിരെ പ്രബലപ്പെടുകയില്ല' (മത്താ. 16:18) എന്ന് വി. പത്രോസിനു കൊടുത്ത വാഗ്ദാനത്തിൽ വിശ്വസിച്ച് സുരക്ഷിതാ ബോധത്തോടെ തിരുസഭയിലുള്ള ആർക്കും സൗജന്യമായി ക്രിസ്തുവിന്റെ തിരുശരീരം ഭക്ഷിക്കുകയും തിരുരക്തം പാനം ചെയ്യുകയും ചെയ്ത് കുരശിന്റെ രക്ഷ അനുഭവിക്കാൻ സാധിക്കും.

കുരിശു മരണത്തിനുശേഷം മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റ ജീവനുള്ള ക്രിസ്തുവിനെത്തന്നെയാണ് നാം പരിശുദ്ധ കർബാന സ്വീകരണത്തിലൂടെ നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കുന്നത്. വി. തോമാശ്ലീഹായ്ക്ക് പ്രത്യക്ഷനായി, "നിന്റെ വിരൽ ഇവിടെ കൊണ്ടു വരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക, അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" (യോഹ. 20:27) എന്നു പറഞ്ഞ അതേ ക്രിസ്തുവിനെത്തന്നെ വി. കുർബാനയിൽ നമ്മുടെ ഹൃദയത്തിൽ നാം സ്വീകരിക്കുന്നു. ലോകാവസാനത്തിങ്കൽ മഹാപ്രതാപത്തോടെ ലോകത്തെ വിധിക്കാൻ വരുന്ന ക്രിസ്തുവിനെത്തന്നെയാണ് അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ ഓരോ വിശ്വാസിയും ഹൃദയത്തിൽ സ്വീകരിക്കുന്നത്.

വി. അഗസ്തിനോസ് പറയുന്നത് വി. കുർബാന സ്വീകരണം വഴി നാം യേശുവിനെ നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ യേശു തന്റെ തിരുഹൃദയത്തിൽ നമ്മെ സ്വീകരിക്കുന്നു എന്നാണ്.

നമ്മുടെ രക്ഷയ്ക്കായി രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കാൽവരിയിൽ നമുക്കുവേണ്ടി ജീവൻ വെടിഞ്ഞ് ഉയിർത്തെഴുന്നേറ്റ് ഇപ്പോൾ മഹത്വത്തോടെ ദൈവത്തിന്റെ വലത്തു ഭാഗത്ത്

www.malankaralibrary.com



ഇരിക്കുന്ന ക്രിസ്തുവിനെത്തന്നെ നമ്മുടെ ഹൃദയത്തിൽ സ്വീകരിച്ച് അവിടുന്നുമായി സംസർഗ്ഗം ചെയ്തു ജീവിക്കാൻ നമുക്കു സാധിക്കുന്നു. "ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ" (മത്താ. 1:23) എന്ന രക്ഷകന്റെ നാമം അങ്ങനെ അന്വർത്ഥമാകുന്നു.

വി. കുർബാനയെപ്പറ്റി വി. പൗലോസ് പറയുന്നത് ശ്രദ്ധിക്കുക. "വിശപ്പുള്ളവൻ വീട്ടിലിരുന്നു ഭക്ഷിച്ചുകൊള്ളട്ടെ. അല്ലെങ്കിൽ നിങ്ങളുടെ സമ്മേളനം ശിക്ഷാവിധിക്കേ ഉപകരിക്കയുള്ളു" (1 കൊരി. 11.34). 'അപ്പം മുറിക്കൽ' ഉദരപൂരണത്തിനുള്ള ചടങ്ങല്ലായിരുന്നു വെന്ന് സ്പഷ്ടം.

"നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം ക്രസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? (1 കൊരി. 10:16) എന്ന് വി. പൗലോസ് വീണ്ടും പറയുന്നതിൽ നിന്നും, ഈ അനുഷ്ഠാനം വെറും ഓമ്മയ്ക്കായി ചെയ്യുന്ന കർമ്മമല്ലെന്ന് വ്യക്തമാണ്.

വി. കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടെന്നുള്ള വിശ്വാസമാണ് ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തിന്റെ മാനദണ്ഡമെന്ന് വി. പൗലോസ് പറയുന്നു. "നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നിലനില്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുവിൻ; നിങ്ങളെത്തന്നെ പരിശോധിച്ചറിയുവിൻ. യേശുക്രിസ്തു നിങ്ങളിലുണ്ട് എന്ന് നിങ്ങൾക്ക് ബോദ്ധ്യമായിട്ടില്ലേ?" (2 കൊരി. 13:5).

ആദിമക്രിസ്ത്യാനികൾ 'അപ്പം മുറിക്കൽ' ചടങ്ങിൽ അപ്പവീഞ്ഞുകളെ ക്രിസ്തുവിന്റെ ശരീരരക്തങ്ങളായിട്ടാണ് കരുതിയിരുന്നത്. തങ്ങളുടെ വിശ്വാസത്തിൽ അബദ്ധോപദേശങ്ങൾ കടന്നു കൂടാതിരിക്കാൻ ആദിമ ക്രിസ്ത്യാനികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. "ഞങ്ങൾ നിങ്ങളോട് പ്രസംഗിച്ചതിൽ നിന്നും വ്യത്യസ്ഥമായ ഒരു സുവിശേഷം ഞങ്ങൾ തന്നെയോ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോട് പ്രസംഗിച്ചാൽ അവൻ

www.malankaralibrary.com



ശപിക്കപ്പെട്ടവനായിരിക്കട്ടെ" (ഗലാ. 1:8) എന്ന വി. പൗലോസിന്റെ വാക്കുകൾ തന്നെ ഉദാഹരണം.

നമുക്ക് യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം എത്ര സുദൃഢവും ആഴമുള്ളതുമായിരിക്കണമെന്ന് ഉപമകളിലൂടെ ക്രിസ്തുനാഥൻ വെളിപ്പെടുത്തിയിട്ടുണ്ട്. ഉദാ. ഭർത്താവും ഭാര്യയും (എഫേ. 5:25), മുന്തിരിയും ശാഖകളും (യോഹ. 15:5) ശിരസ്സും ശരീരവും (1 കൊരി. 11.3) etc.

ക്രിസ്തുവും നാമും തമ്മിലുള്ള ബന്ധം എത്ര അഭേദ്യമായിരിക്കണമെന്ന് കാണിക്കാൻ വേണ്ടി ഈ ഭൂമിയിൽ കാണാവുന്ന ഏറ്റം പറ്റിയ ഉദാഹരണങ്ങളാണിവ. എന്നാൽ വി. കുർബാനയിൽ ക്രിസ്തുവും വ്യക്തിയുമായുള്ള പ്രകൃത്യതീതമായ ബന്ധം ഇതിലും എത്രയോ ശ്രേഷ്ഠമാണ്. നാം ക്രിസ്തുവിൽ ഒന്നായിത്തീരുമ്പോൾ നമ്മുടെ അസ്തിത്വമോ വ്യക്തിത്വമൊ നഷ്ടപ്പെടാതെയുള്ള ഒരു യോജിപ്പത്രെ അനുഭവപ്പെടുന്നത്.

വി. കുർബാനാനുഭവമാണ് ദൈവവും മനുഷ്യനുമായുള്ള യോജിപ്പിന്റെ അടിത്തറ, രക്ഷയുടെ അടിസ്ഥാനം, നിത്യജീവന്റെ ഉറവിടം, കർത്താവിന്റെ കുരിശിലൂടെ നമുക്കു ലഭിക്കുന്ന നിത്യ കിരീടത്തിന്റെ മുന്നാസ്വാദനം.

www.malankaralibrary.com

# അദ്ധ്യായം 27

# യാഹ്‌വെ

സീനായ് മലമുകളിൽ വച്ച് ദൈവം ഇസ്രായേൽ ജനതയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട് അവരുമായി ചെയ്ത ഉടമ്പടിയുടെ വിവരണവുമായി താരതമ്യപ്പെടുത്തിയാൽ, വി. കുർബാനയിലെ ദൈവ സാന്നിദ്ധ്യത്തിന്റെ പ്രാധാന്യം മനസ്സിലാകും.

അന്ത്യഅത്താഴവേളയിൽ ക്രസ്തു ചെയ്ത പുതിയ ഉടമ്പടിയുടെ പൂർത്തീകരണമായ, കാൽവരിയിലെ ദിവ്യബലിയുടെ പുനരവതരണമാണല്ലോ, സഭയിൽ നിരന്തരം അർപ്പിക്കപ്പെടുന്ന ദിവ്യബലി അഥവാ വി. കുർബാന.

"കർത്താവ് മോശയോടു പറഞ്ഞു: ഞാൻ നിങ്ങളോട് സംസാരിക്കുമ്പോൾ ജനം കേൾക്കുന്നതിനും അവർ നിന്നെ എപ്പോഴും വിശ്വസിക്കുന്നതിനും വേണ്ടി ഇതാ, ഞാൻ ഒരു കനത്ത മേഘത്തിൻ നിന്റെ അടുക്കലേക്ക് വരുന്നു. മോശ ജനത്തിന്റെ വാക്കുകൾ കർത്താവിനെ അറിയിച്ചു. അപ്പോൾ കർത്താവ് മോശയോടു പറഞ്ഞു. നീ ജനത്തിന്റെ അടുത്തേക്കു പോയി ഇന്നും നാളെയും അവരെ ശുദ്ധീകരിക്കുക. അവർ തങ്ങളുടെ വസ്ത്രങ്ങൾ അലക്കട്ടെ. മൂന്നാം ദിവസം അവർ തയ്യാറായിരിക്കണം, എന്തെന്നാൽ മൂന്നാം ദിവസം ജനം മുഴുവൻ കാൺകെ കർത്താവ് സീനായ് മലയിൽ ഇറങ്ങി വരും. മലയ്ക്കു ചുറ്റും ജനങ്ങൾക്ക് അതിർത്തി കല്പിച്ചു കൊണ്ടു പറയണം: മലയിൽ കയറുകയോ

www.malankaralibrary.com



അതിന്റെ അതിരിൽ തൊടുകയോ ചെയ്യാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ. മലയിൽ തൊടുന്നവൻ വധിക്കപ്പെടും. അവനെ ആരും സ്പർശിക്കരുത്. കല്ലെറിഞ്ഞോ അമ്പെയ്തോ കൊല്ലണം. മൃഗമായാലും മനുഷ്യനായാലും ജീവനോടെയിരിക്കരുത്. കാഹളം ദീർഘമായി മുഴങ്ങുമ്പോൾ അവർ മലയെ സമീപിക്കട്ടെ. മോശ മലയിൽ നിന്നിറങ്ങി ജനത്തിന്റെ അടുക്കൽച്ചെന്ന് അവരെ ശുദ്ധീകരിച്ചു. അവർ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി. അവൻ ജനത്തോടു പറഞ്ഞു. മൂന്നാം ദിവസത്തേക്ക് നിങ്ങൾ ഒരുങ്ങിയിരിക്കുവിൻ, ആരും സ്ത്രീയെ സമീപിക്കരുത്.

മൂന്നാം ദിവസം പ്രഭാതത്തിൽ ഇടിമുഴക്കവും മിന്നൽ പിണരുകളും ഉണ്ടായി. മലമുകളിൽ കനത്ത മേഘം പ്രത്യക്ഷപ്പെട്ടു. കാഹളധ്വനി അത്യുച്ചത്തിൽ മുഴങ്ങി. പാളയത്തിലുണ്ടായിരുന്ന ജനമെല്ലാം ഭയന്നു വിറച്ചു. ദൈവത്തെ കാണുന്നതിനുവേണ്ടി മോശ ജനത്തെ പാളയത്തിനു പുറത്തു കൊണ്ടുവന്നു; അവർ മലയുടെ അടിവാരത്തിൽ നിലയുറപ്പിച്ചു. കർത്താവ് അഗ്നിയിൽ ഇറങ്ങി വന്നതിനാൽ സീനായ്മല മുഴുവൻ ധൂമാവൃതമായി. ചൂളയിൽ നിന്നെന്ന പോലെ അവിടെ നിന്ന് പുക ഉയർന്നു കൊണ്ടിരുന്നു. മല ശക്തമായി ഇളകി വിറച്ചു. കാഹള ശബ്ദം ശക്തിപ്പെട്ടുകൊണ്ടേയിരുന്നു. മോശ സംസാരിക്കുകയും ദൈവം ഇടിമുഴക്കത്താൽ ഉത്തരം നല്കുകയും ചെയ്തു.

കർത്താവ് സീനായ് മലമുകളിൽ ഇറങ്ങിവന്നു മോശയെ മലമുകളിലേക്ക് വിളിച്ചു. അവൻ കയറിച്ചെന്നു. അപ്പോൾ അവിടുന്ന് അരുളിചെയ്തു. നീ ഇറങ്ങിച്ചെന്ന് ജനങ്ങൾക്ക് മുന്നറിയിപ്പു നല്കുക. അല്ലെങ്കിൽ അവരിൽ അനേകം പേർ കർത്താവിനെ കാണുന്നതിന് അതിർത്തി ലംഘിച്ച് അടുത്തു വരുകയും തത്ഫലമായി മരിക്കുകയും ചെയ്യും. കർത്താവിനെ സമീപിക്കുന്ന പുരോഹിതന്മാരും തങ്ങളെത്തന്നെ ശുദ്ധീകരിക്കട്ടെ; അല്ലെങ്കിൽ കർത്താവിന്റെ കോപം അവരുടെ മേൽ പതിക്കും. മോശ കർത്താവിനോടു പറഞ്ഞു: സീനായ് മലയിലേക്ക് കയറാൻ ജനങ്ങൾക്കു കഴിയുകയില്ല. കാരണം, ചുറ്റും അതിർത്തി നിർണ്ണയിച്ച് മലയെ വിശുദ്ധ സ്ഥലമായി പരിഗണിക്കാൻ അങ്ങുതന്നെ ഞങ്ങളോട്

www.malankaralibrary.com



കല്പിച്ചിട്ടുണ്ടല്ലോ. അപ്പോൾ കർത്താവ് മോശയോടു കല്പിച്ചു. "നീ ഇറങ്ങിച്ചെന്ന് അഹറോനേയും കൂട്ടി കയറി വരുക. എന്നാൽ പുരോഹിതന്മാരും ജനങ്ങളും അതിർത്തി ലംഘിച്ചു കർത്താവിനെ സമീപിക്കാതിരിക്കട്ടെ. സമീപിച്ചാൽ കർത്താവിന്റെ കോപം അവരുടെ മേൽ പതിക്കും" (പുറ. 19:9-24)

'യാതൊരുവനും ദൈവത്തെ സമീപിക്കാൻ പാടില്ലാത്തവിധം അവിടുത്തെ തേജസ് അത്രയ്ക്കും തീക്ഷ്ണമായിരുന്നു.' പഴയ നിയമം നല്കുന്ന രേഖാചിത്രം ഇതത്രെ.

ദൈവം തന്നെത്തന്നെ മോശയ്ക്ക് ഇപ്രകാരം വെളിപ്പെടുത്തി. "നീ എന്റെ മുഖം കണ്ടുകൂടാ. എന്തെന്നാൽ, എന്നെ കാണുന്ന ഒരു മനുഷ്യനും ജീവനോടെയിരിക്കുകയില്ല. കർത്താവു പറഞ്ഞു: ഇതാ എന്റെ അടുത്തുള്ള ഈ പാറമേൽ നില്ക്കുക. എന്റെ മഹത്വം കടന്നു പോകുമ്പോൾ നിന്നെ ഈ പാറയുടെ ഒരിടുക്കിൽ ഞാൻ നിർത്തും. ഞാൻ കടന്നു പോകുമ്പോൾ എന്റെ കൈ കൊണ്ട് നിന്നെ മറയ്ക്കും. അതിനുശേഷം ഞാൻ കൈമാറ്റും. അപ്പോൾ നിനക്ക് എന്റെ പിൻഭാഗം കാണാം. എന്നാൽ എന്റെ മുഖം നീ കാണുകയില്ല" (പുറ. 33:20-23)

മോശയ്ക്കു ദൈവം നല്കിയ "രണ്ടു സാക്ഷ്യ ഫലകങ്ങളും വഹിച്ചുകൊണ്ട് മോശ സീനായ്മലയിൽ നിന്ന് താഴേക്കുവന്നു. ദൈവവുമായി സംസാരിച്ചതിനാൽ തന്റെ മുഖം തേജോമയമായി എന്നകാര്യം അവൻ അറിഞ്ഞില്ല. അഹറോനും ഇസ്രായേൽ ജനവും മോശയുടെ മുഖം പ്രശോഭിക്കുന്നതു കണ്ടു. അവനെ സമീപിക്കാൻ അവർ ഭയപ്പെട്ടു. മോശ അവരെ വിളിച്ചു. അഹറോനും സമൂഹനേതാക്കന്മാരും അടുത്തു ചെന്നു. മോശ അവരോടു സംസാരിച്ചു. അനന്തരം ജനം അടുത്തു ചെന്നു. സീനായ് മലയിൽ വച്ച് കർത്താവ് തന്നോടു സംസാരിച്ചതെല്ലാം അവൻ അവർക്കു കല്പനയായി നല്കി. സംസാരിച്ചു തീർന്നപ്പോൾ മോശ ഒരു മൂടുപടംകൊണ്ട് മുഖം മറച്ചു. അവൻ കർത്താവിനോട് സംസാരിക്കാൻ അകത്തു പ്രവേശിക്കുന്നതു വരെ മോശ മുഖം മറച്ചിരുന്നു" (പുറ. 34:29-35).

www.malankaralibrary.com



സീനായ് മലയിൽ പ്രകാശിച്ച ദൈവമഹത്വവും പ്രതാപവും തേജസ്സും ഇപ്പോൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ വി. കുർബാനയിൽ സന്നിഹിതനായിരിക്കുമ്പോഴും കുറഞ്ഞുപോകുന്നില്ല.

സീനായ് മലമുകളിൽ കയറി ദൈവത്തിൽ നിന്ന് 'പത്തു കല്പനകൾ' ഏറ്റു വാങ്ങുന്നതിന്റെ ഒരുക്കമായി മോശ നാല്പതു ദിവസം ഉപവസിച്ചു, വി. കുർബാനയിൽ സംബന്ധിക്കാൻ നാം ദൈവാലയത്തിലായിരിക്കുമ്പോൾ അതേ ദൈവത്തിന്റെ തന്നെ സന്നിധിയിലാണ് നിൽക്കുന്നത് - കല്പനകൾ സ്വീകരിക്കാനല്ല കല്പനകൾ തന്ന ദൈവത്തെ അവന്റെ മഹത്വത്തിൽത്തന്നെ പൂർണ്ണമായി സ്വീകരിക്കാൻ.

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് പരിശുദ്ധ അമ്മ തന്റെ ഉദരത്തിൽ വഹിച്ച അതേ ദൈവത്തെത്തന്നെയാണ് വി. കുർബാനയിലൂടെ നമ്മുടെ ഹൃദയത്തിൽ നാം സ്വീകരിക്കുന്നത്. മാതാവ് കൃപ നിറഞ്ഞവളായിരുന്നു. തൽക്കാരണത്താൽ സർവശക്തന് ഭൂമിയിൽ അധിവസിക്കാനുള്ള ഏറ്റം യോഗ്യമായ ഒരാലയം തന്നെയായിരുന്നു അവൾ. പക്ഷെ നാമോ വെറും പാപികൾ! എങ്കിലും നമ്മോടുള്ള അതുല്യ സ്നേഹത്തെപ്രതി നമ്മിൽ തിരുനിവാസം ഒരുക്കി എഴുന്നെള്ളി വരുന്നു നമ്മുടെ കർത്താവ്.

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവായ ദൈവം, ബലഹീനരും പാപികളുമായ നമ്മുടെ ഹൃദയങ്ങളിലേക്ക് താണിറങ്ങി വരുവാൻ തക്കവണ്ണം അവിടുന്നു നമ്മെ അത്രമാത്രം സ്നേഹിക്കുന്നു എന്ന ചിന്ത നമ്മെ സംഭീതരും വികാരാധീനരും ആക്കി തീർക്കുന്നില്ലേ?

അതെ, വി. കുർബാനാനുഭവത്തോടെ ദൈവരാജ്യത്തിലെ ഏറ്റം ചെറിയവൻ പോലും ഈ ലോകത്തിലെ ഏറ്റം വലിയവനെക്കാൾ വലിയവനാകുന്നു. (ലൂക്ക. 7:28).

www.malankaralibrary.com

## അദ്ധ്യായം 28

# "അങ്ങയുടെ രാജ്യം വരണമെ"
# (ലൂക്ക. 11:2)

യേശു പറഞ്ഞു: "കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ. 20:29). വിശ്വസിക്കുന്ന നാം ഭാഗ്യവാന്മാർ തന്നെ. കാരണം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ നാം കണ്ടിട്ടില്ല. എങ്കിലും പൂർണ്ണമായി വിശ്വസിക്കുന്നു. അവിടുന്ന് തന്റെ സർവമഹത്വത്തോടും പ്രതാപത്തോടും കൂടെ വി. കുർബാനയിൽ സന്നിഹിതനാണെന്ന് നാം വിശ്വസിച്ചേ തീരു. തിരുവത്താഴ രാത്രിയിൽ സെഹിയോൻ മാളികയിൽ സന്നിഹിതനായിരുന്നതുപോലെ, സംശയാലുവായ തോമ്മാശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെട്ടതുപോലെ, വി. കുർബാനയിലും താൻ യഥാർത്ഥത്തിൽ സന്നിഹിതനാണെന്ന് നാം വിശ്വസിക്കണം.

നമ്മുടെ ഹൃദയങ്ങൾ തകർന്നുപോകാത്ത വണ്ണം, തന്റെ സാന്നിദ്ധ്യത്തെ പ്രകടമാക്കാതെ, ശാന്തനായി അവിടുന്നു നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുന്നു എന്ന വസ്തുത എത്ര അത്ഭുതകരം! എത്ര ആശ്വാസകരം! ദൃശ്യമായ അടയാളങ്ങളൊന്നും കൂടാതെ എന്നിൽ സ്ഥാപിതമാകുന്ന ദൈവരാജ്യമാണത്.

"ദൈവരാജ്യം എപ്പോഴാണ് വരുന്നത് എന്ന് ഫരിസേയർ ചോദിച്ചതിന്, അവൻ മറുപടി പറഞ്ഞു: പ്രത്യക്ഷമായ അടയാളങ്ങളോടുകൂടെയല്ല ദൈവരാജ്യം വരുന്നത്. ഇതാ ഇവിടെ, അതാ അവിടെ എന്ന് ആരും പറയുകയുമില്ല. എന്തെന്നാൽ ദൈവരാജ്യം

www.malankaralibrary.com



നിങ്ങളിൽത്തന്നെയുണ്ട്." (ലൂക്ക. 17:20-21).

ചിലർ വിചാരിച്ചിരിക്കുന്നതുപോലെ, ദൈവരാജ്യം, യേശു ക്രിസ്തു ജറുസലേമിൽ ഇരുന്നുകൊണ്ട് ഭരിക്കുന്ന ഒരു ഭൗമിക രാജ്യമല്ല. യേശു പറഞ്ഞു. "എന്റെ രാജ്യം ഐഹികമല്ല" (യോഹ. 18:36). ദൈവം എവിടെയോ അവിടെയാണ് ദൈവരാജ്യം. അത് സ്ഥലകാലങ്ങൾക്കതീതമാണ്. വി. കുർബാന സ്വീകരണം വഴി ദൈവം നമ്മുടെ ഹൃദയങ്ങളിൽ വസിക്കുമ്പോൾ ദൈവരാജ്യം നമ്മിൽ സ്ഥാപിതമായിക്കഴിഞ്ഞു.

"ദൈവരാജ്യം നിങ്ങളിൽ വന്നു കഴിഞ്ഞിരിക്കുന്നു" (മത്താ. 12:28). "മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ. 3:2). "ദൈവരാജ്യം നിങ്ങളിൽത്തന്നെയുണ്ടുണ്ട്. (ലൂക്ക. 17:21).

ദൈവരാജ്യത്തെപ്പറ്റി ബൈബിളിൽ ധാരാളം പരാമർശങ്ങളുണ്ട്. അടിസ്ഥാനപരമായി, ക്രിസ്തു നമ്മിലും, നാം ക്രിസ്തുവിലും ആയിരിക്കുന്ന അവസ്ഥയാണതെന്ന് അറിഞ്ഞിരിക്കണം. സ്ഥലകാല പരിമിതിക്കുള്ളിൽ ഒതുക്കാൻ പാകത്തിൽ ഭൂമിയിലുള്ള ഒരു രാജ്യമല്ല ദൈവരാജ്യം. അത് ഭൗതിക പരിമിതികൾക്കതീതമാണ്. ദൈവരാജ്യം പൂർണ്ണമായും പുനഃസ്ഥാപിക്കപ്പെട്ടുകഴിയുമ്പോൾ ഈ പ്രപഞ്ചം തന്നെ നശിച്ച് ഒരു 'പുതിയ ആകാശവും പുതിയ ഭൂമിയും' ഉണ്ടാകും.

"അഗ്നിക്ക് ഇരയാകേണ്ടതിന് ഇപ്പോഴുള്ള ആകാശവും ഭൂമിയും അതേ വചനത്താൽത്തന്നെ സൂക്ഷിക്കപ്പെടുന്നു......................... മൂല പദാർത്ഥങ്ങൾ എരിഞ്ഞു ചാമ്പലാകും. ഭൂമിയും അതിലുള്ള സമസ്തവും കത്തിനശിക്കും" (2 പത്രോ.3:7 10)

"ദൃശ്യമായവയല്ല, അദൃശ്യമായവയാണ് ഞങ്ങളുടെ ലക്ഷ്യം. ദൃശ്യങ്ങൾ നശ്വരങ്ങളാണ്, അദൃശ്യങ്ങൾ അനശ്വരങ്ങളും" (2 കൊരി. 4:18).

വി. കുർബാനയിൽ അൾത്താരയുടെ മുമ്പിൽ നാം നില്ക്കുമ്പോൾ, രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കാൽവരിയിൽ കുരി

www.malankaralibrary.com



ശിൻചുവട്ടിൽ നിന്ന മാതാവിനോടും യോഹന്നാനോടുമൊപ്പമാണ് നില്ക്കുന്നതെന്നോർക്ക. വി. കുർബാനയിൽ നാം സ്വീകരിക്കുന്നത് ഉയിർത്തെഴുനേറ്റ് ശിഷ്യന്മാർക്കു പ്രത്യക്ഷനായ, ഇന്നും ജീവിക്കുന്ന ക്രിസ്തുവിനെത്തന്നെയാണ്. ഉയിർത്തെഴുനേറ്റ ക്രിസ്തുവിന്, വാതിലുകൾ അടച്ചിരുന്നിട്ടും, ശിഷ്യന്മാർ ഇരുന്ന മുറിയൽ പ്രവേശിക്കാൻ സാധിച്ചു. ആണികളാൽ തുളയ്ക്കപ്പെട്ട കൈകാലുകളും കുന്തത്താൽ മുറിവേല്ക്കപ്പെട്ട തന്റെ പാർശ്വവും അവർ കാണുകയും സ്പർശിക്കുകയും ചെയ്യത്തക്കവിധം ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ശരീരത്തോടുകൂടെത്തന്നെ അവരുടെ മുമ്പിൽ പ്രത്യക്ഷനായി (ലൂക്ക. 24:36–43). അതുപോലെ നമ്മുടെ ഹൃദയത്തിലും കർത്താവിന് ഉയിർത്തെഴുന്നേറ്റ തന്റെ ശരീരത്തോടുകൂടെ പ്രവേശിക്കാൻ സാധിക്കും.

"നിങ്ങളിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ട യേശു, സ്വർഗ്ഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെതന്നെ തിരിച്ചുവരും" (അപ്പ്രപ. 1;11). ഈ വാക്യത്തിൽ നിന്നും ചിലർ ധരിച്ചിരിക്കുന്നത് യേശു ഉയിർത്തെഴുന്നേറ്റ ശേഷം ദൂരെ മുകളിൽ എവിടെയോ പോയിരിക്കയാണെന്നാണ്. ⊗ആവിധമുള്ള ധാരണ ശരിയല്ല. തന്റെ മഹത്വത്തിൽ പിതാവായ ദൈവത്തിന്റെ 'വലത്തു ഭാഗത്ത്' എഴുന്നെള്ളിയിരിക്കുമ്പോൾത്തന്നെ നമ്മുടെ ഹൃദയങ്ങളിലും അവിടുന്ന് സന്നിഹിതനായിരിക്കുന്നു. സ്ഥല

---

⊗1957 Oct. 4ന് ചരിത്രത്തിൽ ആദ്യമായി സോവിയറ്റ് യൂണിയൻ (ഇപ്പോൾ റഷ്യ) 'സ്പുട്നിക' എന്ന ബഹിരാകാശ വാഹനം ഭൂമിക്കുചുറ്റും വലയം ചെയ്യാനായി വിജയകരമായി വിക്ഷേപിച്ചപ്പോൾ അന്നത്തെ കമ്യൂണിസ്റ്റ് ഭരണാധികാരിയായിരുന്ന നികിത കൃഷ്ചോവ് ഈ ശാസ്ത്രീയ നേട്ടത്തെ കമ്യൂണിസത്തിന്റെ വിജയമായി ചിത്രീകരിച്ച്, ഈശ്വര വിശ്വാസികളെ പരിഹസിക്കാനായി പറഞ്ഞു: "ഞങ്ങൾ ബഹിരാകാശം മുഴുവൻ പരതിയിട്ടും ഈശ്വരനെ അവിടെയെങ്ങും കണ്ടില്ല." ഈശ്വരൻ മുകളിൽ എവിടെയോ ഇരിക്കുന്നു എന്നാണ് ഈശ്വരവിശ്വാസികൾ വിശ്വസിക്കുന്നത് എന്നായിരിക്കാം അദ്ദേഹം ധരിച്ചിരുന്നത്. അഖിലാണ്ഡത്തിൽ പരിമിതിപ്പെടുത്താൻ പാടില്ലാത്ത ദൈവം, സ്നേഹിക്കുന്ന മനുഷ്യ ഹൃദയങ്ങളിൽത്തന്നെ ഉണ്ടെന്ന സത്യം അവർക്ക് അജ്ഞാതമാണ്. പൗരാണിക ഭാരതീയ ദർശകർ മനുഷ്യഹൃദയത്തിൽ കൂടികൊള്ളുന്ന ഈശ്വരനെ അറിയുന്നവരായിരുന്നു എന്ന വസ്തുത അനുസ്മരിക്കപ്പെടണം.

www.malankaralibrary.com



കാല പരിമിതികളൊന്നും അവിടുത്തേയ്ക്ക് ബാധകമല്ലല്ലോ.

നമ്മുടെ ശരീരം അത്ഭുതകരമായ ദൈവസൃഷ്ടിയാണെങ്കിലും നമ്മുടെ ഇപ്പോഴത്തെ അവസ്ഥയിൽ ദൈവത്തിന്റെ തേജസ്സ് കാണുന്നതിനു പര്യാപ്തമല്ല. യേശുവിൽ നാം മരിച്ച് ഉയിർത്തെഴുന്നേല്ക്കുമ്പോൾ പാപപങ്കിലമായ ഈ ശരീരത്തെയും ആത്മാവിനോടൊപ്പം ശുദ്ധിയുള്ളതാക്കി ദൈവത്തിന്റെ അനന്ത മഹത്വം ദർശിക്കാൻ യോഗ്യതയുള്ളതാക്കിത്തീർക്കും. ഈ അനന്ത മാഹത്മ്യമാകട്ടെ "കണ്ണുകണ്ടിട്ടില്ലാത്തതും, ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യ ഹൃദയങ്ങളിൽ പ്രവേശിച്ചിട്ടില്ലാത്തതുമാകുന്നു" (1 കൊരി. 2:9). ഈ ലോകത്തിൽ വച്ച്, ദൈവം നമുക്കു ധാരാളമായിത്തരുന്ന വിശ്വാസം കൊണ്ട് തല്ക്കാലം തൃപ്തിപ്പെടണം.

ദൈവരാജ്യത്തിന്റെ ഈ മഹാരഹസ്യം ഗ്രഹിക്കാൻ വിശ്വാസമെന്ന ആത്മീയവരം ലഭിച്ചവർക്കേ സാധിക്കൂ. അതേപ്പറ്റി വി. പൗലോസ് ഇപ്രകാരം പറയുന്നു.

"നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവത്തിന്റെ ശക്തിയാകാനായിരുന്നു അത്. എന്നാൽ, പക്വമതികളോട് ഞങ്ങൾ വിജ്ഞാനം പ്രസംഗിക്കുന്നു. പക്ഷെ ലൗകിക വിജ്ഞാനമല്ല; ഈ ലോകത്തിന്റെ നാശോന്മുഖമായ അധികാരികളുടെ ജ്ഞാനവവുമല്ല. രഹസ്യവും നിഗൂഢവുമായ ദൈവിക ജ്ഞാനമാണ് ഞങ്ങൾ പ്രസംഗിക്കുന്നത്.................... ആത്മാവ് എല്ലാക്കാര്യങ്ങളും, ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾ പോലും, അന്വേഷിച്ചു കണ്ടെത്തുന്നു...................... ലൗകിക മനുഷ്യന് ദൈവാത്മാവിന്റെ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അത് സ്വീകരിക്കുന്നില്ല. ഈ ദാനങ്ങൾ ആത്മീയമായി വിവേചിക്കപ്പെടേണ്ടവയാകയാൽ അവ ഗ്രഹിക്കാനും അവനു സാധിക്കുന്നില്ല. ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു................. കർത്താവിനെ പഠിപ്പിക്കാൻ തക്കവണ്ണം അവിടുത്തെ മനസ്സ് അറിഞ്ഞവൻ ആരുണ്ട്? ഞങ്ങളാകട്ടെ ക്രിസ്തുവിന്റെ മനസ്സ് അറിയുന്നു" (1 കൊരി. 2:5-16).

"അന്ധകാരത്തിൽ നിന്ന് പ്രകാശം ഉദിക്കട്ടെ എന്ന് അരുളി

www.malankaralibrary.com



ചെയ്ത ദൈവം തന്നെയാണ് ക്രിസ്തുവിന്റെ മുഖത്തു വെളിവാക്കപ്പെട്ട ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശം ഞങ്ങൾക്കു തരേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നത്" (2 കൊരി. 4:6-7).

"ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല" (യോഹ. 1:18). എങ്കിലും ഓരോ യഥാർത്ഥ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ ദൈവം ജീവിക്കുന്നു എന്നത് ഒരു വസ്തുതയാണ്. നമ്മിലുള്ള ദൈവസാന്നിദ്ധ്യം പ്രകടമാകുന്നത് ദൈവത്തോടും അയല്ക്കാരോടുമുള്ള വിശ്വസ്തതയിൽ ഉറപ്പിച്ച സ്നേഹത്തിലൂടെയാണ്. "ദൈവം സ്നേഹമാകുന്നു" (1 യോഹ. 4:8). നിയമത്തിന്റെ ആകെത്തുകയും, പൂർത്തീകരണവും, സ്നേഹമാണ് (മത്താ. 22:35-40). എല്ലാ ദാനങ്ങളിലും, ആത്മീയ വരങ്ങളിലും ശ്രേഷ്ഠമായത് സ്നേഹമാകുന്നു (1കൊരി. 13:1-13). ദൈവസ്നേഹത്തിൽ നമ്മെ എപ്പോഴും നില നിർത്തുന്നതിനായി പരിശുദ്ധാത്മാവിനോട് നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

വി. പൗലോസിന്റെ ഉദ്ബോധനം ജീവിതയാത്രയിൽ നമുക്ക് മാർഗ്ഗദീപമായിരിക്കട്ടെ.

"സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വങ്ങൾക്കും നാമകാരണമായ പിതാവിന്റെ മുമ്പിൽ ഞാൻ മുട്ടുകൾ മടക്കുന്നു. അവിടുത്തെ മഹത്വത്തിന്റെ സമ്പന്നതയ്ക്ക് യോജിച്ച വിധം അവിടുന്നു തന്റെ ആത്മാവിലൂടെ ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്തണമെന്നും വിശ്വാസം വഴി ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണമെന്നും, നിങ്ങൾ സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കണമെന്നും, ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാ വിശുദ്ധരോടുമൊപ്പം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നിങ്ങൾക്കു ശക്തി ലഭിക്കട്ടെ. അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നിങ്ങൾ ഗ്രഹിക്കാനും അതുവഴി ദൈവത്തിന്റെ സംപൂർണ്ണതയിൽ നിങ്ങൾ പൂരിതരാകാനും ഇടയാകട്ടെ" (എഫേ. 3:14-19).

www.malankaralibrary.com

# അനുബന്ധം

**മനുഷ്യവർഗ്ഗത്തിന്റെ രക്ഷയുടെ ഉറവിടമായ ക്രൂശിതനായ യേശുവിനോടുള്ള പ്രാർത്ഥന**

"ഞാൻ ഭുമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും" (യോഹ. 12:32)

ഏറ്റം സ്നേഹനിധിയായ യേശുവെ, ഈ നിസ്സഹായാവസ്ഥയിൽ അങ്ങു മാത്രമാണ് എന്റെ ഏക ആശ്രയം. പരിതാപകരമായ എന്റെ അവസ്ഥയിൽ ഈ കുരിശിന് പരിഹാരം കാണാൻ ഉറച്ച വിശ്വാസത്തോടെ അങ്ങയെ ഞാൻ സമീപിക്കുന്നു.

"ആദ്യം നിങ്ങൾ അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്താ. 6:33) എന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. എന്റെ നന്മയല്ലാതെ യാതൊരു തിന്മയും അവിടുന്ന് ആഗ്രഹിക്കുന്നില്ല. സ്വർഗ്ഗസ്ഥനായ പിതാവിന്റെ അറിവില്ലാതെ ഒരു മുടി പോലും പൊഴിയുന്നില്ല (മത്താ. 10:30). ഞാൻ ഇപ്പോൾ അനുഭവിക്കുന്ന യാതനകൾ സ്നേഹനിധിയായ നല്ല പിതാവ് അറിയാതെയല്ലല്ലോ സംഭവിക്കുന്നത്.

"പിതാവേ, അങ്ങേയ്ക്കിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റേണമെ. എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ" (ലൂക്ക. 22:42) എന്ന് ഗത്സമേന തോട്ടത്തിൽ വച്ച് അങ്ങു പ്രാർത്ഥിച്ചതുപോലെ ഞാനും പ്രാർത്ഥിക്കുന്നു. ഈ പാനപാത്രം ഞാൻ കുടിക്കണമെന്നാണ് അവിടുത്തെ

www.malankaralibrary.com



തിരുഹിതമെങ്കിൽ, അത് അങ്ങയോടുള്ള സ്നേഹത്തെ പ്രതി കുടിക്കുവാനുള്ള ശക്തി എനിക്കു നല്കേണമെ.

"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ." (മർക്കോ. 8:34) എന്ന അങ്ങയുടെ ആഹ്വാനം ഞാൻ സ്വീകരിക്കുന്നു.

എനിക്കു നിത്യസൗഭാഗ്യം നേടിത്തരാൻവേണ്ടി അങ്ങുവഹിച്ച അവർണ്ണനീയമായ പീഡാസഹനത്തെയും കുരിശുമരണത്തെയും ഓർത്ത് അങ്ങേയ്ക്ക് നന്ദിയും സ്തോത്രവും അർപ്പിക്കുന്നു. അവയോടുചേർത്ത് എന്റെ ഈ എളിയ കുരിശിനെയും പിതാവായ ദൈവത്തിന് അങ്ങയിൽ കൂടെ ഞാൻ സമർപ്പിക്കുന്നു. പാപികളായ ഞങ്ങൾ ക്ക് അങ്ങു വാഗ്ദാനം ചെയ്തിട്ടുള്ള സ്വർഗ്ഗീയ സമ്മാനത്തിന്റെ അച്ചാരമാണ് ഞാൻ ഇപ്പോൾ സഹിക്കുന്ന ഈ കുരിശ് എന്നു വിശ്വസിച്ച് അതിൽ ആശ്വാസം കണ്ടെത്താനും അതിന് യോഗ്യത ലഭിച്ചതിൽ അഭിമാനിക്കുനും ആത്മാർത്ഥമായി അങ്ങേയ്ക്ക് സ്തോത്രം പറയുവാനുമുള്ള കൃപ എനിക്ക് നല്കേണമെ.⊗

കാൽവരിയിലെ കുരിശുമരണത്തിലൂടെ അങ്ങു ഞങ്ങൾക്കു നല്കിയ ഏറ്റം വലിയ ദാനം, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ അങ്ങയെത്തന്നെ പൂർണ്ണമായി ഞങ്ങളുടെ ആത്മീയ ഭക്ഷണമായി തന്നതാണല്ലൊ. കണ്ണുനീരിന്റെ ഈ താഴ്വരയിൽ ഉഴലുമ്പോഴും അങ്ങുമായി താദാത്മ്യം പ്രാപിച്ച് സ്വർഗ്ഗീയാനന്ദത്തിന്റെ മുന്നാസ്വാദനം ഞങ്ങൾക്കു തന്ന അങ്ങേ വൻകൃപയ്ക്കായി സ്തോത്രം. വി. കർബാന സ്വീകരണം വഴി അങ്ങുമായി ഞാൻ ഒന്നായിത്തീരുന്നു എന്ന ബോധ്യത്തെ എന്നിൽ വർദ്ധിപ്പിക്കേണമെ. അങ്ങനെ ദൈവ സ്നേഹത്തിന്റെ ആഴം അനുഭവിച്ചറിയാനുള്ള കൃപ എനിക്കു ധാരാളമായി തരേണമെ.

കാൽവരിയിലെ കുരിശിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷാകര

---

⊗കൂടുതൽ വായനയ്ക്ക്: റോമ 8:17; 2 കൊരി. 4:8-18; 5:1-10; ഫിലി. 1:29; കൊളോ.1:24; 2 തെസ്സ. 1:4-6; ഹെബ്രാ. 12:11; 1പത്രോ. 1:6-7; 4:12-13)

www.malankaralibrary.com



കർമ്മം നിർവഹിക്കുന്നതിന്റെ ഭാഗമായിത്തന്നെ അങ്ങയുടെ മാതാവിനെ ഞങ്ങൾക്കും മാതാവായി തന്നുവല്ലോ. കാനായിലെ കല്യാണത്തിന് വീഞ്ഞിന്റെ കുറവിനെ പരിഹരിക്കാൻ വേണ്ടി സ്വയം പ്രേരിതയായി 'സമയ'ത്തിനു മുമ്പു തന്നെ മദ്ധ്യസ്ഥത വഹിച്ചു അവരെ രക്ഷിച്ച മാതാവേ, എന്റെ മരണസമയത്ത് നിന്റെ തിരുക്കുമാരനുമൊത്ത് നിത്യമണവറയിൽ പ്രവേശിക്കുന്നതിന് തടസ്സമാകാവുന്നതായ എല്ലാ കുറവുകളും അയോഗ്യതകളും പരിഹരിക്കാൻ എന്റെ സഹായത്തിനു വരണമെ.

സൂര്യനെ ഉടയാടയായും, ചന്ദ്രനെ പാദപീഠമായും പന്ത്രണ്ടു നക്ഷത്രങ്ങളെ കിരീടത്തിലണിഞ്ഞും (വെളി. 12:1) സ്വർഗ്ഗീയ രാജ്ഞിയായി പിതാവായ ദൈവം അങ്ങയെ അവരോധിച്ചിരിക്കുന്നതിനാൽ അവിടുത്തെ മാദ്ധ്യസ്ഥം അങ്ങേ പ്രിയ പുത്രന് ഏറ്റം സ്വീകാര്യമാകുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

ഏത്രയും പരിശുദ്ധയായ മാതാവേ, സ്വർഗ്ഗീയ രാജ്ഞീ, അങ്ങേ തിരുക്കുമാരനോടപേക്ഷിച്ച് എന്റെ എളിയ യാചനകൾ സാധിപ്പിച്ചു തരേണമെ.

ഇപ്രകാരം പ്രാർത്ഥിപ്പാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവർക്കും വേണ്ടി (പ്രത്യേകിച്ചും ................ വേണ്ടി) ഈ അപേക്ഷ ദയാപൂർവ്വം അങ്ങു സ്വീകരിക്കേണമെ.

പിതാവായ ദൈവമെ, അങ്ങയുടെ വാഗ്ദാനമായ പരിശുദ്ധാരൂപിയെ എന്റെമേൽ അയയ്ക്കേണമെ. (ലൂക്ക. 24:49).

പുത്രനായ ദൈവമെ, അങ്ങയുടെ വാഗ്ദാനമായ പരിശുദ്ധാരൂപിയാൽ എന്നെ അഭിഷേകം ചെയ്യേണമെ ( യോഹ. 14:26).

പരിശുദ്ധാത്മാവായ ദൈവമെ, അങ്ങയുടെ വരദാനങ്ങളാൽ എന്നെ ശക്തിപ്പെടുത്തേണമെ (ഗലാ. 5:22; 1 കൊരി. 12:4–11).

ദുരിതങ്ങൾ എനിക്ക് ഉപകാരമായി; തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ (സങ്കീ. 119:71).

www.malankaralibrary.com

# കുരിശും കിരീടവും

ആർ. റ്റി. അപ്രേം

"കുരിശിനെ വെറുത്ത് കുരിശിന്റെ മഹത്വം തിരയുന്ന ഇക്കാലത്ത് ക്രിസ്തുവിന്റെ കുരിശിന് ഒരു നൂതനഭാഷ്യം നല്കാൻ ലേഖകൻ ശ്രമിക്കുന്നു. വി. കുരിശിന്റെ അർത്ഥം മനസ്സിലാക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള വി. ഗ്രന്ഥത്തിന്റെ വാക്യങ്ങളും ജീവിതമാതൃകകളും വ്യാഖ്യാനങ്ങളും അടുക്കും ചിട്ടയോടും കൂടി വിശ്വസനീയമാം വിധം അനുവാചകർക്കു പരിചയപ്പെടുത്തുന്നു."

ഡോ. തോമസ് മാർ കൂറിലോസ്

"ശ്രീ. ആ. റ്റീ. അപ്രേമിന്റെ കുരിശും കിരീടവും മലയാളത്തിലെ 'സാന്ത്വന സാഹിത്യ' ശാഖയെ സമ്പന്നമാക്കുന്നു. ഈ ഗ്രന്ഥം നിരന്തരം വായിക്കുന്നവർക്ക് മനസ്സിന് നൈർമല്യവും ചിന്തയ്ക്ക് കുളിർമയും അനുഭവപ്പെടുകയും, ദൈവസാന്നിദ്ധ്യം രുചിച്ചറിയുകയും ചെയ്യും."

ഡോ. സാമുവേൽ ചന്ദനപ്പള്ളി

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം 686010

Gratia ktm ☎ 570105